**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1795** **12-09-2023 - ൽ മറുപടിയ്ക്ക്**

**കൃഷി വകുപ്പിലെ ആഭ്യന്തര വിജിലൻസ് വിഭാഗത്തിന്റെ റിപ്പോർട്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. രമ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പിന്റെ ആഭ്യന്തര വിജിലൻസ് വിഭാഗം ആകെ എത്ര റിപ്പോർട്ടുകളാണ് സമർപ്പിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) | **ആകെ 28 റിപ്പോർട്ടുകൾ** |
| (ബി) | പ്രസ്തുത റിപ്പോർട്ടുകൾ പ്രകാരം സംസ്ഥാനത്ത് ആകെ എത്ര ക്രമക്കേടുകളാണ് വിജിലൻസ് കണ്ടെത്തിയിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) | **ആഭ്യന്തര വിജിലൻസ് വിഭാഗം ആകെ 12 എണ്ണം ക്രമക്കേടുകൾ കണ്ടെത്തി**<br><br>**തിരുവനന്തപുരം - 2**<br><br>**കൊല്ലം - 2**<br><br>**പത്തനംതിട്ട - 1**<br><br>**തൃശ്ശൂർ - 2**<br><br>**ഇടുക്കി - 4**<br><br>**വയനാട് - 1**<br><br>**ആകെ - 12** |
| (സി) | ഇവയിൽ ഏതൊക്കെ ക്രമക്കേടുകൾ സംബന്ധിച്ചാണ് വകുപ്പ് തുടരന്വേഷണങ്ങളും ശിക്ഷാനടപടികളും സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം അറിയിക്കുമോ; പ്രസ്തുത റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ? | (സി) | 7 ക്രമക്കേടുകൾ സംബന്ധിച്ചാണ് വകുപ്പ് തുടരന്വേഷണങ്ങളും ശിക്ഷാനടപടികളും സ്വീകരിച്ചിട്ടുള്ളത്. വിശദാംശങ്ങൾ അനുബന്ധം 1 ആയും അന്വേഷണ റിപ്പോർട്ടുകളുടെ പകർപ്പുകൾ അനുബന്ധം 2 ആയും ചേർത്തിരിക്കുന്നു. അവശേഷിക്കുന്ന 5 ക്രമക്കേടുകളിൽ ഡയറക്ടർ തലത്തിൽ തീരുമാനം എടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## ആഭ്യന്തര വിജിലൻസ് വിഭാഗം കണ്ടെത്തിയ ക്രമക്കേടുകളിലെ വകുപ്പ് തുടരന്വേഷണങ്ങളും ശിക്ഷാനടപടികളും സംബന്ധിച്ച വിശദാംശങ്ങൾ

| ക്രമ നമ്പർ | ക്രമക്കേടുകൾ സംബന്ധിച്ച വിശദാംശങ്ങൾ |
|---|---|
| 1 | കൊല്ലം എഴുകോൺ കൃഷിഭവനിലെ കൃഷി അസ്സിസ്റ്റന്റായിരുന്ന ശ്രീ. മുരളീധരന്റെ അമ്മ ശ്രീമതി. വാസന്തിക്ക് ഫാമിലി പെൻഷൻ അനുവദിക്കുന്നതിൽ വീഴ്ച വരുത്തിയ കൃഷി വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം, ജീവനക്കാരായ ശ്രീമതി സീന.എൽ (സീനിയർ ക്ലർക്ക്, ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം), ശ്രീ രാമചന്ദ്രൻ എം. ബി (റിട്ട. അക്കൗണ്ട്സ് ഓഫീസർ, കൊല്ലം), ശ്രീ.ജി.ബിജു (റിട്ട.അക്കൗണ്ട്സ് ഓഫീസർ, കൊല്ലം), ശ്രീ ജോൺ.കെ.കെ (റിട്ട.ജൂനിയർ സൂപ്രണ്ട്, കൊല്ലം), ശ്രീ രഞ്ജിത്ത് എസ് (റിട്ട. അക്കൗണ്ട്സ് ഓഫീസർ കൃഷി ഡയറക്ടറേറ്റ് ) എന്നിവർക്കെതിരെ കടുത്ത അച്ചടക്ക നടപടികൾ സ്വീകരിക്കാൻ കൃഷി (ഇ ബി) വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കുറ്റാരോപിതരായ ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം വാങ്ങി സമർപ്പിക്കുവാൻ കൃഷി വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| 2 | തൃശ്ശൂർ ജില്ലയിലെ ഫാം ലേബറായ ശ്രീമതി ലിന്റ എന്നയാൾക്ക് ടിയാരി ആവശ്യപ്പെട്ട ഫാമിലേക്ക് അർഹതയുണ്ടായിരുന്നിട്ടും സ്ഥലം മാറ്റം നൽകാതിരുന്നതിനാൽ ബഹു. കൃഷി വകുപ്പ് മന്ത്രിക്ക് നിവേദനം നൽകിയതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ വിജിലൻസ് സെല്ലിനെ അന്വേഷണ ചുമതല അറിയിച്ചു. സ്പെഷ്യൽ വിജിലൻസ് സെല്ലിന്റെ അന്വേഷണത്തിൽ ഈ വിഷയം ശരിയാണെന്ന് ബോദ്ധ്യപ്പെടുകയും ടിയാരിയെ അർഹതയുടെ അടിസ്ഥാനത്തിൽ ടിയാരി ആവശ്യപ്പെട്ട സ്ഥലംമാറ്റം നൽകാനും ടിയാരിയ്ക്ക് സ്ഥലംമാറ്റം നൽകാതിരിക്കാൻ പ്രവർത്തിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരായ ക്ളർക്ക്, സൂപ്രണ്ട്, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് എന്നിവർക്കെതിരെ സ്വീകരിച്ച നടപടി റിപ്പോർട്ട് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| 3 | തിരുവനന്തപുരം സ്റ്റേറ്റ് അഗ്രികൾച്ചറൽ പ്രൈസസ് ബോർഡിൽ ക്ലാർക്കായി സേവനമനുഷ്ടിച്ചിരുന്ന ശ്രീ. വിപിൻ തങ്കപ്പൻ സാമ്പത്തിക തിരിമറി നടത്തി ഈ ഓഫീസിലെ ഫണ്ട് തട്ടിയെടുത്തതുമായി ബന്ധപ്പെട്ട് നടത്തിയ അന്വേഷണത്തിലെ ആരോപണങ്ങളിൽ കഴമ്പുണ്ടെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാനെ സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്യുകയും Suspension Review Committee യുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ നിലവിൽ സസ്പെൻഷനിൽ തുടരുകയും ചെയ്യുന്നു. ടി വിഷയം സംബന്ധിച്ച് പോലീസ് കേസും വിജിലൻസ് കേസും നിലവിലുണ്ട്. |
| 4 | ഇടുക്കി ജില്ലയിലെ രാജാക്കാട് കൃഷിഭവനിലെ കൃഷി അസിസ്റ്റന്റുമാരായ ശ്രീ. രാജേഷ്, ശ്രീ. അരീഷ് എന്നിവർ തങ്ങളുടെ ബന്ധുക്കൾക്ക് കാർഷിക ആനുകൂല്യങ്ങൾ നൽകിയതായുള്ള ആരോപണങ്ങളിൽ മേലന്വേഷണം നടത്തിയതിൽ ആയത് ശരിയാണെന്ന് കണ്ടെത്തുകയും ഉത്തരവാദികളായ കൃഷി അസിസ്റ്റന്റുമാർക്കെതിരെയും കൃഷി ഓഫീസറായിരുന്ന ശ്രീ. ആർ. ബീനയ്ക്കെതിരെയും കഠിന ശിക്ഷ യ്ക്കുള്ള ചാർജ് മെമ്മോ നൽകി അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| 5 | കൊല്ലം ജില്ലയിലെ ചവറ ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടറായിരുന്ന ശ്രീമതി. ഷെറിൻ മുള്ളർ കാർഷിക പദ്ധതികൾ നടപ്പിലാക്കുന്നതിന് തന്റെ ബന്ധുക്കളുടെ നഴ്സറി ഉപയോഗപ്പെടുത്തുകയും വ്യാജ ബില്ലുകളും വൗച്ചറുകളും ഉപയോഗിച്ച് ആനുകൂല്യങ്ങൾ തട്ടിയെടുക്കുകയും ചെയ്തുവെന്ന് സ്പെഷ്യൽ വിജിലൻസ് സെല്ലിന്റെ അന്വേഷണത്തിൽ കണ്ടെത്തുകയും ടിയാരിയെ ചവറയിൽ നിന്ന് വയനാട് ജില്ലയിലെ കൽപ്പറ്റയിലേക്ക് സ്ഥലം മാറ്റുകയും ടിയാൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നു. |
| 6 | ഇടുക്കി കാന്തല്ലൂർ സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ (SHM) 2020-2021 വർഷത്തിൽ ഹൈബ്രിഡ് പച്ചക്കറി കൃഷി പദ്ധതിയിൽ കാന്തല്ലൂർ വട്ടവട പഞ്ചായത്തുകളിൽ ചെലവഴിച്ച 2 കോടി രൂപയുടെ പദ്ധതിയിലെ ക്രമക്കേടുകൾ കുറ്റാരോപിതർക്കെതിരെ കഠിന ശിക്ഷയ്ക്കുള്ള ചാർജ് മെമ്മോ നൽകിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| 7 | ഇടുക്കി ഹോർട്ടികോർപ്പിന്റെ സ്ട്രോബറി പ്രിസർവ് മോഷണം പോയ വിഷയത്തിൽ വിജിലൻസ് അന്വേഷണം നടത്തുന്നതിന് വിജിലൻസ് വകുപ്പ്, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

## Cover Note to be submitted with Report of Special Vigilance Cell of Department of Agriculture for cases submitted to Government

## സ്പെഷ്യൽ വിജിലൻസ് സെൽ റിപ്പോർട്ടിനുള്ള ആമുഖ പേജ് (സർക്കാർ ഉത്തരവ് (സാധാ) നം 912/2022/കൃഷി തീയതി 22.10.2022 പ്രകാരം സമർപ്പിക്കുന്നത്)

**1. Title of the Report/റിപ്പോർട്ടിന്റെ തലക്കെട്ട്**

**1. റിപ്പോർട്ടിന്റെ തലക്കെട്ട്**

കൃഷി അസിസ്റ്റന്റായി വിരമിച്ച് 2012 ൽ മരണപ്പെട്ട മുരളീധരന്റെ മാതാവ് ശ്രീമതി. വാസന്തിയ്ക്ക് യഥാസമയം കുടുംബ പെൻഷൻ അനുവദിക്കുന്നതിൽ ഉണ്ടായിട്ടുള്ള വീഴ്ച സംബന്ധിച്ച അന്വേഷണ റിപ്പോർട്ട്.

**2. Prepared by/തയ്യാറാക്കിയ ഉദ്യോഗസ്ഥർ**

(Name, Designation of all non gazetted and gazetted officers who drafted/considered and approved the report from junior most to senior most)

**2. തയ്യാറാക്കിയ ഉദ്യോഗസ്ഥർ**

ശ്രീ. വിനോദ് എം, ജൂനിയർ സൂപ്രണ്ട് (Non gazetted) - Report prepared

ശ്രീ. ബി അശോകൻ, വിജിലൻസ് ഓഫീസർ (ധനകാര്യം) & സെക്രട്ടറി

(Edited, finalised and approved)

**3. Abstract/സംഗ്രഹം (In 300 words)**

(Caption and - the gist of the remaining findings/recommendations)

**3. സംഗ്രഹം**

സർക്കാർ ഉത്തരവ് പ്രകാരമാണ് ഈ അന്വേഷണം നടത്തിയിട്ടുള്ളത്. കൊല്ലം ജില്ലയിലെ എഴുകോൺ കൃഷി ഭവനിൽ കൃഷി അസിസ്റ്റന്റ് തസ്തികയിൽ നിന്നും വിരമിച്ചിട്ടുള്ള ശ്രീ. മുരളീധരന്റെ മാതാവിന് ടിയാന്റെ നിയമപ്രകാരമുള്ള ആശ്രിത എന്ന നിലയ്ക്ക് കുടുംബ പെൻഷൻ അനുവദിക്കുന്നതിൽ വകുപ്പിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയും കാലതാമസവും സംബന്ധിച്ച വിഷയമാണ് അന്വേഷണ റിപ്പോർട്ട്. അന്വേഷണത്തിൽ കർത്തവ്യനിർവഹണ വീഴ്ചയും ഗുരുതരമായ അച്ചടക്ക ലംഘനവും കൃത്യവിലോപവും കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ഈ സംഭവവുമായി ബന്ധപ്പെട്ടുള്ള വീഴ്ചകൾക്ക് ഉത്തരവാദികൾ എന്ന നിലയ്ക്ക് കണ്ടെത്തിയിരിക്കുന്നത് ബന്ധപ്പെട്ട കൃഷിഭവൻ മുതൽ ഡയറക്ടറേറ്റ് വരെ വിവിധങ്ങളായ തസ്തികകളിൽ പ്രസ്തുത കാലഘട്ടങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ള (റിപ്പോർട്ട് - ഖണ്ഡിക - 13-ൽ പറയുന്ന) ഉദ്യോഗസ്ഥരെയാണ്. ഉദ്യോഗസ്ഥർക്ക് ലഭ്യമാകുന്ന ഒരു ന്യായമായ അപേക്ഷ പരിഗണിച്ച് എപ്രകാരം നടപടിയെടുക്കണം എന്നതിലുള്ള അലംഭാവവും അജ്ഞതയും നോട്ടപിശകും നിരുത്തരവാദിത്തപരമായ സമീപനവുമാണ് ഇതിൽ ഉണ്ടായിട്ടുള്ളത്. കുറ്റക്കാരായ ഭൂരിഭാഗം ഉദ്യോഗസ്ഥരും നിലവിൽ പെൻഷൻ പറ്റി എന്നതിനാൽ സർവീസിലുള്ളവർക്കെതിരെ ചട്ടപ്രകാരമുള്ള കഠിനശിക്ഷയാണ് റിപ്പോർട്ടിന്റെ ശുപാർശ.

**4. Officers found Responsible for the reported Irregularities/ഉത്തരവാദികളായിരിക്കുന്ന ഉദ്യോഗസ്ഥർ (Name/Designation/Date of superannuation)**

**4. ഉത്തരവാദികളായിരിക്കുന്ന ഉദ്യോഗസ്ഥർ**

എഴുകോൺ കൃഷിഓഫീസർമാർ, കൊല്ലം പ്രിൻസിപ്പൽ കൃഷി ഓഫീസിലെയും ഡയറക്ടറേറ്റിലെയും ക്ലർക്ക്, സൂപ്രണ്ട്, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, പ്രിൻസിപ്പൽ കൃഷി

ഓഫീസർ തസ്തികയിൽപ്പെട്ടവർ (വിശദമായ പേരുവിവരം റിപ്പോർട്ടിൽ ഖണ്ഡിക-13 -ൽ ചേർത്തിട്ടുണ്ട്).

5. Whether based on any original complaint/ആധാരമായ പരാതിയുടെ പകർപ്പ് അന്യത്ര ചേർക്കുക

സർക്കാർ ഉത്തരവ് പ്രകാരം (സർക്കാർ കത്ത് കൃഷി-ഇഎ 2/84/2018 കൃഷി തീയതി 17.10.2022.)

6. Orders of the enquiry *അന്വേഷണത്തിനുള്ള ഉത്തരവ് (To be issued by Director* Secretary to Government of the Administrative Department i.e respective disciplinary authority).

**6. അന്വേഷണത്തിനുള്ള ഉത്തരവ്**

സെക്രട്ടറി, കൃഷി വകുപ്പ്

7. Dates of conducting enquiry/പരിശോധന/അന്വേഷണം നടത്തിയ തീയതി

**7. പരിശോധനാ തീയതി**

| തീയതി | ആക്ടിവിറ്റി | പരിശോധന നടത്തിയ ഉദ്യോഗസ്ഥർ |
|---|---|---|
| 09.11.2022<br>10.11.2022 | കൃഷിഭവൻ, കൊല്ലം പ്രിൻസിപ്പൽ കൃഷി ഓഫീസ്, കൃഷി ഡയറക്ടറേറ്റ് എന്നിവിടങ്ങളിൽ സന്ദർശനം നടത്തി ബന്ധപ്പെട്ട് രേഖകളും ഫയലുകളും മൊഴികളും ശേഖരിച്ച് പഠനാത്മകമായ തെളിവെടുപ്പും നടത്തി എന്നത് | വിനോദ് എം, ജൂനിയർ സൂപ്രണ്ട്<br>ബി അശോകൻ,<br>വിജിലൻസ് ഓഫീസർ (ധനകാര്യം) |
| | ഫയലുകൾ പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കി | |

8. Documents/Files Examined/Taken into temporary posession/പരിശോധിച്ച അസ്സൽ രേഖകൾ നമ്പർ പേജുകൾ (Attach important Xeroxes as exibits):

(Zerox attached)

| ക്രമ നമ്പർ | ഫയൽ നമ്പർ | വിഷയം | പരിശോധന നടത്തിയത് |
|---|---|---|---|
| 1 | എസ്.ജി (1) 2- 32978/15 ഡയറക്ടറേറ്റ് | ശ്രീമതി. വാസന്തിയ്ക്ക് കുടുംബ പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച ഫയൽ<br>(Current file, pension format, pension procedure etc.) | എം. വിനോദ് , ജൂനിയർ സൂപ്രണ്ട്<br>ബി. അശോകൻ, വിജിലൻസ് ഓഫീസർ |
| 2 | എ 4/4417/2013 പ്രിൻസിപ്പൽ കൃഷി ഓഫീസ് കൊല്ലം | | |
| 3 | ഈ.കെ.എൻ 10/2015-16 കൃഷിഭവൻ എഴുകോൺ | | |

9. Major Irregularities found / കണ്ടെത്തിയ പ്രധാന ക്രമക്കേടുകൾ : (list the breach of Rule/Gos/Departmental Order in each finding):

**9. കണ്ടെത്തിയ പ്രധാന ക്രമക്കേടുകൾ**

| Sl. No | Irregularity | Breach or Law/Rule/Gos/Act/ Precedent | Consequences to Agency/finance |
|---|---|---|---|
| 1 | അർഹതപ്പെട്ട കുടുംബപെൻഷൻ, അപേക്ഷ ചട്ടപ്രകാരം പരിശോധിക്കാതെ അനാവശ്യമായും അകാരണമായും കൃത്യവിലോപവും നിരുത്തരവാദിത്തവും കാട്ടി അപേക്ഷകയുടെ മരണംവരെ കുടുംബപെൻഷൻ അനുവദിക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തി എന്നത് | 1) GOP No. 387/2002/fin dated 18/05/2002<br>2) GOP No. 478/2011/fin dated 24/10/2011<br>3) GOP No. 155/2015/fin dated 28/04/2015<br>4) KSR part III, Rule 90<br>5) കുടുംബപെൻഷൻ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ | സ്റ്റേറ്റും പെൻഷണറുടെ മാതാവും |

(May attach Additional sheets)

10. Minor Irregularities Found / കണ്ടെത്തിയ ചെറിയ ക്രമക്കേടുകൾ:

**10. കണ്ടെത്തിയ ചെറിയ ക്രമക്കേടുകൾ**

ഇല്ല

| Sl. No | Irregularity | Breach of Law *Rule*/Gos/Act/Precedent | Consequences to Agency/Finance |
|---|---|---|---|
| | ഇല്ല | ഇല്ല | ഇല്ല |

(May attach Additional sheets)

11. Remedial measures suggested irregularity-wise/നിർദ്ദേശിക്കുന്ന പരിഹാര നിർദ്ദേശങ്ങൾ/ ക്രമക്കേടുകൾ തോറും

**11. നിർദ്ദേശിക്കുന്ന പരിഹാര നിർദ്ദേശങ്ങൾ**

| | ക്രമക്കേടുകൾ | പരിഹാര/തിരുത്തൽ നടപടികൾ |
|---|---|---|
| 1 | 3-ാം നമ്പരായി ഈ പ്രൊഫോർമയിൽ വിവരിച്ചിരിക്കുന്ന സംഗതികളാൽ/ വസ്തുതകളാൽ/കണ്ടെത്തലുകളാൽ 9-ാം നമ്പരായി പറയുന്ന ചട്ടങ്ങളുടെയും നടപടിക്രമങ്ങളുടെയും ലംഘനം ബന്ധപ്പെട്ട ഉദ്യോഗസ്ഥരായ ശ്രീമതി. മായ. പി, ശ്രീ. ജോൺ. കെ.കെ, ശ്രീമതി. സീന. എൽ, എന്നീ ഉദ്യോഗസ്ഥർ നടത്തി പെൻഷൻ നിഷേധിക്കാൻ ഇടയായി എന്നതാണ് ഗുരുതരമായ ക്രമക്കേട്. (Laxity, deriliction of duties and responsibilities) | 1) റിപ്പോർട്ടിലെ 14-ാം ഖണ്ഡികയിലെ 1-ഉം 2-ഉം ശുപാർശകൾ നടപ്പിലാക്കുന്നതോടൊപ്പം കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറേറ്റ്, പ്രിൻസിപ്പൽ കൃഷി ഓഫീസുകൾ, കൃഷിഭവൻ എന്നിവിടങ്ങളിലെ സർവീസ് ഇതര കാര്യങ്ങൾ ചെയ്യുന്ന സെക്ഷനുകളിലെ സൂപ്പർവൈസറി തസ്തികയിലുള്ള എല്ലാ ഉദ്യോഗസ്ഥർക്കും ശക്തമായ ഭരണക്രമപ്രവർത്തനത്തിന്റെ ഭാഗമായി ഔദ്യോഗിക പ്രൊഫഷണലിസം കൈവരിക്കുന്നതിന് ആവശ്യമായ Inservice course/training/motivational class എന്നിവ ഇടവിട്ട് സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

| | | |
|---|---|---|
| | | 2) കാര്യപ്രാപ്തിയുള്ളതും ഔദ്യോഗിക കൃത്യങ്ങളായ ഫയൽ എഴുത്ത്, നടപടിക്രമങ്ങൾ പുറപ്പെടുവിക്കൽ തുടങ്ങിയവ ചട്ടപ്രകാരം ചെയ്യാത്തപക്ഷം ശക്തമായ ശിക്ഷാ നടപടികൾ സ്വീകരിക്കാൻ തടസമില്ലാത്ത ഓഫീസ് അന്തരീക്ഷം എന്ന സംസ്കാരം തന്നെ ഉണ്ടാകാൻ നടപടി ഏർപ്പെടുത്തുക |

12. Remarks of the HoD (If HoD is a non-Technical Officer, the Senior most Technical Officer in the Head Quarters must offer remarks here)/വകുപ്പദ്ധ്യക്ഷന്റെ ശുപാർശ (വകുപ്പദ്ധ്യക്ഷന് സാങ്കേതിക യോഗ്യത ഇല്ലായെങ്കിൽ റിപ്പോർട്ടിന്മേലുള്ള ഏറ്റവും മുതിർന്ന സാങ്കേതിക ഉദ്യോഗസ്ഥന്റെ അഭിപ്രായം) സാങ്കേതിക സ്വഭാവമുള്ള വസ്തുതകൾ ഈ റിപ്പോർട്ടിൽ ഉൾ പ്പെട്ടില്ല.

**12. <u>വകുപ്പദ്ധ്യക്ഷന്റെ ശുപാർശ</u>**

കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ മാതൃകാപരമായ പ്രവർത്തനത്തിനും സത്പേരിനും ഈ റിപ്പോർട്ടിൽ പറയുന്ന കെടുകാര്യസ്ഥത കളങ്കമേൽപ്പിക്കുന്നതാണ്. മാതൃകാപരമായതും, ചട്ടപ്രകാരമുള്ളതുമായ അച്ചടക്ക നടപടി ശുപാർശ ചെയ്തതുപ്രകാരം നടപ്പിലാക്കണമെന്നാണ് വകുപ്പദ്ധ്യക്ഷൻ എന്ന നിലയിലുള്ള ശുപാർശ.

Sd/-

**Authentication with Designation and Date**

നം. എസ്.വി.സി (3) 109374/22

## കൃഷി അസിസ്റ്റന്റ് തസ്തികയിൽ നിന്നും വിരമിച്ച പെൻഷണറായ മുരളീധരന്റെ മാതാവിന് കുടുംബപെൻഷൻ അനുവദിക്കുന്നതിലെ വീഴ്ച സംബന്ധിച്ചുള്ള സ്പെഷ്യൽ വിജിലൻസ് സെല്ലിന്റെ അന്വേഷണ റിപ്പോർട്ട്

**ആമുഖം**

സർക്കാർ കത്ത് നം. ഇ എ 2/84/2018/കൃഷി തീയതി. 17/10/2022 പ്രകാരം കൊല്ലം ജില്ലയിലെ എഴുകോൺ കൃഷിഭവനിൽ നിന്നും കൃഷി അസിസ്റ്റന്റ് തസ്തികയിൽ നിന്നും വിരമിച്ചിട്ടുള്ളതും സർവീസ് പെൻഷണറുമായിരുന്ന ശ്രീ. മുരളീധരൻ 08/03/2012 തീയതിയിൽ മരണപ്പെട്ടതിനെ തുടർന്ന് ടിയാൻ വിവാഹിതനല്ലാത്തതിനാൽ നിയമപ്രകാരമുള്ള ആശ്രിതയായ മാതാവ് ശ്രീമതി. വാസന്തിക്ക് തന്റെ അപേക്ഷ പരിഗണിച്ച് യഥാവിധി കുടുംബപെൻഷൻ അനുവദിച്ച് നൽകുന്നതിൽ സംഭവിച്ചതായി പറയുന്ന വീഴ്ചയും അനാവശ്യ കാലതാമസവും സംബന്ധിച്ച് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് വിജിലൻസ് (ധനകാര്യം) വിഭാഗം വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ താഴെ പറയുന്ന തരത്തിൽ ഒരു സമഗ്ര അന്വേഷണം നടത്തുകയുണ്ടായി.

| അന്വേഷണ തീയതി | അന്വേഷണ ഉദ്യോഗസ്ഥൻ |
|---|---|
| 09/11/2022 | ശ്രീ. എം. വിനോദ്, ജൂനിയർ സൂപ്രണ്ട് (prepared the draft) |
| 10/11/2022 | ശ്രീ. ബി. അശോകൻ. വിജിലൻസ് ഓഫീസർ<br>(edited, finalised and approved) |

**2) കണ്ടെത്തലുകൾ (FINDINGS)**

സംസ്ഥാന സർക്കാർ സർവീസിലും പൊതുസമൂഹത്തിലും ആർക്കും ഒരിക്കലും സംഭവിയ്ക്കാൻ പാടില്ലാത്ത നീതിനിഷേധമാണ് ഈ വിഷയത്തിൽ അന്വേഷണത്തിന്റെ ഭാഗമായി കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളത്. നിയമങ്ങളും ചട്ടങ്ങളും ഉണ്ടാക്കുമ്പോൾതന്നെ അതിന്റെ ഉദ്ദേശ്യം ദീർഘവീക്ഷണത്തോടുകൂടി ബോധ്യപ്പെട്ടിട്ടാണ് നടപ്പിലാക്കിയിട്ടുള്ളത്. ചട്ടപ്രകാരം അനുവദിച്ച് ലഭ്യമാക്കേണ്ടിയിരുന്ന അർഹതപ്പെട്ട കുടുംബപെൻഷൻ ആനുകൂല്യം അനുവദിച്ച് നൽകാൻ നടപടി എടുക്കേണ്ടിയിരുന്ന താഴ്ന്ന ശ്രേണി മുതൽ ഉന്നത ശ്രേണി വരെയുള്ള ഉദ്യോഗസ്ഥർക്ക് ഒരുപോലെ ഈ ബോധ്യം ഈ വിഷയത്തിൽ ഉണ്ടായിട്ടില്ലാത്തതായി അന്വേഷണത്തിൽ കാണാൻ കഴിഞ്ഞിട്ടുണ്ട്.

3) ശ്രീമതി. വാസന്തിക്ക് കുടുംബപെൻഷൻ നിഷേധിച്ച സംഭവത്തിന്റെ നിജസ്ഥിതി മനസ്സിലാക്കുന്നതിനും ഈ വിഷയത്തിന്റെ ഗൌരവം കണക്കിലെടുത്ത് സംഭവിച്ച കാര്യങ്ങൾ വസ്തുനിഷ്ഠമായി പരിശോധിക്കുന്നതിനുമായി ബന്ധപ്പെട്ട കൃഷി ഭവൻ , കൊല്ലം ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസ്, കൃഷി വകുപ്പ് ഡയറക്ടറേറ്റ് എന്നീ സ്ഥാപനങ്ങൾ യഥാവിധി സന്ദർശിച്ച് അന്വേഷണത്തിന്റെ ഭാഗമായി ബന്ധപ്പെട്ട രേഖകൾ, ഫയലുകൾ, രജിസ്റ്ററുകൾ എന്നിവയും മറ്റ് ലഭ്യമായ കടലാസുകളും ഇതുമായി ബന്ധപ്പെട്ട് പരിശോധിക്കുകയും ആദ്യാന്തം ഇതിന്മേൽ ഉണ്ടായിട്ടുള്ള സാഹചര്യങ്ങളും വീഴ്ചകളും കൃത്യമായി വിലയിരുത്തുകയും ചെയ്തു. വിശദാംശങ്ങൾ താഴെ പറയുന്നു.

**4) കുടുംബ പെൻഷൻ അനുവദിക്കുന്നതിലെ നടപടിക്രമങ്ങൾ**

സംസ്ഥാനത്ത് കുടുംബപെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച് നിലവിലുള്ള നടപടിക്രമങ്ങൾ താഴെപറയുന്നു.

i) ജീവനക്കാരൻ മരണ സമയത്ത് അവിവാഹിതൻ ആയിരിക്കണം

ii) മരണപ്പെട്ട ജീവനക്കാരന്റെ മാതാപിതാക്കൾക്ക് നല്ല നിലയിൽ കഴിയുന്ന (Well placed) മറ്റ് ആൺമക്കളോ പെൺമക്കളോ ഉണ്ടായിരിക്കാൻ പാടില്ല

iii) ഒന്നിൽ കൂടുതൽ മക്കളുടെ മരണത്തെ തുടർന്ന് ഫാമിലി പെൻഷനുള്ള ഒന്നിലധികം അപേക്ഷകളുണ്ടെങ്കിലും ഒരാൾക്ക് ഒരു പെൻഷൻ മാത്രമേ അനുവദിക്കുകയുള്ളൂ.

iv) മാതാപിതാക്കളിൽ രണ്ടുപേർക്കും തുല്യമായി തുക വീതിച്ചു നൽകും. മാതാപിതാക്കളിൽ ഒരാൾ മരണമടഞ്ഞാൽ ആ വിഹിതം കൂടി ജീവിച്ചിരിക്കുന്ന ആളിന് ലഭിക്കും.

**(b) <u>കുടുംബപെൻഷൻ അനുവദിക്കുന്നതിന് ആവശ്യമായിരുന്ന രേഖകൾ</u>**

i) ഫോം 6 ലുള്ള അപേക്ഷ (കെ.എസ്.ആർ പാർട്ട് III ചട്ടം 108 & 90)

ii) പെൻഷൻ പെയ്മെന്റ് ഓർഡർ കോപ്പി

iii) തഹസീൽദാരിൽ നിന്നും ലഭിച്ച അനക്സർ I ഫോറത്തിലുള്ള അർഹതാ സർട്ടിഫിക്കറ്റ് [കെ.എസ്.ആർ പാർട്ട് III ചട്ടം 90(6A)6]

iv) മരിച്ചുപോയ മകന്റെ മരണ സർട്ടിഫിക്കറ്റ്

v) നിയമാനുസൃത അവകാശി സർട്ടിഫിക്കറ്റ്

vi) ഡിസ്ക്രിപ്റ്റീവ് റോൾ ആന്റ് ഐഡന്റിഫിക്കേഷൻ പർട്ടിക്കുലേഴ്സ് (വിവരാണാത്മക റോളും തിരിച്ചറിയൽ വിശദാംശങ്ങളും

vii) വൈവാഹിക നില തെളിയിക്കുന്ന റവന്യൂ അധികാരികളുടെ സർട്ടിഫിക്കറ്റ്

viii) ഫോം 5A, ഫോം A, ഫോം E (പെൻഷൻ ബുക്കിലെ 23, 31, 33 പേജുകൾ)

ix) തിരിച്ചറിയൽ രേഖകൾ

x) വരുമാന സർട്ടിഫിക്കറ്റ് പകർപ്പ്

5) സ്വന്തമായി വരുമാനമാർഗ്ഗം ഇല്ലാതിരിക്കുകയും മരിച്ച ജീവനക്കാരനെ പൂർണ്ണമായി ആശ്രയിച്ച് കഴിയുകയും ചെയ്യുന്ന മാതാപിതാക്കൾക്ക് കുടുംബ പെൻഷന് അർഹതയുണ്ട്. മാതാപിതാക്കൾക്ക് സ്വന്തമായി വരുമാന മാർഗ്ഗം ഉണ്ടെങ്കിൽ ആ തുക താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ധനകാര്യ വകുപ്പിന്റെ അംഗീകാരത്തോടെ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിയാണ് കുടുംബ പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്. (പ്രതിവർഷം യഥാക്രമം 15,000/- രൂപ, 30,000 രൂപ എന്നതാണ് നിലവിൽ ബന്ധപ്പെട്ട ഉത്തരവ് പ്രകാരമുള്ള വാർഷിക വരുമാനപരിധി [സ.ഉ.(പി). നം 478/2011/ധന. തീയതി 24.10.2011 പ്രതിവർഷം 15,000 രൂപയും - പ്രാബല്യ തീയതി 24.10.2011] [സ.ഉ.(പി). നം 155/2015/ധന. തീയതി 28.04.2015 പ്രകാരം 01.04.2015 മുതൽ 30,000 രൂപ]

മുകളിൽ പറയുന്ന മാനദണ്ഡങ്ങൾ പ്രകാരം ശ്രീമതി. വാസന്തിക്ക് കുടുംബപെൻഷന് അർഹതയുണ്ട് എന്നത് അവർ ഇതിനായി വിവിധ ഘട്ടങ്ങളിലായി ഹാജരാക്കിയിട്ടുള്ള രേഖകളിൽ നിന്നും വ്യക്തമാണ്. സർക്കാർ ഉത്തരവ് (അ) 387/2002/ഫിൻ നമ്പർ പ്രകാരമാണ് കുടുംബപെൻഷൻ സർക്കാർ അനുമതിയോടെ അനുവദിക്കുന്നത്. 02/05/2013-നാണ് എഴുകോൺ കൃഷി ഭവനിൽ നടപടികൾ ആരംഭിക്കുന്നത്. ശ്രീമതി. വാസന്തി സമർപ്പിച്ച രേഖകളും കൃഷിഭവനിൽ ലഭ്യമായ രേഖകളും പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് സമർപ്പിക്കുന്നതിന് മുന്നേ എന്തൊക്കെ രേഖകൾ ആവശ്യമാണെന്ന് എഴുകോൺ കൃഷി ഓഫീസറും വിലയിരുത്തിയിട്ടില്ല. സർക്കാരിൽ സമർപ്പിക്കേണ്ട രേഖകളിലൊന്നായ ഫോം 6-ലുള്ള അപേക്ഷ 24/08/2013-ന് ആവശ്യപ്പെട്ടിരുന്നിട്ടും 26/02/2015 തീയതിയിൽ ഒന്നര വർഷത്തിന് ശേഷവും 25/08/2017-ന് ആവശ്യപ്പെട്ട ഡിസ്ക്രിപ്റ്റീവ് റോൾ ആന്റ് ഐഡന്റിഫിക്കേഷൻ പർട്ടിക്കുലേഴ്സ് 5 മാസങ്ങൾക്ക് ശേഷവും 2018 ഫെബ്രുവരിയിലുമാണ് പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് സമർപ്പിച്ചിട്ടുള്ളത് എന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ 31/05/2016-ന് ശ്രീമതി. വാസന്തിയ്ക്ക് ഒരു അറിയിപ്പ് രജിസ്റ്റേർഡായി നൽകി എന്നതല്ലാതെ യാതൊരു അറിയിപ്പുകളും കൃഷിഭവനിൽ നിന്ന് നൽകിയിട്ടില്ല.

6) 15.07.2015-ന് മാത്രമാണ് ഈ വിഷയത്തിലുള്ള ഫയൽ ഡയറക്ടറേറ്റിൽ ആരംഭിക്കുന്നത്. മുകളിൽ പ്രസ്താവിച്ചതു പോലെ എന്തൊക്കെ രേഖകളാണ് കുടുംബ പെൻഷനുള്ള അനുമതി സർക്കാരിൽ നിന്ന് ലഭ്യമാക്കുന്നതിന് വേണ്ടതെന്ന് കൃഷി ഡയറക്ടറേറ്റിലും ശരിയായ രീതിയിൽ പരിശോധിക്കുകയോ മനസ്സിലാക്കുകയോ ചെയ്തിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ചട്ടം 90 6 a I (ii) പ്രകാരമുള്ള അനക്സർ I സർട്ടിഫിക്കറ്റിൽ വരുമാനവും, ആശ്രിത വിവരവും, നല്ല നിലയിൽ കഴിയുന്ന മക്കളില്ലെന്നും സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഈ സർട്ടിഫിക്കറ്റ് നൽകുന്ന അധികാരി തഹസിൽദാർ എന്നിരിക്കെ പ്രിൻസിപ്പൽ കൃഷി ഓഫീസർ ഈ സർട്ടിഫിക്കറ്റ് നൽകിയാൽ മതിയെന്നാണ് ഡയറക്ടറേറ്റ് ആവശ്യപ്പെട്ടിരുന്നത് (അനുബന്ധം 1). ഇവിടെ പ്രിൻസിപ്പൽ കൃഷി ഓഫീസർ നിയമവിരുദ്ധമായ നിലപാടാണ് എടുത്തിട്ടുള്ളതെന്ന് കാണാവുന്നതാണ്. തുടർന്ന് ഡിസ്ക്രിപ്റ്റീവ് റോൾ ആന്റ് ഐഡന്റിഫിക്കേഷൻ പർട്ടിക്കുലേഴ്സ് ഉൾപ്പെടെയുള്ള മറ്റ് രേഖകൾ 22.06.2017 നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ഇത് യഥാർത്ഥ അപേക്ഷ ലഭിച്ച് ഏകദേശം 2 വർഷസമയം ആകുമ്പോഴാണെന്ന് കാണാവുന്നതാണ്. പല രേഖകളും പല തലങ്ങളിലും പല സമയങ്ങളിലായി പരസ്പരവിരുദ്ധമായി ആവശ്യപ്പെട്ടിട്ടുണ്ടെന്നും സൂക്ഷ്മ പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ശരിക്കും "ചുവപ്പ് നാട" എന്ന് പറയാവുന്ന തരത്തിലേക്ക് ഇക്കാര്യം വിരൽചൂണ്ടുകയാണ്. ശരിയായ രേഖകൾ എന്തെന്ന് മനസ്സിലാക്കി അവ ആവശ്യപ്പെടാത്തതു വഴി രണ്ടര വർഷത്തിലധികം ഫയൽ ഡയറക്ടറേറ്റിലെ നടപടികൾ വഴി താമസം വരുത്തിയിട്ടുണ്ടെന്ന് അന്വേഷണത്തിൽ രേഖാപ്രകാരം കാണാന് കഴിഞ്ഞിട്ടുണ്ട്.

7) സർവീസിലുള്ള ഒരു ഉദ്യോഗസ്ഥൻ പെൻഷൻ പറ്റിയാലോ പെൻഷണർ തന്നെ പെൻഷൻ വാങ്ങവെ മരണപ്പെട്ടാലോ ഫാമിലി പെൻഷൻ അനുവദിക്കുന്നതിന് നിലവിൽ കൃത്യമായ ചട്ടങ്ങളും വ്യവസ്ഥകളും ഉണ്ടെന്നിരിക്കെ അവയൊന്നുംതന്നെ വേണ്ടവിധം ഇടപെട്ട് പരിഹരിച്ച് നീതിനിർവഹണം നടത്തുന്നതിൽ ഗുരുതരമായ വീഴ്ച ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും തെളിവുകളുടെ അടിസ്ഥാനത്തിൽ ഇക്കാര്യം അന്വേഷിച്ചതിൽ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ ഏറ്റവും താഴെ ശ്രേണിയിലുള്ള ഓഫീസാണ് കൃഷിഭവൻ. ഈ ഓഫീസിന്റെ ജീവനകാര്യ ഇതരവിഷയങ്ങളുടെ ഭരണനിർവഹണ സൂപ്പർവിഷൻ നടത്തപ്പെടേണ്ടതും ഉറപ്പുവരുത്തേണ്ടതും ബന്ധപ്പെട്ട അസിസ്റ്റന്റ് ഡയറക്ടർ/ഡെപ്യൂട്ടി ഡയറക്ടർ മുഖേന പ്രിൻസിപ്പൽ കൃഷി ഓഫീസാണ്. എന്നാൽ എഴുകോൺ കൃഷി ഭവനിൽനിന്നും കൃഷി അസിസ്റ്റന്റായി പെൻഷൻ പറ്റിയ ശ്രീ. മുരളീധരന്റെ മാതാവ് നൽകിയ അർഹതപ്പെട്ട കുടുംബപെൻഷനുള്ള അപേക്ഷ യഥാവിധി (കഴിയാംവിധമെങ്കിലും) പരിശോധിച്ച് ഉചിതമാർഗേണ പ്രിൻസിപ്പൽ കൃഷി ഓഫീസിലേക്ക് അയച്ച് ടി ഓഫീസിലെ ബന്ധപ്പെട്ട സെക്ഷൻ പ്രസ്തുത അപേക്ഷ വേണ്ടവിധം ടി കാര്യാലയത്തിലും പരിശോധിച്ച് ന്യൂനതകൾ ഉണ്ടെങ്കിൽ അവ എപ്രകാരം തിരുത്തി സമർപ്പിക്കണമെന്ന് നിർദ്ദേശിച്ച് തിരികെ വാങ്ങി തുടർ നടപടി എന്താണോ ആയത് സ്വീകരിക്കുന്നതിന് പകരം ചട്ടപ്രകാരമല്ലാതിരുന്ന ലഭ്യമായ അപേക്ഷ യാതൊരു ഉത്തരവാദിത്തവുമില്ലാതെ തനിക്ക് അധികാരമില്ലെന്നിരിക്കെ നേരിട്ട് അക്കൗണ്ടന്റ് ജനറലിന് അയയ്ക്കുകയാണ് ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ളതെന്ന് കാണാൻ കഴിഞ്ഞിട്ടുണ്ട്. ഇത്തരത്തിലുള്ള അജ്ഞതയും അലംഭാവവും നിറഞ്ഞ പ്രവൃത്തി സിവിൽ സർവീസിന് ചേരാത്തതാണ്. വളരെ ഗുരുതരമായതും സിവിൽ സർവീസിന് ചേരാത്തതുമാണ്. അക്കൗണ്ടന്റ് ജനറൽ ഓഫീസിൽ നിന്നും ടി അപേക്ഷ നിലവിലുള്ള നടപടിക്രമമായ സർക്കാർ അനുമതിയും ഇതിന്മേൽ വാങ്ങി വേണം അക്കൗണ്ടന്റ് ജനറലിന് സമർപ്പിക്കേണ്ടത് എന്നുകൂടി നിർദ്ദേശിച്ച് തിരികെ നൽകുകയാണ് ഉണ്ടായതെന്നും രേഖാപ്രകാരം കാണാൻ കഴിഞ്ഞിട്ടുണ്ട്.

8) കുടുംബപെൻഷൻ അനുവദിക്കുന്നത് സർക്കാർ അനുമതിക്ക് വിധേയമായിട്ടാണെന്ന ചട്ടം നിലവിൽ ഉള്ളപ്പോൾ ഈ വിഷയത്തിൽ മുകളിൽ സൂചിപ്പിക്കുന്ന നിരുത്തരവാദപരമായ നോട്ടപ്പിശകും കൃത്യവിലോപവും കൊല്ലം ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ ഭാഗത്തുനിന്നും ടിയാന്റെ അധികാര പരിധിയിലുള്ള ഈ വിഷയം കൈകാര്യം ചെയ്യുന്ന മറ്റ് ഓഫീസുകളിൽ നിന്നും ഉണ്ടായിട്ടുള്ളതെന്ന് കാണുന്നു. ആയതിനാൽ ടി ഓഫീസുകളിൽ സൂപ്പർവൈസറി

തസ്തികയിൽ സേവമനുഷ്ഠിക്കുന്ന ജൂനിയർ സൂപ്രണ്ട്, അക്കൗണ്ട്സ് ഓഫീസർ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തുടങ്ങിയ തസ്തകകളിലെ ഉദ്യോഗസ്ഥരുടെ വീഴ്ച മറച്ചുവയ്ക്കാൻ കഴിയുന്നതല്ല. ഈ വീഴ്ചയിൽ ഉയർന്ന റാങ്കിൽ ഉൾപ്പെടെ നിരവധി ഉദ്യോഗസ്ഥർ ഈ വിഷയം പരിഗണനയ്ക്ക് വന്ന സമയത്ത് സർവ്വീസിലുണ്ടായിരുന്നെങ്കിലും അർക്കെല്ലാംതന്നെ ഇതിൽ നേരിട്ട് ബന്ധമില്ല യെന്നതുകൊണ്ടും അവരെല്ലാംതന്നെ നിലവിൽ പെൻഷൻപറ്റി എന്നതിനാലും പെൻഷൻ വൈകിയ വിഷയത്തിൽ നേരിട്ട് തെറ്റ് ചെയ്തു എന്ന് തെളിവുകളുടെ അടിസ്ഥാനത്തിൽ കണ്ടവരെ മാത്രമാണ് പെൻഷൻ ആയി എന്നിരുന്നെങ്കിലും വിഷയഗൌരവം കണക്കിലെടുത്ത് കുറ്റക്കാരായി കണ്ടെത്തിയിരിക്കുന്നത്.

9) **<u>കുടുംബപെൻഷൻ അപേക്ഷ പരിശോധനഗുരുതരമായ വീഴ്ചയും നടപടിക്രമങ്ങളിലെ തെറ്റുകളും</u>**

താഴെ പറയുന്ന കൃത്യങ്ങൾ ഇത് സംബന്ധിച്ച് ഗൌരവമായി കാണേണ്ടതുണ്ട്.

(i) പെൻഷൻ അനുവദിക്കുന്നതിനുള്ള രേഖകൾ യഥാക്രമം വാങ്ങാതെ വൃദ്ധയായ ഏകദേശം 75 വയസെങ്കിലും പ്രായം വരുന്ന ശ്രീമതി. വാസന്തി നൽകിയ വെള്ളപേപ്പറിലുള്ള അപേക്ഷ ബന്ധപ്പെട്ട പ്രമാണങ്ങളുടെ അഭാവത്തിൽതന്നെ കൊല്ലം പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് യാതൊരു പരിശോധനയും കൂടാതെ ശ്രീമതി. മായ. പി, കൃഷി ഓഫീസർ അയച്ചുനൽകി. കൂടാതെ ഇതേ കൃഷി ഓഫീസർ തന്നെ ടി ആവശ്യത്തിനുള്ള അപേക്ഷഫോറം 6, 24/08/2013-ന് കൊല്ലം പ്രിൻസിപ്പൽ കൃഷി ഓഫീസർ ആവശ്യപ്പെട്ടിട്ടും ഏതാണ്ട് ഒന്നര വർഷത്തിനുശേഷം 26/02/2015 തീയതിയിലാണ് കൊല്ലം പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് സമർപ്പിച്ചതായി കാണുന്നത്. ഇത് തികച്ചും നിരുത്തരവാദപരമായ ഔദ്യോഗിക കൃത്യമാണ്. (അനുബന്ധം- 2)

(ii) രക്ഷാകർത്താക്കൾക്കുള്ള കുടുംബപെൻഷൻ അനുവദിക്കുന്നത് സർക്കാരാണ് എന്നിരുന്നിട്ടും പെൻഷൻ അനുവദിക്കുന്നതിനുള്ള രേഖകൾ നേരിട്ട് അക്കൌണ്ടന്റ് ജനറലിന് അയച്ചുനൽകി ഇക്കാര്യങ്ങളിലുള്ള നടപടിക്രമങ്ങളുടെ അജ്ഞത നിമിത്തം പെൻഷൻ വൈകിക്കുന്ന ഗുരുതരമായ അവസ്ഥ വരുത്തിവച്ചു. ശ്രീമതി. സി.ഒ. ഹേമലത, പി.എ.ഒ. (Rtd.), ശ്രീ. രാമചന്ദ്രൻ. എം. ബി, അക്കൌണ്ട്സ് ഓഫീസർ (Rtd.), ശ്രീ. ജോൺ. കെ. കെ, ജൂനിയർ സൂപ്രണ്ട് (Rtd.) എന്നിവരാണ് കൊല്ലം പ്രിൻസിപ്പൽ കൃഷി ഓഫീസിൽ സേവനമനുഷ്ഠിക്കവേ ടി തെറ്റായ ഔദ്യോഗിക കൃത്യം ചെയ്തതായി കണ്ടെത്തിയിരിക്കുന്നത്. ഇത് അപേക്ഷകയോടും സ്റ്റേറ്റിനോടും ചെയ്ത പൊറുക്കാനാകാത്ത ചട്ടവിരുദ്ധമായ തെറ്റാണ്. (അനുബന്ധം- 3)

(iii) 26/02/2015-ന് എഴുകോൺ കൃഷി ഓഫീസിൽ നിന്നും ലഭ്യമായ ഫോറം 6-ലുള്ള അപേക്ഷ ഉൾപ്പെടെയുള്ള രേഖകൾ നടപടി സ്വീകരിക്കാതെ 100 ദിവസം വൈകി 05/06/2015-നാണ് മേലുദ്യോഗസ്ഥർക്ക് സമർപ്പിച്ചതായി കാണുന്നത്. ഇത് ഗുരുതരമായ അച്ചടക്ക ലംഘനവും അനാസ്ഥയും സർവീസിന് അരാജകത്വം സൃഷ്ടിക്കുന്ന പ്രവൃത്തിയായും ഇതിനെ കാണേണ്ടതുണ്ട്. ആയതിനാൽ ഇപ്രകാരം പ്രവർത്തിച്ച ശ്രീമതി. സീന. എൽ (ക്ലാർക്ക്) എന്ന ഉദ്യോഗസ്ഥയ്ക്കെതിരെ ചട്ടപ്രകാരമുള്ള അച്ചടക്ക നടപടി സ്വീകരിക്കേണ്ടതുണ്ട്. (അനുബന്ധം- 4)

(iv) കെ.എസ്.ആർ ചട്ടം 90 6 a I (ii) പ്രകാരമുള്ള Annexure 1 Certificate നൽകേണ്ടത് തഹസീൽദാർ ആണെന്നിരിക്കെ ഈ സർട്ടിഫിക്കറ്റ് പ്രിൻസിപ്പൽ കൃഷി ഓഫീസർ നൽകിയാൽ മതിയെന്ന് തെറ്റായ നിർദ്ദേശം നൽകി. കൃഷി ഡയറക്ടറേറ്റിലെ മുൻ അക്കൌണ്ട്സ് ഓഫീസർ ആയിരുന്ന ശ്രീ. രഞ്ജിത്ത്. എസ് എന്ന ഉദ്യോഗസ്ഥനാണ് ഈ തെറ്റായ നിർദ്ദേശം നൽകി പെൻഷൻ വൈകിപ്പിക്കുന്നതിന് കാരണമായ പ്രവൃത്തി ചെയ്തിട്ടുള്ളത്. ആയതിനാൽ ടിയാൻ ഈ വിഷയത്തിൽ കുറ്റക്കാരനാണ്. (അനുബന്ധം - 5)

10) കുടുംബപെൻഷൻ അനുവദിക്കുന്ന അപേക്ഷ യഥാവിധി പരിശോധിച്ച് പ്രിൻസിപ്പൽ കൃഷി ഓഫീസർ കൃഷി വകുപ്പ് ഡയറക്ടർക്ക് ആയിരുന്നു ഉചിതമാർഗേന സമർപ്പിക്കേണ്ടിയിരുന്നത്. മറിച്ച് അക്കൌണ്ടന്റ് ജനറലിന് അല്ലായിരുന്നു. ഡയറക്ടർ ഓഫീസിൽ നിന്നുമാണ് ടി അപേക്ഷ

വേണ്ട പരിശോധനയ്ക്ക് ശേഷം ഉചിതമായ ശുപാർശയോടെ സർക്കാരിലേക്ക് അനുമതിയ്ക്കായി അയയ്ക്കേണ്ടിയിരുന്നത്. എന്നാൽ ഈ നടപടിക്രമം കണിശസ്വഭാവത്തോടെ ഈ വിഷയത്തിൽ നടന്നതായി രേഖകളിൽ നിന്നും കാണാൻ കഴിയുന്നതല്ല. തുടർന്ന് ഈ വിഷയം സംബന്ധിച്ച് സർക്കാരിൽ എത്തിയ അപേക്ഷ/പ്രൊപ്പോസൽ പോലും ന്യൂനതകൾ നിറഞ്ഞതായിരുന്നതിനാൽ ബന്ധപ്പെട്ട പല ആവശ്യമായ കടലാസുകളും സർക്കാർ നിർദ്ദേശപ്രകാരമായിരുന്നു ലഭ്യമാക്കാൻ ശ്രമിച്ചിട്ടുള്ളതെന്ന് പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ആയതിനാൽ അകാരണമായും നിരുത്തരവാദപരമായും ഉള്ള ഖണ്ഡിക-13 -ലെ പട്ടികയിൽ സൂചിപ്പിക്കുന്ന ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള വീഴ്ച കാരണമാണ് ചട്ടപ്രകാരം ലഭ്യമാക്കേണ്ടിയിരുന്നതും അർഹതപ്പെട്ടതുമായ കുടുംബപെൻഷൻ അനുവദിച്ച് നൽകുന്നതിൽ കാലതാമസം ഉണ്ടായിട്ടുള്ളത് എന്നുള്ള വസ്തുത തെളിവുകളുടെയും സാഹചര്യങ്ങളുടെയും അടിസ്ഥാനത്തിൽ ശരിയാണെന്ന് കാണുന്നു. ഈ സാഹചര്യത്തിൽ ഇക്കാര്യത്തിൽ കൃത്യവിലോപം നടത്തിയതിനും ചട്ടവിരുദ്ധമായും ഉത്തരവാദിത്തരഹിതമായും പെരുമാറിയതായി കണ്ടെത്തിയ താഴെ ശ്രേണി മുതൽ ഉന്നതശ്രേണി വരെയുള്ള ഖണ്ഡിക 13 പട്ടികയിൽ പേര് പറഞ്ഞിരിക്കുന്നതായ തസ്തികകളിൽ സംഭവസമയത്ത് സേവനത്തിലിരുന്ന എല്ലാ ഉദ്യോഗസ്ഥരും തുല്യഉത്തരവാദികൾ ആയതിനാൽ മാതൃകാപരമായതും നിയമപരമായതുമായ അച്ചടക്ക നടപടി ഇവർക്കെതിരെ കൈക്കൊള്ളേണ്ടതാണെന്നും സഗൌരവം അഭിപ്രായപ്പെടുന്നു.

11) **ഭരണഘടന വിഭാവന ചെയ്യുന്ന സ്വാഭാവികനീതിയ്ക്ക് നിരക്കാത്ത (Violation of natural Justice) പ്രവൃത്തികളാണ് ഇതിന്മേലുണ്ടായിട്ടുള്ളത് എന്ന് നിരീക്ഷിക്കുന്നു. ദുർബലയായ ഒരു വൃദ്ധയുടെ അവകാശപ്പെട്ട കുടുംബപെൻഷൻ ലഭ്യമാക്കികൊടുക്കുക എന്നത് സർക്കാർ ഉദ്യോഗസ്ഥരുടെ കടമയാണ്. ഇക്കാര്യത്തിൽ ആ നിലയ്ക്ക് വരുത്തിയിരിക്കുന്ന വീഴ്ച മുകളിൽ സൂചിപ്പിക്കുന്ന തരത്തിൽ കേവലം ഔദ്യോഗിക കർത്തവ്യനിർവഹണവീഴ്ചയായി മാത്രം കാണാൻ കഴിയില്ല ; മറിച്ച് ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വത്തിന് തുല്യമായ ഒന്നാണ്. ആയതിനാൽ ടി ഉദ്യോഗസ്ഥരുടെ അച്ചടക്ക രഹിതമായ പ്രവൃത്തികൾ സ്റ്റേറ്റിന്റെ പരമാധികാരത്തോടുള്ള വെല്ലുവിളിയായി കാണേണ്ടതുണ്ട്. ആയതിനാൽ ചട്ടപ്രകാരവും മാതൃകാപരവുമായ സാധ്യമായ എല്ലാ അച്ചടക്കനടപടികളും ഇവർക്കെതിരെ (സർവീസിലുള്ളവർക്കും പെൻഷനായവർക്കും) കർക്കശനിലപാടോടെ സർക്കാർ സ്വീകരിക്കേണ്ടതായിട്ടുണ്ട് എന്ന് തോന്നുന്നു. (1960-ലെ കേരളാ സിവിൽ സർവീസ് (തരംതിരിക്കലും, നിയന്ത്രണവും , അപ്പീലും) ചട്ടം II (ix) പ്രകാരവും, ചട്ടം XI (iii) പ്രകാരവും)**

12) ഈ സംഭവവുമായി ബന്ധപ്പെട്ടുള്ള വീഴ്ചകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർ എന്ന നിലയ്ക്ക് കണ്ടെത്തിയിരിക്കുന്നത് ബന്ധപ്പെട്ട കൃഷി ഭവൻ മുതൽ ഡയറക്ടറേറ്റ് വരെ വിവിധങ്ങളായ താഴെ സൂചിപ്പിക്കുന്ന പേരിലും തസ്തികകളിലും ഉള്ള പ്രസ്തുത പെൻഷൻ അപേക്ഷ പരിഗണന കാലഘട്ടങ്ങളിൽ സേവനത്തിലുണ്ടായിരുന്ന ഉദ്യോഗസ്ഥരെയാണ്. ഈ വീഴ്ച സംഭവിച്ചിട്ടുള്ളത് ഒരു നീണ്ട കാലയളവിൽ ഒട്ടനീളെയാണ്. ആയതിനാൽ ആരെയും ഒഴിവാക്കാതെ നിയമത്തിനുമുന്നിൽ കൊണ്ടുവരേണ്ടതായിട്ടുണ്ട്. ആ നിലയ്ക്ക് താഴെ പേര് പറയുന്ന ഉദ്യോഗസ്ഥരെ ഈ വീഴ്ചയിൽ ഉൾപ്പെടുത്തുന്നുണ്ടെങ്കിലും ഇവരിൽ ഭൂരിഭാഗം പേരും സർവീസിൽ നിന്നും വിരമിച്ചവരാണ് എന്നതും സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്.

**13) കുറ്റക്കാരായ/പെൻഷൻ നൽകുന്ന വീഴ്ചയ്ക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർ**

**സർവീസിലുള്ള ജീവനക്കാർ**

| ക്രമ നം. | ഉദ്യോഗസ്ഥന്റെ പേര് പെൻ നമ്പർ | ഔദ്യോഗിക പദവി (സംഭവസമയത്ത് ) | പെൻഷൻ പറ്റുന്ന തീയതി | നിലവിൽ ജോലിചെയ്യുന്ന സ്ഥലം |
|---|---|---|---|---|
| 1 | മായാ പി<br>PEN 501736 | കൃഷി ഓഫീസർ | 31.10.2026 | ഡെപ്യൂട്ടി ഡയറക്ടർ, പെസ്റ്റിസൈഡ് ടെസ്റ്റിംഗ് ലാബ്, പാറോട്ടുകോണം |

| | | | | |
|---|---|---|---|---|
| 3 | സീന. L<br>PEN 357413 | സീനിയർ ക്ലാർക്ക് | 31.05.2024 | ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം |

**പെൻഷനായ ജീവനക്കാർ**

| ക്രമ നം. | തസ്തിക | ഉദ്യോഗസ്ഥന്റെ പേര് | പെൻ നം. | പെൻഷൻ പറ്റുന്ന തീയതി | ചുമതല വഹിച്ചിരുന്ന കാലയളവ് |
|---|---|---|---|---|---|
| 1 | പ്രിൻസിപ്പൽ കൃഷി ഓഫീസർ, കൊല്ലം | ശ്രീമതി. സി.ഒ. ഹേമലത | — | റിട്ടയേർഡ് | 01/04/2011-20/11/2013 |
| 2 | അക്കൌണ്ട്സ് ഓഫീസർ, കൊല്ലം | ശ്രീ. രാമചന്ദ്രൻ. M. B | 631772 | റിട്ടയേർഡ് | 25/01/2013-30/04/2015 |
| 3 | അക്കൌണ്ട്സ് ഓഫീസർ, കൊല്ലം | ശ്രീ. ജി. ബിജു | 357399 | റിട്ടയേർഡ് | 21/08/2017-31/12/2019 |
| 4 | ജൂനിയർ സൂപ്രണ്ട്, കൊല്ലം | ജോൺ. കെ. കെ | 357213 | റിട്ടയേർഡ് | 15/05/2013-14/05/2014 |
| 5 | അക്കൌണ്ട്സ് ഓഫീസർ, ഡയറക്ടറേറ്റ് | രഞ്ജിത്ത്. എസ് | — | റിട്ടയേർഡ് | 27/06/2015 to 09/03/2016 |

14) മുകളിൽ സവിസ്തരം പ്രതിപാദിക്കുന്ന തെളിവുകളുടെയും കണ്ടെത്തലുകളുടെയും സാഹചര്യങ്ങളുടെയും അടിസ്ഥാനത്തിൽ താഴെ പറയുന്ന ശുപാർശകളോടെ ഈ റിപ്പോർട്ട് സർക്കാരിന്റെ സജീവ പരിഗണനയ്ക്കും അടിയന്തിര നടപടികൾക്കുമായി സമർപ്പിക്കുന്നു.

**15) ശുപാർശകൾ**

1) ശ്രീമതി. വാസന്തിയ്ക്ക് കുടുംബപെൻഷൻ അനുവദിച്ച് നൽകുന്നതിൽ ഗുരുതരമായ കൃത്യവിലോപവും പദവിയ്ക്ക് നിരക്കാത്ത നിരുത്തരവാദപരവും അച്ചടക്കരഹിതമായതുമായ ഔദ്യോഗിക കൃത്യം വരുത്തിയതിനും ചട്ടപ്രകാരം പെൻഷണറുടെ മാതാവിന് ലഭിക്കേണ്ടിയിരുന്ന കുടുംബ പെൻഷൻ നിർദാക്ഷിണ്യം നിരസിക്കുന്നതിന് തുല്യമായ കാലതാമസം വരുത്തിയതിനും തുല്യഉത്തരവാദികളായ ഖണ്ഡിക 13 (പട്ടികയിൽ) സൂചിപ്പിക്കുന്ന നിലവിൽ സർവീസിലുള്ള എല്ലാ ഉദ്യോഗസ്ഥർക്കെതിരെയും 6 മാസത്തേക്ക് ഇൻക്രിമെന്റ് ബാർ ചെയ്യുന്നതുൾപ്പെടെയുള്ളതായ ഉചിതമായ മേജർ പണിഷ്മെന്റ് 1960-ലെ കേരള സിവിൽ സർവീസ് (അച്ചടക്കവും, നിയന്ത്രണവും, തരംതിരിക്കലും) ചട്ടം-11 (iii) പ്രകാരം മാതൃകാപരമായി കൈക്കൊള്ളുന്നതിന് ആവശ്യമായ നടപടികൾ (ഉത്തരവ്) കൈക്കൊള്ളുന്ന കാര്യം സർക്കാരിന് പരിഗണിക്കാവുന്നതാണ്.

2) ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പെൻഷൻ പറ്റിയ/പെൻഷൻ വാങ്ങുന്ന/ജീവിച്ചിരിപ്പുള്ള എല്ലാ ഉദ്യോഗസ്ഥർക്കെതിരെയും കുറ്റത്തിന്റെ ഗൌരവം കണക്കിലെടുത്ത് 1960-ലെ കേരള സിവിൽ സർവീസ് (അച്ചടക്കവും നിയന്ത്രണവും തരംതിരിക്കലും) ചട്ടം-11 (ix) പ്രകാരം അവരവരുടെ പെൻഷനിൽ നിന്നും ഒരു വർഷത്തേയ്ക്ക് മാസം 500 രൂപ എന്ന നിരക്കിൽ കുറവ് ചെയ്യുന്ന ശിക്ഷ നൽകി ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

3) കാർഷിക വികസന കർഷകക്ഷേമ വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗത്തിലെ യു.ഡി.സി. മുതൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് വരെയുള്ള ജീവനക്കാരെ കാര്യപ്രാപ്തിയുടെയും മികവിന്റെയും അടിസ്ഥാനത്തിൽ മാത്രം ഉത്തരവാദപ്പെട്ട തസ്തികകളിൽ കൃത്യമായ മേൽ നോട്ടത്തോടെ നിയമിക്കുന്ന കാര്യം ഇനിമുതൽ പരിഗണിക്കാവുന്നതാണ്.

4) കാർഷികവികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറേറ്റ്, പ്രിൻസിപ്പൽ കൃഷി ഓഫീസുകൾ എന്നിവിടങ്ങളിലെ സർവീസിതര കാര്യങ്ങൾ ചെയ്യുന്ന സെക്ഷനുകളിലെ സൂപ്പർവൈസറി തസ്തികകളിലുള്ള എല്ലാ ഉദ്യോഗസ്ഥർക്കും ശക്തമായ ഭരണക്രമപ്രവർത്തനത്തിന്റെ ഭാഗമായി ഔദ്യോഗിക പ്രൊഫഷണലിസം കൈവരിക്കുന്നതിന് ആവശ്യമായ Inservice course/training/motivational class എന്നിവ ഇടപെട്ട് സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

**ബി. അശോകൻ**
**വിജിലൻസ് ഓഫീസർ (ധനകാര്യം)**

**VIGILANCE OFFICER (Fin) & Secretary**
**Special Vigilance Cell**
**Directorate of Agriculture Development &**
**Farmer's Welfare Department**
**Thiruvananthapuram - 33**

നം. എസ്.വി.സി (4) 1319/2023

E-Mail:specialvigilancecell@gmail.com
കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
സ്പെഷ്യൽ വിജിലൻസ് സെൽ
തിരുവനന്തപുരം, തീയതി. 13/02/2023

ഡയറക്ടർ

ഗവൺമെന്റ് സെക്രട്ടറി
കൃഷി (ഇഎ) വകുപ്പ്
ഗവൺമെന്റ് സെക്രട്ടറിയേറ്റ്
തിരുവനന്തപുരം

സർ,

വിഷയം - കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - സ്പെഷ്യൽ വിജിലൻസ് സെൽ - തൃശ്ശൂർ ജില്ലയിൽ കാഷ്വൽ തൊഴിലാളിയായ ശ്രീമതി. ലിൻഡയുടെ സ്ഥലംമാറ്റ ഉത്തരവിനെതിരെ ബഹു. കൃഷി വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച പരാതിയിന്മേലുള്ള അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന - ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ കാര്യാലയത്തിൽ നിന്നും ലഭ്യമായ 13/01/2023 തീയതി ഉത്തരവോട്ടു കൂടിയ പരാതി

*******

മേൽ സൂചനയിലേയ്ക്ക് സർക്കാരിന്റെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു. തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുട കോക്കനട്ട് നഴ്സറിയിൽ കാഷ്വൽ തൊഴിലാളിയായ ശ്രീമതി. ലിൻഡ, തന്റെ ചട്ടവിരുദ്ധമായ സ്ഥലംമാറ്റ ഉത്തരവിനെതിരെ ബഹു. കൃഷി വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച പരാതി സ്പെഷ്യൽ വിജിലൻസ് സെൽ അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ബഹു. കൃഷി വകുപ്പ് മന്ത്രി ഉത്തരവിട്ടിരുന്നു. ആയത് സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് ചുവടെ രേഖപ്പെടുത്തി സമർപ്പിക്കുന്നു.

തൃശ്ശൂർ പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസ് പരിധിയിലുള്ള കോടശ്ശേരി സംസ്ഥാന വിത്തുല്പാദനകേന്ദ്രത്തിലെ കാഷ്വൽ തൊഴിലാളിയായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി. ലിൻഡ വിജയനെ ജില്ലയിലെ തന്നെ നടവരമ്പ് സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തിലെ നിലവിലെ ഒഴിവിലേക്ക് സ്ഥലംമാറ്റത്തിന് കൊടുത്ത അപേക്ഷ ചട്ടവും സീനിയോരിറ്റിയും അട്ടിമറിച്ച് ഇരിങ്ങാലക്കുട കോക്കനട്ട് നഴ്സറിയിലേക്ക് അനർഹമായി സ്ഥലംമാറ്റിയെന്നും ആയത് നിമിത്തം തനിക്ക് EPF ഉൾപ്പെടെയുള്ള അർഹമായ ആനുകൂല്യങ്ങൾ നഷ്ടമായെന്നും പറഞ്ഞ് അപേക്ഷക കൊടുത്ത നിവേദനത്തിന്റെ അടിസ്ഥാനത്തിലുള്ള ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 31/01/2023 തീയതിയിൽ ഈ വിഷയം സംബന്ധിച്ച് അന്വേഷണം നടത്തുകയുണ്ടായി.



Generated from eOffice by DIPU D, SVC(4)- AGRIDIR, SVC(4) AGRIDIR, ADFW on 09/08/2023 02:23 PM

**അന്വേഷണത്തിൽ പങ്കെടുത്ത ഉദ്യോഗസ്ഥർ**

1) ശ്രീ. പ്രദീപ് കുമാർ. പി., സീനിയർ സൂപ്രണ്ട്

2) ശ്രീ. ജിപിമോൻ. ജെ.എസ്., സീനിയർ ക്ലർക്ക്

3) ശ്രീ. ബി. അശോകൻ, വിജിലൻസ് ഓഫീസർ - മേൽനോട്ടം വഹിച്ചത്

**കണ്ടെത്തലുകൾ**

പ്രസ്തുത സ്ഥലംമാറ്റ വിഷയം സംബന്ധിച്ച് അന്വേഷണത്തിന്റെ ഭാഗമായി ബന്ധപ്പെട്ട തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസിലെത്തി ആവശ്യമായ ഫയലുകളും മറ്റ് ലഭ്യമായ രേഖകളും പരിശോധിച്ച് പരാതി വിഷയത്തിലുള്ള നിജസ്ഥിതി പരിശോധിക്കുകയുണ്ടായി.

അന്വേഷണത്തിൽ പരാതിക്കാരിയായ ശ്രീമതി. ലിൻഡ വിജയൻ പറയുന്ന ആരോപണങ്ങൾ ശരിയാണെന്നും ചട്ടവിരുദ്ധമായും ക്രമവിരുദ്ധമായും ഓഫീസ് നടപടിക്രമങ്ങൾ ബോധപൂർവം ചെയ്യതുമൂലമാണ് ഇത്തരത്തിൽ സംഭവിച്ചിട്ടുള്ളതെന്നും കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. വിശദാംശങ്ങൾ താഴെ പറയുന്നു.

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിലും അനുബന്ധ സീനിയോരിറ്റി ലിസ്റ്റ് പരിശോധിച്ചതിലും ശ്രീമതി. ലിൻഡ വിജയന്റെ സീനിയോരിറ്റി പത്തും (18) ശ്രീമതി. ലിൻഡയെ മറികടന്ന് സ്ഥലംമാറ്റം നൽകിയതായി കാണപ്പെടുന്ന ശ്രീമതി. സുലോചന സി.സി.യുടെ സീനിയോരിറ്റി പതിമൂന്നും (13) ആണെന്ന് കാണാവുന്നതാണ്.

ശ്രീമതി. ലിൻഡയും, ശ്രീമതി. സുലോചനയും 16/05/2019 തീയതി രേഖപ്പെടുത്തി നടവരമ്പ് ഫാമിലേക്ക് സ്ഥലംമാറ്റ അപേക്ഷ നൽകിയിട്ടുണ്ട്. 09/07/2019-ൽ തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർ പുറപ്പെടുവിച്ച കരട് ഉത്തരവിൽ ഇ(1) 5169/19(1) ശ്രീമതി. പ്രമീള അശോകൻ, ശ്രീമതി. സുനിത. കെ. വി (ഇരുവരും കോടശ്ശേരി ഫാം തൊഴിലാളികൾ) എന്നിവരെയാണ് ഇരിഞ്ഞാലക്കുട കോക്കനട്ട് നഴ്സറിയിലേക്ക് സ്ഥലംമാറ്റിയിരിക്കുന്നത്. എന്നാൽ പ്രസ്തുത ഉത്തരവിന്റെ ഫെയർ കോപ്പിയിൽ ശ്രീമതി. ലിൻസി ജയിംസ്, ശ്രീമതി. ലിൻഡ എന്നിവരെയാണ് സ്ഥലം മാറ്റിയതായി രേഖപ്പെടുത്തിയിട്ടുള്ളത്. കരട് ഉത്തരവ് പ്രിൻസിപ്പൽ കൃഷി ഓഫീസർ അംഗീകരിച്ചശേഷം ശ്രീമതി. പ്രമീള അശോകൻ, ശ്രീമതി. സുനിത. കെ. വി എന്നിവരുടെ പേരുകൾ പേന ഉപയോഗിച്ച് വെട്ടിമാറ്റുകയും പകരം ലിൻസി ജയിംസ്, ലിൻഡ എന്നിവരുടെ പേരുകൾ എഴുതി ചേർക്കുകയുമായിരുന്നു. ഇത് അതീവ ഗൌരവമേറിയ ക്രമക്കേടാണ്. മേൽ പറഞ്ഞിട്ടുള്ള ഉത്തരവ് Attest ചെയ്യിരിക്കുന്നത് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ ചാർജ്ജ് വഹിച്ചിരുന്ന അക്കൌണ്ട്സ് ഓഫീസർ ശ്രീ. എം. എ. മനോഹരൻ എന്ന് കാണുന്നു. [Administrative Assistant 30/06/2019-ൽ വിരമിച്ചു.]

ഇതിൽ സംഭവിച്ചിരിക്കുന്ന തെറ്റ് സാധാരണ സർക്കാർ ആഫീസുകളിൽ ഇക്കാര്യങ്ങളിൽ കുറ്റമറ്റ തരങ്ങളിൽ ഏർപ്പെടുത്തപ്പെട്ടിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കാത്തതാണ്. ട്രാൻസ്ഫർ ലിസ്റ്റിന്റെ കരട് മേലധികാരി ചട്ടപ്രകാരം (സീനിയോരിറ്റിയും മറ്റും) അംഗീകരിച്ച് പുറപ്പെടുവിക്കാൻ കൊടുക്കുന്ന ലിസ്റ്റ് അതേപടി യാതൊരു മാറ്റവും വരുത്താതെ പുറപ്പെടുവിക്കുന്നതാണ് നിലവിലെ രീതി. ശ്രീമതി. ലിൻഡ വിജയന്റെ കാര്യത്തിൽ മേലധികാരിയായ പ്രിൻസിപ്പൽ കൃഷി ഓഫീസർ താഴെ അംഗീകരിച്ച കാഷ്വൽ തൊഴിലാളികളുടെ സ്ഥലംമാറ്റ കരട് ലിസ്റ്റ് സെക്ഷനിലെ ക്ലാർക്ക് സൌകര്യപ്രദമായും സ്വന്തം ഇഷ്ടവും സ്ഥാപിത താല്പര്യവും



Generated from eOffice by DIPU D, SVC(4)- AGRIDIR, SVC(4) AGRIDIR, ADFW on 09/08/2023 02:23 PM

നോക്കി ശ്രീമതി. സുലോചനയുടെ പേര് ലിൻഡയ്ക്ക് പകരം ചട്ടവിരുദ്ധമായി എഴുതിചേർത്തിരിക്കുന്നതായി കാണാൻ കഴിഞ്ഞു. ഈ തെറ്റായ കൃത്യം ചെയ്തിരിക്കുന്നത് ശ്രീ. ശശിധരൻ എന്ന ക്ലാർക്കാണെന്നും രേഖയിൽ നിന്നും മനസിലാക്കാവുന്നതാണ്. ടി ജീവനക്കാരൻ ഇപ്പോൾ പെൻഷൻ പറ്റിയിട്ടുള്ള ജീവനക്കാരനാണ്. 2019-ൽ നടന്ന ഈ ക്രമവിരുദ്ധ സ്ഥലംമാറ്റഉത്തരവിനെ സംബന്ധിച്ച് നേരത്തേതന്നെ പരാതികളും അന്വേഷണങ്ങളും ഉണ്ടായിട്ടുണ്ട് എന്നതും സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. മുകളിൽ പറയുന്ന കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ശ്രീമതി. ലിൻഡ വിജയന്റെ പരാതി സത്യമാണെന്ന് കാണുന്നു.

**ശുപാർശ -**

സീനിയോരിറ്റിയിൽ സീനിയറായ ശ്രീമതി. ലിൻഡ. കെ. കെ.യ്ക്ക് അവർ ആവശ്യപ്പെട്ട നടവരമ്പ് ഫാമിലേക്ക് സ്ഥലംമാറ്റം നൽകാവുന്നതും മുൻകാല പ്രാബല്യം നൽകി സ്ഥിരപ്പെടുത്തി എല്ലാ ആനുകൂല്യങ്ങളും നൽകാവുന്നതും പ്രിൻസിപ്പൽ കൃഷി ഓഫീസർ അംഗീകരിച്ച കരട് ഉത്തരവിൽ തിരുത്തൽ വരുത്തി വ്യാജരേഖ ചമച്ച ക്ലാർക്ക് ശ്രീ. ശശിധരനെതിരെ നടപടി സ്വീകരിക്കാവുന്നതുമാണ്.

വിശ്വസ്തതയോടെ

**വിജിലൻസ് ഓഫീസർ (ധനകാര്യം)**
**കാർഷിക വികസന കർഷക ക്ഷേമവകുപ്പ്**
**ഡയറക്ടർക്കു വേണ്ടി**

VIGILANCE OFFICER (Fin) & Secretary
Special Vigilance Cell
Directorate of Agriculture Development & Farmer's Welfare Department
Thiruvananthapuram - 33

*ഉള്ളടക്കം* -

*ശ്രീമതി. ലിൻഡ ബഹു. കൃഷി വകുപ്പ് മന്ത്രി സമക്ഷം സമർപ്പിച്ച പരാതിയും അനുബന്ധ രേഖകളും*

Ars/

നമ്പർ ADFWD/3971/2022 SVC (6)

**തിരുവനന്തപുരം സ്റ്റേറ്റ് അഗ്രികൾച്ചറൽ പ്രൈസസ് ബോർഡിലെ ക്ലാർക്ക് സാമ്പത്തിക തിരിമറി നടത്തിയതായി കണ്ടെത്തിയതിനെ തുടർന്ന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ നിയോഗിച്ച അന്വേഷണം സംഘം നടത്തിയ പരിശോധനാ റിപ്പോർട്ട്.**

**ആമുഖം**

സ്റ്റേറ്റ് അഗ്രികൾച്ചറൽ പ്രൈസസ് ബോർഡിലെ 2021-22 ലെ ട്രഷറി അക്കൗണ്ട് പരിശോധിച്ചപ്പോൾ ട്രഷറി അക്കൗണ്ട്സ് കൈകാര്യം ചെയ്തിരുന്ന ക്ലാർക്ക് ശ്രീ വിപിൻ തങ്കപ്പൻ (പെൻ 725960) ഏകദേശം 18 ലക്ഷം രൂപയുടെ തിരിമറി നടത്തിയതായി പ്രത്യക്ഷത്തിൽ ബോധ്യപ്പെട്ടതിനാൽ വിശദമായ അന്വേഷണം നടത്തുന്നതിനും ശ്രീ വിപിൻ തങ്കപ്പനെ അന്വേഷണ വിധേയമായി ടി സ്ഥാനത്തു നിന്ന് പുറത്തു നിർത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സ്റ്റേറ്റ് അഗ്രികൾച്ചറൽ പ്രൈസസ് ബോർഡ് സെക്രട്ടറി 18.04.2022 ന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറോട് അഭ്യർത്ഥിച്ചിരുന്നു.

സ്റ്റേറ്റ് അഗ്രികൾച്ചറൽ പ്രൈസസ് ബോർഡ് സെക്രട്ടറിയുടെ അഭ്യർത്ഥന പ്രകാരം ക്ലാർക്കായിരുന്ന ശ്രീ വിപിൻ തങ്കപ്പനെ 18.04.2022 ലെ എ.ഡി.എഫ്.ഡബ്ല്യു 3496/2022 എസ്.എ നമ്പർ ഉത്തരവിലൂടെ ഉടനടി അന്വേഷണ വിധേയമായി വേലവിലക്കുകയും ഇക്കാര്യത്തിൽ അടിയന്തിര അന്വേഷണം നടത്തുന്നതിന് വിജിലൻസ് ഓഫീസർ (ധനകാര്യം), സീനിയർ ഫിനാൻസ് ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ, ജൂനിയർ സൂപ്രണ്ട് സ്പെഷ്യൽ വിജിലൻസ് സെൽ എന്നിവരെ ഉൾപ്പെടുത്തി അന്വേഷണ സംഘം രൂപീകരിച്ചും ഉത്തരവായിട്ടുള്ളതാണ്. അന്വേഷണ സംഘം ഉൾപ്പെട്ട ജീവനക്കാർ 19.04.2022 മുതൽ തിരുവനന്തപുരം സ്റ്റേറ്റ് അഗ്രികൾച്ചറൽ പ്രൈസസ് ബോർഡ് ഓഫീസ് സന്ദർശിച്ചിരുന്നു.

**അന്വേഷണവും കണ്ടെത്തലുകളും**

**1. സ്റ്റേറ്റ് അഗ്രികൾച്ചറൽ പ്രൈസസ് ബോർഡിന്റെ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും**

സംസ്ഥാനത്തെ കാർഷിക വിളകളുടെ കൃഷി പരിപാലന ചെലവ് അടിസ്ഥാനമാക്കി മിനിമം സപ്പോർട്ട് പ്രൈസ്, അടിസ്ഥാന വിലനിർണ്ണയം നടത്തുക എന്നതിനാണ് പ്രധാനമായും സ്റ്റേറ്റ് അഗ്രികൾച്ചറൽ പ്രൈസസ് ബോർഡ് രൂപീകൃതമായിട്ടുള്ളത്.

**2. നിലവിലെ തസ്തികകളും ഉദ്യോഗസ്ഥരുടെ പേരു വിവരങ്ങളും**

| | |
|---|---|
| 1. ചെയർമാൻ | - ഡോ. പി.രാജശേഖരൻ |
| 2. സെക്രട്ടറി (കൃഷി ജോയിന്റ് ഡയറക്ടർ) | - ശ്രീമതി ശ്രീകല എസ് |
| 3. സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് | - ശ്രീമതി ഷീജ കെ എസ് |
| 4. സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് | - ശ്രീ മുരുകേശൻ ആശാരി |
| 5. സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് | - ശ്രീ ഷിജിത് കുമാർ വി |
| 6. ക്ലർക്ക് | - ശ്രീ വിപിൻ തങ്കപ്പൻ (വേലവിലക്കിൽ) |
| 7. ടൈപ്പിസ്റ്റ് | - ശ്രീമതി ദീപാ പി എസ് |
| 8. ഓഫീസ് അറ്റൻഡന്റ് | - ശ്രീ സുനിൽകുമാർ എൻ |
| 9. ഓഫീസ് അറ്റൻഡന്റ് | - ശ്രീ പ്രശാന്ത് കെ പി |
| 10. ഡ്രൈവർ | - ഒഴിഞ്ഞു കിടക്കുന്നു |

**3. ഓഫീസ് പ്രവർത്തനത്തിനുള്ള സാമ്പത്തിക സ്രോതസും ഫണ്ട് ഉപയോഗങ്ങളും**

ഈ സ്ഥാപനം "ബോർഡ്" എന്ന തലത്തിൽ ആയതിനാൽ ഇവിടുത്തെ ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും "SPARK" എന്ന സിസ്റ്റം വഴി അല്ല നൽകുന്നത്. കൂടാതെ കണ്ടിജന്റ് ചെലവുകൾ കണ്ടെത്തുന്നതിനുള്ള ബില്ലുകൾ തയ്യാറാക്കുന്നതിന് "BiMS" (Bill Information and Management System) എന്ന് സംവിധാനമോ ഈ ഓഫീസിന് അനുവദിച്ചിട്ടില്ല. ജീവനക്കാരുടെ ശമ്പളം, മറ്റ് ആനുകൂല്യങ്ങൾ എന്നിവ നൽകുന്നതിനും ഓഫീസ് പ്രവർത്തന ചെലവുകൾക്കും ആവശ്യമായ തുക കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും ഓരോ വർഷവും സ്റ്റേറ്റ് പ്രൈസസ് ബോർഡിന് തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ അനുവദിച്ചിട്ടുള്ള Treasury Public Account (TPA) / Plan Scheme Treasury



Generated from eOffice by JIPIMON J S, SVC (6) AGRIDIR, SVC(6) AGRIDIR, ADFW on 09/08/2023 02:37 PM

Savings Bank Account (PSTSB) ലേക്ക് നൽകുന്നു. ആയതിനാൽ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് "സ്പാർക്ക്" സിസ്റ്റത്തിൽ നിന്നും ഡൗൺലോഡ് ചെയ്ത Form TR 51 ഉം മറ്റ് കണ്ടിജന്റ് ചെലവുകളുടേതിന് TR 59(E) ഉം അനുബന്ധമായ ബില്ലുകളോ വൗച്ചറുകളോ ട്രഷറിയിൽ ഹാജരാക്കേണ്ടതായും വരുന്നില്ല. പകരം WAMS (Ways and Means System) എന്ന സിസ്റ്റം വഴി generate ചെയ്യുന്ന proceedings ഉം ചെക്കും ട്രഷറിയിൽ സമർപ്പിച്ച് TSB അക്കൗണ്ടിൽ നിന്ന് തുക പിൻവലിക്കുന്ന രീതിയാണ് നിലവിലുള്ളത്.

തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ നിന്നുള്ള വിവരങ്ങളനുസരിച്ച് സ്റ്റേറ്റ് പ്രൈസസ് ബോർഡിന് ചുവടെ സൂചിപ്പിക്കുന്ന അക്കൗണ്ടുകളാണ് ഉള്ളത്.

| അക്കൗണ്ടിന്റെ പേര് | അക്കൗണ്ട് നമ്പർ | റിമാർക്സ് |
|---|---|---|
| TPA | 70101020000 3610 | 27.05.2020 ന് ശേഷം ഇടപാടുകളില്ല |
| PSTSB | 799012700001294 | 31.07.2018 മുതൽ ആരംഭിച്ചു |
| SDTSB | 799012900001527 | കോവിഡ് 19 - ജീവനക്കാരിൽ നിന്നും ശമ്പള റിക്കവറി നടത്തുന്നതിന് |

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ TPA/PSTSB അക്കൗണ്ടുകളിലേക്ക് നൽകിയിട്ടുള്ള ഫണ്ടുകളുടെ വിവരം.

| വർഷം | നൽകിയ തുക (രൂപ) | | പലിശ (രൂപ) | ആകെ (രൂപ) | റിമാർക്സ് |
|---|---|---|---|---|---|
| | TPA | PSTSB | | | |
| 2017-18 | 6,600,000 | | | 6,600,000 | |
| 2018-19 | 7,500,000 | 5,000,000 | | 12,500,000 | |
| 2019-20 | 0 | 8,000,000 | 142,913 | 8,142,913 | പലിശ TP അക്കൗണ്ടിന് ലഭിച്ചത് |
| 2020-21 | | 8,000,000 | | 8,000,000 | |
| 2021-22 | | 8,000,000 | | 8,000,000 | |

**4. ക്ലാർക്ക് ശ്രീ വിപിൻ തങ്കപ്പൻ സാമ്പത്തിക ക്രമക്കേട് നടത്തുന്നതിനുള്ള സാഹചര്യങ്ങൾ**

**4.1** ശ്രീ വിപിൻ തങ്കപ്പൻ 02.12.2019 തീയതി മുതലാണ് സ്റ്റേറ്റ് അഗ്രികൾച്ചറൽ പ്രൈസസ് ബോർഡിലെ ജോലിയിൽ പ്രവേശിച്ചിട്ടുള്ളത്.

**4.2** പുതുതായി ജോയിൻ ചെയ്ത ക്ലാർക്ക് കൈകാര്യം ചെയ്യേണ്ട വിഷയങ്ങൾ , സൂക്ഷിക്കേണ്ട രേഖകൾ, രജിസ്റ്ററുകൾ എന്തൊക്കെയാണെന്ന ഓഫീസ് ഓർഡർ നൽകിയിട്ടില്ല.

**4.3** മുൻ ക്ലാർക്ക് ശ്രീ രാഹുൽ രാജ് കൈകാര്യം ചെയ്തിരുന്ന ഫയലുകൾ , രജിസ്റ്ററുകൾ തുടങ്ങിയവ ശ്രീ വിപിൻ തങ്കപ്പന് കൈമാറിയിട്ടില്ലാത്തതിനാൽ ശ്രീ വിപിൻ തങ്കപ്പൻ സ്വമേധയാ ചാർജെടുക്കണമെന്ന 31.12.2019 ലെ ഓഫീസ് ഓർഡർ ശ്രീ വിപിൻ തങ്കപ്പൻ പാലിച്ചിട്ടുണ്ടോ എന്ന് മേലധികാരി ഉറപ്പ് വരുത്തിയിട്ടില്ല.

**4.4** ഓഫീസിലെ എസ്റ്റാബ്ലിഷ് മെന്റ്, ട്രഷറി അക്കൗണ്ട്സ്, ക്യാഷ് ബുക്ക് തുടങ്ങിയവയാണ് ടിയാൻ കൈകാര്യം ചെയ്തിരുന്നത്. ആയതിൽ ജീവനക്കാരുടെ ശമ്പളം അലവൻസുകൾ നൽകുക, SLI GIS GPF LIC തുടങ്ങിയ തിരിച്ചടവുകൾ എന്നിവയും ഓഫീസ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ചെയർമാൻ, സെക്രട്ടറി എന്നിവർ നൽകുന്ന ബില്ലുകളുടെയോ വൗച്ചറുകളുടെയോ അല്ലെങ്കിൽ ഓഫീസ് ആവശ്യത്തിൽപ്പെടുന്ന മറ്റ് ചെലവുകളുടെയോ അടിസ്ഥാനത്തിലുള്ള ബില്ലുകൾ തയ്യാറാക്കി അവ ബന്ധപ്പെട്ട രജിസ്റ്ററുകളിൽ ചേർത്ത് ഓഫീസ് മേലധികാരിയുടെ അനുമതി വാങ്ങി ചെക്ക് എഴുതുന്നതിനുള്ള നടപടികൾ സ്വീകരിക്കുക , ഓരോ ദിവസത്തെയും വരവ് ചെലവുകൾ പരിശോധിച്ച് ക്യാഷ് ബുക്ക് തയ്യാറാക്കി ഓഫീസ് മേലധികാരിക്ക് സമർ

പ്പിക്കുക തുടങ്ങിയവയാണ്.

**4.5** ഓഫീസ് മേലധികാരിയായ സെക്രട്ടറിയുടെ മുന്നിൽ പേമെന്റിനായി ഒരു ബില്ല് ലഭിച്ചുകഴിഞ്ഞാൽ സൂക്ഷ്മപരിശോധന നടത്തി ആയതിന്റെ വിശ്വാസ്യത ഉറപ്പ് വരുത്തി ബില്ലുകൾ/വൗച്ചറുകളിൽ തുക പാസാക്കുകയും WAMS എന്ന സിസ്റ്റത്തിലൂടെ Proceedings തയ്യാറാക്കുന്നതിന് ഇവ ക്ലർക്കിനെ തിരികെ ഏൽപ്പിക്കുകയും ചെയ്യുന്നു . ക്ലാർക്ക് തനിക്ക് അനുവദിച്ചിട്ടുള്ള WAMS User code, Password എന്നിവ ഉപയോഗിച്ച് proceedings തയ്യാറാക്കി ഓഫീസ് മേലധികാരിയുടെ അംഗീകാരത്തിനായി സമർപ്പിക്കണം . ഓഫീസ് മേലധികാരി തങ്ങളുടെ user code, Password എന്നിവ ഉപയോഗിച്ച് ടി ബില്ല് WAMS എന്ന സിസ്റ്റം വഴി അംഗീകാരം നൽകുന്നു. ആയതിന് മുൻപായി തന്റെ മുന്നിൽ സമർപ്പിക്കപ്പെട്ട ബില്ലുകളുടെ ഹാർഡ് കോപ്പി പരിശോധിക്കേണ്ടതും ബന്ധപ്പെട്ട രജിസ്റ്ററുകളിൽ വേണ്ട രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തിയതിന് ശേഷമാണ് ട്രഷറിയിലേക്ക് ഓൺലൈനായി സമർപ്പിക്കേണ്ട proccedings ന് അനുമതി നൽകുന്നതും ചെക്ക് ബുക്കിന്റെ കൗണ്ടർ ഫോയിൽ ഉൾപ്പെടെ പരിശോധിച്ച് ചെക്കിൽ കൈയ്യൊപ്പ് രേഖപ്പെടുത്തുന്നത്.

**4.6**

- പ്രൈസസ് ബോർഡിലെ മേലധികാരികളായ സെക്രട്ടറിമാർ തങ്ങൾക്ക് മാത്രമായി അനുവദിച്ചിട്ടുള്ള WAMS User Code, Password എന്നിവ രഹസ്യമായി സൂക്ഷിച്ചിരുന്നില്ല.
- ഓഫീസർക്ക് അനുവദിച്ചിട്ടുള്ള യൂസർകോഡ് പാസ് വേർഡ് എന്നിവ ക്ലർക്കായ ശ്രീ വിപിൻ തങ്കപ്പൻ തന്നെയാണ് ഉപയോഗിച്ചിരുന്നതെന്ന് ചുമതല ഉണ്ടായിരുന്ന സെക്രട്ടറിമാർ അഭിപ്രായപ്പെടുന്നു.
- പേമെന്റിനായി ഒരു ബില്ല് ലഭിച്ചുകഴിഞ്ഞാൽ ആയത് സൂക്ഷ്മപരിശോധന നടത്തുകയോ ആയതിന്റെ വിശ്വാസ്യത ഉറപ്പ് വരുത്തുകയോ ചെയ്യാതെയാണ് ചെക്കിലും WAMS Proccedings ലും കൈയ്യൊപ്പ് വച്ച് നൽകിയിട്ടുള്ളത്.
- ചെക്കുകളുടെ കൗണ്ടർ ഫോയിലുകളും ഓഫീസ് മേലധികാരി പരിശോധിച്ചിരുന്നില്ല . കൂടാതെ ട്രഷറി അക്കൗണ്ട് സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ച് വരവ് ചെലവ് ബാലൻസ് വിവരങ്ങൾ പരിശോധിക്കുകയോ , ചെയ്യാതെയാണ് ക്യാഷ് ബുക്ക് ഒപ്പിട്ട് നൽകിയിട്ടുള്ളത്.

**4.7** ഓഫീസ് മേലധികാരിയായ സെക്രട്ടറിമാർ ദൈനംദിന വരവുകളും ചെലവുകളും ട്രഷറി അക്കൗണ്ട് സ്റ്റേറ്റ്മെന്റുകളും പരിശോധിക്കാതെയാണ് ക്യാഷ് ബുക്ക് ഒപ്പിട്ട് നൽകുന്നത്. ബില്ലുകൾ പരിശോധിക്കാതെയും ചെക്ക് ബുക്കിന്റെ കൗണ്ടർ ഫോയിലുകൾ പോലും പരിശോധിക്കാതെ കൗണ്ടർ ഫോയിലിൽ നിന്നും വിച്ഛേദിക്കപ്പെട്ട ചെക്ക് ലീഫുകൾ ചെലവുകളുടെ വിശ്വാസ്യത പോലും ഉറപ്പുവരുത്താതെ കൈയ്യൊപ്പ് വച്ച് നൽകുന്നതിനാലാണ് ക്ലാർക്ക് ശ്രീ വിപിൻ തങ്കപ്പൻ സാമ്പത്തിക ക്രമക്കേട് നടത്തുന്നതിന് സാഹചര്യം ഉണ്ടായിട്ടുള്ളത്.

**4.8** വകുപ്പുതല കണക്ക പരിശോധനകളോ , അക്കൗണ്ടന്റ് ജനറലോ മറ്റ് സർക്കാർ പരിശോധനാ വിഭാഗങ്ങളോ പരിശോധനകൾ നടത്താതിരുന്നതും സാമ്പത്തിക ക്രമക്കേട് നടത്തുന്നതിന് കാരണമായിട്ടുണ്ട്.

## 5. തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ നിന്നും ലഭിച്ച അക്കൗണ്ട് സ്റ്റേറ്റ്മെന്റുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരങ്ങൾ.

**5.1** ക്ലർക്ക് ശ്രീ വിപിൻ തങ്കപ്പൻ ജോയിൻ ചെയ്ത കാലയളവിൽ TP അക്കൗണ്ടും PSTSB അക്കൗണ്ടും നിലവിലുണ്ട്. ഈ രണ്ട് അക്കൗണ്ടുകളിൽ നിന്നും ഒരേ സമയം പണം പിൻ വലിച്ചിട്ടുണ്ട്. എന്നാൽ ഇവയുടെ ചെലവ് രേഖകൾ ഒന്നും തന്നെ കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല.

**5.2** PSTSB No 799012700001294- ട്രഷറി അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ചുവടെ സൂചിപ്പിക്കുന്ന ചെലവുകൾ ക്യാഷ് ബുക്കിലോ ചെക്ക് ഇഷ്യൂ രജിസ്റ്ററിലോ ചേർത്തിട്ടില്ല . എന്നാൽ ട്രഷറി സ്റ്റേറ്റ്മെന്റുകൾ പ്രകാരം ഈ തുകകൾ TSB അക്കൗണ്ടുകളിലേക്കോ അല്ലെങ്കിൽ ബാങ്ക് അക്കൗണ്ടുകളിലേക്കോ നൽകിയിട്ടുള്ളതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്



Generated from eOffice by JIPIMON J S, SVC (6) AGRIDIR, SVC(6) AGRIDIR, ADFW on 09/08/2023 02:37 PM

എന്നാൽ WAMS പ്രോഗ്രാം പരിശോധിച്ചതിൽ ശമ്പളം ഒഴികെയുള്ള മിക്ക ചെലവുകളും ട്രഷറിയിൽ നിന്ന് പണമായിട്ടാണ് പിൻവലിച്ചിട്ടുള്ളത്.

| ചെക്ക് നമ്പർ | ചെക്ക് പാസാക്കിയ തീയതി | തുക (രൂപ) | SBTRANSPAY BANKPAY | ചുമതല വഹിച്ച സെക്രട്ടറി |
|---|---|---|---|---|
| 5803034 | 23.11.2020 | 193000 | BANKPAY | മായാദേവി കഞ്ഞമ്മ |
| 5803041 | 30.12.2020 | 615345 | BANKPAY | ഗേരി തോമസ് |
| 5803065 | 16.03.2021 | 38400 | BANKPAY | മായാദേവി കഞ്ഞമ്മ |
| 5803076 | 26.04.2021 | 14000 | BANKPAY | |
| 5803082 | 31.05.2021 | 14500 | BANKPAY | |
| 5803088 | 19.07.2021 | 91500 | BANKPAY | ബീനാ ലക്ഷ്മൺ |
| 5803097 | 25.08.2021 | 54000 | BANKPAY | |
| 6573007 | 22.09.2021 | 537000 | BANKPAY | ശ്രീകല എസ് |
| 6573010 | 22.10.2021 | 143000 | BANKPAY | |
| 6573013 | 29.10.2021 | 97000 | BANKPAY | |
| 6573024 | 19.11.2021 | 63000 | BANKPAY | |
| 6573035 | 25.01.2022 | 4000 | BANKPAY | |
| 6573044 | 03.02.2022 | 36197 | BANKPAY | |
| 6573047 | 16.02..2022 | 35000 | SBTRANSPAY | |
| 6573056 | 04.03.2022 | 20831 | SBTRANSPAY | |
| | **ആകെ** | **1956773** | | |

മുകൾ പട്ടികയിൽ ട്രഷറിയിൽ നിന്നും മാറിയിട്ടുള്ള 5803034, 5803041, 5803065, 5803076 എന്നീ ചെക്കുകളുടെ കൗണ്ടർ ഫോയിലുകളിൽ ക്യാൻസൽ എന്നെഴുതി സൂക്ഷിച്ചിരിക്കുന്നു (അനുബന്ധം 1). എന്നാൽ ഈ ചെക്കുകളിലൂടെ മാത്രം ആകെ 860745/- രൂപ (എട്ടു ലക്ഷത്തി അറുപതിനായിരത്തി എഴുന്നൂറ്റി നാൽപ്പത്തിയഞ്ച് ) മാറിയിട്ടുണ്ട്. കൂടാതെ ചെക്കിന്റെ കൗണ്ടർ ഫോയിലുകളിൽ പിൻവലിക്കുന്ന തുക ഉൾപ്പെടെയുള്ള വിവരങ്ങൾ എഴുതാതെ തന്നെ ചെക്കുകൾ ട്രഷറിയിൽ സമർപ്പിക്കുന്നു. ഉദാഹരണം ചെക്ക് നമ്പർ 5803082, 5803088, 5803097, 6573007, 6573010, 6573013, 6573044, 6573047, 6573056 (അനുബന്ധം 2).

**5.3** ട്രഷറി അക്കൗണ്ട് സ്റ്റേറ്റ്മെന്റുകൾ പ്രകാരം മാറിയ തുകകളല്ല ക്യാഷ് ബുക്കിൽ ചേർത്തിട്ടുള്ളത്.

| ചെക്ക് നമ്പർ | ചെക്ക് പാസാക്കിയ തീയതി | ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയ തുക | SBTRANSPAY/ BANKPAY | ചുമതല വഹിച്ച സെക്രട്ടറി |
|---|---|---|---|---|---|
| 6573030 | 20.12.2021 | 81500 | 4000 | BANKPAY | ബീനാ ലക്ഷ്മൺ |
| 6573031 | 06.12.2021 | 43000 | 500 | BANKPAY | ശ്രീകല എസ് |
| 6573032 | 15.12.2021 | 44454 | 1288 | SBTRANSPAY | ബീനാ ലക്ഷ്മൺ |
| 6573042 | 29.1.2022 | 12800 | 65830 | SBTRANSPAY | ശ്രീകല എസ് |



Generated from eOffice by JIPIMON J S, SVC (6) AGRIDIR, SVC(6) AGRIDIR, ADFW on 09/08/2023 02:37 PM

**5.4 TP Account Number 70101020000361O**

തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ നിന്നും ലഭിച്ച അക്കൗണ്ട് സ്റ്റേറ്റ്മെന്റ് (01.04.2016 മുതൽ) പ്രകാരം 9662/- രൂപ ബാലൻസ് നിൽപ്പുണ്ട്. എന്നാൽ ഓഫീസ് ക്യാഷ് ബുക്കിൽ 6000/- രൂപ കുറച്ച് രേഖപ്പെടുത്തിയാണ് എഴുതി വന്നിട്ടുള്ളത്. **01.04.2019 ന് പലിശയിനത്തിൽ 142913/- രൂപ (ഒരു ലക്ഷത്തി നാൽപ്പത്തി രണ്ടായിരത്തി തൊള്ളായിരത്തി പതിമൂന്ന് രൂപാ) ലഭിച്ചിരുന്നു. ഈ തുകയും ക്യാഷ് ബുക്കിലേക്ക് വരവ് ചെയ്തിരുന്നില്ല. TP അക്കൗണ്ടിന് സർക്കാർ പലിശ നൽകുന്നില്ല. ഈ തുക തെറ്റായി ട്രഷറിയിൽ നിന്ന് ക്രഡിറ്റ് ചെയ്തതാണ്.** ഈ സമയം ക്ലർക്കായി ജോലി ചെയ്തിരുന്ന ശ്രീ രാഹുൽ രാജോ (നിലവിൽ കൃഷി വകുപ്പ് ഡയറക്ടറേറ്റ്) പിന്നീട് വന്ന ക്ലാർക്ക് ശ്രീ വിപിൻ തങ്കപ്പനോ സെക്രട്ടറിമാരോ ഈ വിവരം ട്രഷറിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിരുന്നില്ല. 01.04.2019 മുതലുള്ള കണക്കുകളുടെ ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ലഘു വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 31.03.2019 ന് നീക്കിയിരിപ്പ് | 2595520.00 |
| 01.04.2019 ന് ലഭിച്ച പലിശ | 142913.00 |
| ആകെ | 2738433.00 |
| 01.04.2019 മുതൽ 27.05.2020 വരെ ശമ്പളം മറ്റ് ചെലവുകൾ ഇനത്തിൽ ആകെ പിൻവലിച്ചത് | 2738427.00 |
| ബാലൻസ് | 6.00 |
| 26.03.2022 ന് സർക്കാർ തിരികെ എടുത്തത് | 6.00 |
| ബാലൻസ് | 0.00 |

**5.5**

- 06.02.2020 ൽ 7650/- രൂപയ്ക്ക് എഴുതിയ 5096368 എന്ന നമ്പർ ചെക്കാണ് അവസാനത്തേതായി ചെക്ക് ഇഷ്യൂ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഈ ചെക്ക് ട്രഷറിയിൽ നിന്നും മാറിയതായി ട്രഷറി സ്റ്റേറ്റ്മെന്റിൽ കാണുന്നില്ല.
- 31.03.2019 ന് നീക്കിയിരിപ്പുണ്ടായിരുന്ന 2595520/- രൂപ മാത്രമേ ചെലവഴിക്കുവാൻ അനുമതിയുള്ളൂ. ട്രഷറിയിൽ നിന്നും 01.04.2019 ന് തെറ്റായി ക്രഡിറ്റ് ചെയ്ത 142913 - രൂപ കൂടി ചെലവഴിച്ചിട്ടുണ്ട്. 17.03.2020 വരെയുള്ള ചെലവുകൾ പരിശോധിച്ചതിൽ അനുവദനീയമായ 2595520/- രൂപയിൽ 2588963/- രൂപ ചെലവഴിച്ചിട്ടുള്ളതും ആയതിന് ശേഷം 6557/- രൂപ മാത്രമാണ് നീക്കിബാക്കിയുള്ളത്. എന്നാൽ ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം 23.03.2020 മുതൽ 27.05.2020 വരെ ഉള്ള കാലയളവിൽ 5096370 മുതൽ 5096376 വരെയുള്ള ഏഴ് ചെക്കുകളിലായി ആകെ 149464/- - (ഒരു ലക്ഷത്തി നാൽപ്പത്തി ഒൻപതിനായിരത്തി നാനൂറ്റി അറുപത്തിനാല് രൂപാ) (142913/- + 6551/-) പിൻവലിച്ചു. ഈ ചെക്ക് ബുക്കിന്റെ കൗണ്ടർ ഫോയിലോ ശേഷിച്ച ചെക്കുകളോ ഓഫീസിൽ ലഭ്യമല്ല.

| ചെക്ക് നമ്പർ | ചെക്ക് പാസാക്കിയ തീയതി | തുക (രൂപ) | SBTRANSPAY/ TRYPAY | സെക്രട്ടറി | ക്ലാർക്ക് |
|---|---|---|---|---|---|
| 5096370 | 23.03.2020 | 25000 | TRYPAY | മായാദേവി കുഞ്ഞമ്മ | വിപിൻ തങ്കപ്പൻ |
| 5096371 | 25.03.2020 | 29210 | SBTRANSPAY | | |
| 5096372 | 25.03.2020 | 36197 | TRYPAY | | |
| 5096373 | 13.04.2020 | 36197 | TRYPAY | | |
| 5096374 | 28.04.2020 | 9860 | TRYPAY | | |
| 5096375 | 04.05.2020 | 6000 | TRYPAY | | |
| 5096376 | 27.05.2020 | 7000 | TRYPAY | | |
| | **ആകെ** | **149464** | | | |

5096369 എന്ന ചെക്ക് ഉപയോഗിച്ച് മാറിയെടുത്ത 7100/- രൂപയുടെ വിവരങ്ങളും മേൽ

പട്ടികയിലെ ചെക്കുകളുടെ വിവരങ്ങളും ഓഫീസ് രേഖകളിൽ കാണുന്നില്ല.
**5.6** ക്യാഷ് ബുക്കിലെ രേഖപ്പെടുത്തലുകൾ സാക്ഷ്യപ്പെടുത്തുന്നതിന് മുമ്പ് ട്രഷറി അക്കൗണ്ട് സ്റ്റേറ്റ്മെന്റുകൾ കൂടി പരിശോധിക്കാതിരുന്നതിനാലാണ് റ്റി പി അക്കൗണ്ടിൽ 01.04.2019 ന് പലിശയിനത്തിൽ തെറ്റായി ലഭിച്ച 142913 രൂപ വിനിയോഗിക്കുവാൻ സാഹചര്യം ഉണ്ടായിട്ടുള്ളത്. ആയതിന് 01.04.2019 മുതലുള്ള എല്ലാ ഉദ്യോഗസ്ഥരും കൃത്യനിർവഹണത്തിൽ വീഴ്ച വരുത്തിയിട്ടുണ്ട്.

## 6. ഓഫീസ് ചെലവുകളുടെ രേഖകൾ

**6.1** ക്ലർക്ക് ശ്രീ വിപിൻ തങ്കപ്പൻ 02.12.2019 മുതലും സെക്രട്ടറി ശ്രീമതി എസ് ശ്രീകല 17.09.2021 മുതലുമാണ് ഓഫീസ് ജോലിയിൽ പ്രവേശിച്ചിട്ടുള്ളത്. അന്വേഷണത്തിന്റെ ഭാഗമായി ക്ലർക്ക് ശ്രീ വിപിൻ തങ്കപ്പൻ ജോലിചെയ്തിരുന്ന കാലയളവിൽ നടത്തിയിട്ടുള്ള ചെലവുകളുടെ ബില്ലുകൾ വൗച്ചറുകൾ അടങ്ങിയ രേഖകൾ ആവശ്യപ്പെട്ടിരുന്നു. ഇവ കണ്ടെത്തി നൽകുവാൻ ഓഫീസ് ജീവനക്കാർക്ക് സാധിച്ചിട്ടില്ല (അനുബന്ധം 3). എന്നാൽ സെക്രട്ടറി ശ്രീമതി എസ് ശ്രീകലയുടെ മേശപ്പുറത്ത് നിന്നും കുറച്ച് ക്ലെയിമുകൾ ലഭിച്ചിരുന്നു. ഇവ പരിശോധിച്ചതിൽ ചെലവുകൾ സാധൂകരിക്കുന്ന യാതൊരു രേഖകളും ഉള്ളടക്കം ചെയ്തിരുന്നില്ല. ഇവയൊക്കെ തന്റെ അറിവിലേക്കായി ഫോട്ടോസ്റ്റാറ്റ് എടുത്ത് സൂക്ഷിച്ചിരിക്കുന്നവയാണെന്നാണ് സെക്രട്ടറി ശ്രീമതി എസ് ശ്രീകല വാക്കാൽ അഭിപ്രായപ്പെട്ടത്. എന്നാൽ യഥാർത്ഥ ചെലവ് രേഖകൾ കണ്ടെത്തി നൽകുവാൻ സെക്രട്ടറി ശ്രീമതി ശ്രീകലയ്ക്കും കഴിഞ്ഞിട്ടില്ല.

## 7. ഓഫീസ് രജിസ്റ്ററുകൾ, രേഖകൾ എന്നിവ മുൻപും സൂക്ഷിച്ചിരുന്നില്ല.

**7.1** ഓഫീസ് ചെലവുകളുടെ അടിസ്ഥാനത്തിലുള്ള കണ്ടിജന്റ് ബില്ലുകളോ ശമ്പള ബില്ലുകളോ അതിന്റെ പൂർണ്ണമായ ബില്ലുകളും വൗച്ചറുകളും ചേർത്ത് ട്രഷറിയിൽ സമർപ്പിക്കാതെ തന്നെ TP PSTSB അക്കൗണ്ടുകളിൽ നിന്ന് തുക പിൻവലിക്കാമെന്നതിനാലും വകുപ്പ് തല കണക്ക പരിശോധനകളോ, അക്കൗണ്ടന്റ് ജനറൽ, മറ്റ് പരിശോധനാ വിഭാഗങ്ങളോ ഈ ഓഫീസിൽ കണക്ക പരിശോധനകൾ നടത്താതിരുന്നതിനാലും മുൻ ഓഫീസ് മേലധികാരികളും ക്ലർക്കുമാരും ഓഫീസ് രേഖകൾ തയ്യാറാക്കി സൂക്ഷിക്കുന്നതിലും അക്കൗണ്ടുകൾ പരിശോധിച്ച് ക്യാഷ് ബുക്ക് തയ്യാറാക്കുന്നതിലും പ്രാധാന്യം നൽകിയിട്ടില്ല. ഇത് കൃത്യനിർവഹണത്തോടുള്ള ഗുരുതരമായ വീഴ്ചയായി കാണാവുന്നതാണ്.

25.10.2019 തീയതിയിലെ ഓഫീസ് ഓർഡർ (അനുബന്ധം 4) പരിശോധിച്ചതിൽ പെൻഡിംഗ് വർക്കുകൾ തീർക്കുന്നതിന് ഓഫീസിൽ ഹാജരായ മുൻ സെക്രട്ടറി ശ്രീമതി പി കെ ബീനയ്ക്ക് രേഖകൾ ലഭിച്ചിട്ടില്ലാത്തതിനാൽ ക്ലെയിമുകൾ തയ്യാറാക്കുന്നതിനും ക്യാഷ് ബുക്ക് , TP അക്കൗണ്ട്, PSTSB എന്നിവയുടെ രജിസ്റ്ററുകൾ ഉൾപ്പെടെ തയ്യാറാക്കി നൽകുന്നതിന് അന്നത്തെ ക്ലർക്ക് ശ്രീ രാഹുൽരാജിന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ 31.10.2019 ന്റെ ഓഫീസ് ഓർഡർ (അനുബന്ധം 5) പരിശോധിച്ചതിലും ശ്രീ രാഹുൽ രാജ് പൂർണ്ണമായും ജോലി നിർവഹിച്ചിരുന്നില്ല എന്ന് കാണാം. കൂടാതെ ടി യാന് സ്ഥലം മാറ്റം ലഭിച്ചപ്പോഴും ഓഫീസ് രേഖകൾ അടുത്ത അനുയായി ആയ ശ്രീ വിപിൻ തങ്കപ്പന് നൽകാതിരുന്നതിനാൽ ശ്രീ വിപിൻ തങ്കപ്പൻ സ്വമേധയാ ചാർജ്ജെടുക്കണമെന്ന് 31.12.2019 ന് നിർദ്ദേശം (അനുബന്ധം 6) നൽകിയിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശം പാലിക്കാത്തതിനാൽ ക്ലർക്കമാർക്കെതിരെ യാതൊരു തുടർ നടപടികളും ഓഫീസ് മേലധികാരികൾ സ്വീകരിച്ചിട്ടില്ല.

സ്ഥലം മാറ്റം ലഭിക്കുന്ന ഓഫീസ് മേലധികാരികൾ പോലും തങ്ങളിൽ നിക്ഷിപ്തമായിട്ടുള്ള ജോലികളെ സംബന്ധിച്ച് അടുത്തയാൾക്ക് വിവരങ്ങൾ നൽകുകയോ, ട്രഷറി അക്കൗണ്ടുകൾ, അവയ്ക്ക് ട്രഷറി വകുപ്പ് നൽകിയ യൂസർകോഡ് പാസ് വേർഡ് എന്നിവ കൈമാറുകയോ ചെയ്തിരുന്നില്ല. ചുമതല കൈമാറുമ്പോൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിരുന്ന ബാലൻസും ട്രഷറി അക്കൗണ്ടുകളിൽ ഉള്ള ബാലൻസും ഒന്നാണെന്ന് ഉറപ്പുവരുത്തിയിരുന്നില്ല.



Generated from eOffice by JIPIMON J S, SVC (6) AGRIDIR, SVC(6) AGRIDIR, ADFW on 09/08/2023 02:37 PM

8. 01.04.2019 മുതലുള്ള ഓഫീസ് മേലധികാരികളും ക്ലർക്കുമാരും

| | | |
|---|---|---|
| സെക്രട്ടറിമാർ | | |
| പേര് | കാലയളവ് | |
| ശ്രീമതി പി കെ ബീന | [illegible] മുതൽ [illegible] വരെ | |
| ശ്രീമതി ലീനാകുമാരി എസ് (I.C) | 08.04.2019 മുതൽ 04.06.2019 വരെ | |
| ശ്രീമതി പി കെ ബീന | 06.06.2019 മുതൽ [illegible] വരെ | |
| ശ്രീമതി ഉഷ പി | [illegible].08.2019 മുതൽ 04.11.2019 വരെ | |
| ശ്രീമതി മായാദേവികുഞ്ഞമ്മ | 05.11.2019 മുതൽ 13.12.2020 വരെ | റിട്ടയേർഡ് |
| ശ്രീമതി മേരി തോമസ് (I.C) | 14.12.2020 മുതൽ 16.02.2021 വരെ | റിട്ടയേർഡ് |
| ശ്രീമതി മായാദേവികുഞ്ഞമ്മ | 17.02.2021 മുതൽ 31.05.2021 വരെ | റിട്ടയേർഡ് |
| ശ്രീമതി ബീനാ ലക്ഷ്മൺ (I.C) | 03.06.2021 മുതൽ16.09.2021 വരെ | PPM സെല്ലിൽ തുടരുന്നു |
| ശ്രീമതി ശ്രീകല എസ് | 17.09.2021 മുതൽ 06.12.2021 വരെ | 31.05.2022 ന് റിട്ടയർ |
| ശ്രീമതി ബീനാ ലക്ഷ്മൺ (I.C) | 07.12.2021 മുതൽ 09.01.2022 വരെ | |
| ശ്രീമതി ശ്രീകല എസ് | 10.01.2022 മുതൽ തുടരുന്നു | |
| ക്ലാർക്കുമാർ | | |
| ശ്രീ ആർ രാഹുൽരാജ് | 01.01.2017 മുതൽ 02.12.2019 വരെ | നിലവിൽ കൃഷി ഡയറക്ടറേറ്റ് |
| ശ്രീ വിപിൻ തങ്കപ്പൻ | 02.12.2019 മുതൽ (Suspended on 18.04.2022) | |

**9. ക്ലർക്ക് ശ്രീ വിപിൻ തങ്കപ്പൻ പണാപഹരണം നടത്തിയിരിക്കുന്നു എന്ന് ജീവനക്കാർ ആരോപിക്കുന്നതിനുള്ള കാരണം**

ജീവനക്കാരുടെ ഓരോ മാസത്തെയും ശമ്പളം തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള PSTSB യിൽ നിന്ന് ലഭിക്കുമ്പോൾ Director of Treasuries എന്ന മെസേജാണ് ലഭിക്കുന്നത്. എന്നാൽ മാർച്ച് മാസത്തെ ജീവനക്കാരുടെ ശമ്പളം ലഭിക്കുമ്പോൾ Director of Treasuries എന്ന മെസേജിന് പകരം prices board എന്ന മെസേജാണ് ലഭിച്ചിട്ടുള്ളത്. ജീവനക്കാർ തങ്ങളുടെ അക്കൗണ്ട് വരവിന്റെ ഉറവിടം അന്വേഷിച്ചതിൽ ക്ലാർക്കായ ശ്രീ വിപിൻ തങ്കപ്പൻ എസ് ബി ഐ യിൽ നിന്നും പണമായി ഓരോരുത്തരുടെയും ബാങ്ക് അക്കൗണ്ടിലേക്ക് തുക നിക്ഷേപിച്ചിരിക്കുകയാണെന്ന് അവകാശപ്പെടുന്നു. ഈ വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടപ്പോൾ മാത്രമാണ് ട്രഷറി അക്കൗണ്ടുകൾ ഓഫീസ് മേലധികാരി പരിശോധിക്കുന്നത്. ഈ പരിശോധനയിൽ 6573007, 6573010, 6573013, 6573024, 6573035, 6573037, 6573049 എന്നീ ചെക്കുകളിൽ ശ്രീ വിപിൻ തങ്കപ്പൻ സെക്രട്ടറിയുടെ കൈയ്യൊപ്പ് വ്യാജമായി രേഖപ്പെടുത്തിയിരിക്കുവാൻ സാധ്യത ഉള്ളതായും നിലവിലെ സെക്രട്ടറി അറിയിച്ചിട്ടുണ്ട് (അനുബന്ധം 7). 5803088, 5803097 ചെക്കുകളിൽ ശ്രീമതി ബീനാലക്ഷ്മൺ എന്ന മുൻ സെക്രട്ടറിയും കൈയ്യൊപ്പ് വച്ചിട്ടില്ലായെന്ന് സൂചിപ്പിച്ചിട്ടുണ്ട്. (അനുബന്ധം 8). ട്രഷറിയിൽ സമർപ്പിക്കേണ്ട ടി ചെക്കുകളിലും നടപടിക്രമങ്ങളിലും ശ്രീ വിപിൻ തങ്കപ്പൻ സെക്രട്ടറിമാരുടെ കൈയ്യൊപ്പ് വ്യാജമായി ചേർത്തിട്ടുണ്ടെങ്കിൽ നടത്തിയ പണാപഹരണ വിവരം ചുവടെ ചേർക്കുന്നു.

| ചെക്ക് നമ്പർ | മാറിയ തീയതി | തുക (രൂപ) |
|---|---|---|
| 6573007 | 22.09.2021 | 537000.00 |
| 6573010 | 22.10.2021 | 143000.00 |
| 6573013 | 29.10.2021 | 97000.00 |
| 6573024 | 19.11.2021 | 63000.00 |
| 6573035 | 25.01.2022 | 4000.00 |
| 6573037 | മാറിയിട്ടില്ല | |
| 6573049 | മാറിയിട്ടില്ല | |
| 5803088 | 19.07.2021 | 91500 |
| 5803097 | 25.08.2021 | 54000 |
| | ആകെ | **989500.00** |

**10. സെക്രട്ടറിമാരുടെ വിശദീകരണങ്ങളുടെ ചുരുക്കം**

**10.1 ശ്രീമതി ശ്രീകല എസ്** (അനുബന്ധം 7)

ചെക്ക് കൗണ്ടർ ഫോയിലുകളിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ചിരുന്നില്ല. തന്റെ അറിവില്ലാതെ ചെക്കുകൾ മാറിയിട്ടുണ്ട്. 6573007, 6573010, 6573013, 6573024, 6573037, 6573035, 6573049 ഈ ചെക്കുകളിൽ വിപിൻ തങ്കപ്പൻ വ്യാജമായി കൈയ്യൊപ്പ് വച്ചിട്ടുണ്ടാകാം. ചെലവുകളുടെ ബില്ലുകൾ തെറ്റായ രീതിയിൽ സമർപ്പിച്ചിട്ടുണ്ട്. വാഹനത്തിന്റെ ഫ്യൂവലിന് അഡ്വാൻസ് തുക മാറിയിട്ടുണ്ട്. അഡ്വാൻസ് അഡ്ജസ്റ്റ് ചെയ്തിട്ടില്ല.

**10.2 ശ്രീമതി ബീനാ ലക്ഷ്മൺ മുൻ സെക്രട്ടറി** (അനുബന്ധം 8)

ചെക്ക് കൗണ്ടർ ഫോയിലുകൾ എഴുതിയിരുന്നില്ല. കൗണ്ടർ ഫോയിൽ എഴുതണമെന്ന് നിർദ്ദേശിച്ചിരുന്നു. 5803088, 5803097 ചെക്കുകളിൽ കൈയ്യൊപ്പ് വച്ചിട്ടില്ല.

**10.3 ശ്രീമതി മായാദേവി കുഞ്ഞമ്മ മുൻ സെക്രട്ടറി** (അനുബന്ധം 9)

ബോർഡ് ചെയർമാൻ ഡോ. രാജശേഖരൻ തന്റെ ശമ്പളത്തിൽ നിന്നും ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്ത 106000/- രൂപ (ഒരു ലക്ഷത്തി ആറായിരം) വിപിൻ തങ്കപ്പൻ അപഹരിച്ചു. റ്റി പി അക്കൗണ്ടിൽ നിന്നും ഏത് പ്രകാരമാണ് തുക പിൻവലിച്ചിട്ടുള്ളതെന്ന് മനസ്സിലാകുന്നില്ല. PSTSB അക്കൗണ്ടിലെ 5803034, 5803065, 5803076, 5803082 ചെക്കുകളും ഏത് പ്രകാരമാണ് മാറിയതെന്ന് വ്യക്തമല്ല.

**11. എത്ര രൂപ അപഹരിച്ചു എന്നത് സംബന്ധിച്ച്**

**11.1** യഥാർത്ഥ ചെലവ് രേഖകൾ അടങ്ങിയ ബില്ലുകൾ, വൗച്ചറുകൾ തുടങ്ങിയവ കണ്ടെത്താനായിട്ടില്ല. ചെക്ക് ബുക്കുകളുടെ കൗണ്ടർ ഫോയിലുകളിൽ രേഖപ്പെടുത്തലുകൾ വരുത്തുകയോ അല്ലെങ്കിൽ മാറിയിട്ടുള്ളവ ക്യാൻസൽ ചെയ്യുകയോ ചെയ്തിരിക്കുന്നു.

**11.2** ക്യാഷ് ബുക്കിൽ ട്രഷറി അക്കൗണ്ട് വിവരങ്ങൾ എല്ലാ ദിവസവും വരവ് ചെലവുകൾക്ക് അനുസരിച്ച് രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല.

**11.3** ലഭ്യമായ ക്ലെയിമുകളുടെ പകർപ്പിൽ സൂക്ഷിച്ചിട്ടുള്ള നടപടിക്രമത്തിൽ അനുവദിച്ചിട്ടുള്ള തുകകളേക്കാൾ കൂടുതൽ മാറിയിരിക്കുന്നു.

**11.4** ട്രഷറി അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരം പിൻവലിക്കുന്ന തുകകൾ ബാങ്ക് അക്കൗണ്ടിലേക്കോ റ്റി.എസ്.ബി. യിലേക്കോ ട്രാൻസ്ഫർ എന്നാണ് കാണിച്ചിട്ടുള്ളത്. ഇങ്ങനെ പണമായി പിൻവലിച്ചിട്ടുള്ളതിൽ 2000/- രൂപയിലധികം വരുന്ന പിൻവലിക്കലുകളും ഉൾപ്പെടുന്നു. സ.ഉ.(അ) നം 46/2016/ധന തീയതി 04.04.2016 പ്രകാരം 2001/- രൂപ മുതൽ 10000/- രൂപ വരെയുള്ള തുകകൾ TSB ചെക്കായി നൽകണമെന്ന് നിർദ്ദേശിക്കുന്നു. WAMS എന്ന സംവിധാനത്തിൽ നിന്നും ട്രഷറി വഴി ബാങ്ക് അക്കൗണ്ടിലേക്കും പണം അയയ്ക്കാവുന്നതാണ്. എന്നാൽ ഈ നിർദ്ദേശങ്ങളൊന്നും തന്നെ ക്ലാർക്കോ സെക്രട്ടറിയോ പാലിച്ചിട്ടില്ല. മേൽപറഞ്ഞരീതിയിൽ പണം പിൻവലിച്ചാൽ പണം ആർക്ക് നൽകി എന്നതിന് കൃത്യമായ തെളിവുകൾ ഉണ്ടാകും. ആയത് ഒഴിവാക്കുന്നതിനാണ് TSB ചെക്ക് മാറി ട്രഷറിയിൽ നിന്നും പണമായി പിൻവലിച്ചിട്ടുള്ളത്.

**11.5** വിപിൻ തങ്കപ്പൻ സേവനമനുഷ്ഠിച്ച കാലയളവിൽ ലഭിച്ചിട്ടുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| | PSTSB 1294 | TPA 3610 | ആകെ |
|---|---|---|---|
| 02.12.2019 Opening Balance | 7854476.00 | 218859.00 | 8073335.00 |
| 02.12.2019 മുതൽ വരവ് | 16000000.00 | 0.00 | 16000000.00 |
| ആകെ | 23854476.00 | 218859.00 | 24073335.00 |
| സർക്കാർ പിൻവലിച്ച (Resume) തുക | 1944045.00 | 6.00 | 1944051.00 |
| ബാക്കി | 21910431.00 | 218853.00 | 22129284.00 |
| ആകെ ചെലവഴിച്ച തുക | 21910218.00 | 218853.00 | 22129071.00 |
| ബാലൻസ് | 213.00 | 0.00 | 213.00 |

ഇക്കാലയളവിൽ 22129071 - രൂപ (രണ്ട് കോടി ഇരുപത്തി ഒന്ന് ലക്ഷത്തി ഇരുപത്തി ഒൻപതിനായിരിത്തി എഴുപത്തി ഒന്ന് രൂപാ) ട്രഷറി വഴി ചെലവഴിച്ചിരിക്കുന്നു. ഇതിൽ ജീവനക്കാരുടെ ശമ്പളം, തിരിച്ചടവുകൾ, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയുടെ യഥാർത്ഥ ചെലവ് രേഖകൾ കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ അപഹരിച്ച തുക എത്രയെന്ന് കണക്കാക്കുവാൻ കഴിയുന്നില്ല.

11.6 യഥാർത്ഥ ചെലവ് രേഖകൾ കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ 02.12.2019 മുതലുള്ള ഓരോ സെക്രട്ടറിമാരുടെയും കാലയളവിൽ നടത്തിയിട്ടുള്ള ചെലവുകളുടെ വിവരം (വിശദമായി അനുബന്ധം 10 )

| | സെക്രട്ടറിയുടെ പേര് | ചെലവഴിച്ച തുക (രൂപ) |
|---|---|---|
| 1 | ശ്രീമതി മായാദേവി കുഞ്ഞമ്മ | 1,24,44,310.00 |
| 2 | ശ്രീമതി മേരി തോമസ് | 16,81,514.00 |
| 3 | ശ്രീമതി ബീനാ ലക്ഷ്മൺ | 29,87,928.00 |
| 4 | ശ്രീമതി ശ്രീകല എസ് | 50,15,319.00 |
| | ആകെ | 2,21,29,071.00 |

**11.6** ഓഫീസ് രേഖകളുടെ സൂക്ഷിപ്പുകാരനായ ക്ലാർക്ക് ശ്രീ വിപിൻ തങ്കപ്പനും ഓഫീസ് മേലധികാരികളും ക്രമ നമ്പർ 11.5 ൽ സൂചിപ്പിച്ച 22129071/- രൂപ (രണ്ട് കോടി ഇരുപത്തി ഒന്ന് ലക്ഷത്തി ഇരുപത്തി ഒൻപതിനായിരത്തി എഴുപത്തി ഒന്ന് രൂപാ) യുടെ രേഖകൾ സൂക്ഷിക്കുവാൻ ബാധ്യത ഉള്ളവരാണ്. മുകൾ ക്രമ നമ്പർ 5.2- ട്രഷറിയിൽ നിന്നും മാറിയിട്ടുള്ള 5803034, 5803041, 5803065, 5803076 എന്നീ ചെക്കുകളുടെ കൗണ്ടർ ഫോയിലുകൾ ക്യാൻസൽ ചെയ്തിട്ടുള്ളതിനാൽ ഈ ചെക്കുകളിലൂടെ മാറിയ 860745/- രൂപയും സെക്രട്ടറിയുടെ കൈയ്യൊപ്പ് വ്യാജമായി രേഖപ്പെടുത്തിയതെന്ന് സെക്രട്ടറിമാർ അഭിപ്രായപ്പെടുന്ന 5803088, 5803097, 6573007, 6573010, 6573013, 6573024, 6573035 ചെക്കുകളിലൂടെ മാറിയ 989500/- രൂപയും TP അക്കൗണ്ടിൽ തെറ്റായി ക്രെഡിറ്റ് ചെയ്യപ്പെട്ട 142913/- രൂപയും കാഷ്ബുക്കിലെ കണക്കിൽ കുറവായി രേഖപ്പെടുത്തിയിരുന്ന 6000/- രൂപയും ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഒടുക്കേണ്ടിയിരുന്ന 106000/- രൂപയും കൂടി ആകെ 2105158/- രൂപ (ഇരുപത്തിയൊന്ന് ലക്ഷത്തി അയ്യായിരത്തി ഒരുനൂറ്റി അമ്പത്തിയെട്ട് രൂപ) യുടെ ക്രമക്കേടുകൾ നടന്നിട്ടുണ്ട്. ആയതിന് മേൽപട്ടികയിലെ സെക്രട്ടറിമാരും ക്ലാർക്ക് ശ്രീ വിപിൻ തങ്കപ്പനും ഉത്തരവാദികളാണെന്ന് കണ്ടെത്തുന്നു. എന്നാൽ അക്കൗണ്ടന്റ് ജനറൽ ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള ചെക്കുകൾ തിരികെ വാങ്ങിയും മേലുദ്യോഗസ്ഥരുൾപ്പെടെയുള്ളവരെ കൂടി ഉൾപ്പെടുത്തി പൊലീസ്/വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അതുവഴിയുള്ള വിശദമായ ചോദ്യംചെയ്യലിൽ കൂടി മാത്രമേ യഥാർത്ഥ വസ്തുതകൾ കണ്ടെത്താനാകുകയുള്ളൂ.

**ശുപാർശകൾ**

**1.** കേരളാ ഫിനാൻഷ്യൽ കോഡ് വാല്യം ഒന്ന് ആർട്ടിക്കിൾ 283- ഒരു സർക്കാർ ഉദ്യോഗസ്ഥൻ അയാളുടെ നിയന്ത്രണത്തിലുള്ള പൊതുപണം ചെലവഴിക്കുമ്പോൾ സ്വന്തം പണം ചെലവഴിക്കുന്ന കാര്യത്തിൽ സാമാന്യ വിവേകിയായ ഒരു വ്യക്തി പ്രകടിപ്പിക്കുന്ന അതേ ശുഷ്കാന്തിയും ശ്രദ്ധയും പ്രദർശിപ്പിക്കേണ്ടതാണ്. ആയത് ഗൗനിക്കാതെ ഗുരുതര സാമ്പത്തിക ക്രമക്കേടുകൾ നടത്തിയിട്ടുള്ള ക്ലാർക്ക് ശ്രീ വിപിൻ തങ്കപ്പനെതിരെ കേരളാ സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ 1960, കേരളാ ഫിനാൻഷ്യൽ കോഡ് വാല്യം ഒന്ന് ആർട്ടിക്കിൾ 283, 303 ബി എന്നിവ പ്രകാരം കടുത്ത അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും പോലീസ് കേസ് രജിസ്റ്റർ ചെയ്ത് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മുഖേന തുടരന്വേഷണം നടത്തുന്നതിനും ശുപാർശ ചെയ്യുന്നു.

**2.** കേരളാ ഫിനാൻഷ്യൽ കോഡ് വാല്യം ഒന്ന് ആർട്ടിക്കിൾ 283- ഒരു സർക്കാർ ഉദ്യോഗസ്ഥൻ അയാളുടെ നിയന്ത്രണത്തിലുള്ള പൊതുപണം ചെലവഴിക്കുമ്പോൾ സ്വന്തം പണം



Generated from eOffice by JIPIMON J S, SVC (6) AGRIDIR, SVC(6) AGRIDIR, ADFW on 09/08/2023 02:37 PM

ചെലവഴിക്കുന്ന കാര്യത്തിൽ സാമാന്യ വിവേകിയായ ഒരു വ്യക്തി പ്രകടിപ്പിക്കുന്ന അതേ ശുഷ്കാന്തിയും ശ്രദ്ധയും പ്രദർശിപ്പിക്കേണ്ടതാണ്. ഇവിടെ ഓഫീസ് മേലധികാരികൾ ആയ പാലിച്ചിരുന്നില്ല. തങ്ങളുടെ കീഴ് ഉദ്യോഗസ്ഥൻ നടത്തിയ കൃത്യവിലോപവും സാമ്പത്തിക ക്രമക്കേടുകളും ശ്രദ്ധയിൽപ്പെടാത്തത് ഇവരുടെ ഭാഗത്തുണ്ടായ മേൽനോട്ടത്തിലെ ഗുരുതരവീഴ്ചയാണ്. ആയതിനാൽ ചുവടെ സൂചിപ്പിക്കുന്നവർക്കെതിരെ കേരളാ സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ 1960, കേരളാ ഫിനാൻഷ്യൽ കോഡ് വാല്യം ഒന്ന് ആർട്ടിക്കിൾ 283, 303 ബി എന്നിവ പ്രകാരം കടുത്ത അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും പോലീസ് കേസ് രജിസ്റ്റർ ചെയ്ത് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മുഖേന തുടരന്വേഷണം നടത്തുന്നതിനും ശുപാർശ ചെയ്യുന്നു.

| പേര് & പെൻ | ഉദ്യോഗപ്പേര് | ഓഫീസ് | റിട്ടയർ ചെയ്യുന്ന തീയതി |
|---|---|---|---|
| ശ്രീമതി ശ്രീകല എസ് | സെക്രട്ടറി | സ്റ്റേറ്റ് പ്രൈസസ് ബോർഡ് | 31.05.2022 |
| ശ്രീമതി ബീനാ ലക്ഷ്മൺ 515562 | ജോയിന്റ്ഡയറക്ടർ | PPM സെൽ | 31.01.2024 |

കൂടാതെ ചുവടെ സൂചിപ്പിക്കുന്നവർ സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളതിനാൽ കേരളാ സർവ്വീസ് റൂൾസ് ഭാഗം 3 പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനും ശുപാർശ ചെയ്യുന്നു.

| പേര് | മേൽവിലാസം |
|---|---|
| ശ്രീമതി എം പി മായാദേവി കുഞ്ഞമ്മ | ചന്ദ്രകാന്തം, മുതുകുളം നോർത്ത്, ചൂളത്തെരുവ് പി ഒ പിൻ 690506 |
| ശ്രീമതി മേരി തോമസ് | |

**3.** 01.01.2017 മുതൽ 02.12.2019 വരെ ക്ലാർക്കായിരുന്ന ശ്രീ രാഹുൽരാജ് (നിലവിൽ കൃഷി ഡയറക്ടറേറ്റ്) ക്യാഷ് ബുക്ക്, ചെക്ക് ഇഷ്യൂ രജിസ്റ്റർ, ചെക്കുബുക്കുകൾ, മറ്റ് ഓഫീസ് റിക്കോർഡുകൾ തുടങ്ങിയവ തന്റെ പിൻഗാമിയായ ശ്രീ വിപിൻതങ്കപ്പന് കൈമാറി നൽകിയിട്ടില്ല. ടിയാന്റെ കാലയളവിലും മേൽ റിക്കോർഡുകൾ ശരിയായി പരിപാലിച്ചിട്ടില്ലായെന്ന് 25.10.2019, 31.10.2019 തീയതികളിലെ ഓഫീസ് ഓർഡർ പരിശോധിച്ചതിൽ കണ്ടെത്തിയിട്ടുണ്ട് . ആയതിനാൽ ശ്രീ രാഹുൽരാജിൽ നിന്ന് വിശദീകരണം വാങ്ങി ആവശ്യമെങ്കിൽ വകുപ്പുതല നടപടി സ്വീകരിക്കാവുന്നതാണ്.

**4.** 01.04.2019 ന് റ്റി പി അക്കൗണ്ടിൽ പലിശയിനത്തിൽ തെറ്റായി ലഭിച്ച 142913/- രൂപ (ഒരു ലക്ഷത്തി നാൽപ്പത്തി രണ്ടായിരത്തി തൊള്ളായിരത്തി പതിമൂന്ന് രൂപ) ട്രഷറി സ്റ്റേറ്റ്മെന്റ് പരിശോധിച്ച് ക്യാഷ് ബുക്കിൽ രേഖപ്പെടുത്താതിരുന്നതിനും വിവരം ട്രഷറിയെ അറിയിക്കുന്നതിന് നടപടി സ്വീകരിക്കാതിരുന്നതിനും മുൻ സെക്രട്ടറിമാരായ ശ്രീമതി പി കെ ബീന, ശ്രീമതി ലീനാകുമാരി എസ്, ശ്രീമതി ഉഷ പി, ക്ലാർക്ക് ശ്രീ രാഹുൽ രാജ്, ടി തുക വിനിയോഗിച്ച മുൻ സെക്രട്ടറി ശ്രീമതി മായാദേവി കുഞ്ഞമ്മ , ക്ലാർക്ക് ശ്രീ വിപിൻ തങ്കപ്പൻ തുടങ്ങിയവരിൽ നിന്ന് വിശദീകരണം വാങ്ങി തുടർ നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്യുന്നു.

**5.** കേരളാ അഗ്രികൾച്ചറൽ പ്രൈസസ് ബോർഡിൽ പ്രധാനമായും കാർഷിക വിളകളുടെ വിലനിർണ്ണയം, താങ്ങുവില നിർണ്ണയം എന്നിവയാണ് നടന്നു വരുന്നത്. ഈ പ്രവർത്തനങ്ങൾ നടത്തുന്നതിന് സംസ്ഥാനത്തുടനീളമുള്ള വിവരശേഖരണം നടത്തേണ്ടത് മൂന്ന് സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റമാരാണ്. ഇവർക്ക് ജില്ലകൾ തിരിച്ച് ചുമതല നൽകിയിട്ടില്ല . സംസ്ഥാനത്തുടനീളമുള്ള വിവരങ്ങൾ ശേഖരിക്കുന്നതിന് സംസ്ഥാനത്തെ മൂന്ന് മേഖലകളായി തിരിച്ച് മൂന്നു പ്രിൻസിപ്പൽ കൃഷി ഓഫീസുകളിലായി തസ്തിക പുനർവിന്യസിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

**6.** 10 പേർ അടങ്ങുന്ന ഈ ഓഫീസ് വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് (ഡയറക്ടറേറ്റിന്റെ അനക്സ് എന്ന നിലയിൽ ). ഈ ഓഫീസിന്റെ പ്രവർത്തനങ്ങൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നുതന്നെ നടത്താവുന്നതാണ് . ആയതിനാൽ ജീവനക്കാരെ ഈ ഓഫീസിലേക്ക് മാറ്റി നിയമിക്കുന്നത് വഴി ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള അലവൻസുകൾ SPARK വഴി നൽകാവുന്നതും നിലവിലെ കെട്ടിടത്തിന് നൽകി വരുന്ന വാടക, ഇലക്ട്രിസിറ്റി ചാർജ്ജ്, വെള്ളക്കരം, ടെലഫോൺ ചാർജ്ജ് എന്നിവ ഒഴിവാക്കാവുന്നതാണെന്ന് മാത്രമല്ല ടി സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകൾ മുഴുവൻ ആഭ്യന്തര ഓഡിറ്റ് വിഭാഗത്തിന് കീഴിൽ വരികയും മേലിൽ ഇത്തരം ക്രമക്കേടുകൾക്ക് വഴിയൊരുക്കാതിരിക്കുകയും ചെയ്യും. ഇതുസംബന്ധിച്ച് സർക്കാർ തലത്തിൽ ഉചിത തീരുമാനം കൈക്കൊള്ളുന്നതിന് ശുപാർശ ചെയ്യുന്നു.

സീനിയർ ഫിനാൻസ് ഓഫീസർ

വിജിലൻസ് ഓഫീസർ (ധനകാര്യം)

അക്കൗണ്ട്സ് ഓഫീസർ

ജൂനിയർ സൂപ്രണ്ട് (എസ്.വി.സി.)



Generated from eOffice by JIPIMON J S, SVC (6) AGRIDIR, SVC(6) AGRIDIR, ADFW on 09/08/2023 02:37 PM

I

നമ്പർ എസ് വി സി (6) 14416/2020

ഇടുക്കി ജില്ലയിലെ രാജാക്കാട് കൃഷിഭവനിൽ കൃഷി അസിസ്റ്റന്റുമാരായിരുന്ന ശ്രീ രാജേഷ്, ശ്രീ അരീഷ് എന്നിവർ നടത്തിയിരുന്ന അഴിമതികൾ ചൂണ്ടികാണിച്ച് ശ്രീ വിവി അനിരുദ്ധൻ എന്നയാൾ സമർപ്പിച്ച പരാതിയിന്മേൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് സ്പെഷ്യൽ വിജിലൻസ് സെൽ നടത്തിയ അന്വേഷണ റിപ്പോർട്ട്.

പരാതിക്കാരന്റെ പേരും മേൽവിലാസവും
ശ്രീ അനിരുദ്ധൻ വി വി
വാഴാട്ട്, രാജാക്കാട്.
ഇടുക്കി
ഫോൺ 9947460230

<u>ആമുഖം</u>

• രാജാക്കാട് കൃഷിഭവനിലെ കൃഷി അസിസ്റ്റന്റുമാരായിരുന്ന ശ്രീ രാജേഷ് പി കെ , ശ്രീ അരീഷ് പി എന്നിവർ രാജാക്കാട് പഞ്ചായത്തിലെ സ്ഥിരതാമസക്കാരാണ്. കൃഷിഭവൻ വഴി നടത്തുന്ന പദ്ധതികളിലെ സാമ്പത്തികാനുകൂല്യങ്ങൾ ഇവർ ഇവരുടെ ബന്ധുക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നു എന്നതാണ് പരാതി . പരാതിക്കാരനായ ശ്രീ അനിരുദ്ധൻ വിവരാവകാശ നിയമപ്രകാരം ശേഖരിച്ച രേഖകൾ പ്രകാരം കൃഷി അസിസ്റ്റന്റായ ശ്രീ രാജേഷ് തന്റെ പിതാവായ ശ്രീ കുട്ടി , മാതാവ് ശ്രീമതി സുഭദ്ര, ഭാര്യയും ഗവൺമെന്റ് സ്കൂൾ അധ്യാപികയുമായ ശ്രീമതി രമ്യാ, ജ്യേഷ്ഠൻ ശ്രീ ഷൈൻ പി കെ , ജ്യേഷ്ഠന്റെ ഭാര്യ ശ്രീമതി സിന്ധു ഷൈൻ, അടുത്ത ബന്ധു ശ്രീ ലതീഷ്/രതീഷ് കുമാർ, ഭാര്യാ പിതാവ് ശ്രീ രഘുനാഥൻ, ഭാര്യാ മാതാവ് ശ്രീമതി രമണി, ഭാര്യാ സഹോദരൻ ശ്രീ രഞ്ജിത് എന്നിവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്കും മറ്റൊരു കൃഷി അസിസ്റ്റന്റായ ശ്രീ അരീഷ് തന്റെ ഭാര്യയും പള്ളിവാസൽ കൃഷിഭവനിലെ കൃഷി അസിസ്റ്റന്റുമായ ശ്രീമതി മഞ്ജു , പിതാവ് ശ്രീ പീതാംബരൻ എന്നിവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്കും സാമ്പത്തിക ആനുകൂല്യങ്ങൾ ലഭിക്കുന്ന തരത്തിൽ ക്ലെയിമുകളിൽ ബന്ധുജനങ്ങളുടെ പേരും ബാങ്ക് അക്കൗണ്ട് നമ്പരുകളും അനധികൃതമായി ചേർക്കുന്നു. പച്ചക്കറി വികസന പദ്ധതി പ്രകാരമുള്ള റിവോൾവിംഗ് ഫണ്ട് ക്ലസ്റ്റർ പ്രസിഡണ്ട്, സെക്രട്ടറി എന്നിവരുമായി ചേർന്ന് വീതം വച്ച് എടുക്കുന്നു. കൂടാതെ കൃഷിഓഫീസർ ശ്രീമതി ആർ ബീന സ്പെഷ്യൽ കാഷ്വൽ ലീവിലായിരുന്നപ്പോൾ , ലീവിൽ അല്ലാത്ത തീയതി രേഖപ്പെടുത്തി ഹൈബ്രിഡ് വിത്ത് വിൽക്കുവാൻ ലൈസൻസില്ലാത്ത സ്ഥാപനത്തിൽ നിന്ന് ബിൽ സമ്പാദിച്ച് കൃഷിഓഫീസർ ശ്രീമതി ആർ ബീനയുടെ കൈയ്യൊപ്പ് വ്യാജമായി രേഖപ്പെടുത്തി ആറു ലക്ഷം രൂപയുടെ എസ് എച്ച് എം പദ്ധതി പ്രകാരമുള്ള ക്ലെയിം നെടുങ്കണ്ടം കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകി പാസാക്കിയിട്ടുള്ളതാണ് എന്നും പരാതിയിൽ പറയുന്നു.

<u>അന്വേഷണം</u>

രാജാക്കാട് കൃഷിഭവനിലെ കൃഷി അസിസ്റ്റന്റുമാരായിരുന്ന ശ്രീ രാജേഷ് പി കെ , ശ്രീ അരീഷ് പി എന്നിവർ തങ്ങളുടെ സ്വന്തക്കാരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് കാർഷികാനുകൂല്യങ്ങൾ നൽകിയതായാണ് പ്രധാനമായും പരാതിയിൽ ഉന്നയിച്ചിട്ടുള്ളത്.

പരാതിക്കാരനായ ശ്രീ അനിരുദ്ധൻ എന്നയാളുടെ പരാതിയിൽ സൂചിപ്പിച്ചിട്ടുള്ളവയുള്ള കണ്ടെത്തലുകളിൽ കൃഷി അസിസ്റ്റന്റ് ശ്രീ രാജേഷിന്റെ ബന്ധുക്കൾക്ക് നൽകിയ ആനുകൂല്യ വിവരങ്ങൾ ഭാഗം - 1 ലും കൃഷി അസിസ്റ്റന്റ് ശ്രീ അരീഷിന്റെ ബന്ധുക്കൾക്ക് നൽകിയ ആനുകൂല്യ വിവരങ്ങൾ ഭാഗം - 2 ലും മറ്റു കണ്ടെത്തലുകൾ ഭാഗം 3 ലും കൃഷിഓഫീസർ ശ്രീമതി ആർ ബീന സമർപ്പിച്ച സ്റ്റേറ്റ്മെന്റ് സംബന്ധിച്ച വിവരങ്ങൾ ഭാഗം - 4 ലും ചേർക്കുന്നു.



Generated from eOffice by JIPIMON J S, SVC (6) AGRIDIR, SVC(6) AGRIDIR, ADFW on 09/08/2023 03:09 PM

**ഭാഗം -1 കൃഷി അസിസ്റ്റന്റ് ശ്രീ രാജേഷിന്റെ ബന്ധുക്കൾക്ക് നൽകിയ ആനുകൂല്യ വിവരങ്ങൾ**

**എ. ശ്രീ കുട്ടി പി എൻ, പാമ്പനചാലിൽ (കൃഷി അസി. ശ്രീ രാജേഷിന്റെ അച്ഛൻ)**

| വർഷം | പദ്ധതിയുടെ പേര് | നൽകിയ തുക (രൂപ) | റിമാർക്സ് |
|---|---|---|---|
| 2018-19 | പച്ചക്കറി വികസന പദ്ധതി | 4200 | കൃഷിസ്ഥലം ഏതെന്ന് തിരിച്ചറിയുവാൻ അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ള കരം അടച്ച രസീതിൽ സൂചിപ്പിച്ചിട്ടുള്ള വസ്തുവും അപേക്ഷയിൽ കാണിച്ചിട്ടുള്ള വസ്തുവും ഒന്നല്ല. |
| 2019-20 | വാഴകൃഷി വിസ്തൃതി വ്യാപനം | 6300 | |
| 2019-20 | ഗ്രീൻ ഓർഗാനിക് | 1000 | വ്യാജമായി അപേക്ഷകൾ തിരുകിക്കയറ്റിയും അപേക്ഷകൾ തന്നെ സമർപ്പിക്കാതെയും പദ്ധതി നടപ്പിലാക്കിയതായി കാണിച്ച് ആനുകൂല്യം നൽകി |
| 2018-19 | പ്രകൃതിക്ഷോഭം 2018 ജൂൺ ജൂലൈ | 14190 | |
| | | 810 | |
| | | 4734 | |
| | | 12116 | |
| 2018-19 | പുതുകൃഷി വിസ്തൃതി വ്യാപനം | 3675 | |
| 2018-19 | പ്രകൃതിക്ഷോഭം ഓഗസ്റ്റ് 2019 | 28380 | |
| | | 90000 | |
| 2017-18 | പ്രകൃതിക്ഷോഭം ഓഗസ്റ്റ് ഓഖി 2017 | 1892 | |
| | | 108 | |
| 2017-18 | പച്ചക്കറി വികസന പദ്ധതി | 2100 | |
| 2018-19 | പച്ചക്കറി വികസന പദ്ധതി - Contract farming | 7500 | |
| 2017-18 | വാഴകൃഷി വിസ്തൃതി വ്യാപനം സ്പെഷ്യൽ പാക്കേജ് | 12600 | |
| | ആകെ | 189605 | |

അന്വേഷണത്തിൽ ശ്രീ കുട്ടി വാഴകൃഷി ചെയ്യുന്നുണ്ട്. എന്നാൽ ആനുകൂല്യം ലഭിക്കുന്നതിനുള്ള എല്ലാ അപേക്ഷകളും ശ്രീ കുട്ടി സമർപ്പിച്ചിട്ടുള്ളതല്ല. ഓരോ അപേക്ഷകളിലെയും ഒപ്പ് വ്യത്യാസം ഇതിന് തെളിവാണ്. 2018 ജൂൺ, ജൂലൈ മാസങ്ങളിലെ പ്രകൃതിക്ഷോഭത്തിന് രണ്ട് വിവിധ പദ്ധതികളിൽ നിന്നും നഷ്ടപരിഹാരം നേടിയതിന് ശേഷം വീണ്ടും അതേ കാലയളവിലേക്ക് മറ്റൊരു ലിസ്റ്റിൽ പേരും അക്കൗണ്ട് നമ്പരും വ്യാജമായി ചേർത്ത് നഷ്ട പരിഹാരം വാങ്ങിയിട്ടുണ്ട്. അപേക്ഷയിൽ കൃഷി ചെയ്യുന്നതായി കാണിക്കുന്ന വസ്തുവിന്റെ കരം ഒടുക്കിയ രസീതല്ല അപേക്ഷയോടൊപ്പം ഹാജരാക്കുന്നത്. പച്ചക്കറി വികസന പദ്ധതി പ്രകാരം കോൺട്രാക്ട് ഫാമിംഗ് എന്നതിൽ ശ്രീമതി ശ്രീജ വെള്ളപ്പള്ളിൽ, വസ്തു വ്യാജമായി നൽകിയതായി ക്ലെയിം സ്റ്റേറ്റ്മെന്റിൽ കാണിച്ച് ഭൂവുടമ എന്ന നിലയിൽ 1500/- രൂപയും കുട്ടി എന്നയാൾ കർഷകൻ എന്ന നിലയിൽ 7500/- എന്ന രൂപയും കൈപ്പറ്റിയിട്ടുണ്ട്.

2

**ബി. ശ്രീമതി സുഭദ്ര, പാമ്പനചാലിൽ (കൃഷി അസി. ശ്രീ രാജേഷിന്റെ അമ്മ)**

| വർഷം | പദ്ധതിയുടെ പേര് | നൽകിയ തുക (രൂപ) | റിമാർക്സ് |
|---|---|---|---|
| 2017-18 | വാഴകൃഷി വിസ്തൃതി വ്യാപനം സ്പെഷ്യൽ പാക്കേജ് | 6300 | ഭർത്താവായ ശ്രീ കുട്ടിയുടെ പേരിലുള്ള വസ്തുവിന്റെ കരം ഒടുക്കിയ രസീത് അപേക്ഷയോടൊപ്പം ചേർത്തിരിക്കുന്നു. ഇതേ കരം ഒടുക്കിയ രസീതിൽ ഇതേ സ്കീമിൽ ശ്രീ കുട്ടി 12600/- രൂപ കൈപ്പറ്റിയിട്ടുണ്ട്. |
| 2018-19 | പ്രകൃതിക്ഷോഭം 2018 ജൂൺ ജൂലൈ | 4938 | |
| | | 13337 | |
| 2018-19 | പുതുകൃഷി വിസ്തൃതി വ്യാപനം | 15750 | കരം അടച്ച രസീത് പ്രകാരം 0.3162 ഹെക്ടർ സ്ഥലം മാത്രമാണ് ഉള്ളത്. എന്നാൽ 0.6 ഹെക്ടർ സ്ഥലത്തിനുള്ള ആനുകൂല്യം നൽകി |
| | ആകെ | 40325 | |

അപേക്ഷകളിലെല്ലാം ശ്രീമതി. സുഭദ്രയുടെ വ്യത്യസ്ത കൈയ്യൊപ്പുകളാണ് കാണുന്നത് . ആയതിനാൽ കൃഷി അസിസ്റ്റന്റ് ശ്രീ രാജേഷ് ഇക്കാര്യത്തിൽ കൃത്രിമത്വം കാട്ടിയിട്ടുണ്ട് എന്നും കാണാവുന്നതാണ്. ശ്രീ രാജേഷ് തന്റെ അച്ഛന്റെ പേരിലുള്ള വസ്തുവിന്റെ കരം അടച്ച രസീത് അപേക്ഷയോടൊപ്പം ചേർത്ത് അച്ഛന്റെയും അമ്മയുടെയും പേരിൽ അനധികൃതമായി ആനുകൂല്യം അനുവദിച്ചിരിക്കുന്നു. മേൽപ്പറഞ്ഞ പദ്ധതികളിൽ വ്യാജമായി അപേക്ഷകൾ തിരുകിക്കയറ്റിയും അപേക്ഷകൾ തന്നെ സമർപ്പിക്കാതെയും പദ്ധതികൾ നടപ്പിലാക്കിയതായി കാണിച്ച് 40,325/- രൂപ (നാല്പതിനായിരത്തി മുന്നൂറ്റി ഇരുപത്തിയഞ്ചു രൂപ) മേൽ സൂചിപ്പിച്ച വ്യക്തി കൈപ്പറ്റിയിട്ടുള്ളതായി കാണുന്നു.

**സി. ശ്രീമതി രമ്യാ/രമ്യാ രഘുനാഥ്/രമ്യാ രാജേഷ് ഓലിക്കൽ (കൃഷി അസി. ശ്രീ രാജേഷിന്റെ ഭാര്യ)**

| വർഷം | പദ്ധതിയുടെ പേര് | നൽകിയ തുക (രൂപ) |
|---|---|---|
| 2018-19 | പ്രകൃതി ക്ഷോഭം 2018 ജൂൺ ജൂലൈ | 6818 |
| | | 1482 |
| 2017-18 | വാഴകൃഷി വിസ്തൃതി വ്യാപനം | 7875 |
| 2019-20 | പച്ചക്കറി വികസന പദ്ധതി | 2500 |
| 2018-19 | വാഴകൃഷി വിസ്തൃതി വ്യാപനം | 13125 |
| 2019-20 | പച്ചക്കറി വികസന പദ്ധതി | 8500 |
| | ആകെ | 40300 |

മേൽപ്പറഞ്ഞ പദ്ധതികളിൽ വ്യാജമായി അപേക്ഷകൾ തിരുകിക്കയറ്റിയും അപേക്ഷകൾ തന്നെ സമർപ്പിക്കാതെയും പദ്ധതികൾ നടപ്പിലാക്കിയതായി കാണിച്ച് 40,300/- രൂപ (നാല്പതിനായിരത്തി മുന്നൂറ് രൂപ) മേൽ സൂചിപ്പിച്ച വ്യക്തി കൈപ്പറ്റിയിട്ടുള്ളതായി കാണുന്നു . ശ്രീ. രാജേഷ് തന്റെ ഭാര്യയായ ശ്രീമതി. രമ്യക്ക വേണ്ടി രമ്യ രഘുനാഥ്, രമ്യ രാജേഷ്, രമ്യ എന്നീ പല പേരുകളിലായാണ് ക്ലെയിം തയ്യാറാക്കി ആനുകൂല്യങ്ങൾ നല്കിയിട്ടുള്ളത്.

ഡി. ശ്രീ ഷൈൻ പി കെ (കൃഷി അസി. ശ്രീ രാജേഷിന്റെ ജ്യേഷ്ഠൻ)

| വർഷം | പദ്ധതിയുടെ പേര് | നൽകിയ തുക (രൂപ) |
|---|---|---|
| 2018-19 | പ്രകൃതിക്ഷോഭം ജൂൺ ജൂലൈ 2018 | 10406 |
| | | 594 |
| | | 3006 |
| 2018-19 | പ്രകൃതിക്ഷോഭം നവംബർ 2017 | 10794 |
| | | 2270 |
| | | 130 |
| 2018-19 | പ്രകൃതിക്ഷോഭം | 12100 |
| 2018-19 | പ്രകൃതിക്ഷോഭം | 2400 |
| 2017-18 | പച്ചക്കറി വികസന പദ്ധതി | 3000 |
| 2019-20 | പച്ചക്കറി വികസന പദ്ധതി | 3000 |
| 2018-19 | പച്ചക്കറി വികസന പദ്ധതി | 3600 |
| 2018-19 | പച്ചക്കറി വികസന പദ്ധതി | 4200 |
| 2019-20 | പച്ചക്കറി വികസന പദ്ധതി | 2900 |
| 2019-20 | ഹൈബ്രിഡ് വെജിറ്റബിൾ | 4000 |
| 2017-18 | വാഴകൃഷി സ്പെഷ്യൽ പാക്കേജ് | 8925 |
| | GAP | 1000 |
| | ആകെ | 72325 |

മേൽപ്പറഞ്ഞ പദ്ധതികളിൽ വ്യാജമായി അപേക്ഷകൾ തിരുകിക്കയറ്റിയും അപേക്ഷകൾ തന്നെ സമർപ്പിക്കാതെയും പദ്ധതികൾ നടപ്പിലാക്കിയതായി കാണിച്ച് 72,325/- രൂപ (എഴുപത്തിരണ്ടായിരത്തി മുന്നൂറ്റി ഇരുപത്തിയഞ്ചു രൂപ ) മേൽ സൂചിപ്പിച്ച വ്യക്തി കൈപ്പറ്റിയിട്ടുള്ളതായി കാണുന്നു.

ഇ. ശ്രീമതി സിന്ധു ഷൈൻ (കൃഷി അസി. ശ്രീ രാജേഷിന്റെ ജ്യേഷ്ഠന്റെ ഭാര്യ)

വ്യാജമായി അപേക്ഷ തിരുകിക്കയറ്റിയും അപേക്ഷ തന്നെ സമർപ്പിക്കാതെയും പദ്ധതി നടപ്പിലാക്കിയതായി കാണിച്ച് ശ്രീമതി. സിന്ധു ഷൈനിന് വാഴകൃഷി വിസ്തൃതി വ്യാപനം എന്ന പദ്ധതിയിൽ 5250/- രൂപ നൽകി.

എഫ്. ശ്രീ ലതീഷ്/രതീഷ് കുമാർ (കൃഷി അസി. ശ്രീ രാജേഷിന്റെ അടുത്ത ബന്ധു)

| വർഷം | പദ്ധതിയുടെ പേര് | നൽകിയ തുക (രൂപ) |
|---|---|---|
| 2018-19 | വാഴകൃഷി വിസ്തൃതി വ്യാപനം | 10500 |
| 2019-20 | പച്ചക്കറി വികസന പദ്ധതി | 3000 |
| | GAP | 1000 |
| 2018-19 | പ്രകൃതിക്ഷോഭം | 10406 |
| | | 594 |
| 2018-19 | വാഴകൃഷി വിസ്തൃതി വ്യാപനം | 10500 |
| 2018-19 | ഹൈബ്രിഡ് വെജിറ്റബിൾ | 4000 |
| | ആകെ | 40000 |

4

മേൽപ്പറഞ്ഞ പദ്ധതികളിൽ വ്യാജമായി അപേക്ഷകൾ തിരുകിക്കയറ്റിയും അപേക്ഷകൾ തന്നെ സമർപ്പിക്കാതെയും പദ്ധതികൾ നടപ്പിലാക്കിയതായി കാണിച്ച് 40,000/- രൂപ (നാല്പതിനായിരം രൂപ) മേൽ സൂചിപ്പിച്ച വ്യക്തി കൈപ്പറ്റിയിട്ടുള്ളതായി കാണുന്നു.

**ജി. ശ്രീ രഘുനാഥൻ ഓലിക്കൽ (കൃഷി അസി. ശ്രീ രാജേഷിന്റെ ഭാര്യാ പിതാവ്)**

| വർഷം | പദ്ധതിയുടെ പേര് | നൽകിയ തുക (രൂപ) |
|---|---|---|
| 2017-18 | വാഴകൃഷി വിസ്തൃതി വ്യാപനം | 8925 |
| 2018-19 | വാഴകൃഷി വിസ്തൃതി വ്യാപനം | 6825 |
| 2017-18 | പ്രകൃതിക്ഷോഭം | 5785 |
| | | 3015 |
| | ആകെ | 24550 |

മേൽപ്പറഞ്ഞ പദ്ധതികളിൽ വ്യാജമായി അപേക്ഷകൾ തിരുകിക്കയറ്റിയും അപേക്ഷകൾ തന്നെ സമർപ്പിക്കാതെയും പദ്ധതികൾ നടപ്പിലാക്കിയതായി കാണിച്ച് 40,325/- രൂപ (നാല്പതിനായിരത്തി മുന്നൂറ്റി ഇരുപത്തിയഞ്ചു രൂപ ) മേൽ സൂചിപ്പിച്ച വ്യക്തി കൈപ്പറ്റിയിട്ടുള്ളതായി കാണുന്നു.

**എച്ച്. ശ്രീമതി രമണി ഓലിക്കൽ (കൃഷി അസി. ശ്രീ രാജേഷിന്റെ ഭാര്യാ മാതാവ്)**

| വർഷം | പദ്ധതിയുടെ പേര് | നൽകിയ തുക (രൂപ) |
|---|---|---|
| 2018-19 | പ്രകൃതിക്ഷോഭം ജൂൺ ജൂലൈ 2018 | 4000 |
| | | 3226 |
| | | 774 |
| | ആകെ | 8000 |

മേൽപ്പറഞ്ഞ പദ്ധതികളിൽ വ്യാജമായി അപേക്ഷകൾ തിരുകിക്കയറ്റിയും അപേക്ഷകൾ തന്നെ സമർപ്പിക്കാതെയും പദ്ധതികൾ നടപ്പിലാക്കിയതായി കാണിച്ച് 8000/- രൂപ (എണ്ണായിരം രൂപ) മേൽ സൂചിപ്പിച്ച വ്യക്തി കൈപ്പറ്റിയിട്ടുള്ളതായി കാണുന്നു.

**ഐ. ശ്രീ രഞ്ജിത് ഓലിക്കൽ (കൃഷി അസി. ശ്രീ രാജേഷിന്റെ ഭാര്യാ സഹോദരൻ)**

| വർഷം | പദ്ധതിയുടെ പേര് | നൽകിയ തുക (രൂപ) | റിമാർക്സ് |
|---|---|---|---|
| 2018-19 | വാഴകൃഷി വിസ്തൃതി വ്യാപനം | 4200 | രമ്യയുടെ പേരിലുള്ള അപേക്ഷ , ക്ലെയിം സ്റ്റേറ്റ്മെന്റിൽ രഞ്ജിത് പേരും അക്കൗണ്ട് നമ്പരും |
| 2018-19 | വാഴകൃഷി വിസ്തൃതി വ്യാപനം | 3015 | |
| | ആകെ | 7215 | |

മേൽപ്പറഞ്ഞ പദ്ധതികളിൽ വ്യാജമായി അപേക്ഷകൾ തിരുകിക്കയറ്റിയും അപേക്ഷകൾ തന്നെ സമർപ്പിക്കാതെയും പദ്ധതികൾ നടപ്പിലാക്കിയതായി കാണിച്ച് 7215/- രൂപ (ഏഴായിരത്തി ഇരുന്നൂറ്റി പതിനഞ്ച് രൂപ) മേൽ സൂചിപ്പിച്ച വ്യക്തി കൈപ്പറ്റിയിട്ടുള്ളതായി കാണുന്നു.

പ്രാഥമിക പരിശോധനയിൽ കൃഷി അസിസ്റ്റന്റ് ശ്രീ രാജേഷിന്റെ ബന്ധുക്കൾക്ക് മാത്രമായി ആകെ 4,27,570/- രൂപ (നാല്പ ലക്ഷത്തി ഇരുപത്തിഏഴായിരത്തി അഞ്ഞൂറ്റി എഴുപത് ) നൽകിയിട്ടുണ്ട്.

**ഭാഗം 2 കൃഷി അസിസ്റ്റന്റ് ശ്രീ അരീഷിന്റെ ബന്ധുക്കൾക്ക് നൽകിയ ആനുകൂല്യ വിവരങ്ങൾ**

**എ. ശ്രീമതി മഞ്ജു (കൃഷി അസി. ശ്രീ അരീഷിന്റെ ഭാര്യ)**

2018-19 വാഴകൃഷി വിസ്തൃതി വ്യാപനം എന്ന പദ്ധതിയിൽ യാതൊരു രേഖകളും ഇല്ലാതെ പദ്ധതി നടപ്പിലാക്കിയതായി കാണിച്ച് 12600/- രൂപ നൽകി.

**ബി. ശ്രീ പീതാംബരൻ ചിറയ്ക്കൽ (കൃഷി അസി. ശ്രീ അരീഷിന്റെ അച്ഛൻ)**

| വർഷം | പദ്ധതിയുടെ പേര് | നൽകിയ തുക (രൂപ) |
|---|---|---|
| 2017-18 | വാഴകൃഷി വിസ്തൃതി വ്യാപനം | 7875 |
| 2018-19 | പ്രകൃതിക്ഷോഭം ജൂൺ ജൂലൈ 2018 | 5599 |
| | | 9501 |
| 2019-20 | പച്ചക്കറി വികസന പദ്ധതി | 2500 |
| 2018-19 | വാഴകൃഷി വിസ്തൃതി വ്യാപനം | 7875 |
| 2017-18 | വാഴകൃഷി വിസ്തൃതി വ്യാപനം സ്പെഷ്യൽ പാക്കേജ് | 12600 |
| | ആകെ | 45950 |

മേൽപ്പറഞ്ഞ പദ്ധതികളിൽ വ്യാജമായി അപേക്ഷകൾ തിരുകിക്കയറ്റിയും അപേക്ഷകൾ തന്നെ സമർപ്പിക്കാതെയും പദ്ധതികൾ നടപ്പിലാക്കിയതായി കാണിച്ച് 45950/- രൂപ (നാല്പത്തി അയ്യായിരത്തി തൊള്ളായിരത്തി അൻപത് രൂപ) മേൽ സൂചിപ്പിച്ച വ്യക്തി കൈപ്പറ്റിയിട്ടുള്ളതായി കാണുന്നു.

കൃഷി അസിസ്റ്റന്റ് ശ്രീ അരീഷിന്റെ ബന്ധുക്കൾക്ക് മാത്രമായി ആകെ 58550/- രൂപ (അൻപത്തെണ്ണായിരത്തി അഞ്ഞൂറ്റി അഞ്ഞൂറ്റി അൻപത് ) നൽകിയിട്ടുണ്ട്.

**ഭാഗം 3 മറ്റു കണ്ടെത്തലുകൾ**

എ). 2019-20 ൽ സ്കൂൾ കുട്ടികളെ പങ്കെടുപ്പിച്ച് പാഠം ഒന്ന് പാടത്തേക്ക് എന്ന പരിപാടി നടത്തിയ ഇനത്തിൽ കൃഷിഓഫീസർ ശ്രീമതി ആർ ബീന സ്വന്തമായി ചിലവഴിച്ച 5000/- രൂപ റീഇമ്പേഴ്സ് ചെയ്ത് ലഭിക്കുന്നതിന് കൃഷിഓഫീസറുടെ ബാങ്ക് അക്കൗണ്ട് രേഖപ്പെടുത്തി ക്ലെയിം നെടുങ്കണ്ടം കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് സമർപ്പിച്ചു. എന്നാൽ ഈ തുക നെടുങ്കണ്ടം കൃഷി അസിസ്റ്റന്റ് ഡയറക്ടർ രാജാക്കാട് കൃഷിഭവനിലെ കൃഷി അസിസ്റ്റന്റായ ശ്രീ രാജേഷിന്റെ ബാങ്ക് അക്കൌണ്ടിലേക്കാണ് മാറി നല്കിയിട്ടുള്ളത്.

ബി). കൃഷിഓഫീസർ ശ്രീമതി ആർ ബീന 20.02.2020 മുതൽ 06.04.2020 വരെ സ്പെഷ്യൽ കാഷ്വൽ ലീവിലായിരുന്നപ്പോൾ ഈ സമയം രാജാക്കാട് കൃഷിഭവന്റെ അധിക ചുമതല വഹിച്ചിരുന്ന കൃഷിഓഫീസർ പോലും അറിയാതെ കൃഷി അസിസ്റ്റന്റ് ശ്രീ രാജേഷ് , ശ്രീമതി ആർ ബീനയുടെ ഒപ്പ് വ്യാജമായി രേഖപ്പെടുത്തി ആറു ലക്ഷം രൂപയുടെ ഹൈബ്രിഡ് വെജിറ്റബിൾ കൾട്ടിവേഷൻ 2018-19 നുള്ള ക്ലെയിം നെടുങ്കണ്ടം കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് സമർപ്പിച്ചു. ഈ ക്ലെയിമിനോടൊപ്പം 1,50,000/- ലക്ഷം രൂപയുടെ ഹോസ്ദുർഗ്ഗ് ഹൈബ്രിഡ്

ബീൻസ് എന്ന് പേരിലുള്ള വിത്തുകൾ നെടുങ്കണ്ടം ബ്ലോക്ക് ഹൈഡറേറ്റഡ് നഴ്സറിയിൽ 13.11.2019 ന് വാങ്ങിയതായി ബിൽ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. ഈ സ്ഥാപനത്തിന് ഹൈബ്രിഡ് വിത്ത് നൽകുന്നതിനുള്ള ലൈസൻസ് ഇല്ല. സ്റ്റോക്ക് രജിസ്റ്ററിന്റെ ചാർജ്ജുള്ള ശ്രീ രാജേഷ് ഈ വിത്തുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ലാത്തതുമാണ്. കൃഷിഓഫീസർ ശ്രീമതി ആർ ബീന അവധിയിൽ അല്ലാതിരുന്ന ദിവസത്തെ തീയതിയാണ് വ്യാജമായി രാജേഷ് ഇതിനായി തിരഞ്ഞെടുത്തത്.

സി). ആത്മ പദ്ധതിയുടെ ഭാഗമായി 24.10.2019 മുതൽ 26.10.2019 വരെ തേനി, കന്യാകുമാരി, തിരുവനന്തപുരം എന്നിവിടങ്ങളിലേക്ക് നടത്തിയ പഠന യാത്രയിൽ കൃഷി അസിസ്റ്റന്റ് ശ്രീ രാജേഷിന്റെ കുടുംബാംഗങ്ങളെയാണ് ഏറ്റവും കൂടുതൽ പങ്കെടുപ്പിച്ചത് . ടിയാന്റെ ഭാര്യ ശ്രീമതി രമ്യാ, മാതാപിതാക്കൾ ശ്രീ കുട്ടി, ശ്രീമതി സുഭദ്ര, ജ്യേഷ്ഠൻ ശ്രീ ഷൈൻ, ജ്യേഷ്ഠന്റെ ഭാര്യ ശ്രീമതി സിന്ധു, ഭാര്യയുടെ മാതാപിതാക്കൾ ശ്രീ രഘുനാഥ് , ശ്രീമതി രമണി, ഭാര്യാ സഹോദരൻ ശ്രീ രഞ്ജിത് തുടങ്ങി ബന്ധുക്കളായ 8 പേരെയാണ് ടി യാത്രയിൽ പങ്കെടുപ്പിച്ചത്. കൂടാതെ പരിശീലന യാത്രയിൽ പങ്കെടുത്ത ഓരോ അംഗത്തിനും ഭക്ഷണം പാകം ചെയ്തു നൽകിയത് ടിയാന്റെ അച്ഛനാണെന്ന് രേഖപ്പെടുത്തി വൗച്ചർ തയ്യാറാക്കി 38400/- രൂപ മാറി നൽകിയിട്ടുണ്ട്.

## ഭാഗം – 4 കൃഷിഓഫീസർ ശ്രീമതി ആർ ബീന എഴുതി സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ വിവരങ്ങൾ

ശ്രീമതി ആർ ബീന 10.10.2017 മുതൽ 12.10.2020 വരെ രാജാക്കാട് കൃഷിഓഫീസർ ആയിരുന്നു.

2018-19 ൽ മൂന്ന് വെജിറ്റബിൾ ക്ലസ്റ്ററുകൾക്ക് ഓരോ ലക്ഷം രൂപ വീതം റിവോൾവിംഗ് ഫണ്ട് അനുവദിച്ചിരുന്നു. കൃഷി അസിസ്റ്റന്റുമാരായ ശ്രീ രാജേഷ്, ശ്രീ അരീഷ് എന്നിവർ രാജാക്കാട് വെജിറ്റബിൾ ക്ലസ്റ്റർ പ്രസിഡണ്ട് , സെക്രട്ടറി എന്നിവരെ സ്വാധിനിച്ച് ബാങ്കിൽ നിന്ന് തുക പിൻവലിയ്ക്കുകയും 25000/- രൂപ വീതം വീതിച്ചെടുക്കുകയും ചെയ്തു. ഈ വിവരം രാജാക്കാട് പ്രസിഡണ്ട്, സെക്രട്ടറി എന്നിവരിൽ നിന്ന് ഉറപ്പുവരുത്തുകയും ഒന്നര വർഷത്തിന് ശേഷം തുക കുറച്ചുപേർക്ക് മാത്രമായി വിതരണം ചെയ്തിട്ടുള്ളതായും പറയുന്നു.

ശ്രീ രാജേഷ് അനധികൃതമായി ആനുകൂല്യങ്ങൾ ബന്ധുക്കൾക്ക് നൽകിയിട്ടുള്ളതായി ശ്രീ അനിരുദ്ധൻ പരാതിപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയതിൽ കൃഷി അസിസ്റ്റന്റുമാരായ ശ്രീ രാജേഷ്, ശ്രീ അരീഷ് എന്നിവർ അനധികൃതമായി ആനുകൂല്യങ്ങൾ ബന്ധുക്കൾക്ക് നൽകിയിട്ടുണ്ട് എന്ന് കണ്ടെത്തിയിട്ടുണ്ട്. അപേക്ഷകളിൽ ഫീൽഡ് പരിശോധനാ റിപ്പോർട്ടുകൾ രേഖപ്പെടുത്തി തുക പാസാക്കിയതിന് ശേഷം ക്ലെയിമുകൾ തയ്യാറാക്കുന്നത് സീനിയർ കൃഷി അസിസ്റ്റന്റായ ശ്രീ രാജേഷാണ്. കമ്പ്യൂട്ടറിൽ തയ്യാറാക്കുന്ന ക്ലയിമുകളിൽ ശ്രീ രാജേഷ് ടിയാന്റെ ബന്ധുക്കളുടെ പേരും ബാങ്ക് അക്കൗണ്ട് നമ്പരുകളും അപേക്ഷകൾ പോലും ഇല്ലാതെ അനധികൃതമായി ചേർക്കുന്നു.

കൃഷിഓഫീസറിൽ നിന്ന് ലഭിച്ച വിവരമനുസരിച്ച് രാജേഷിന്റെ പിതാവായ ശ്രീ കുട്ടി വാഴകൃഷി ചെയ്യുന്നുണ്ടെന്നും മറ്റാരും തന്നെ കർഷകരാണെന്ന് കാട്ടി തന്നെ സമീപിച്ചിട്ടില്ലായെന്നും പച്ചക്കറി വികസന പദ്ധതി മൈക്രോ ഇറിഗേഷൻ വിത്ത് ഫെർട്ടിഗേഷൻ എന്നതിന് രാജേഷിന്റെ ഭാര്യ സമർപ്പിച്ച അപേക്ഷയിൽ നേരിട്ട് പരിശോധിച്ചിട്ടുണ്ടെന്നും പിന്നീട് സാമ്പത്തിക സഹായം ലഭിച്ചതിന് ശേഷം ഈ പരിപാടി രമ്യാ ഉപേക്ഷിച്ചതായും കൃഷിഓഫീസർ പറയുന്നു. അത്മ പഠന യാത്രയിൽപോലും ശ്രീ. രാജേഷ് അടുത്ത ബന്ധുക്കളെകൊണ്ടുപോകുന്നതിനാണ് ശ്രമിച്ചിട്ടുള്ളതെന്നും പറയുന്നുണ്ട്.

## <u>നിഗമനങ്ങൾ</u>

കൃഷി അസിസ്റ്റന്റുമാരായ ശ്രീ രാജേഷ് പി കെ 16.08.2017 നും ശ്രീ അരീഷ് പി 21.08.2017 നുമാണ് രാജാക്കാട് കൃഷിഭവനിൽ എത്തിയിട്ടുള്ളത്.

2012-13 മുതൽ കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് സാമ്പത്തികാനുകൂല്യങ്ങൾ നൽകുക എന്നത് അതാത് ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരുടെ ചുമതലയാണ്. കൃഷി



Generated from eOffice by JIPIMON J S, SVC (6) AGRIDIR, SVC(6) AGRIDIR, ADFW on 09/08/2023 03:17 PM

അസിസ്റ്റന്റ് ഡയറക്ടർമാർ ട്രഷറി വഴി കണ്ടിജന്റ് ബില്ലുകൾ മാറുന്നതിന് ഓരോ കൃഷിഭവനിൽ നിന്നും കൃഷി ഓഫീസർമാർ കൈയൊപ്പ് വച്ച് ഓഫീസ് മുദ്ര പതിച്ച രണ്ട് പ്രതി ക്ലയിമുകൾ വാങ്ങുന്നു. ആയതിനോടൊപ്പം ജോലിഭാരം കുറയ്ക്കുന്നതിന് ബാങ്ക് അക്കൗണ്ട് നമ്പരുകൾ അടങ്ങിയ ക്ലയിമുകളുടെ സോഫ്റ്റ് കോപ്പി കൂടി ശേഖരിക്കുകയും ആയതിനെ ട്രഷറി BIMS എന്ന പ്രോഗ്രാമിൽ അപ് ലോഡ് ചെയ്യുകയും ചെയ്യുന്നു. കൃഷിഓഫീസർ ഒപ്പിട്ട് നൽകിയ ക്ലയിമിലെ പേര് ബാങ്ക് അക്കൗണ്ട് വിവരങ്ങൾ എന്തുതന്നെ ആയാലും കൃഷിഭവനിൽ നിന്നും ശേഖരിച്ച് BIMS ൽ അപ് ലോഡ് ചെയ്ത സോഫ്റ്റ് കോപ്പിയിൽ അടങ്ങിയിരിക്കുന്ന ബാങ്ക് അക്കൗണ്ട് ഉള്ളവർക്ക് മാത്രമാണ് ധനസഹായം ലഭിക്കുന്നത്. സോഫ്റ്റ് കോപ്പിയിലെയും ഹാർഡ് കോപ്പിയിലെയും രേഖപ്പെടുത്തലുകൾ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസോ ട്രഷറിയോ ഒത്തുനോക്കാറില്ല. ഈ അവസരം കൃഷി അസിസ്റ്റന്റുമാരായ ശ്രീ രാജേഷ് ശ്രീ അരീഷ് എന്നിവർ മുതലെടുത്ത് ബന്ധുക്കളുടെ പേരും ബാങ്ക് അക്കൗണ്ട് നമ്പരുകളും അനധികൃതമായി ചേർത്ത് സർക്കാർ ധനം അനർഹർക്ക് നൽകിയിരിക്കുകയാണ്. ഈ രീതിയിൽ ശ്രീ രാജേഷ് 427570/- രൂപയുടെയും (നാലു ലക്ഷത്തി ഇരുപത്തിഏഴായിരത്തി അഞ്ഞൂറ്റി എഴുപത് ) ശ്രീ അരീഷ് 58550/- രൂപയുടെയും (അൻപത്തെണ്ണായിരത്തി അഞ്ഞൂറ്റി അഞ്ഞൂറ്റി അൻപത് ) ധനാപഹരണം നടത്തിയിട്ടുണ്ട്.

പ്രാഥമിക അന്വേഷണത്തിൽ ശ്രീ രാജേഷ് ശ്രീ അരീഷ് എന്നിവർ രാജാക്കാട് കൃഷിഭവനിൽ എത്തുന്നതിന് മുമ്പും പിൻപും ഇവരുടെ ബന്ധുക്കൾ ആരും തന്നെ കർഷകരായി കൃഷിഭവൻ സന്ദർശിച്ചിട്ടില്ലാത്തവരും കൃഷിഓഫീസർമാർക്ക് കർഷകരെന്ന തലത്തിൽ പരിചിതമല്ലാത്തവരുമാണ്.

സ്പെഷ്യൽ വിജിലൻസ് സെൽ പരിശോധനയിൽ ഏറ്റവും കൂടുതൽ ഗുണഭോക്താക്കൾ ഉള്ള പ്രകൃതിക്ഷോഭ ദുരിതാശ്വാസ ക്ലയിമുകളിലും വകുപ്പുതല ഓഡിറ്റ് നടത്താത്തതായ എസ് എച്ച് എം ക്ലയിമുകളിലുമാണ് ഇവരുടെ ബന്ധു ജനങ്ങളുടെ പേരും അക്കൗണ്ട് നമ്പരും തിരുകി കയറ്റിയിട്ടുള്ളത്. കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് ക്ലയിം സമർപ്പിച്ചതിന് ശേഷം ഓഫീസ് രേഖകളിൽ മാറ്റം വരുത്തി ബന്ധുക്കളുടെ പേരിൽ വ്യാജ അപേക്ഷകൾ ഓരോ സ്കീം അപേക്ഷകളോടൊപ്പം ചേർക്കുന്നതായി മനസ്സിലാക്കുന്നു.

കൃഷിഓഫീസർ ലീവിലായിരുന്നപ്പോൾ മാറിയ ആറു ലക്ഷം രൂപയുടെ എസ് എച്ച് എം ക്ലയിമിലെ തുകകളും ഇത്തരത്തിൽ അപഹരിക്കപ്പെട്ടതായി കാണുന്നു.

**ശുപാർശകൾ**

1. ബന്ധുക്കളുടെ പേരിൽ വ്യാജമായി അപേക്ഷകൾ തയ്യാറാക്കിയും കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് സമർപ്പിക്കുന്ന ക്ലയിമുകളിൽ ഉൾപ്പെടെ ബന്ധുക്കളുടെ പേരും ബാങ്ക് അക്കൌണ്ട് നമ്പരുകളും ചേർത്ത് സർക്കാർ ധനം അപഹരിച്ചതായി കണ്ടെത്തിയതിനാലും വെജിറ്റബിൾ ക്ലസ്റ്ററിന് നൽകിയ റിവോൾവിംഗ് ഫണ്ട് വീതിച്ചെടുക്കുകയും, അംഗീകാരമില്ലാത്ത സ്ഥാപനത്തിൽ നിന്ന് ബിൽ വാങ്ങി കൃഷി ഓഫീസറുടെ കൈയ്യൊപ്പ് വ്യാജമായി രേഖപ്പെടുത്തി ക്ലയിം തയ്യാറാക്കി നൽകുകയും കൃഷിഓഫീസർക്ക് ലഭിക്കേണ്ട തുക ഉൾപ്പെടെ അപഹരിക്കുകയും ചെയ്ത കൃഷി അസിസ്റ്റന്റായ ശ്രീ രാജേഷ് പി കെ യെ ഉടൻ തന്നെ അന്വേഷണ വിധേയമായി സേവനത്തിൽ നിന്ന് വേലവിലക്കുന്നതിന് ശുപാർശ ചെയ്യുന്നു.

2. ബന്ധുക്കളുടെ പേരിൽ വ്യാജമായി അപേക്ഷകൾ തയ്യാറാക്കിയും കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് സമർപ്പിക്കുന്ന ക്ലയിമുകളിൽ ഉൾപ്പെടെ ബന്ധുക്കളുടെ പേരും ബാങ്ക് അക്കൌണ്ട് നമ്പരുകളും ചേർത്ത് സർക്കാർ ധനം അപഹരിച്ചതായി കണ്ടെത്തിയതിനാലും വെജിറ്റബിൾ ക്ലസ്റ്ററിന് നൽകിയ റിവോൾവിംഗ് ഫണ്ട് വീതിച്ചെടുക്കുകയും ചെയ്ത കൃഷി അസിസ്റ്റന്റായ ശ്രീ അരീഷ് പി യെ ഉടൻ തന്നെ അന്വേഷണ വിധേയമായി സേവനത്തിൽ നിന്ന് വേലവിലക്കുന്നതിന് ശുപാർശ ചെയ്യുന്നു.

3. പദ്ധതി നിർവഹണത്തിലും ഫീൽഡ് തല പരിശോധനകളിലും ആയതിന്റെ അടിസ്ഥാനത്തിൽ കൃഷിഭവനിൽ തയ്യാറാക്കി കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് സമർപ്പിക്കുന്ന ക്ലയിമുകളിലെ ഗുണഭോക്താക്കളുടെ പേരും ബാങ്ക് അക്കൌണ്ട് വിവരവും , സാധുവായ അപേക്ഷയുടെ അടിസ്ഥാനത്തിലാണെന്ന് ഉറപ്പ് വരുത്തുന്നതിൽ കൃഷി ഓഫീസറുടെ ഭാഗത്തു

നിന്നും ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുണ്ട്. ശ്രീ അനിരുദ്ധൻ പരാതി നല്കിയതിനു ശേഷം മാത്രമാണ് ടി കാലയളവിലെ ഓഫീസ് രേഖകൾ പരിശോധിക്കുന്നതിനും കൃഷി ഓഫീസർ നടപടി സ്വീകരിച്ചിട്ടുള്ളതും കൃത്രിമത്വം നടന്നതായി ബോദ്ധ്യപ്പെടുന്നതിന്റെ അടിസ്ഥാനത്തിൽ മേലുദ്യോഗസ്ഥരെ അറിയിച്ചിട്ടുള്ളതും കൂടാതെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി തനിക്ക് ലഭിക്കേണ്ട റീഇമ്പേഴ്സ് തുക പോലും അപഹരിക്കപ്പെട്ടു എന്നുള്ള വിവരം ടി ഓഫീസറുടെ ശ്രദ്ധയിൽപ്പെടാതെ പോയതും താൻ അവധിയിൽ ഉണ്ടായിരുന്ന കാലയളവിൽ ആരോപണവിധേയരായ മറ്റ് ഉദ്യോഗസ്ഥർ തന്റെ ഒപ്പ് വ്യാജമായി രേഖപ്പെടുത്തി ക്ലെയിമുകൾ സമർപ്പിച്ചു എന്ന് അന്വേഷണ ഉദ്യോഗസ്ഥരുടെ മുന്നിൽ രേഖാമൂലം വിശദീകരണം നല്കുമ്പോഴും ടി വിഷയത്തിൽ സ്വീകരിക്കേണ്ട ഉചിതമായ നിയമനടപടികൾ നാളിതുവരെ സ്വീകരിക്കാതിരിക്കുന്നതും ഒരു ഓഫീസ് മേധാവി എന്നിരിക്കെ തന്റെ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ പുലർത്തുന്ന നിരുത്തരവാദിത്തപരവും ഉദാസീനവുമായ സമീപനത്തിനുള്ള വ്യക്തമായ തെളിവാണ്. ആയതിനാൽ ശ്രീമതി ആർ ബീന തന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ മേൽ പരാമർശിതപ്രകാരം വരുത്തിയ വീഴ്ചകളുടെ അടിസ്ഥാനത്തിൽ അടിന്തിരമായി സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്ത് മറ്റു വകുപ്പുതല നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. 2017-18 മുതൽ 2020-21 വരെയുള്ള രാജാക്കാട് കൃഷിഭവൻ മുഖേന നടപ്പിലാക്കിയ വിവിധ കാർഷിക വികസന പദ്ധതികളിൽ ആരോപണ വിധേയരായ ഉദ്യോഗസ്ഥരുടെ ഇടപെടൽ വ്യക്തമായ സാഹചര്യത്തിൽ പ്രസ്തുത കാലയളവിൽ രാജാക്കാട് കൃഷിഭവനിൽ താഴെ പ്പറയും പ്രകാരം സേവനമനുഷ്ഠിച്ചിട്ടുള്ള മുഴുവൻ ജീവനക്കാരിൽ നിന്നും ടി കാലയളവിൽ നെടുങ്കണ്ടം കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും പ്രസ്തുത കാലയളവിലെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് മേൽ പരാമർശിച്ച് ക്രമക്കേടുകളിൽ വിശദീകരണം തേടാവുന്നതാണ്.

| ഉദ്യോഗസ്ഥന്റെ പേര് | തസ്തിക | സേവനമനുഷ്ഠിച്ച കാലയളവ് |
|---|---|---|
| പ്രിൻസ് മാത്യു | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 21.02.2014 മുതൽ 19.03.2019 വരെ |
| അശ്വതി.റ്റി.വാസു | കൃഷി അസിസ്റ്റന്റ് ഡയറക്ടർ (i/c) | 20.03.2019 മുതൽ 02.05.2019 വരെ |
| ബാബു ജോൺ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 03.05.2019 മുതൽ 31.05.2019 വരെ |
| അശ്വതി.റ്റി. വാസു | കൃഷി അസിസ്റ്റന്റ് ഡയറക്ടർ (i/c) | 06.06.2019 മുതൽ 01.08.2019 വരെ |
| സലിൻ തപസി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 02.08.2019 മുതൽ 22.10.2019 വരെ |
| ബെറ്റ്സി മെറീന ജോൺ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ (i/c) | 23.10.2019 മുതൽ 10.11.2019 വരെ |
| രഞ്ജിത് രാജ്. കെ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 12.11.2019 മുതൽ 31.12.2020 രെ |
| നിതിൻ കുമാർ. എസ് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ (i/c) | 01.01.2021 മുതൽ 03.04.2021 വരെ |
| രഞ്ജിത് രാജ്. കെ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 03.04.2021 മുതൽ 31.05.2021 വരെ |
| ഷാജി ഇ കെ | കൃഷിഓഫീസർ | 01.01.2016 മുതൽ 10.10.2017 വരെ |
| ബീന ആർ | കൃഷിഓഫീസർ | 10.10.2017 മുതൽ 12.10.2020 വരെ |
| ബെറ്റ്സി മറീന ജോൺ | കൃഷിഓഫീസർ (i/c) | 20.02.2020 മുതൽ 06.04.2020 വരെ |
| സജിമോൻ പി ജി | കൃഷി അസിസ്റ്റന്റ് | 01.06.2016 മുതൽ 30.06.2018 വരെ |
| ബാബു പൌലോസ് | കൃഷി അസിസ്റ്റന്റ് | 01.01.2016 മുതൽ 21.08.2017 വരെ |
| അംബീഷ് പി ആർ | കൃഷി അസിസ്റ്റന്റ് | 01.01.2016 മുതൽ 16.08.2017 വരെ |
| ഷീബാമോൾ സി എ | കൃഷി അസിസ്റ്റന്റ് | 02.07.2018 മുതൽ തുടരുന്നു |
| ഷിബുഗോപാലൻ | കൃഷി അസിസ്റ്റന്റ് | 27.10.2020 മുതൽ തുടരുന്നു |

5. 2019-20 ൽ സ്കൂൾ കുട്ടികളെ പങ്കെടുപ്പിച്ച് പാഠം ഒന്ന് പാടത്തേക്ക് എന്ന പരിപാടി നടത്തിയ ഇനത്തിൽ കൃഷിഓഫീസർ ശ്രീമതി ആർ ബീന സ്വന്തമായി ചിലവഴിച്ച 5000/- രൂപ റീഇമ്പേഴ്സ് ചെയ്ത് ലഭിക്കുന്നതിന് കൃഷിഓഫീസറുടെ ബാങ്ക് അക്കൗണ്ട് രേഖപ്പെടുത്തി നെടുങ്കണ്ടം കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് സമർപ്പിച്ച ക്ലെയിമിലെ തുക കൃഷി അസിസ്റ്റന്റായ ശ്രീ രാജേഷിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് മാറി നല്കിയതിനുള്ള വിശദീകരണം ടി കാലയളവിലെ നെടുങ്കണ്ടം കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പക്കൽ നിന്നും തേടാവുന്നതാണ്.

6. 2017-18 മുതൽ 2020-21 വരെയുള്ള രാജാക്കാട് കൃഷിഭവനിൽ ലഭിച്ചിട്ടുള്ള എല്ലാ ഫണ്ടുകളിലും (വകുപ്പുതലം, ആത്മ, എസ് എച്ച് എം ഉൾപ്പെടെ) രാജാക്കാട് കൃഷിഭവനിലും നെടുങ്കണ്ടം കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിലും ഇടുക്കി കൃഷി ഡപ്യൂട്ടി ഡയറക്ടർ (ക്രഡിറ്റ്), അക്കൌണ്ട്സ് ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ രണ്ടു മാസത്തിനകം വകുപ്പുതല പരിശോധന നടത്തി സാമ്പത്തിക ബാധ്യതകൾ നിശ്ചയിച്ച് റിപ്പോർട്ട് നൽകുവാൻ ആവശ്യപ്പെടാവുന്നതാണ്.

7. കൃഷി അസിസ്റ്റന്റുമാരായ ശ്രീ രാജേഷ് പി കെ, ശ്രീ അരീഷ് എന്നിവർ നിലവിൽ ജോലിചെയ്യുന്ന കൃഷിഭവനുകളിലും റിപ്പോർട്ടിൽ സൂചിപ്പിക്കും പ്രകാരമുള്ള ക്രമക്കേടുകൾ നടത്തിയിട്ടുണ്ടോ എന്ന് തുടർ കണക്കു പരിശോധനകളിൽ ശ്രദ്ധിക്കുന്നതിന് ഇടുക്കി പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് നിർദ്ദേശം നൽകാവുന്നതാണ്.

8. ഇവർ സംസ്ഥാനത്ത് ഏത് കൃഷിഭവനിൽ ജോലിചെയ്താലും ബന്ധുക്കളുടെ പേരും ബാങ്ക് അക്കൌണ്ട് നമ്പരും ചേർത്ത് ധനാപഹരണം നടത്തുവാൻ സാധ്യതയുള്ളതിനാൽ മറ്റ് ഉദ്യോഗസ്ഥരും കർഷകരും ഇവരുടെ തട്ടിപ്പിന് ഇരയാകാതിരിക്കുവാൻ ഈ വിവരം ശ്രീ രാജേഷ് പികെ, ശ്രീ അരീഷ് എന്നിവരുടെ സേവന പുസ്തകത്തിൽ കൂടി രേഖപ്പെടുത്തുന്നതിനും ശുപാർശ ചെയ്യുന്നു.

23.06.2021

വിജിലൻസ് ഓഫീസർ (ധനകാര്യം)

VIGILANCE OFFICER (Fin) & Secretary
Special Vigilance Cell
Directorate of Agriculture Development & Farmer's Welfare Department
Thiruvananthapuram - 33

10



Generated from eOffice by JIPIMON J S, SVC (6) AGRIDIR, SVC(6) AGRIDIR, ADFW on 09/08/2023 03:26 PM

SVC (6) 4829/22

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് സ്പെഷ്യൽ വിജിലൻസ് സെൽ 2022 മേയ് മാസം കൊല്ലം ജില്ലയിലെ ചവറ ബ്ലോക്ക് പരിധിയിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്, കൃഷിഭവനുകൾ എന്നിവിടങ്ങളിൽ നടത്തിയ ആശ്ചര്യ പരിശോധനാ റിപ്പോർട്ട്**

**ആമുഖം**

ബാങ്ക് /ട്രഷറി അക്കൗണ്ടുകൾ ക്യാഷ് ബുക്കിൽ ചേർക്കാതിരിക്കുന്നതുമൂലം സർക്കാർ പണം വിവിധ ബാങ്കുകളിൽ മൃതനിക്ഷേപമായി കിടക്കുന്നതിനും സാമ്പത്തിക അപഹരണം ഉൾപ്പെടെയുള്ള ക്രമക്കേടുകൾ നടത്തുന്നതിനും വഴിയൊരുക്കുന്നു . ഈ സാഹചര്യം ഒഴിവാക്കുന്നതിന് ഓഫീസ് മേലധികാരിയും അക്കൗണ്ട്സ് കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും തന്റെ ചുമതലയിൽപ്പെട്ട എല്ലാ അക്കൗണ്ടുകളെയും കുറിച്ച് ബോധ്യമുള്ളവരായിരിക്കുക, അവശ്യം സൂക്ഷിക്കേണ്ടതായ റിക്കോർഡുകൾ രജിസ്റ്ററുകൾ ഏതെല്ലാം, ക്ലർക്കുമാർ ഉള്ള കൃഷിഭവനുകളിലെ മറ്റ് ഉദ്യോഗസ്ഥർക്ക് ഫീൽഡ് തല പ്രവർത്തനങ്ങളിൽ വ്യാപൃതരാകുന്നതിന് ക്ലർക്കുമാർക്ക് ചുമതലകളും ഉത്തരവാദിത്തങ്ങളും നൽകുക എന്നതിന് പ്രാധാന്യം നൽകി കൊല്ലം ജില്ലയിലെ കൊട്ടാരക്കര, പന്മന ചവറ, തേവലക്കര കൃഷിഭവനുകളും, പ്രിൻസിപ്പൽ കൃഷി ഓഫീസ് കൊല്ലം എന്നിവിടങ്ങളും സന്ദർശിക്കുന്നതിന് തീരുമാനിച്ചിരുന്നു. ബാങ്ക്/ട്രഷറി അക്കൗണ്ട് വിവരങ്ങൾ ക്യാഷ് ബുക്കിൽ ചേർക്കാതെ ദൈനദിന വരവ് ചിലവുകളെ മാത്രം ക്യാഷ് ബുക്കിൽ ചേർക്കുന്നതായും, ചുമതല ഒഴിയുന്ന ഉദ്യോഗസ്ഥർ ബാങ്ക്/ട്രഷറി അക്കൗണ്ട് വിവരങ്ങളും ചെക്ക് ബുക്കുകളും അടുത്തയാൾക്ക് രേഖാമൂലം കൈമാറാതിരിക്കുന്നതായും സ്പെഷ്യൽ വിജിലൻസ് സെൽ അന്വേഷണങ്ങളിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ആയത് സംബന്ധിച്ചുള്ള വിശദമായ അന്വേഷണ റിപ്പോർട്ട് പ്രത്യേകമായി തയ്യാർ ചെയ്തിട്ടുള്ളതാണ്. ഇതിന്പുറമേ ചവറ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പരിധിയിലുള്ള ചവറ, തേവലക്കര കൃഷിഭവനുകളിലെ രേഖകൾ പരിശോധിച്ചതിൽ 2020-21, 2021-22 കാലയളവിൽ വിവിധ പദ്ധതികൾ പ്രകാരം സ്വകാര്യ നഴ്സറികളിൽ നിന്ന് ചട്ടവിരുദ്ധമായി പച്ചക്കറിതൈകൾ വാങ്ങിയിട്ടുള്ളതായും ചട്ടവിരുദ്ധമായി സാമ്പത്തിക ഇടപാടുകൾ നടത്തിയിട്ടുള്ളതായും, ഉത്തരവാദിത്തപ്പെട്ട അധികാര സ്ഥാനങ്ങളിൽ ഇരിക്കുന്ന ഉദ്യോഗസ്ഥർ അധികാര ദുർവിനിയോഗവും സ്വജന പക്ഷപാതവും നടത്തിയതായും കണ്ടെത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ അന്വേഷണം നടത്തുന്നതിന് തീരുമാനിക്കുകയും ചവറ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസും ഇതിന്റെ പരിധിയിലുള്ള ചവറ, നീണ്ടകര, തെക്കുംഭാഗം, തേവലക്കര, പന്മന എന്നീ 5 കൃഷിഭവനുകളിലും അന്വേഷണം നടത്തിയിരുന്നു. ഇതിന് പുറമേ രേഖകൾ പ്രകാരം പച്ചക്കറി തൈകൾ വിതരണം നടത്തിയതായി കണ്ടെത്തിയ സ്ഥാപനങ്ങളിൽ കൃഷിവകുപ്പ് പദ്ധതി പ്രകാരം രൂപീകൃതമായെന്ന് കൃഷി അസിസ്റ്റന്റ് ഡയറക്ടർ അവകാശപ്പെട്ടതു പ്രകാരം ഇരവിപുരം കൃഷി അസിസ്റ്റന്റ് യറക്ടറുടെ പരിധിയിൽ വരുന്ന ഹരിതലക്ഷ്മി ബ്ലോക്ക് ലവൽ നഴ്സറി കൊല്ലം , കായംകുളം കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പരിധിയിൽ വരുന്ന ഓണാട്ടുകര അഗ്രോഫാം കായംകുളം എന്നിവിടങ്ങളിൽ നേരിട്ട് പരിശോധന നടത്തുകയും ചെയ്തു . ആയതിന്റെ അടിസ്ഥാനത്തിൽ ചവറ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിന്റെ പരിധിയിൽ കണ്ടെത്തിയ ക്രമക്കേടുകൾ റിപ്പോർട്ടിന്റെ ഒന്നാം ഭാഗത്തും, ഓണാട്ടുകര അഗ്രോഫാംസിന്റെ പ്രവർത്തവുമായി ബന്ധപ്പെട്ട് കായംകുളം കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിന്റെ പരിധിയിൽ കണ്ടെത്തിയ ക്രമക്കേടുകൾ റിപ്പോർട്ടിന്റെ രണ്ടാം ഭാഗത്തും , ക്രമക്കേടുകളും ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരുവിവരങ്ങൾ മൂന്നാം ഭാഗത്തും ഉൾപ്പെടുത്തിയാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

## ഭാഗം 1

## ചവറ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പരിധിയിലെ അന്വേഷണവും കണ്ടെത്തലുകളും

2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ നടപ്പാക്കിയ വിവിധ കാർഷിക വികസന പദ്ധതികളിൽ ചട്ടവിരുദ്ധമായി സ്വകാര്യ നഴ്സറികളിൽ നിന്ന് പച്ചക്കറി തൈകൾ വാങ്ങിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ അന്വേഷണം നടത്തുന്നതിന് തീരുമാനിക്കുകയും ചവറ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസും ഇതിന്റെ പരിധിയിലുള്ള ചവറ, നീണ്ടകര, തെക്കുംഭാഗം, തേവലക്കര, പന്മന എന്നീ 5 കൃഷിഭവനുകളിലും

അന്വേഷണം നടത്തിയിരുന്നു. ഇതിന് പുറമേ രേഖകൾ പ്രകാരം പച്ചക്കറി തൈകൾ വിതരണം നടത്തിയതായി കണ്ടെത്തിയ സ്ഥാപനങ്ങളിൽ കൃഷിവകുപ്പ് പദ്ധതി പ്രകാരം രൂപീകൃതമായെന്ന് കൃഷി അസിസ്റ്റന്റ് ഡയറക്ടർ അവകാശപ്പെട്ട ഹരിതലക്ഷ്മി കൊല്ലം , ഓണാട്ടുകര അഗ്രോഫാം കായംകുളം എന്നിവിടങ്ങളിൽ നേരിട്ട് പരിശോധന നടത്തുകയും ആവശ്യമായ രേഖകളും സ്റ്റേറ്റ്മെന്റുകളും ലഭ്യമാക്കിയിട്ടുള്ളതാണ്.

**കണ്ടെത്തലുകൾ**

അന്വേഷണത്തിൽ ചവറ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി ഷെറിൻ മുള്ളർ നേരിട്ടാണ് വിവിധ സ്ഥാപനങ്ങളിൽ നിന്ന് പച്ചക്കറി തൈകൾ കൃഷിഭവനുകൾക്ക് ഇറക്കിനൽകിയിട്ടുള്ളതെന്നും ടിയാരിയുടെ കൊല്ലം നീണ്ടകരയിലുള്ള വസതിയോട് ചേർന്ന് സ്വകാര്യ നഴ്സറി, കുടുംബാംഗങ്ങളുടെ പേരിൽ നടത്തുന്നതായും ഈ സ്ഥാപനത്തിന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ നിന്നുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ ഉൾപ്പെടെ നേടിയെടുക്കുന്നതിനും വിവിധ കാർഷിക വികസന പദ്ധതികളിൽ പ്രസ്തുത സ്ഥാപനത്തിൽ നിന്ന് നേരിട്ടും മറ്റ് സ്ഥാപനങ്ങളുടെയോ കൃഷി വകുപ്പ് സംവിധാനങ്ങളുടെ മറവിലോ പച്ചക്കറി തൈകൾ വിതരണം നടത്തിയതായി കണ്ടെത്തുവാൻ കഴിഞ്ഞു. ആയത് സാധൂകരിക്കുംവിധം വിവരങ്ങളാണ് കൃഷിഓഫീസർമാർ രേഖാമൂലം മൊഴിയായി നൽകിയിട്ടുള്ളത്. കൃഷിവകുപ്പിന്റെ ബ്ലോക്ക് നിയന്ത്രണാധികാരി എന്ന പദവി ദുരുപയോഗം ചെയ്ത് നിർവഹണ ഉദ്യോഗസ്ഥരായ കൃഷിഓഫീസർമാരെ നിർബന്ധപൂർവ്വം ചട്ടവിരുദ്ധമായി പച്ചക്കറി തൈകൾ വിതരണം ചെയ്യുന്നതിനും സ്വവസതിയിൽ പ്രവർത്തിക്കുന്ന നഴ്സറിയ്ക്ക് വിവിധ പദ്ധതികൾ പ്രകാരം ആനുകൂല്യം നേടിയെടുക്കുന്നതിനും പ്രേരിപ്പിച്ചിരുന്നതായും ചവറ ബ്ലോക്ക് പരിധിയിൽ വരുന്ന 5 കൃഷിഓഫീസർമാരും മൊഴി നൽകിയിട്ടുണ്ട്.

പച്ചക്കറി വികസന പദ്ധതി പ്രവർത്തന നിർദ്ദേശങ്ങൾ (Working Instructions) പ്രകാരം വകുപ്പിലെ ഫാമുകൾ, പച്ചക്കറി വികസന പദ്ധതി പ്രകാരം രൂപം കൊണ്ടിട്ടുള്ള ബ്ലോക്ക് ലവൽ/ പഞ്ചായത്ത് ലവൽ നഴ്സറികൾ, അഗ്രോ സർവ്വീസ് സെന്റർ, കാർഷിക കർമ്മസേന, VFPCK എന്നിവിടങ്ങളിൽ നിന്നും പച്ചക്കറി തൈകൾ സംഭരിച്ച് വിതരണം നടത്തുവാനാണ് നിഷ്കർഷിച്ചിട്ടുള്ളത്.

നിർവഹണ ഉദ്യോഗസ്ഥരായ കൃഷിഓഫീസർമാർ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് ഗുണമേന്മ ഉറപ്പാക്കി സാക്ഷ്യപ്പെടുത്തി പച്ചക്കറി തൈകൾ കർഷകർക്ക് വിതരണം ചെയ്യണം എന്നിരിക്കെ ചവറ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി ഷെറിൻ മുള്ളർ സ്വന്തം താൽപ്പര്യ പ്രകാരം സ്വവസതിയിൽ പ്രവർത്തിക്കുന്ന ജയ്ഗാർഡൻ എന്ന സ്ഥാപനത്തിൽ നിന്നും , ഇരവിപുരം ബ്ലോക്കിൽ പ്രവർത്തിക്കുന്ന ഹരിതലക്ഷ്മി, ആലപ്പുഴ ജില്ലയിലെ മുതുകുളം ബ്ലോക്കിൽ പ്രവർത്തിക്കുന്ന ഓണാട്ടുകര അഗ്രോഫാം എന്നീ സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് പച്ചക്കറി തൈകൾ കൃഷിഭവനുകളിൽ ഇറക്കിനൽകുവാനും ആയത് സംബന്ധിച്ച് ബില്ലുകൾ അതാത് കൃഷിഓഫീസർമാരുടെ പേരിൽ നൽകുവാനും ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് രേഖാമൂലമല്ലാതെയുള്ള നിർദ്ദേശം നൽകുകയും പ്രസ്തുത വിവരം ബന്ധപ്പെട്ട സ്ഥാപന നടത്തിപ്പുകാർ അന്വേഷണ സംഘത്തോട് ധരിപ്പിക്കുകയും രേഖാമൂലം എഴുതി നൽകിയിട്ടുള്ളതുമാണ്. ഇത് ബ്ലോക്ക് തല നിയന്ത്രണ ഉദ്യോഗസ്ഥ എന്ന നിലയിലുള്ള തന്റെ അധികാരം ശ്രീമതി ഷെറിൻ മുള്ളർ ദുരുപയോഗം ചെയ്തു എന്നത് വ്യക്തമാക്കുകയാണ്.

2020-21 വർഷത്തെ RKVY പദ്ധതി പ്രകാരം തേവലക്കര കൃഷിഭവൻ പരിധിയിൽ തേവലക്കര ഓർഗാനിക് ഇക്കോഷോപ്പ് മുഖേന നൽകിയ 1,60,000 തൈകൾ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഇടനിലക്കാരിയായി നിന്ന് ഇറക്കി നൽകുകയും വിലയായി 3,08,500/- രൂപ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി ഷെറിൻ മുള്ളർ പണമായി കൈപ്പറ്റി എന്നും ഈ തുകയിൽ 1,96,000/- രൂപയ്ക്ക് കായംകുളം ഓണാട്ടുകര അഗ്രോഫാം ഉടമ ശ്രീമതി ഷഹാന ബഷീറിന്റേതായ ഒരു കൈപ്പറ്റ് രസീത് നൽകിയിട്ടുള്ളതായും ശേഷിക്കുന്ന 1,12,500/- രൂപയ്ക്ക് നാളിതുവരെ യാതൊരു രേഖകളും നൽകിയിട്ടില്ലെന്നും ഇക്കോഷോപ്പ് ഭാരവാഹികൾ രേഖാമൂലം വെളിപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വിവരം തേവലക്കര കൃഷിഓഫീസർ എഴുതി നൽകിയ സ്റ്റേറ്റ്മെന്റിലും വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ അന്വേഷണത്തിന്റെ ഭാഗമായി ഓണാട്ടുകര അഗ്രോഫാം സന്ദർശിച്ചപ്പോൾ തേവലക്കര ഇക്കോഷോപ്പിന് തൈകൾ നൽകിയതുമായി ബന്ധപ്പെട്ട് യാതൊരുവിധ രേഖകളും ലഭ്യമല്ലായിരുന്നു. മാത്രവുമല്ല ഓണാട്ടുകര അഗ്രോഫാംസിന്റേതായി തേവലക്കര ഇക്കോഷോപ്പിന് ലഭ്യമാക്കിയിരിക്കുന്ന 'ഷഹാന ബഷീറിന്റെ' പേരിലുള്ള കൈപ്പറ്റ് രസീത് തന്റേതല്ലാ എന്നും രസീതിൽ പരാമർശിച്ചിരിക്കുന്ന തുക തനിക്ക് ലഭിച്ചിട്ടില്ലായെന്നും ഓണാട്ടുകര അഗ്രോഫാം ഉടമ ശ്രീമതി 'ഷെഹ്നാ ബഷീർ'

രേഖാമൂലം എഴുതി നൽകിയിട്ടുണ്ട്. ടി വിഷയത്തിൽ ബ്ലോക്ക് തല നിയന്ത്രണാധികാരി എന്ന നിലയിൽ ശ്രീമതി ഷെറിൻ മുള്ളറുടെ ഭാഗത്തുനിന്നും ഗുരുതരമയ ചട്ടലംഘനങ്ങളാണ് സംഭവിച്ചിട്ടുള്ളത്. സാമ്പത്തിക ക്രയവിക്രയങ്ങളിൽ ഒരു സർക്കാർ ഉദ്യോഗസ്ഥൻ പാലിക്കേണ്ട അടിസ്ഥാന പരമായിട്ടുള്ള ചട്ടങ്ങൾ പോലും ലംഘിക്കപ്പെടുകയും വ്യാജരേഖ ചമക്കൽ പോലെയുള്ള അത്യന്തം ഗുരുതരമായ ക്രമക്കേടുകൾ വരുത്തുകയും ചെയ്തിരിക്കുന്നു.

നീണ്ടകര കൃഷിഭവൻ പരിധിയിൽ ശ്രീമതി ഷെറിൻ മുള്ളറുടെ സ്വവസതിയായ ഷെറിൻ നെസ്റ്റിനോട് അനുബന്ധമായി മാതാവ് ജോസി നെറ്റോയുടെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന ജയ്ഗാർഡൻ എന്ന നഴ്സറിക്ക് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, ജില്ലാ കുടുബശ്രീ മിഷൻ എന്നിവ മുഖേന അംഗീകാരം നേടിയെടുക്കുന്നതിനും ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും കൂടാതെ ഇതേ സ്ഥാപനത്തിന് തന്നെ ടിയാരിയുടെ ഭർത്താവ് ശ്രീ ജയമോൻ ജെറോമിന്റെ പേരിൽ എസ്.എച്ച്.എം പദ്ധതിയിൽ നഴ്സറി ആനുകൂല്യം നേടുന്നതിനായും ചട്ടവിരുദ്ധമായി നിരവധി ഇടപെടലുകൾ ശ്രീമതി ഷെറിൻ മുള്ളർ നടത്തിയിട്ടുണ്ട്. ഇതിന് പുറമേ നീണ്ടകര കൃഷിഭവനിൽ നിന്ന് 2020-21 സാമ്പത്തിക വർഷം ശ്രീ ജയമോൻ ജെറോമിന്റെ പേരിലും 2021-22 സാമ്പത്തിക വർഷം പിതാവ് ശ്രീ ഗോർഡൻ മുള്ളറിന്റെ പേരിലും റെയിൻ ഷെൽട്ടർ നിർമ്മിച്ചതിനുള്ള സാമ്പത്തിക ആനുകൂല്യം നേടിയെടുക്കുന്നതിന് ശ്രീമതി ഷെറിൻ മുള്ളറിന്റെ ഭാഗത്തുനിന്നും ഇടപെടലുകൾ നടത്തിയിട്ടുണ്ട്.

ഇത്തരത്തിൽ സർക്കാർ പദ്ധതികളിൽ നിന്നും ഉള്ള സാമ്പത്തിക ആനുകൂല്യങ്ങൾ മാതാപിതാക്കളുടെയും ഭർത്താവിന്റെയും ബാങ്ക് അക്കൗണ്ടുകളിലേക്കും, ശ്രീമതി ഷെറിൻ മുള്ളറുടെയും പിതാവിന്റെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടുകളിലേക്കും ലഭ്യമാക്കുന്നതിനുള്ള അന്യായമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്.

### 1. കണ്ടെത്തലുകളുടെ വിശദ വിവരങ്ങൾ

### എ. പച്ചക്കറി വികസന പദ്ധതി 2020-21

നീണ്ടകര കൃഷിഭവൻ മുഖേന 2020-21 സാമ്പത്തിക വർഷം പച്ചക്കറി വികസന പദ്ധയിയിൽ ഉൾപ്പെടുത്തി മഴമറ (Rain Shelter) അനുവദിച്ചിരിക്കുന്നത് ജയമോൻ ജെറോം, ഷെറിൻ നെസ്റ്റ്, നീണ്ടകര എന്ന വ്യക്തിക്കാണ്. ടിയാൻ ചവറ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി ഷെറിൻ മുള്ളറിന്റെ ഭർത്താവാണ്. ടി ആനുകൂല്യത്തിനായി കൃഷിഭവനിൽ സമർപ്പിച്ചിരിക്കുന്ന അപേക്ഷയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ M.A Enterprises, കായംകുളം എന്ന സ്ഥാപനത്തിന്റെ 29.12.2020 തീയതിയിലെ ടാക്സ് ഇൻവോയ്സ് ബില്ലും ഹൈടക് എൻജിനീയറിംഗ് കായംകുളം എന്ന സ്ഥാപനത്തിന്റെ പേരിൽ പണിക്കൂലി ഇനത്തിൽ 15,000/- രൂപ കൈപ്പറ്റിയതിന്റെ തീയതി രേഖപ്പെടുത്താത്ത രസീതും കണ്ടെത്തുവാൻ സാധിച്ചു. പ്രസ്തുത ബില്ല് പ്രകാരമുള്ള നിർമ്മാണ സാമഗ്രികൾ 29.12.2020 ന് ഉണഭോക്താവിന് ലഭിച്ചുവെന്നിരിക്കെ അന്നേ ദിവസം തന്നെ കൃഷിഓഫീസർ ആയതുമായി ബന്ധപ്പെട്ട ക്ലയിം സ്റ്റേറ്റ്മെന്റ് അംഗീകരിച്ച് തീയതിയോടുകൂടിയ കൈയ്യൊപ്പ് രേഖപ്പെടുത്തിയിരിക്കുന്നതും അപേക്ഷാ ഫോറം ശുപാർശ കോളത്തിൽ കൃഷി അസിസ്റ്റന്റും കൃഷിഓഫീസറും ശുപാർശയും അനുമതിയും രേഖപ്പെടുത്തിയിരിക്കുന്നതിൽ തീയതി വ്യക്തമാക്കാത്തതും പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് മുൻപ് തന്നെ ആനുകൂല്യം അനുവദിക്കുന്നതിന് ചട്ടവിരുദ്ധമായ ഇടപെടലുകൾ നടന്നിട്ടുള്ളതിന്റെ തെളിവാണ് (അനുബന്ധം 1/1 to 1/8)

### ബി. ആർ.കെ.വി.വൈ 2020-21 - തരിശുഭൂമിയിൽ ഊർജ്ജിത ഭക്ഷ്യോത്പാദനവും വിപണന ശൃംഖലയുടെ ശാക്തീകരണവും

ഈ പദ്ധതി പ്രകാരം നെല്ല്, പച്ചക്കറി, വാഴകൃഷി, കിഴങ്ങു വർഗ്ഗം, പയർ വർഗ്ഗം, ചെറുധാന്യങ്ങൾ എന്നിവ കൃഷി ചെയ്യുന്നതിനാണ് അനുവാദം നൽകിയിട്ടുള്ളത്. കൊല്ലം പ്രിൻസിപ്പൽ കൃഷി ഓഫീസിൽ നിന്ന് ഈ ഘടകങ്ങൾക്കെല്ലാം തുക അനുവദിച്ചിട്ടുണ്ട്. കൊല്ലം പ്രിൻസിപ്പൽ കൃഷി ഓഫീസിൽ നിന്നുള്ള രേഖകൾ പ്രകാരം ഈ പദ്ധതിയ്ക്ക് 79.25 ലക്ഷം രൂപയാണ് ആകെ അനുവദിച്ചിരുന്നത് (അനുബന്ധം 2). ഇതിൽ പച്ചക്കറികൃഷി എന്ന ഘടകം മാത്രമാണ് സ്പെഷ്യൽ വിജിലൻസ് സെൽ പരിശോധന നടത്തിയിട്ടുള്ളത്. ഈ ഘടകത്തിന് 8 ലക്ഷം രൂപമാത്രമാണ് കൊല്ലം പ്രിൻസിപ്പൽ കൃഷി ഓഫീസർ അനുവദിച്ചിരുന്നത്. എന്നാൽ ചവറ കൃഷി അസിസ്റ്റന്റ് ഡയറക്ടർ 1130000/- (പതിനൊന്ന് ലക്ഷത്തി മുപ്പതിനായിരം രൂപ) ആകെ ചെലവഴിച്ചിരിക്കുന്നു (അനുബന്ധം 3 അടയാളം A). കൃഷിഭവൻ തലത്തിലുള്ള വിവരങ്ങൾ

ചുവടെ ചേർക്കുന്നു.

| കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ സ്റ്റേറ്റ്മെന്റ് (അനുബന്ധം 3 അടയാളം A) | | | എഡിഎ യിൽ നിന്നും ലഭിച്ച ക്ലയിമുകൾ പ്രകാരമുള്ള വിവരങ്ങൾ (അനുബന്ധം 4/1 to 4/34) | |
|---|---|---|---|---|
| കൃഷിഭവൻ | ഭൗതിക നേട്ടം (ഹെ.) | സാമ്പത്തിക നേട്ടം (രൂപ) | കൃഷിഓഫീസർമാർ നൽകിയ ക്ലയിം പ്രകാരമുള്ള തൈകളുടെ എണ്ണം | എവിടെ നിന്നാണ് സംഭരിച്ചത് |
| ചവറ | 5 | 200000 | 16000+32000=48000 | കാർഷിക കർമ്മസേന, കൃഷിഭവൻ ചവറ 1,96,000 തൈകൾ |
| പന്മന | 2 | 80000 | 16000 | |
| തെക്കുംഭാഗം | 3 | 120000 | 16000+32000=48000 | |
| നീണ്ടകര | 5.25 | 210000 | 16000+52000+16000=84000 | |
| തേവലക്കര | 13 | 520000 | 160000 | ഓർഗാനിക് ഇക്കോഷോപ്പ് കൃഷിഭവൻ തേവലക്കര |
| **ആകെ** | **28.25** | **1130000** | **356000** | |

**ബി 1.** കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 27.07.2020 ലെ എ.ഡി.എഫ്.ഡബ്ല്യൂ 524/2020 ടി.പി3 നമ്പർ സർക്കുലർ പ്രകാരം ഉൽപ്പാദനോപാധികളായ വിത്ത്, വളം മുതലായവയുടെ ലഭ്യത ഉറപ്പുവരുത്തണമെന്നും അഗ്രോ സർവ്വീസ് സെന്റർ, കാർഷിക കർമ്മസേന, മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തുടങ്ങിയവയെ കൃഷി പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കണമെന്നും ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ കൃഷി വകുപ്പ് ഫാമുകൾ, കേരള കാർഷിക സർവ്വകലാശാല, സി.റ്റി.സി.ആർ.ഐ, വി.എഫ്.പി.സി.കെ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും കർഷകർ തമ്മിലുള്ള കൈമാറ്റത്തിലൂടെയും സംഭരിക്കണം എന്നാണ് നിഷ്കർഷിച്ചിരിക്കുന്നത്.

കൂടാതെ തരിശുഭൂമിയിൽ ആദ്യ കൃഷിയ്ക്ക് മാത്രമാണ് ആനുകൂല്യം നൽകേണ്ടത് . നിർദ്ദേശിച്ചിട്ടുള്ള ആനുകൂല്യം രണ്ട് തവണകളായി നൽകാം. ആദ്യ തവണ പ്ലാന്റിംഗ് നടക്കുമ്പോഴും രണ്ടാം തവണ സീസണിന്റെ പകുതിയിലുള്ള പരിശോധനയ്ക്ക് ശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് നൽകാവുന്നതാണ്. കൃഷി ഭൂമി വിട്ടുനൽകുന്ന ഉടമയ്ക്ക്, പ്ലാന്റിംഗ് നടക്കുന്ന സമയത്ത് തന്നെ നൽകണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത് (അനുബന്ധം 5). മേൽ നിർദ്ദേശങ്ങൾ ഒന്നും തന്നെ പ്രസ്തുത പദ്ധതിയുടെ നിർവഹണ ഘട്ടത്തിൽ ചവറ ബ്ലോക്കിന്റെ പരിധിയിൽ പാലിച്ചിട്ടില്ല

**ബി 2.** സാമ്പത്തിക നേട്ടമായി കാണിച്ചിട്ടുള്ള 11,30,000/- രൂപയ്ക്ക് ആകെ 3,56,000 തൈകൾ സംഭരിച്ച് വിതരണം നടത്തിയതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിൽ 8,90,000/- രൂപയുടെ ക്ലയിമുകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭിച്ചിട്ടുള്ളത് (അനുബന്ധം 4/1 to 4/34). ശേഷിച്ച 2,40,000/- രൂപയുടെ വിനിയോഗ വിവരങ്ങൾ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.

**ബി 3.** ചവറ കൃഷി അസിസ്റ്റന്റ് ഡയറക്ടറിൽ നിന്നും ലഭിച്ച ധനവിനിയോഗ രേഖകൾ പ്രകാരം ആർ.കെ.വി.വൈ പദ്ധതി പ്രകാരം 68,55,000/- രൂപ ചെലവഴിച്ചിട്ടുള്ളതായി വ്യക്തമാകുന്നു (അനുബന്ധം 3). കൊല്ലം പ്രിൻസിപ്പൽ കൃഷി ഓഫീസിൽ നിന്നും ലഭിച്ച രേഖകൾ പ്രകാരം 2020-21 സാമ്പത്തിക വർഷം ആർ.കെ.വി.വൈ പദ്ധതി പ്രകാരം അനുബന്ധം 2 ൽ സൂചിപ്പിക്കുന്ന ടാർജറ്റ് നൽകുകയും ആയതിൽ അനുബന്ധം 6 ൽ പറയും പ്രകാരം ധനവിനിയോഗം ചവറ കൃഷി അസിസ്റ്റന്റ് ഡയറക്ടർ നടത്തിയിട്ടുള്ളതായും സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.

| ഘടകം | അനുവദിച്ച തുക (ലക്ഷത്തിൽ) | ചിലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| നെൽ കൃഷി | 50.8 | 8 |
| പച്ചക്കറി കൃഷി | 8 | 11.3 |
| വാഴ | 14 | 15.4 |
| പൾസസ് | 0.3 | 6 |
| മില്ലറ്റ് | 0.15 | 0.15 |
| കിഴങ്ങു വർഗ്ഗം | 6 | 25.7 |
| **ആകെ** | **79.25** | **66.55** |

ചവറ കൃഷി അസിസ്റ്റന്റ് ഡയറക്ടർ നൽകിയ ധനവിനിയോഗ പത്രിക താഴെ പറയും പ്രകാരമാണ് (അനുബന്ധം 3).

| ഘടകം | അനുവദിച്ച തുക (ലക്ഷത്തിൽ) | ചിലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| നെൽ കൃഷി | 8 | 8 |
| പച്ചക്കറി കൃഷി | 11.3 | 11.3 |
| വാഴ | 15.4 | 15.4 |
| പൾസസ് | 6 | 6 |
| മില്ലറ്റ് | 0.15 | 0.15 |
| കിഴങ്ങു വർഗ്ഗം | 25.7 | 25.7 |
| മാർക്കറ്റ് | 2 | 2 |
| **ആകെ** | **68.55** | **68.55** |

മേൽ പട്ടികകൾ പ്രകാരം ജില്ലാ ഓഫീസിൽ നിന്നും ഓരോ ഘടകത്തിനും അനുവദിച്ചിരിക്കുന്ന തുകയും അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിൽ നിന്ന് ചെലവഴിച്ചിരിക്കുന്ന തുകയും തമ്മിൽ വലിയ അന്തരം കാണുന്നു. നെൽകൃഷിയ്ക്ക് ആകെ അനുവദിച്ചിരുന്ന 50.8 ലക്ഷം രൂപയിൽ 8 ലക്ഷം രൂപ മാത്രം പ്രസ്തുത ഘടകത്തിന് ചെലവഴിച്ച് ശേഷിക്കുന്ന 42.8 ലക്ഷം രൂപ വകമാറ്റി മറ്റ് പല ഘടകങ്ങൾക്കുമായി വിനിയോഗിച്ചിരിക്കുന്നു. മാത്രവുമല്ല ജില്ലാ ഓഫീസിൽ നിന്ന് അനുവദിച്ചിട്ടില്ലാത്ത മാർക്കറ്റ് എന്ന ഘടകത്തിൽ 2 ലക്ഷം രൂപ ചെലവഴിച്ചതായും ചവറ കൃഷി അസിസ്റ്റന്റ് ഡയറക്ടർ നൽകിയ രേഖകളിൽ നിന്നും വ്യക്തമാകുന്നു. ഇത്തരത്തിൽ അനുവദിച്ച ഘടകങ്ങളിൽ നിന്ന് വ്യതിചലിച്ച് തുക ചെലവഴിക്കുന്നതിന് സാധൂകരിക്കത്തക്ക ഉത്തരവുകളൊന്നും തന്നെ ലഭ്യമാക്കിയിട്ടില്ല.

**ബി4.** ചവറ കാർഷിക കർമ്മസേനയിൽ നിന്നും 196000 തൈകൾ വിവിധ കൃഷിഭവനുകളിലേക്ക് വിതരണം ചെയ്തതായി വ്യക്തമാകുന്നു. എന്നാൽ പ്രസ്തുത സംവിധാനത്തിന് ഇത്രയധികം തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുവാനുള്ള ഭൗതിക സാഹചര്യം നിലവിലില്ലാത്തതിനാൽ മറ്റ് ഏജൻസികളിൽ നിന്ന് സംഭരിച്ച് വിതരണം നടത്തുകയാണ് ചെയ്തിട്ടുള്ളത് (അനുബന്ധം 7). ഈ ഇനത്തിൽ 4,90,000/- രൂപ കർമ്മസേനയുടെ അക്കൗണ്ടിൽ ലഭ്യമാക്കിയിട്ടുണ്ട്. കാർഷിക കർമ്മസേനകൾ മുഖേന കൃഷിവകുപ്പ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ഗുണമേന്മയുള്ള തൈകൾ തദ്ദേശീയമായി ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യാമെന്നിരിക്കെ മറ്റ് ഏജൻസികളെ വഴിവിട്ട് സഹായിക്കുന്നതിനാണ് ഉദ്യോഗസ്ഥർ ശ്രമിച്ചിട്ടുള്ളത്. ഇത്തരത്തിൽ സംഭരണം ചെയ്ത് വിതരണം ചെയ്യേണ്ടി വന്ന

സാഹചര്യവും പ്രസ്തുത തൈകളുടെ ഗുണനിലവാരം പരിശോധന സംബന്ധിച്ച യാതൊരുവിധ രേഖകളും ലഭ്യമാക്കിയിട്ടില്ല.

**ബി 5.** തേവലക്കര കൃഷിഭവൻ 1,60,000 തൈകൾ തേവലക്കര ഇക്കോഷോപ്പ് വഴി വാങ്ങി വിതരണം നടത്തി എന്നാണ് ക്ലയിമിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഈ ഇനത്തിൽ നാല് ലക്ഷം രൂപ 24.03.2021 ന് ഇക്കോഷോപ്പിന്റെ ബാങ്ക് അക്കൗണ്ടിൽ ലഭിച്ചിട്ടുണ്ട് (അനുബന്ധം 8). ഇക്കോഷോപ്പിന് പച്ചക്കറിതൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുന്നതിനുള്ള ഭൗതിക സാഹചര്യം ഇല്ല. ഇക്കോഷോപ്പ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ചെറിയ ലാഭം കിട്ടത്തക്കതരത്തിൽ ഉൽപ്പാദനോപാധികൾ മറ്റ് സ്ഥലങ്ങളിൽ നിന്നും ശേഖരിച്ച് വിൽക്കാറുണ്ടെന്ന് ഇക്കോഷോപ്പ് ഭാരവാഹികൾ അന്വേഷണസംഘത്തോട് വ്യക്തമാക്കിയിട്ടുണ്ട്.

ഇത്തരത്തിൽ 2020-21 സാമ്പത്തിക വർഷം 1,60,000 തൈകൾ സംഭരിച്ച് വിതരണം നടത്തുന്നതിന് തേവലക്കര കൃഷിഓഫീസർ നിർദ്ദേശം നൽകിയിരുന്നു. ആയതിൽ 23,000 പച്ചക്കറി തൈകൾ പെരിനാട് പോംസ് അഗ്രോ ബസാറിൽ നിന്നും ഇക്കോഷോപ്പ് നേരിട്ട് 2.25 രൂപ നിരക്കിൽ വാങ്ങിയിരുന്നു ഈ ഘട്ടത്തിൽ ചവറ കൃഷി അസിസ്റ്റന്റ് ഡയറക്ടർ 2.25 രൂപ നിരക്കിൽ തൈകൾ ഇറക്കി നൽകാമെന്നും ടിയാരി മുഖേന മാത്രമേ തൈകൾ ഇറക്കാവൂ എന്ന് നിർബന്ധിച്ചിട്ടുള്ളതാണെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ടിയാരി തന്നെ പച്ചക്കറി തൈകൾ ഇക്കോഷോപ്പിന് ഇറക്കി നൽകുകയും ആയത് പൂർത്തീകരിക്കുന്നതിന് മുൻപ് തന്നെ രണ്ട് ഘട്ടങ്ങളിലായി 3,08,500/- രൂപ ടിയാരി ക്യാഷായി കൈപ്പറ്റിയിട്ടുള്ളതായി ഇക്കോഷോപ്പ് ഭാരവാഹികൾ രേഖാമൂലം എഴുതി നൽകിയിട്ടുണ്ട് (അനുബന്ധം 9). ആയത് തേവലക്കര കൃഷിഓഫീസറുടെ സ്റ്റേറ്റ്മെന്റിലും സൂചിപ്പിച്ചിട്ടുണ്ട് (അനുബന്ധം 10). പച്ചക്കറി തൈ വിതരണത്തോടനുബന്ധമായി 1,37,111 എണ്ണം തൈകളുടെ ഓണാട്ടുകര അഗ്രോഫാം എന്ന സ്ഥാപനത്തിന്റേതായ രണ്ടു ബില്ലുകൾ (അനുബന്ധം 11/1, 11/2) ചവറ കൃഷി അസിസ്റ്റന്റ് ഡയറക്ടർ നേരിട്ട് നൽകിയിട്ടുണ്ട്. കൂടാതെ നേരിട്ട് കൈപ്പറ്റിയ തുകയിൽ 1,96,000/- രൂപയ്ക്ക് മാത്രമാണ് ടിയാരി കൈപ്പറ്റ് രസീത് നാളിതുവരെ നൽകിയിട്ടുള്ളത്. ഓണാട്ടുകര അഗ്രോഫാമിന്റെ പേരിൽ ഷഹാന ബഷീർ എന്ന വ്യക്തി കൈപ്പറ്റിയതായ രസീതാണ് ഇക്കോഷോപ്പിന് ടിയാരി നൽകിയിട്ടുള്ളത് (അനുബന്ധം 12).

ഈ അന്വേഷണത്തിന്റെ ഭാഗമായി അന്വേഷണ സംഘം കായംകുളത്ത് പ്രവർത്തിക്കുന്ന ഓണാട്ടുകര അഗ്രോഫാം സന്ദർശിക്കുകയും രേഖകൾ പരിശോധിക്കുകയും ചെയ്തതിൽ പ്രസ്തുത എണ്ണം തൈകൾ തേവലക്കര ഇക്കോഷോപ്പിന് നൽകിയതായ രേഖകളോ ഓണാട്ടുകര അഗ്രോഫാംസിന്റേതായി ചവറ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള ബില്ലിന്റെ പകർപ്പുകളോ സൂക്ഷിച്ചതായി കാണുന്നില്ല.

2021-22 വർഷത്തെ പച്ചക്കറി വികസന പദ്ധതി പ്രകാരം ചവറ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ നിർദ്ദേശ പ്രകാരം കൃഷിഭവനുകളിൽ വിതരണം ചെയ്ത പച്ചക്കറി തൈകളുടെ വില ഈ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിൽ ലഭ്യമായിട്ടുള്ളതായും തേവലക്കര ഇക്കോഷോപ്പിന് ചവറ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ലഭ്യമാക്കിയിരിക്കുന്ന 1,96,000/- രൂപയുടെ കൈപ്പറ്റ് രസീത് തന്റെ കൈപ്പടയിലോ അറിവിലോ ഉള്ളതല്ലെന്നും ഈ രസീത് വ്യാജമാണെന്നും ഇതിലെ തുക തനിക്കോ തന്റെ സ്ഥാപനങ്ങളിൽ ഉള്ളവർക്കോ ലഭിച്ചിട്ടില്ലെന്നും ഓണാട്ടുകര അഗ്രോ ഫാം ഉടമ ശ്രീമതി ഷഹന ബഷീർ കായംകുളം കൃഷി അസിസ്റ്റന്റ് ഡയറക്ടർ, അഗ്രികൾച്ചർ ഫീൽഡ് ഓഫീസർ എന്നിവരുടെ സാന്നിധ്യത്തിൽ എഴുതി നൽകിയിട്ടുണ്ട് (അനുബന്ധം 13).

മേൽ വിവരിച്ചതു പ്രകാരം RKVY പദ്ധതിയിൽ ഉൾപ്പെടുത്തി തേവലക്കര ഇക്കോഷോപ്പ് മുഖേന വിതരണം ചെയ്യുന്നതിനായി ചവറ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി ഷെറിൻ മുള്ളർ ലഭ്യമാക്കിയ 1,37,111 എണ്ണം പച്ചക്കറി തൈകൾ ഒന്നും തന്നെ ഓണാട്ടുകര അഗ്രോഫാമിൽ നിന്നും ഉള്ളവ അല്ലായെന്നും, ആയതിന്റെ പേരിൽ ലഭ്യമാക്കിയിരിക്കുന്ന ബില്ലുകളും കൈപ്പറ്റ് രസീതും വ്യാജമായി സൃഷ്ടിക്കപ്പെട്ടവയാണെന്നും വ്യക്തമായിട്ടുണ്ട്.

കൂടാതെ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി ഷെറിൻ മുള്ളറിന്റെ നിർദ്ദേശാനുസരണം 21.6.2021, 28.06.2021, 02.08.2021, 09.08.2021 തീയതികളിലായി ആകെ 35000 തൈകൾ കൊല്ലം ഹരിതലക്ഷ്മി ബ്ലോക്ക് ലവൽ നഴ്സറിയിൽ നിന്ന് തേവലക്കര കൃഷിഭവനിൽ നൽകിയിട്ടുണ്ട് (അനുബന്ധം 14/1 to 14/4). ഇതിന്റെ ബില്ല് കൈപ്പറ്റിയിട്ടില്ലായെന്നും വിലയായ 87,500/- രൂപ നാളിതുവരെ നൽകിയിട്ടില്ലെന്നും നടത്തിപ്പുകാർ എഴുതി നൽകിയിട്ടുണ്ട് (അനുബന്ധം 15).

തേവലക്കര കൃഷിഭവനിൽ നടത്തിയ അന്വേഷണത്തിൽ ടി തൈകൾ 2020-21 ലെ ആർ.കെ. വി.വൈ പദ്ധതി പ്രകാരം വിതരണത്തിനായി ലഭ്യമാക്കിയതാണെന്ന മറുപടിയാണ് ലഭിച്ചിരിക്കുന്നത്. കൃഷിഭവൻ രേഖകൾ പരിശോധിച്ചതിൽ 2020-21 സാമ്പത്തിക വർഷം ഈ പദ്ധതി പ്രകാരം തേവലക്കര ഇക്കോഷോപ്പ് നൽകിയിരിക്കുന്ന ബില്ലുകൾ (അനുബന്ധം 4/33, 4/34) ) പ്രകാരം 1,60,000 പച്ചക്കറി തൈകൾ സംഭരിച്ച് വിതരണം ചെയ്ത തരത്തിലുള്ള രേഖപ്പെടുത്തലുകളും ക്ലെയിം സ്റ്റേറ്റ്മെന്റാണ് കണ്ടെത്തിയിട്ടുള്ളത് (അനുബന്ധം 4/32). അപ്രകാരമുള്ള ക്ലെയിം സ്റ്റേറ്റ്മെന്റും ബില്ലുകളും പ്രകാരം ചവറ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ബന്ധപ്പെട്ട പദ്ധതി വിഹിതത്തിൽ നിന്ന് 4 ലക്ഷം രൂപ തേവലക്കര ഇക്കോഷോപ്പിന്റെ ബാങ്ക് അക്കൗണ്ടിൽ 24.03.2021 ന് ലഭ്യമാക്കിയിട്ടുണ്ട്. എന്നിരിക്കെ 2021-22 സാമ്പത്തിക വർഷം ജൂൺ, ഓഗസ്റ്റ് മാസങ്ങളിൽ 35000 തൈകൾ ഇതേ പദ്ധതി പ്രകാരം വീണ്ടും ചവറ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ നിർദ്ദേശ പ്രകാരം ലഭ്യമാക്കിയിരിക്കുന്നത് ദുരൂഹത ഉളവാക്കുന്നു. തേവലക്കര ഇക്കോഷോപ്പ് 2020-21 വർഷം തൈ വിതരണം പൂർത്തീകരിച്ചിട്ടില്ല പ്രസ്തുത ബില്ലുകൾ സമർപ്പിച്ചിട്ടുള്ളതെന്നും ആയതിന്റെ അടിസ്ഥാനത്തിൽ പൂർത്തീകരിക്കാത്ത പദ്ധതിയുടെ പേരിൽ കൃഷിഭവനിൽ നിന്ന് തയ്യാറാക്കി നൽകിയ ക്ലെയിം ചവറ കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് അംഗീകരിച്ച് ധനവിനിയോഗം നടത്തിയിട്ടുള്ളതുമാണെന്ന് ഇതോടെ വ്യക്തമാകുന്നു. വിവിധ പദ്ധതികൾ പ്രകാരമുള്ള പച്ചക്കറി തൈകൾ സംഭരിക്കുന്നതിന് നഴ്സറി തിരഞ്ഞെടുക്കുന്നതും , തൈകൾ ഇറക്കി ബില്ലുകൾ കൃഷിഭവനിൽ എത്തിച്ചു നൽകുന്നതും ചവറ കൃഷി അസിസ്റ്റന്റ് ഡയറക്ടർ നേരിട്ടാണെന്നും (അനുബന്ധം 16 അടയാളം A & 17) തേവലക്കര കൃഷിഓഫീസർ എഴുതി നൽകിയിട്ടുണ്ട്.

**ബി 6.** മുകളിൽ ക്രമ നമ്പർ ബി 1 ൽ വിവരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ആദ്യ തവണ പ്ലാന്റിംഗ് നടക്കുമ്പോഴും രണ്ടാം തവണ സീസണിന്റെ പകുതിയിലുള്ള പരിശോധനയ്ക്ക് ശേഷവും കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ആനുകൂല്യം നൽകണമെന്നും കൃഷി ഭൂമി വിട്ടുനൽകുന്ന ഉടമയ്ക്ക്, പ്ലാന്റിംഗ് നടക്കുന്ന സമയത്ത് തന്നെ സാമ്പത്തിക സഹായം നൽകാം എന്നുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ തരിശുഭൂമിയിൽ ഊർജ്ജിത ഭക്ഷ്യോത്പാദനവും വിപണന ശൃംഖലയുടെ ശാക്തീകരണവും എന്ന പദ്ധതി പ്രകാരം ചവറ ബ്ലോക്കിലേക്ക് അനുവദിച്ചിരുന്നതും എന്നാൽ കർഷകരുടെ ബാങ്ക് അക്കൗണ്ടുകൾ വഴി ലഭ്യമാകേണ്ട സാമ്പത്തിക സഹായങ്ങൾ വി.എഫ്.പി.സി.കെ, കാർഷിക കർമ്മസേന, ഇക്കോഷോപ്പ് തുടങ്ങിയ സംവിധാനങ്ങൾക്ക് ലഭിക്കുന്ന തരത്തിലാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. വാഴ, ഇടവിള, പയർവർഗ്ഗങ്ങൾ, പച്ചക്കറി കൃഷി ചെയ്യുന്ന കർഷകരുടെ ബാങ്ക് അക്കൗണ്ട് വഴി ലഭ്യമാകേണ്ട 44,84,600/- രൂപയാണ് വിവിധ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന തരത്തിൽ നടപ്പാക്കിയിരിക്കുന്നത്. (അനുബന്ധം 18/1 to 18/6). അടുത്ത കൃഷിയിറക്കുന്നതിന് ആവശ്യമായ നടീൽ വസ്തുക്കൾ ശേഖരിച്ചുവച്ചിരിക്കുന്ന കർഷകർക്കും , പ്രാദേശിക ഉൽപ്പന്നങ്ങൾ വാങ്ങി കൃഷിയിറക്കുന്നവർക്കും, കൈമാറ്റത്തിലൂടെ നടീൽ വസ്തുക്കൾ സംഭരിക്കുന്ന കർഷകർക്കും കൃഷി ചെയ്യുതിനുള്ള ആനുകൂല്യം അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ ലഭിക്കുന്നതായിരിക്കും ഗുണപ്രദം. എന്നാണ് ആഗ്രഹിക്കുന്നത്. പ്രാദേശികതല അന്വേഷണത്തിൽ കൃഷിഭവൻ തലത്തിൽ ഇറക്കി നൽകുന്ന നടീൽ വസ്തുക്കളുടെ അളവും മൂല്യവും കണക്കാക്കിയാൽ ഇതേ മൂല്യത്തിന് കൂടുതൽ അളവിൽ നടീൽ വസ്തുക്കൾ ലഭിക്കുമെന്നും അല്ലെങ്കിൽ ശേഖരിച്ചുവച്ചിരിക്കുന്ന നടീൽ വസ്തുക്കൾ/പ്രാദേശികമായി വാങ്ങിയോ കൃഷി ചെയ്യുക വഴി സർക്കാർ സാമ്പത്തിക സഹായം പൂർണ്ണമായും ലഭിക്കുമെന്നും കർഷകർ അഭിപ്രായപ്പെടുന്നുണ്ട്.

## സി. പച്ചക്കറി വികസന പദ്ധതി 2021-22 - പച്ചക്കറി തൈ വിതരണം

2021-22 ലെ പച്ചക്കറി വികസന പദ്ധതിയിൽ അനുബന്ധം 19 പട്ടികയിൽ വിവരിക്കുന്ന പ്രകാരമാണ് കൃഷി അസിസ്റ്റന്റ് ഡയറക്ടർ വിവിധ സ്ഥാപനങ്ങളിൽ നിന്ന് പച്ചക്കറി തൈകൾ ഏർപ്പാടാക്കി കൃഷിഭവനുകൾക്ക് നൽകിയിട്ടുള്ളത്. ബ്ലോക്ക് പരിധിയിലെ കൃഷിഓഫീസർമാരിൽ നിന്ന് ലഭിച്ച വിവരങ്ങളനുസരിച്ച് കൃഷി അസിസ്റ്റന്റ് ഡയറക്ടർ നേരിട്ട് തൈ വിതരണം ഏറ്റെടുക്കുയും ടിയാരിയുടെ തീരുമാനം കൃഷിഓഫീസർമാരെ അടിച്ചേൽപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. പച്ചക്കറി തൈ സംഭരണത്തിൽ കൃഷിഓഫീസർമാർ ആരും തന്നെ സപ്ലൈ ഓർഡർ നൽകിയിട്ടില്ല. സ്പെഷ്യൽ വിജിലൻസ് സെൽ ഹരിതലക്ഷ്മി കൊല്ലം, ഓണാട്ടുകര അഗ്രോഫാം കായംകുളം എന്നിവിടങ്ങൾ സന്ദർശിച്ചതിൽ കൃഷിഓഫീസർമാർ ആരും തന്നെ സപ്ലൈ ഓർഡർ നൽകിയിട്ടില്ലായെന്നും ചവറ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഫോൺ മാർഗ്ഗം ഓർഡർ നൽകിയതാണെന്നും നഴ്സറി ഉടമകൾ മൊഴി നൽകിയിട്ടുണ്ട് (അനുബന്ധം 20,21

അടയാളം A).

പച്ചക്കറിതൈകൾ കൃഷി അസിസ്റ്റന്റ് ഡയറക്ടർ നേരിട്ട് കൃഷിഭവനുകളിൽ ഇറക്കി നൽകുമെന്ന് കൃഷിഓഫീസർമാരെ ധരിപ്പിക്കയും ഓരോ ദിവസവും തൈകൾ എത്തുന്ന വിവരം കൃഷിഭവൻ ഉദ്യോഗസ്ഥരെ ഫോണിൽ അറിയിക്കുകയും എന്നാൽ ഈ തൈകൾ ഇറക്കുന്നതിനോടൊപ്പം ബില്ലുകൾ നൽകാതെയിരുന്നതിനാൽ ഏത് സ്ഥാപനത്തിൽ നിന്നാണ് തൈകൾ ഇറക്കിയതെന്ന വിവരം കൃഷിഭവൻ ഉദ്യോഗസ്ഥർക്ക് ലഭിച്ചിരുന്നില്ല . അനുവദിച്ച ടാർജറ്റ് തികയുന്ന മുറയ്ക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഹരിതലക്ഷ്മി കൊല്ലം , ഓണാട്ടുകര അഗ്രോഫാം കായംകുളം, ജയ്ഗാർഡൻ നീണ്ടകര എന്നിവിടങ്ങളിൽ നിന്ന് ബില്ലുകൾ ശേഖരിച്ച് കൃഷിഭവൻ ഉദ്യോഗസ്ഥർക്ക് നൽകുകയാണ് ചെയ്തിട്ടുള്ളതെന്നും ടിയാരിയുടെ വസതിയോട് അനുബന്ധമായി പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ നിന്ന് തൈകൾ ഇറക്കി നൽകുമെന്ന് അറിയിച്ചതിൽ കൃഷിഓഫീസർമാർ തങ്ങളുടെ ആശങ്ക രേഖപ്പെടുത്തിയതിൽ 'ജയ്ഗാർഡൻ' എന്ന സ്ഥാപനത്തിന് കുടുംബശ്രീ ലൈസൻസ് ഉണ്ടെന്നും ടി സ്ഥാപനത്തിൽ നിന്ന് തൈകൾ സംഭരിക്കുന്നതിന് തടസ്സങ്ങളില്ലെന്ന് കൃഷിഓഫീസർമാരെ തെറ്റിദ്ധരിപ്പിച്ചതായും കൃഷിഓഫീസർ എഴുതി നൽകിയിട്ടുണ്ട് . (അനുബന്ധം 16,22,23,24,25,26). കൂടാതെ കൃഷി അസിസ്റ്റന്റ് ഡയറക്ടർ രേഖാമൂലം അല്ലാതെ ടെലഫോൺ മുഖേന നൽകിയ തെളിവുകളും ഹാജരാക്കിയിട്ടുണ്ട് (അനുബന്ധം 27/1 to 27/3 ).

**സി 1.** പ്രവർത്തന നിർദ്ദേശങ്ങൾ പ്രകാരം വകുപ്പിലെ ഫാമുകൾ, പച്ചക്കറി വികസന പദ്ധതി പ്രകാരം രൂപം കൊണ്ടിട്ടുള്ള ബ്ലോക്ക് ലവൽ/ പഞ്ചായത്ത് ലവൽ നഴ്സറികൾ, അഗ്രോ സർവ്വീസ് സെന്റർ, കാർഷിക കർമ്മസേന, VFPCK എന്നിവിടങ്ങളിൽ നിന്ന് മാത്രമേ പച്ചക്കറി തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം നടത്താവൂ എന്നാണ് (അനുബന്ധം 28). എന്നാൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ നേരിട്ട് അനുബന്ധം 19 പട്ടികയിൽ കാണിച്ചിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് പച്ചക്കറി തൈകൾ ഇറക്കി കൃഷിഭവനുകൾക്ക് നൽകുകയായിരുന്നു.

**സി 2.** ചവറ, തേവലക്കര കൃഷിഭവനുകളുടെ പരിധിയിൽ കാർഷിക കർമ്മസേനകൾ പ്രവർത്തിക്കുന്നുണ്ട്. കർമ്മസേന അംഗങ്ങളുടെ സാമ്പത്തിക ഉന്നമനമോ കർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനോ ഈ അവസരം വിനിയോഗിച്ചിട്ടില്ല.

**സി 3.** പട്ടികയിലെ ഹരിതലക്ഷ്മി ബ്ലോക്ക് ലവൽ നഴ്സറി കൊല്ലം എന്ന സ്ഥാപനം 2015-16 വർഷം പച്ചക്കറി വികസന പദ്ധതി പ്രകാരം സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണ് എന്നും കൃഷിവകുപ്പ് ഉദ്യോഗസ്ഥരുടെ സാങ്കേതിക നിർദ്ദേശങ്ങൾ പ്രകാരം പ്രസ്തുത സ്ഥാപനത്തെ ചുമതപ്പെടുത്തിയിട്ടുള്ളതായും ഇരവിപുരം കൃഷി അസിസ്റ്റന്റ് ഡയറക്ടറും കൊല്ലം അഗ്രികൾച്ചർ ഫീൽഡ് ഓഫീസറും കൃത്യമായ ഇടവേളകളിൽ പ്രസ്തുത സ്ഥാപനം സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ടെന്ന് ഇരവിപുരം എഡിഎ രേഖാമൂലം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ചവറ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പരിധിയിൽ പ്രസ്തുത സ്ഥാപനത്തിൽ നിന്ന് ലഭ്യമാക്കിയട്ടുള്ള പച്ചക്കറി തൈകളുടെ ഗുണമേന്മ സംബന്ധിച്ചോ എണ്ണം സംബന്ധിച്ചോ ഏത് പദ്ധതി പ്രകാരമാണോ എന്നതിനെ സംബന്ധിച്ചും യാതൊരുവിധ അറിവും ഇല്ലായെന്നും ഇരവിപുരം കൃഷി അസിസ്റ്റന്റ് ഡയറക്ടർ തന്റെ റിപ്പോർട്ടിൽ ചൂണ്ടികാണിക്കുന്നു (അനുബന്ധം 29).

**സി 4.** എന്നാൽ ഓണാട്ടുകര അഗ്രോ ഫാം കായംകുളം എന്ന സ്ഥാപനം പച്ചക്കറി വികസന പദ്ധതി 2018-19 സാമ്പത്തിക വർഷം ലഭിച്ച വ്യക്തിഗത ആനുകൂല്യത്തിന്റെ മറവിൽ ചട്ടവിരുദ്ധമായി പ്രവർത്തിക്കുന്ന സ്വകാര്യ സ്ഥാപനമാണ് . (ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച വിശദമായ വിവരങ്ങൾ റിപ്പോർട്ടിന്റെ രണ്ടാം ഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്).

**സി 5.** ജയ് ഗാർഡൻസ് നീണ്ടകര എന്ന സ്ഥാപനത്തിന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ അംഗീകാരമില്ലാത്തതും കൃഷി അസിസ്റ്റന്റ് ഡയറക്ടറായ ശ്രീമതി ഷെറിൻ മുള്ളറുടെ സ്വവസതിയിൽ കുടുംബാംഗങ്ങളുടെ പേരിൽ പ്രവർത്തിക്കുന്ന സ്ഥാപനവുമാണ്.

**സി 6.** കൊല്ലം ജില്ലയിൽ ജില്ലാ കൃഷിത്തോട്ടം അഞ്ചൽ, സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം കൊട്ടാരക്കര & കടയ്ക്കൽ, തെങ്ങിൻ തൈ ഉൽപ്പാദന കേന്ദ്രം കരുനാഗപ്പള്ളി എന്നീ

ഫാമുകൾ വഴി ഒരു വർഷം മൂന്ന് സീസണുകളിലായി 6 ലക്ഷം തൈകളും 1500 കി.ഗ്രാം വിത്തുകളും ഉൽപ്പാദിപ്പിക്കുവാൻ കഴിയുന്നതാണ് (അനുബന്ധം 30). കൂടാതെ കുണ്ടറ , ചടയമംഗലം, ചാത്തന്നൂർ, ഇരവിപുരം, ഓച്ചിറ എന്നീ ബ്ലോക്ക് ലവൽ നഴ്സറികളും കുണ്ടറ , ചടയമംഗലം, അഞ്ചൽ എന്നീ ബ്ലോക്ക് ലവൽ ഫെഡറേറ്റഡ് ഓർഗനൈസേഷൻസും വഴിയും പച്ചക്കറി തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം നടത്താവുന്നതാണ് (അനുബന്ധം 31). ഈ സംവിധാനങ്ങളെയെല്ലാം മറികടന്നാണ് ആലപ്പുഴ ജില്ലയിലെ ഓണാട്ടുകര ഫാം , സ്വവസതിയിൽ പ്രവർത്തിക്കുന്ന ജയ്ഗാർഡൻ എന്നിവിടങ്ങളിൽ നിന്ന് പച്ചക്കറി തൈകൾ ഇറക്കി കൃഷിഭവനുകൾക്ക് നൽകിയിട്ടുള്ളത്.

**സി 7.** നിർവഹണ ഉദ്യോഗസ്ഥരായ കൃഷിഓഫീസർമാരിൽ നിന്നും രേഖാമൂലമുള്ള നിർദ്ദേശങ്ങൾ ഇല്ലാതിരുന്നിട്ടും (സപ്ലൈ ഓർഡർ) ബില്ലോ അനുബന്ധരേഖകളോ ഇല്ലാതെ കൃഷിഭവനിൽ എത്തിയ പച്ചക്കറി തൈകൾ സ്റ്റോക്കിൽ എടുക്കാതെ പിന്നീട് കൃഷി അസിസ്റ്റന്റ് ഡയറക്ടർ ബില്ല് ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രം സ്റ്റോക്ക് എൻട്രി വരുത്തി ക്ലയിം തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നതായി കാണുന്നു. ആയത് കൃഷിഭവൻ തലത്തിൽ സ്റ്റോക്ക് & സ്റ്റോഴ്സിന് ചുമതലപ്പെടുത്തിയിരിക്കുന്ന സീനിയർ കൃഷി അസിസ്റ്റന്റിന്റെയും മേൽ നോട്ട ചുമതലയുള്ള കൃഷിഓഫീസറുടെയും ഭാഗത്തുനിന്നും സംഭവിച്ചിട്ടുള്ള ഗുരുതര വീഴ്ചയാണ്.

**ഡി. പച്ചക്കറി വികസന പദ്ധതി 2021-22 മഴമറ (RAIN SHELTER)**

നീണ്ടകര കൃഷിഭവൻ മുഖേന 2021-22 സാമ്പത്തിക വർഷം പച്ചക്കറി വികസന പദ്ധയിയിൽ ഉൾപ്പെടുത്തി മഴമറ (Rain Shelter) അനുവദിച്ചിരിക്കുന്നത് ഗോർഡൻ മുള്ളർ, ഷെറിൻ നെസ്റ്റ്, നീണ്ടകര എന്ന വ്യക്തിക്കാണ്. ടിയാൻ ചവറ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി ഷെറിൻ മുള്ളറിന്റെ പിതാവാണ് (അനുബന്ധം 32/1 to 32/4). ഇതേ ആനുകൂല്യം 2020-21 സാമ്പത്തിക വർഷം ഇതേ മേൽവിലാസത്തിൽ ടിയാരിയുടെ ഭർത്താവ് ശ്രീ ജയമോൻ ജെറോമിന്റെ പേരിലും നേടിയിട്ടുള്ളതാണ് (അനുബന്ധം 1/1 to 1/7 ). ഒരേ പദ്ധതിയിലെ ഒരേ ഘടകത്തിനുള്ള 50000/- രൂപയുടെ ആനുകൂല്യം തുടർച്ചയായ രണ്ടു വർഷവും കുടുംബാംഗങ്ങളുടെ പേരിൽ നേടിയെടുക്കുകയും ഇതിൽ 2021-22 വർഷത്തെ 50000/- രൂപ ചവറ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി ഷെറിൻ മുള്ളറിന്റെയും പിതാവിന്റെയും പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്കാണ് ലഭ്യമാക്കിയിരിക്കുന്നത്. (അനുബന്ധം 33). പ്രസ്തുത പദ്ധതി ഘടകങ്ങൾ ജില്ലാ ഓഫീസിൽ നിന്ന് സ്വന്തം ബ്ലോക്കിലേക്ക് അനുവദിപ്പിച്ച് ആയത് തന്റെ നിയന്ത്രണ പരിധിയിൽ വരുന്ന നീണ്ടകര കൃഷിഭവൻ മുഖേന ആവശ്യമായ പരിശോധനകൾക്ക് സമയവും അവസരവും നൽകാതെ നിർബന്ധപൂർവ്വം ക്ലയിമുകൾ തയ്യാറാക്കി ധനവിനിയോഗം സാധ്യമാക്കിയിട്ടുള്ളതായി നീണ്ടകര കൃഷിഓഫീസർ നൽകിയ സ്റ്റേറ്റ്മെന്റിൽ വ്യക്തമാക്കിയിട്ടുണ്ട് (അനുബന്ധം 26 അടയാളം A).

**ഇ. ആർ.കെ.വി.വൈ പദ്ധതി 2021-22 –** തരിശുഭൂമിയിൽ ഊർജ്ജിത ഭക്ഷ്യോത്പാദനവും വിപണന ശൃംഖലയുടെ ശാക്തീകരണവും

ഈ പദ്ധതി 2020-21 ൽ ആർ.കെ.വി.വെ യിൽ ഉൾപ്പെടുത്തി ആവിഷ്കരിച്ച് നടപ്പിലാക്കി വന്ന പദ്ധതിയാണ്. 2020-21 സാമ്പത്തിക വർഷത്തിൽ പദ്ധതി പൂർത്തീകരിക്കുവാൻ സാധിക്കാതിരുന്നതിനാൽ 2021-22 വർഷത്തിൽ project revalidate ചെയ്ത് ബാക്കി തുക ഉപയോഗിക്കുയാണ് ചെയ്തിട്ടുള്ളത്. ഈ പദ്ധതി 2020-21 വർഷത്തിലെ മാർഗ്ഗനിർദ്ദേശ പ്രകാരമാണ് നടപ്പിലാക്കേണ്ടത് (അനുബന്ധം 34 A).

**ഇ 1. പച്ചക്കറി തൈ വിതരണം**

ഈ പദ്ധതി പ്രകാരം 5 കൃഷിഭവനുകളിലേക്കും 6400 തൈകൾ വീതം ആകെ 32000 തൈകൾ ജയ്ഗാർഡൻ ജൈവിക നഴ്സറി എന്ന സ്വവസതിയിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ നിന്നും ഇറക്കി നൽകുകയും ഇതിന്റെ വിലയായി ആകെ 80000/- രൂപ (എൺപതിനായിരം) ശ്രീമതി ഷെറിൻ മുള്ളറുടെ മാതാപിതാക്കളായ ശ്രീമതി ജോസി നെറ്റോ, പിതാവ് ശ്രീ ഗോർഡൻ മുള്ളർ എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ടിൽ ലഭിക്കത്തക്കരീതിയിൽ അനുവദിച്ച് നൽകിയിട്ടുണ്ട് (അനുബന്ധം 34/1 to 34/14). പ്രസ്തുത സ്ഥാപനത്തിന്റേതായി ലഭ്യമാക്കുന്ന ബില്ലുകൾ കൃഷി അസിസ്റ്റന്റ് ഡയറക്ടർ സ്വന്തം കൈപ്പടയിൽ തന്നെയാണ് തയ്യാറാക്കി നൽകിയിട്ടുള്ളതെന്ന് കൃഷിഓഫീസർമാരുടെ സ്റ്റേറ്റ്മെന്റുകളിലും നിന്നും രേഖകൾ പരിശോധിക്കുന്നതിൽ നിന്നും വ്യക്തമാകുന്നു (അനുബന്ധം 22 to 25 അടയാളം A, അനുബന്ധം

26 ൽ അടയാളം B).

**ഇ 2.** മുകൾ പട്ടിക ബി 6 ൽ വിവരിച്ചതുപോലെ തന്നെയാണ് 2021-22 ലെ ഈ പദ്ധതിയുടെ ഘടകങ്ങളായ വാഴ, ഇടവിള, പയർവർഗ്ഗങ്ങൾ, പച്ചക്കറികൃഷി എന്നിവ നടപ്പാക്കിയിട്ടുള്ളത്. കൃഷി ചെയ്യുന്ന കർഷകരുടെ ബാങ്ക് അക്കൗണ്ട് വഴി ലഭ്യമാക്കേണ്ട 8,22,200/- രൂപയാണ് വിവിധ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന തരത്തിൽ നടപ്പാക്കിയിരിക്കുന്നത്. (അനുബന്ധം 18/1 to 18/5).

**എഫ്. എസ്.എച്ച്. എം – ആർ.കെ.വി.വൈ2021-22– Decentralised Nursery**

2021-22 ൽ സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി Decentralised Nursery ക്കുള്ള ആനുകൂല്യം ലഭിക്കുന്നതിനായി ജയമോൻ ജെറോം, സെക്രട്ടറി, ജയ്ഗാർഡൻ, ഷെറിൻ നെസ്റ്റ്, നീണ്ടകര എന്ന പേരിൽ നീണ്ടകര കൃഷിഭവനിൽ അപേക്ഷ സമർപ്പിക്കുകയും പ്രസ്തുത അപേക്ഷ കൃഷിഭവൻ തല നടപടികൾ പൂർത്തീകരിച്ച് പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടത് സംബന്ധിച്ച് കൂടുതൽ പരിശോധനകളും വിശദീകരണങ്ങളും ലഭ്യമാക്കിയപ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ബോധ്യപ്പെട്ടിട്ടുള്ളതാണ്.

**എഫ് 1.** 2021-22 വർഷം വിവിധ പദ്ധതികളിൽ പച്ചക്കറി തൈകൾ വിതരണം ചെയ്ത ജയ്ഗാർഡൻ ജൈവിക നഴ്സറി എന്ന സ്ഥാപനത്തിന്റെ ഭൗതിക സംവിധാനങ്ങളും സാഹചര്യങ്ങളും പ്രയോജനപ്പെടുത്തി തന്നെയാണ് സെക്രട്ടറി ജയ്ഗാർഡൻസ് എന്ന സ്ഥാനപ്പേരിൽ ചവറ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി ഷെറിൻ മുള്ളറുടെ ഭർത്താവായ ശ്രീ ജയമോൻ ജെറോമിന്റെ പേരിൽ ഈ പദ്ധതിയ്ക്കായി അപേക്ഷ സമർപ്പിച്ചിരിക്കുന്നത് (അനുബന്ധം 35/1 to 35/22).

**എഫ് 2.** ഈ അപേക്ഷയ്ക്ക് അനുബന്ധമായി ഫെഡറൽ ബാങ്ക് നീണ്ടകരയിൽ സമർപ്പിക്കുന്നതിനായി നീണ്ടകര കൃഷിഓഫീസർ 09.03.2022 ൽ നൽകിയിട്ടുള്ള സർട്ടിഫിക്കറ്റ് പ്രകാരം നീണ്ടകര കൃഷിഭവന്റെ പരിധിയിൽ ജയ്ഗാർഡൻ എന്ന പേരിൽ കാർഷിക കൂട്ടായ്മ രൂപീകൃതമായിട്ടുണ്ടെന്നും ആയതിന്റെ പ്രസിഡണ്ടായി ശ്രീമതി സെനോറിറ്റ ജയമോൻ , സെക്രട്ടറിയായി ശ്രീ ജയമോൻ ജെറോമിനെയും തിരഞ്ഞെടുത്തതായും സാക്ഷ്യപ്പെടുത്തിയിരിക്കുന്നു (അനുബന്ധം 35/3). ഇതിൽ സെനോറിറ്റോ ജയമോൻ എന്നത് കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ മകളും ജയമോൻ ജെറോം ടിയാരിയുടെ ഭർത്താവുമാണ്.

**എഫ് 3.** പ്രസ്തുത പദ്ധതിയുടെ നിബന്ധനകൾ പ്രകാരം ആവശ്യമായ ഭൂമി ടി സ്ഥാപനത്തിന് ലഭ്യമാക്കുന്നതിലേക്കായി രണ്ട് പാട്ടക്കരാറുകൾ തയ്യാറാക്കിയിരിക്കുന്നതായി പരിശോധനയിൽ ബോധ്യപ്പെട്ടു. ആയതിൽ ഒരെണ്ണം 2022 ഫെബ്രുവരി മാസം 24 ാം തീയതി ജയ്ഗാർഡൻസിന്റെ നടത്തിപ്പുകാരായ താഴെ പറയുന്ന

1. ശ്രീ ജയമോൻ ജെറോം, ഭർത്താവ്
2. ജെഫ്രി ജയമോൻ, മകൻ
3. സെനോറിറ്റോ ജയമോൻ, മകൾ
4. ഗോർഡൻ മുള്ളർ, പിതാവ്
5. ജോസി നെറ്റോ, മാതാവ് എന്നിവർ പാട്ടക്കാരായി ശ്രീമതി ഷെറിൻ മുള്ളറുടെ പേരിലുള്ള വസ്തു പാട്ടത്തിന് എടുത്തതായും കരാർ ചെയ്തിരിക്കുന്നു. ആയതിന് പ്രതിഫലമായി പ്രതിവർഷം 3600/- രൂപ വസ്തുവാടകയായി എല്ലാ വർഷവും ജനുവരി മാസം നൽകുന്നതിനും ഓരോ രണ്ടു വർഷം കൂടുമ്പോൾ 5% വർദ്ധനവ് കൂടി നൽകണമെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു (അനുബന്ധം 35/12-13 അടയാളം A). പ്രസ്തുത പാട്ടക്കരാറിൽ പാട്ടാധാരനായി ശ്രീമതി ഷെറിൻ മുള്ളറും സാക്ഷികളായി പ്രസ്തുത കാലയളവിൽ ചവറ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലിചെയ്തിരുന്ന ചവറ കൃഷിഭവനിലെ ക്ലർക്ക് ശ്രീമതി രമ്യാ എച്ച് ശർമ്മയും, ചവറ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിൽ കരാർ അടിസ്ഥാനത്തിൽ ആത്മ പദ്ധതിയിൽ ബ്ലോക്ക് ലെവൽ ടെക്നോളജി മാനേജരായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി ഹരിഷ്മാ എൻ ഉം കൈയ്യൊപ്പ് രേഖപ്പെടുത്തിയിരിക്കുന്നു (അനുബന്ധം 35/14 അടയാളം B). ആയതുകൊണ്ട് തന്നെ പദ്ധതി നിഷ്കർഷിച്ച പ്രകാരം അവശ്യമായ ഭൂമിയുടെ ലഭ്യത ബോധിപ്പിക്കുന്നതിനുള്ള വെറും രേഖയായി മാതാപിതാക്കൾ ഭാര്യാ ഭർത്താക്കൻമാർ എന്നിങ്ങനെ അടുത്ത് ബന്ധത്തിൽ ഉള്ളവർ തമ്മിൽ പരസ്പരം ഉടമ്പടിയിൽ ഏർപ്പെടുന്ന യാതൊരു പ്രസക്തിയുമില്ലാത്ത കരാർ ശ്രീമതി ഷെറിൻ മുള്ളറുടെ നേതൃത്വത്തിൽ തയ്യാറാക്കിയതാണെന്ന് വ്യക്തമാണ്.

**എഫ് 4.** നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനത്തിന് തന്നെ മറ്റൊരു പദ്ധതിയിൽ

ആനുകൂല്യം ലഭ്യമാക്കുന്നതിന്റെ സാങ്കേതികത്വം സംബന്ധിച്ച് സംശയം പ്രകടിപ്പിച്ച നീണ്ടകര കൃഷി ഓഫീസറോട് നിലവിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ നഴ്സറി അപ്ഗ്രേഡ് ചെയ്യുവെന്ന് തെറ്റദ്ധരിപ്പിച്ചും മാർച്ച് മാസത്തിന് മുൻപായി അപേക്ഷ ജില്ലാ ഓഫീസിൽ സമർപ്പിച്ചില്ലെങ്കിൽ ഫണ്ട് നഷ്ടപ്പെട്ടുപോകും എന്ന് ചൂണ്ടികാണിച്ച് നിർബന്ധപൂർവ്വം അപേക്ഷ ഫോർവേഡ് ചെയ്യിച്ചതായി നീണ്ടകര കൃഷിഓഫീസർ നൽകിയ സ്റ്റേറ്റ്മെന്റിൽ വ്യക്തമാക്കുന്നു . കൂടാതെ വീണ്ടും രേഖപ്പെടുത്തലുകൾ ഒന്നും ഇല്ലാത്ത അപേക്ഷ എസ് .എച്ച്.എം ഫീൽഡ് അസിസ്റ്റന്റ് മുഖേന നൽകി വിട്ടതായും ആയതിൽ ശുപാർശ രേഖപ്പെടുത്തുവാൻ കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർബന്ധിച്ചതായും ആയത് സംബന്ധിച്ച് കൃഷി ഡപ്യൂട്ടി ഡയറകടർ (എച്ച്) നോട് നിർദ്ദേശം ചോദിച്ചപ്പോൾ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ വീട്ടിലെ അപേക്ഷ ആയതിനാൽ നിരസിക്കേണ്ട ആവശ്യമില്ല എന്ന് അഭിപ്രായപ്പെട്ടതായും നീണ്ടകര കൃഷിഓഫീസർ നൽകിയ സ്റ്റേറ്റ്മെന്റിൽ വ്യക്തമാകുന്നു (അനുബന്ധം 26 അടയാളം C).

**ജി. ഈ വിഷയവുമായി ബന്ധപ്പെട്ട് കൊല്ലം പ്രിൻസിപ്പൽ കൃഷി ഓഫീസിൽ നടത്തിയ പരിശോധനയിലും രേഖമൂലം ലഭ്യമായ മറുപടികളിൽ നിന്നും ബോധ്യപ്പെട്ട വിവരങ്ങൾ**

**ജി 1.** 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ പച്ചക്കറി വികസന പദ്ധതിയിലും ആർ.കെ.വി.വൈ പദ്ധതിയിലും ഉൾപ്പെടുത്തി വിവിധ ഘടകങ്ങളിലായി പച്ചക്കറി തൈകൾ വിതരണത്തിനായി ഭൗതിക സാമ്പത്തിക ലക്ഷ്യങ്ങൾ ചവറ കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് നിശ്ചയിച്ച് നൽകിയിട്ടുണ്ടെങ്കിലും പദ്ധതി നിർവഹണത്തിന്റെ ഒരു ഘട്ടങ്ങളിലും സ്കീമുകളുടെ ചുമതല വഹിക്കുന്ന കൃഷി ഡപ്യൂട്ടി ഡയറക്ടർമാരോ നോഡൽ ഡപ്യൂട്ടി ഡയറക്ടർമാരോ ബ്ലോക്ക് തലത്തിൽ പദ്ധതി അവലോകനം നടത്തിയതായോ ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയതായോ കാണുന്നില്ല. ചവറ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിലെ ഇൻസ്പെക്ഷൻ രജിസ്റ്റർ, മിനിട്സ് ബുക്ക് എന്നിവ പരിശോധിച്ചതിൽ ഇക്കാര്യം വ്യക്തമായിട്ടുള്ളതാണ്.

**ജി 2.** കൊല്ലം ജില്ലയിൽ ജില്ലാ കൃഷിത്തോട്ടം അഞ്ചൽ, സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം കൊട്ടാരക്കര & കടയ്ക്കൽ, തെങ്ങിൻ തൈ ഉൽപ്പാദന കേന്ദ്രം കരുനാഗപ്പള്ളി എന്നീ 4 ഫാമുകളും കുണ്ടറ, ചടയമംഗലം, ചാത്തന്നൂർ, ഇരവിപുരം, ഓച്ചിറ എന്നീ ബ്ലോക്ക് ലവൽ നഴ്സറികളും, കുണ്ടറ, ചടയമംഗലം, അഞ്ചൽ എന്നീ ബ്ലോക്ക് ലവൽ ഫെഡറേറ്റഡ് ഓർഗനൈസേഷൻസും വിവിധ കൃഷിഭവനുകളിലായി 16 കാർഷിക കർമ്മസേനകളും, 8 അഗ്രോ സർവ്വീസ് സെന്ററുകളും എന്നീ സംവിധാനങ്ങൾ കൃഷിവകുപ്പ് ധനസഹായത്തോടുകൂടി പ്രവർത്തിക്കുന്നതായി സ്പെഷ്യൽ വിജിലൻസ് സെല്ലിന്റെ അന്വേഷണക്കുറിപ്പിന് മറുപടിയായി കൊല്ലം പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചിരിക്കുന്നു (അനുബന്ധം 31). എന്നാൽ പരിശോധനാ തീയതിയിൽ ഇതു സംബന്ധിച്ച യാതൊരുവിധ വിവരങ്ങളും ക്രോഡീകരിച്ച് സൂക്ഷിക്കുകയോ ആയത് പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിരുന്നില്ല.

ജില്ലാ ഫാമുകളുടെയും മേൽ പരാമർശിച്ച പ്രകാരമുള്ള കൃഷിവകുപ്പ് സംവിധാനങ്ങളുടെയും ഭൗതിക സാഹചര്യങ്ങൾ പ്രയോജനപ്പെടുത്തി അതാത് ബ്ലോക്ക്/ കൃഷിഭവൻ തലത്തിൽ തന്നെ തൈ ഉൽപ്പാദിപ്പിച്ച് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ഗുണമേന്മ ഉറപ്പുവരുത്തി ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനോ പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളും അനുവദിച്ചിരിക്കുന്ന റിവോൾവിംഗ് ഫണ്ടുകളുടെ വിനിയോഗവും നിരീക്ഷിക്കുന്നതിനോ വിലയിരുത്തുന്നതിനോ യാതൊരുവിധ നടപടികളും സ്വീകരിച്ചതായി കാണുന്നില്ല. വിവിധ പദ്ധതികളിൽ ഭൗതിക സാമ്പത്തിക ലക്ഷ്യങ്ങൾ നിശ്ചയിച്ച് നൽകുന്നതിനോടൊപ്പം ഫാമുകൾക്കും മറ്റ് ബ്ലോക്ക്/കൃഷിഭവൻ തല സംവിധാനങ്ങൾക്കും ആയവ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുന്നതിനുള്ള ഭൗതികലക്ഷ്യം നിശ്ചയിച്ച് നൽകിയിട്ടില്ല. ആയതിനാൽ തന്നെ പദ്ധതി നിർവഹണ ഘട്ടത്തിൽ സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും വഴി തൈകൾ വിതരണം ചെയ്യാനുള്ള സാഹചര്യം സംജാതമായി.

**ജി 3.** പച്ചക്കറി വികസന പദ്ധതിയുടെ ചുമതലക്കാരനായ കൃഷി ഡപ്യൂട്ടി ഡയറക്ടർ ശ്രീ മോഹൻ ശങ്കറിൽ നിന്ന് ലഭ്യമായ വിവരങ്ങളനുസരിച്ച് പച്ചക്കറി വികസന പദ്ധതിയുടെ പ്രവർത്തി നിർദ്ദേശത്തിൽ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനങ്ങൾ വഴി പച്ചക്കറി തൈകൾ സംഭരിക്കുവാൻ നിർദ്ദേശം നൽകിയിരുന്നുവെന്നും ചവറ ബ്ലോക്കിൽ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നല്ലാതെ തൈകൾ വിതരണം ചെയ്തിട്ടുള്ളത് ശ്രദ്ധയിൽ പ്പെട്ടിട്ടില്ലായെന്നുമാണ്. ടിയാനിൽ നിന്നും ലഭിച്ച സ്റ്റേറ്റ്മെന്റ് പ്രകാരം 24,75,000 പച്ചക്കറി തൈകൾ 2021-22 വർഷം കൊല്ലം ജില്ലയിൽ വിതരണം ചെയ്തിട്ടുണ്ട്. (അനുബന്ധം 36). കൊല്ലം

ജില്ലയിൽ വിവിധ ഫാമുകൾ വഴി ഒരു വർഷം 6 ലക്ഷം തൈകൾ (അനുബന്ധം 30) ഉൽപ്പാദിപ്പിക്കാം എന്നിരിക്കെ 66,606 തൈകൾ (അനുബന്ധം 30 അടയാളം A) മാത്രമാണ് ഫാമുകൾ വഴി ഉൽപ്പാദിപ്പിച്ച് നൽകിയിട്ടുള്ളത്. ഇതുവഴി ഫാമുകളുടെ വരുമാനം വർദ്ധിപ്പിക്കാം എന്നതിനുള്ള യാതൊരു നടപടികളും ഫാമുകളുടെ ചുമതലക്കാരനായ കൃഷി ഡപ്യൂട്ടി ഡയറക്ടർ (വൈ.പി) യും മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ഫാമുകളിൽ നിന്നും തികയാതെ വരുന്ന പച്ചക്കറി തൈകൾ കൃഷി വകുപ്പിന്റെ ധനസഹായങ്ങൾ സ്വീകരിച്ചിട്ടുള്ള കാർഷിക കർമ്മസേനകൾ, ബ്ലോക്ക് -പഞ്ചായത്ത് ലെവൽ നഴ്സറികൾ, അഗ്രോസർവ്വീസ് സെന്ററുകൾ എന്നിവ വഴി ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടികൾ കൃഷി ഡപ്യൂട്ടി ഡയറക്ടർമാരോ , പ്രിൻസിപ്പൽ കൃഷി ഓഫീസറോ സ്വീകരിച്ചിട്ടില്ല.

**ജി 4.** ആർ. കെ.വി.വൈ 2020-21 പദ്ധതി പ്രകാരം പ്രിൻസിപ്പൽ കൃഷി ഓഫീസിൽ നിന്ന് ചവറ കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് വിവിധ ഘടകങ്ങളിലായി അനുവദിച്ച് നൽകിയ ടാർജറ്റിൽ വ്യതിയാനം വരുത്തി തുക ചെലവഴിച്ചതിനോ, പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഉൽപ്പാദനോപാധികൾ ഏതെങ്കിലും സ്ഥാപനങ്ങളിൽ നിന്ന് ഇറക്കി നൽകി കൃഷി ചെയ്ത കർഷകർക്ക് ആശ്വാസമായി ലഭിക്കേണ്ട സാമ്പത്തികാനുകൂല്യം ഉൽപ്പാദനോപാധികൾ നൽകിയ സ്ഥാപനത്തിന്റെ പേരിൽ തുക മാറി നൽകിയതിനെതിരെയോ കൊല്ലം പ്രിൻസിപ്പൽ കൃഷി ഓഫീസിൽ നിന്ന് യാതൊരു നടപടികളും സ്വീകരിച്ചിരുന്നില്ല.

**ജി 5.** എസ്.എച്ച്.എം പദ്ധതി 2021-22 പ്രകാരം Decentralised Nursery കൾക്കുള്ള ധനസഹായം സംബന്ധിച്ച് യാതൊരുവിധ മാർഗ്ഗനിർദ്ദേശങ്ങളും നിർവഹണ ഉദ്യോഗസ്ഥർക്ക് നൽകിയതായി കാണുന്നില്ല. ടി പദ്ധതി പ്രകാരം ലഭിക്കുന്ന ക്ലെയിമുകൾ ചട്ടപ്രകാരമുള്ള രേഖപ്പെടുത്തലുകളോ ഫയലിംഗ് സംവിധാനമോ കൂടാതെ അപാകതകൾ പരിഹരിക്കുന്നതിനായി തിരികെ നൽകുന്ന പ്രവണതയും കണ്ടുവരുന്നു . കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്ക് എന്തടിസ്ഥാനത്തിലാണ് ടി ഘടകത്തിന്റെ ഭൗതിക സാമ്പത്തിക ലക്ഷ്യം നൽകിയിരിക്കുന്നതെന്ന് വ്യക്തമല്ല. ഇക്കാരണത്താൽ തന്നെയാണ് ചവറ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി ഷെറിൻ മുള്ളർ തന്റെ വ്യക്തിഗത ആവശ്യങ്ങൾക്കായി ദുരുപയോഗം ചെയ്യുന്ന സാഹചര്യം ഉണ്ടായത്. മാത്രവുമല്ല അത്തരത്തിൽ വ്യക്തിഗത ആവശ്യങ്ങൾക്കായി ഒരു കൃഷിവകുപ്പ് ഉദ്യോഗസ്ഥ തന്നെയാണ് അപേക്ഷയും അനുബന്ധ രേഖകളും തയ്യാറാക്കി നൽകിയതെന്നും അതിനനുസൃതമായി ക്ലെയിമും തയ്യാറാക്കുവാൻ നീണ്ടകര കൃഷിഓഫീസറെ പ്രേരിപ്പിക്കുന്നു എന്ന് ബോധ്യപ്പെട്ടിട്ടും ടി പദ്ധതിയുടെ ചുമതല ഉണ്ടായിരുന്ന കൃഷി ഡപ്യൂട്ടി ഡയറക്ടർ (എച്ച്) ഉചിതമായ നടപടി സ്വീകരിച്ചതായി കാണുന്നില്ല. കൂടാതെ അപേക്ഷയോടൊപ്പം അനുബന്ധ ചെലവ് രേഖകൾ ഇല്ലാതെ സമർപ്പിച്ച അപേക്ഷ നിരസിക്കുന്നതിൽ കൃഷി ഡപ്യൂട്ടി ഡയറക്ടർ (എച്ച്) കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ വീട്ടിലെ അപേക്ഷ ആയതിനാൽ നിരസിക്കേണ്ട ആവശ്യമില്ല എന്ന മറുപടിയാണ് നീണ്ടകര കൃഷിഓഫീസർക്ക് നൽകിയത് (അനുബന്ധം 26 അടയാളം C).

**എച്ച്. കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി ഷെറിൻ മുള്ളറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റിലെ വിവരങ്ങളും വിലയിരുത്തലുകളും**

ചവറ ബ്ലോക്കിൽ പച്ചക്കറി വികസന പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച നഴ്സറികൾ ഇല്ലായെന്നും തൈകൾ സംഭരണം നടത്തിയിട്ടുള്ള ഓണാട്ടുകര അഗ്രോഫാം കായംകുളം കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ നിയന്ത്രണത്തിലും, ഹരിതലക്ഷ്മി ബ്ലോക്ക് ലെവൽ നഴ്സറി ഇരവിപുരം കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ നിയന്ത്രണത്തിലും , ജയ്ഗാർഡൻസ് കുടുംബശ്രീ അഫിലിയേഷൻ ഉള്ള സ്ഥാപനമാണെന്നും ഈ സ്ഥാപനങ്ങളിൽ നിന്ന് പച്ചക്കറി തൈകൾ കൃഷിഓഫീസർമാർ സംഭരിച്ച് വിതരണം നടത്തിയതിന്റെ ഭാഗമായി സമർപ്പിച്ച ക്ലെയിമുകൾ ടിയാരി പാസാക്കി നൽകുകയാണ് ചെയ്തിട്ടുള്ളതെന്ന് വിശദീകരിക്കുന്നു. പച്ചക്കറി തൈകൾ കൃഷിഓഫീസർമാർ നേരിട്ടാണ് സംഭരിക്കുന്നത് എന്ന് വിശദീകരിച്ചിട്ടുണ്ടെങ്കിലും അടിയന്തിരമായി സ്കീം എക്സ്പെൻഡിച്ചർ ആക്കുന്നതിന് കായംകുളം ഓണാട്ടുകര അഗ്രോഫാമിൽ നിന്നും , ജയ്ഗാർഡൻസ് സന്ദർശിച്ച് തൈകളുടെ ഗുണനിലവാരം ഉറപ്പുവരുത്തി തൈകൾ സംഭരിച്ച് വിതരണം നടത്തിയിട്ടുണ്ടെന്നും രേഖപ്പെടുത്തിയിരിക്കുന്നു. കൂടാതെ സമയബന്ധിതമായി പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടിയാണ് 4 സ്ഥാപനങ്ങളിൽ (ഓണാട്ടുകര അഗ്രോഫാം, ജയ്ഗാർഡൻസ്, ഹരിതലക്ഷ്മി, തേവലക്കര കർമ്മസേന) നിന്ന് ഗുണനിലവാരം ഉറപ്പുവരുത്തി തൈകൾ സംഭരിച്ച് നൽകിയതെന്ന് വ്യക്തമാക്കിയിട്ടുണ്ട് (അനുബന്ധം 37/1 to 37/14).

എന്നാൽ സ്പെഷ്യൽ വിജിലൻസ് സെൽ അന്വേഷണത്തിൽ ജയ്ഗാർഡൻസ്

ഒഴികെയുള്ള ഒരു സ്ഥാപനത്തിലും ചവറ കൃഷി അസിസ്റ്റന്റ് ഡയറക്ടറോ , കൃഷിഓഫീസർ മാരോ തൈകളുടെ ഗുണനിലവാരം ഉറപ്പവരുത്തുന്നതിന് നേരിട്ട് പരിശോധന നടത്തുകയോ അല്ലായെങ്കിൽ ടി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന പരിധിയിലെ വകുപ്പ് ഉദ്യോഗസ്ഥർ മുഖേന ഗുണനിലവാരം ഉറപ്പവരുത്തുന്നതിന് കത്തിടപാടുകൾ നടത്തുകയോ /ഗുണനിലവാര സാക്ഷ്യപ്പെടുത്തലുകൾ വാങ്ങി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

കൂടാതെ മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്ന് പച്ചക്കറി തൈകൾ സംഭരിക്കുന്നതിന് ചവറ ബ്ലോക്കിലെ കൃഷിഓഫീസർമാർ ടി സ്ഥാപനങ്ങൾക്ക് ഓർഡർ നൽകിയിട്ടില്ലെന്നും ചവറ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ആവശ്യപ്പെടുന്ന മുറയ്ക്ക് അതാത് കൃഷിഭവനുകളിൽ തൈകൾ എത്തിച്ച് നൽകുക ആയിരുന്നുവെന്ന് സ്ഥാപന നടത്തിപ്പുകാർ വ്യക്തമാക്കിയിട്ടുള്ളതാണ് (അനുബന്ധം 21 അടയാളം A, അനുബന്ധം 38).

മുകളിൽ വിവരിച്ച സ്ഥാപനങ്ങളിൽ കൊല്ലം ഹരിതലക്ഷ്മി ബ്ലോക്ക് ലെവൽ നഴ്സറി ഇരവിപുരം കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള അംഗീകൃത സ്ഥാപനമാണ്. എന്നാൽ ചവറ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പരിധിയിൽ ചവറ , തേവലക്കര കൃഷിഭവനുകളുടെ ഭാഗമായി കൃഷിവകുപ്പ് ധനസഹായം നേടിയിട്ടുള്ള രണ്ട് കാർഷിക കർ സേനകൾ നിലവിലുണ്ട്. ഇവിടങ്ങളിലെ അംഗങ്ങൾ മുഖേന പച്ചക്കറി തൈകൾ ഉൽപ്പാദനം നടത്താതെ മറ്റ് സ്ഥാപനങ്ങളിൽ നിന്ന് പച്ചക്കറി തൈകൾ ടി സ്ഥാപനങ്ങൾ സംഭരിക്കുകയും കാർഷിക കർമ്മസേനകൾ വഴി എടുത്തതാണെന്ന് വരുത്തി തീർത്ത് ടി സ്ഥാപനങ്ങളുടെ ബില്ലുകൾ ഉപയോഗിച്ച് ഫണ്ട് ചെലവഴിക്കുന്നതിനാണ് ശ്രമിച്ചിട്ടുള്ളത് . ഓണാട്ടുകര അഗ്രോഫാം എന്നത് പ്രൈവറ്റ് മേഖലയിലുള്ള സ്ഥാപനമാണ്. ഈ സ്ഥാപനത്തിന് പച്ചക്കറി തൈകളും വിത്തുകളും മറ്റും വിൽക്കുന്നതിന് യാതൊരുവിധ അംഗീകാരവും നൽകിയിട്ടില്ലായെന്ന് ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസർ രേഖാമൂലം അറിയിച്ചിട്ടുള്ളതമാണ്.

## ഭാഗം 2

### ഓണാട്ടുകര അഗ്രോഫാംസിന്റെ പ്രവർത്തവുമായി ബന്ധപ്പെട്ട് കായംകുളം കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിന്റെ പരിധിയിൽ കണ്ടെത്തിയ ക്രമക്കേടുകൾ

1. 2018-19 സാമ്പത്തിക വർഷം പച്ചക്കറി വികസന പദ്ധതി Establishment of Small Nurseries in Corporation/Muncipalty/Panchayat പ്രകാരം വകയിരുത്തിയിട്ടുള്ള 1 ലക്ഷം രൂപ ധനസഹായവും 40000/- രൂപ റിവോൾവിംഗ് ഫണ്ടും ശ്രീമതി ഷഹനാ ബഷീർ ചീരാമത്ത് എന്ന വ്യക്തിക്ക് നഴ്സറി തുടങ്ങുന്നതിനായി അനുവദിച്ചിട്ടുള്ളതായി കായംകുളം കൃഷി അസിസ്റ്റന്റ് ഡയറക്ടർ രേഖാമൂലം നൽകിയ മറുപടിയിൽ വ്യക്തമാക്കുന്നു (അനുബന്ധം 39). എന്നാൽ ശ്രീമതി ഷഹനാ ബഷീർ കുടുംബാംഗങ്ങളുമായി ചേർന്ന് നടത്തിവന്നിരുന്ന ചീരാമത്ത് അഗ്രോഫാം എന്ന സ്വകാര്യ നഴ്സറിയെയാണ് പ്രസ്തുത പദ്ധതിയ്ക്കായി പരിഗണിച്ചിരിക്കുന്നതെന്ന് രേഖകളിൽ നിന്ന് വ്യക്തമാകുന്നതാണ്. (പ്രസ്തുത ആനുകൂല്യം കൈപ്പറ്റുന്നതിനായി സമർപ്പിച്ച അപേക്ഷയ്ക്ക് അനുബന്ധമായി സമർപ്പിച്ച രേഖകളിൽ ചീരാമത്ത് അഗ്രോ ഫാംസ് എന്ന സ്ഥാപനത്തിന്റേതായ ബില്ല് സമർപ്പിച്ചിരിക്കുന്നതായി കാണാം, അനുബന്ധം 40) മാത്രവുമല്ല ശ്രീമതി ഷെഹനാ ബഷീറിന്റെ വസതിയോടനുബന്ധമായി പ്രവർത്തിച്ചുവരുന്ന ചീരാമത്ത് അഗ്രോഫാം, ഓണാട്ടുകര അഗ്രോ ഫാം എന്നീ സ്ഥാപനങ്ങൾ താനും തന്റെ മാതാപിതാക്കളും ചേർന്നാണ് നടത്തിവരുന്നതെന്ന് ശ്രീമതി ഷഹനാ ബഷീറും രേഖാമൂലം വ്യക്തമാക്കിയിട്ടുള്ളതാണ് (അനുബന്ധം 41).

ഓണാട്ടുകര അഗ്രോഫാം എന്ന പേരിൽ ഒരു സ്ഥാപനത്തിനും കൃഷിവകുപ്പ് ഏതെങ്കിലും ആനുകൂല്യമോ അംഗീകാരമോ നൽകിയിട്ടില്ലായെന്ന് പ്രസ്തുത സ്ഥാപനത്തിന്റെയും കായംകുളം കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിലെയും രേഖകൾ പരിശോധിച്ചതിൽ നിന്ന് വ്യക്തമായിട്ടുള്ളതാണ്. മാത്രവുമല്ല ചീരാമത്ത് അഗ്രോഫാം എന്ന സ്ഥാപനത്തിനും ഓണാട്ടുകര അഗ്രോഫാം എന്ന സ്ഥാപനത്തിനും പച്ചക്കറി തൈകളും വിത്തുകളും മറ്റും വിൽക്കുന്നതിന് യാതൊരുവിധ അംഗീകാരവും നൽകിയിട്ടില്ലായെന്ന് ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസർ രേഖാമൂലം വ്യക്തമാക്കിയിട്ടുണ്ട് (അനുബന്ധം 42).

ടി ആനുകൂല്യം നൽകുന്നതിനുള്ള പ്രസ്തുത സാമ്പത്തിക വർഷത്തെ പദ്ധതി മാർഗ്ഗരേഖയിൽ പഞ്ചായത്ത്/മുനിസിപ്പൽ മേഖലകളിൽ പച്ചക്കറി വികസന പദ്ധതി പ്രകാരം നഴ്സറികൾ ആരംഭിക്കുമ്പോൾ തൈ ഉൽപ്പാദനത്തിന് ആവശ്യമായി വരുന്ന വിത്തുകളും മറ്റും വി.എഫ്.പി.സി.കെ/ കേരല കാർഷിക സർവ്വകലാശാല എന്നിവിടങ്ങളിൽ നിന്ന ലഭ്യമാക്കണമെന്നും പച്ചക്കറി വികസന പദ്ധതി പ്രകാരം പ്രവർത്തിക്കുന്ന ക്ലസ്റ്ററുകൾ അല്ലെങ്കിൽ കാർഷിക കർമ്മസേനകൾ , കുടുംബശ്രീ, എം.എൻ.ആർ.ഈ.ജി.എസ്,

തുടങ്ങിയവയുടെ സഹകരണം ഉൽപ്പാദന പ്രക്രിയയിൽ പ്രയോജനപ്പെടുത്തണമെന്നും വ്യക്തമായ നിർദ്ദേശം നൽകിയിരുന്നു എങ്കിലും ആയവ ഒന്നും പാലിക്കപ്പെട്ടില്ല എന്ന് മാത്രമല്ല നിലവിൽ അംഗീകാരമില്ലാതെ പ്രവർത്തിച്ചുകൊണ്ടിരുന്ന ഒരു സ്ഥാപനത്തിന്റെ മറവിൽ വ്യക്തിഗത ആനുകൂല്യമായാണ് ശ്രീമതി ഷഹാന ബഷീറിന് ടി ആനുകൂല്യം നൽകിയിരിക്കുന്നത്. ടിയാരി, കൃഷിവകുപ്പിൽ സേവനമനുഷ്ഠിക്കുന്ന നിലവിൽ കൊല്ലം ജില്ലയിലെ ക്ലാപ്പന കൃഷിഭവനിൽ അസിസ്റ്റന്റ് കൃഷി ഓഫീസറായി സേവനമനുഷ്ഠിക്കുന്ന ശ്രീ ഷുജാഖാൻ. ഐ എന്നയാളുടെ ഭാര്യയാണെന്ന് അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട് . ടിയാൻ സേവനമനുഷ്ഠിക്കുന്ന ക്ലാപ്പന കൃഷിഭവനിൽ നടത്തിയ പരിശോധനയിൽ മേൽപറഞ്ഞ രണ്ടു സ്ഥാപനങ്ങൾക്കും പുറമേ ചീരാമത്ത് അഗ്രോ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന്റെ പേരിലുള്ള ബില്ലുകളും പച്ചക്കറി വികസന പദ്ധതിയുടെ മഴമറ എന്ന ഘടകത്തിലെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ളതായും പ്രസ്തുത ബില്ലിൽ ഓണാട്ടുകര അഗ്രോഫാംസിന്റെ സീൽ പതിപ്പിച്ചിരിക്കുന്നതായും കണ്ടെത്തിയിട്ടുണ്ട് . (അനുബന്ധം 43). അതുപോലെ തന്നെ ഓണാട്ടുകര അഗ്രോഫാംസിന്റെ പേരിൽ ലഭ്യമാക്കിയിരിക്കുന്ന ബില്ലിൽ ചീരാമത്ത് അഗ്രോഫാമിന്റെ സീൽ ആണ് പതിപ്പിച്ചിരിക്കുന്നത് (അനുബന്ധം 44). ആയതിനാൽ തന്നെ ഈ മൂന്ന് സ്ഥാപനങ്ങളും ഒരേ വ്യക്തിയുടെ നിയന്ത്രണത്തിൽ ഒരു സംവിധാനത്തിന്റെ കീഴിലാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാകുന്നു. ഇത് സാധൂകരിക്കുന്ന തരത്തിലുള്ള മൊഴിയാണ് ശ്രീമതി ഷഹാ ബഷീർ അന്വേഷണ സംഘത്തിന് നൽകിയിട്ടുള്ളത്. മാത്രവുമല്ല ക്ലാപ്പന അസിസ്റ്റന്റ് കൃഷി ഓഫീസർ ശ്രീ ഐ ഷുജാഖാന് പ്രസ്തുത സ്ഥാപനങ്ങളുമായുള്ള ബന്ധം തെളിയിക്കുന്നതരത്തിലാണ് ടി സ്ഥാപനങ്ങളുടെ അക്കൗണ്ടുകളിലേക്ക് ടിയാൻ നേരിട്ട് നടത്തിയിരിക്കുന്ന ഇടപാടുകൾ ആയത് സംബന്ധിക്കുന്ന ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റുകൾ അന്വേഷണത്തിൽ ലഭ്യമായിട്ടുണ്ട്. (അനുബന്ധം 45).

2. ശ്രീമതി ഷഹാ ബഷീറിന്റെ വസതിയോടു ചേർന്നാണ് VDP നഴ്സറി പ്രവർത്തിക്കുന്നതെന്ന് കായംകുളം കൃഷിഭവനിൽ നിന്നുള്ള വിവരത്തെ തുടർന്ന് അന്വേഷണസംഘം കായംകുളം കൃഷി ഫീൽഡ് ഓഫീസർ, കൃഷി അസിസ്റ്റന്റ് എന്നിവരുടെ സാന്നിധ്യത്തിൽ ടി സ്ഥലം സന്ദർശിച്ചതിൽ ടിയാരിക്ക് 2018-19 സാമ്പത്തിക വർഷം പച്ചക്കറി വികസന പദ്ധതി പ്രകാരം മുനിസിപ്പൽ തല നഴ്സറി ഇനത്തിൽ ഒരു ലക്ഷം രൂപ അനുവദിച്ചത് സാധൂകരിക്കുന്ന വിധത്തിലുള്ള യാതൊരുവിധ നിർമ്മിതികളും നിലവിലുള്ളതായി കണ്ടില്ല (അനുബന്ധം 46). മാത്രവുമല്ല ഓണാട്ടുകര അഗ്രോഫാംസ്, ചീരാമത്ത് അഗ്രോഫാംസ്, ചീരാമത്ത് അഗ്രോ ഇൻഡസ്ട്രീസ് എന്നീ പേരുകളിൽ സ്ഥാപനങ്ങൾ നടത്തുന്നത് താനും തന്റെ മാതാപിതാക്കളും ചേർന്നാണ് എന്ന് ശ്രീമതി ഷഹന ബഷീർ തന്നെ സമ്മതിക്കുന്നുണ്ട് എങ്കിലും പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ലൈസൻസ്, ബിൽ ബുക്ക്, സ്റ്റോക്ക് രജിസ്റ്ററുകൾ തുടങ്ങിയവയും വിവിധ സ്ഥാപനങ്ങൾക്ക് പച്ചക്കറി തൈകൾ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ടുള്ള രേഖകളും ടിയാരിയുടെ കൈവശമില്ല. ഈ സ്ഥാപനങ്ങൾക്ക് വിത്തുകളും തൈകളും വിൽപ്പന നടത്തുന്നതിന് ലൈസൻസ് നൽകിയിട്ടില്ലായെന്നും ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്.

3. 2018-19 സാമ്പത്തിക വർഷം മുതൽ കൃഷിവകുപ്പിന്റെ വിവിധ പദ്ധതികളിൽ ഓണാട്ടുകര അഗ്രോഫാംസ്, ചീരാമത്ത് അഗ്രോഫാംസ്, ചീരാമത്ത് അഗ്രോ ഇൻഡസ്ട്രീസ് എന്നീ പേരുകളിൽ വിവിധ കാർഷിക സാമഗ്രികൾ വിതരണം ചെയ്യുകയും മറ്റ് കാർഷിക അനുബന്ധ സംവിധാനങ്ങൾ തയ്യാറാക്കി നൽകുകയും (ഡ്രിപ്പ് ഇറിഗേഷൻ, റയിൻ ഷെൽട്ടർ , സ്പ്രെയറുകൾ) ആയത് സാധൂകരിക്കുന്ന ബില്ലുകൾ ഗുണഭോക്താക്കളുടെ പേരിലും കൃഷിഉദ്യോഗസ്ഥരുടെ പേരിലും വിതരണം ചെയ്തിട്ടുണ്ട് (അനുബന്ധം 47). പ്രസ്തുത ബില്ലുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന ജി.എസ്.ടി നമ്പർ നിലവിലില്ലാത്തതാണ് (അനുബന്ധം 48). ഈ ബില്ലുകൾ 2018-19 സാമ്പത്തിക വർഷം മുതൽ തന്നെ വിവിധ കാർഷിക വികസന പദ്ധതികളുടെ ധനവിനിയോഗാർത്ഥം ക്ലയിമുകളായി കൃഷിഭവനുകൾ മുഖേന സമർപ്പിക്കപ്പെടുകയും ആയത് കായംകുളം കൃഷി അസിസ്റ്റന്റ് ഡയറക്ടർ തലത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നിരുന്നിട്ടും നാളിതുവരെ പ്രസ്തുത സ്ഥാപനങ്ങളുടെ അംഗീകാരത്തെ സംബന്ധിച്ചും ബില്ലുകളിലെ ആധികാരികത സംബന്ധിച്ചും കായംകുളം കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസും ആയതിന്റെ പരിധിയിൽ വരുന്ന കൃഷിഭവനുകളും യാതൊരുവിധ പരിശോധനയും നടപടികളും സ്വീകരിച്ചിട്ടില്ല. നിലവിലെ കായംകുളം കൃഷി അസിസ്റ്റന്റ്ഡയറക്ടറും, കൃഷി ഫീൽഡ് ഓഫീസറും 2021 ജൂൺ മാസവും ഓഗസ്റ്റ് മാസവും യഥാക്രമം ടി സ്ഥാപനത്തിൽ പരിശോധന നടത്തിയതായി അവകാശപ്പെടുമ്പോഴും

(അനുബന്ധം 39 അടയാളം A) ആയത് സംബന്ധിച്ച റിപ്പോർട്ടുകൾ ഒന്നും തന്നെ ലഭ്യമല്ല. 2021 ഓഗസ്റ്റ് ആദ്യവാരം ടി സ്ഥാപനം സന്ദർശിച്ച കൃഷി ഫീൽഡ് ഓഫീസർക്ക് സർക്കാർ ധനസഹായത്തോട്ടുകൂടി VDP നഴ്സറിയുടെ ഭാഗമായി സ്ഥാപിച്ചിരുന്ന മഴമറകൾ പൊളിച്ചുമാറ്റിയ കാര്യം ബോധ്യപ്പെട്ടുവെങ്കിലും ( അനുബന്ധം 49) ആയത് സംബന്ധിച്ച് രേഖാമൂലം യാതൊരു നിർദ്ദേശങ്ങളും ശ്രീമതി ഷഹനാ ബഷീറിന് നൽകുകയോ ഈ വിവരം മേലധികാരികളെ ധരിപ്പിക്കുകയോ ചെയ്തിരുന്നില്ല. കൃഷിവകുപ്പിലെ രണ്ട് ഉദ്യോഗസ്ഥർ ടി സ്ഥാപനത്തിൽ പരിശോധന നടത്തിയ വേളയിൽ ശേഷവും ചട്ടവിരുദ്ധമായി പല പേരുകളിൽ ബില്ലുകൾ തങ്ങളുടെ പരിധിയിലുള്ളതും അല്ലാത്തതുമായ വിവിധ ഓഫീസുകൾക്ക് നൽകിയിരിക്കുന്ന സാമഗ്രികളും ആയതിന്റെ ബില്ലുകളും പദ്ധതി ആനുകൂല്യമായി റിവോൾവിംഗ് ഫണ്ടായി കൈപ്പറ്റിയിരിക്കുന്ന 40,000/- രൂപയുടെ വിനിയോഗം സംബന്ധിച്ചും, പദ്ധതിയുടെ വിവരങ്ങൾ വ്യക്തമാക്കുന്ന തരത്തിൽ ബോർഡുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ചും യാതൊരുവിധ പരിശോധനകളും നടത്തി തുടർ നടപടികൾ സ്വീകരിക്കുവാൻ ശ്രമിച്ചിട്ടില്ല . ആയതിനാൽ തന്നെ VDP പച്ചക്കറി വികസന പദ്ധതിയുടെ പേരിലുള്ള സ്ഥാപനം എന്ന വ്യാജേന കായംകുളം കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പരിധിയിലും സമീപ ജില്ലകളിലും ചട്ടവിരുദ്ധമായി ക്രയവിക്രയങ്ങൾ നടത്തുന്നതിനും ടി സ്ഥാപനത്തിന് സാധിച്ചു. 30.05.2022 ൽ അന്വേഷണ സംഘം പ്രസ്തുത സ്ഥലം സന്ദർശിക്കുമ്പോഴും മേൽ പറഞ്ഞ അപാകതകൾ അതേപടി തുടരുന്ന സാഹചര്യമാണ് നിലവിലുണ്ടായിരുന്നത്.

• • • • • •

## ഭാഗം 3

## ക്രമക്കേടുകളും ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥരും

### 1. ശ്രീമതി ഷെറിൻ മുള്ളർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ

ചട്ടങ്ങളുടെയും, പദ്ധതി പ്രവർത്തന നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ പദ്ധതി നിർവഹണം നടത്തുവാൻ ചുമതലപ്പെട്ട കൃഷിഓഫീസർമാരെ വകുപ്പിലെ ഫാമുകൾ , ബ്ലോക്ക് ലവൽ/ പഞ്ചായത്ത് ലവൽ നഴ്സറികൾ, അഗ്രോ സർവ്വീസ് സെന്റർ, കാർഷിക കർമ്മസേന, VFPCK എന്നിവിടങ്ങളിൽ നിന്ന് പച്ചക്കറി തൈകൾ സംഭരിക്കുവാൻ അനുവദിക്കാതെ സംഭരണം സ്വയം ഏറ്റെടുത്ത് കുടുംബാംഗാംങ്ങൾക്കും അന്യജില്ലയിൽ സ്വകാര്യനഴ്സറി നടത്തുന്ന വ്യക്തിക്കും സാമ്പത്തിക നേട്ടം ഉണ്ടാകുന്ന തരത്തിൽ പച്ചക്കറി തൈകൾ സംഭരിക്കുകയും ശേഷം കൃഷിഓഫീസർമാരാണ് സംഭരണം നടത്തിയെന്ന് വരുത്തി തീർക്കുവാൻ കൃഷിഓഫീസർമാരുടെ പേരിൽ ബില്ലുകൾ സമാഹരിച്ച് നൽകുകയും കുടുംബാംഗങ്ങളുടെ പേരിൽ ആനുകൂല്യം അനുവദിക്കുന്നതിനുള്ള അപേക്ഷകളും അനുബന്ധ രേഖകളും ചട്ടവിരുദ്ധമായി അധികാര ദുരുപയോഗത്തിലൂടെ തയ്യാറാക്കി ആനുകൂല്യങ്ങൾ സ്വന്തം പേര് കൂടിയുള്ള ബാങ്ക് അക്കൗണ്ടുകളിലൂടെ നേടിയെടുക്കുകയും വ്യാജ കൈപ്പറ്റ് രസീതുകൾ തയ്യാറാക്കി സാമ്പത്തിക അപഹരണം നടത്തുകയും ചെയ്തിരിക്കുന്നു.

പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ടുള്ള അവലോകന യോഗങ്ങളും നിർദ്ദേശങ്ങളും രേഖാമൂലം എഴുതി സൂക്ഷിക്കുകയോ യോഗത്തിലെ നിർദ്ദേശങ്ങളും തീരുമാനങ്ങളും രേഖാമൂലം കൃഷിഓഫീസർമാരെ അറിയിക്കുകയോ ചെയ്യാതിരിക്കുന്നത് വഴി സ്വാർത്ഥ താൽപ്പര്യത്തിനായി പദ്ധതി നിർവഹണത്തിൽ ഇടപെടലുകൾ നടത്തുവാൻ സാഹചര്യം ഒരുക്കി.

**എ.** തന്റെ വീട്ടിൽ പ്രവർത്തിക്കുന്ന ജയ്ഗാർഡൻ എന്ന സ്ഥാപനത്തിൽ നിന്ന് കൃഷിഭവനുകൾക്ക് ഇറക്കി നൽകിയ പച്ചക്കറി തൈകളുടെ ബില്ല് സ്വന്തം കൈപ്പടയിൽ തന്നെ തയ്യാറാക്കി കൃഷിഓഫീസർമാർക്ക് നൽകി.

**ബി.** 2020-21 സാമ്പത്തിക വർഷം പച്ചക്കറി വികസന പദ്ധയിയിൽ ഉൾപ്പെടുത്തി മഴമറ (Rain Shelter) അനുവദിച്ചിരിക്കുന്നത് ഭർത്താവായ ശ്രീ ജയമോൻ ജെറോം എന്ന വ്യക്തിക്കാണ് . ബില്ല് പ്രകാരമുള്ള നിർമ്മാണ സാമഗ്രികൾ 29.12.2020 ന് ഗുണഭോക്താവിന് ലഭിച്ചുവെന്നിരിക്കെ അന്നേ ദിവസം തന്നെ നീണ്ടകര കൃഷിഓഫീസർ മുഖേന ക്ലയിം അനുമതി രേഖപ്പെടുത്തി വാങ്ങുന്നതിന് ചട്ടവിരുദ്ധമായ ഇടപെടലുകൾ നടത്തി.

2021-22 സാമ്പത്തിക വർഷം പിതാവിന്റെ പേരിൽ മഴമറയ്ക്കുള്ള (Rain Shelter)

സാമ്പത്തിക ആനുകൂല്യം നേടിയെടുത്തു. ആയതിൽ നീണ്ടകര കൃഷിഭവൻ മുഖേന ആവശ്യമായ പരിശോധനകൾക്ക് സമയവും അവസരവും നൽകാതെ നിർബന്ധപൂർവ്വം ക്ലയിമുകൾ തയ്യാറാക്കി ധനവിനിയോഗം നടത്തിയിട്ടുള്ളതാണ്. ആയതിന്റെ സാമ്പത്തിക ആനുകൂല്യം തന്റെയും പിതാവിന്റെയും പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ലഭ്യമാക്കിയിരിക്കുന്നു.

**സി.** ആർ.കെ.വി.വൈ 2020-21 - തരിശുഭൂമിയിൽ ഊർജ്ജിത ഭക്ഷ്യോത്പാദനവും വിപണന ശൃംഖലയുടെ ശാക്തീകരണവും എന്ന പദ്ധതിയിൽ അനുവദിച്ചിരുന്ന ടാർജറ്റുകളിൽ മാറ്റം വരുത്തി നടപ്പാക്കി. കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിൽ ലഭിക്കേണ്ട സാമ്പത്തികാനുകൂല്യങ്ങൾ മറ്റ് സ്ഥാപനങ്ങൾക്ക് ലഭിക്കുന്നതിന് വഴിയൊരുക്കി. തേവലക്കര ഇക്കോഷോപ്പിന് പച്ചക്കറി തൈകൾ ഇറക്കി നൽകിയതിന്റെ വിലയായ 3,08,500/- രൂപ ടിയാരി പണമായി കൈപ്പറ്റി. ആയതിൽ 1,96,000/- രൂപയ്ക്കുള്ള വ്യാജ രസീത് നൽകി. ടി പദ്ധതിയ്ക്കായി കൊല്ലം ഹരിതലക്ഷ്മി ബ്ലോക്ക് ലവൽ നഴ്സറിയിൽ നിന്ന് തേവലക്കര കൃഷിഭവനിൽ നൽകിയ 35000 തൈകളുടെ വിലയായ 87,500/- രൂപ നൽകിയിട്ടില്ല. ഈ പദ്ധതി പ്രകാരം അനുവദിച്ച 4 ലക്ഷം രൂപ തേവലക്കര ഇക്കോഷോപ്പിന്റെ ബാങ്ക് അക്കൗണ്ടിൽ 24.03.2021 ന് ലഭ്യമാക്കിയിരിക്കെ 2021-22 സാമ്പത്തിക വർഷം ജൂൺ, ഓഗസ്റ്റ് മാസങ്ങളിൽ 35000 തൈകൾ ഇതേ പദ്ധതി പ്രകാരം വീണ്ടും കൊല്ലം ഹരിത ലക്ഷ്മിയിൽ നിന്ന് ഇറക്കി നൽകുകയും തേവലക്കര ഇക്കോഷോപ്പിന് കായംകുളം ഓണാട്ടുകര അഗ്രോഫാമിൽ നിന്ന് തൈകൾ നൽകിയതായ വിവരങ്ങൾ/രേഖകൾ ഓണാട്ടുകര അഗ്രോഫാം ഉടമകൾക്ക് നൽകുവാൻ സാധിച്ചിട്ടില്ലാത്തതിനാൽ ഈ പദ്ധതിയുടെ നടത്തിപ്പിലും ധനവിനിയോഗത്തിലും ദുരൂഹത നിലനിൽക്കുന്നു.

**ഡി.** വിവിധ പദ്ധതികളിൽ പച്ചക്കറി തൈകൾ വിതരണം ചെയ്യുകയും പച്ചക്കറി വികസന പദ്ധതി പ്രകാരമുള്ള മഴമറ ആനുകൂല്യം തുടർച്ചയായ രണ്ടു വർഷങ്ങളിൽ നേടിയെടുക്കുകയും ഈ സ്ഥാപനത്തിന്റെ ഭൗതിക സംവിധാനങ്ങളും സാഹചര്യങ്ങളും പ്രയോജനപ്പെടുത്തി 2021-22 ൽ സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി Decentralised Nursery ക്കുള്ള ആനുകൂല്യം ലഭിക്കുന്നതിനായി ഭർത്താവായ ശ്രീ ജയമോൻ ജെറോം, സെക്രട്ടറി , ജയ്ഗാർഡൻ, ഷെറിൻ നെസ്റ്റ്, നീണ്ടകര എന്ന പേരിൽ നീണ്ടകര കൃഷിഭവനിൽ അപേക്ഷ സമർപ്പിക്കുകയും പ്രസ്തുത അപേക്ഷയ്ക്ക് അനുബന്ധമായി ആയതിന് സ്വന്തം ഓഫീസിലെ കീഴ്ജീവനക്കാരെ സാക്ഷികളാക്കി മാതാപിതാക്കൾ , ഭർത്താവ്, മക്കൾ എന്നിവർക്ക് ടിയാരിയുടെ പേരിലുള്ള ഭൂമി പാട്ടത്തിന് നൽകുന്നതായ രേഖ ഉണ്ടാക്കി സമർപ്പിക്കുകയും ടി ആനുകൂല്യം നേടിയെടുക്കുന്നതിന് കൃഷിഭവൻ തല നടപടികൾ ക്രമവിരുദ്ധമായി പൂർത്തീകരിക്കുന്നതിന് നീണ്ടകര കൃഷിഓഫീസറെ സമ്മർദ്ദത്തിലാക്കുകയും ചെയ്തിരിക്കുന്നു.

**ഇ.** 2020-21 ൽ 1,60,000 തൈകൾ തേവലക്കര ഇക്കോഷോപ്പിന് ഇറക്കി നൽകിയതിന്റെ പേരിൽ 3,08,500/- രൂപ ഇക്കോഷോപ്പ് ഭാരവാഹികളിൽ നിന്ന് ക്യാഷായി കൈപ്പറ്റുകയും ഇതിൽ 1,96,000/- രൂപയ്ക്ക് വ്യാജരസീത് നൽകി.

**എഫ്.** കൊല്ലം ഹരിതലക്ഷ്മിയിൽ നിന്ന് 35,000 പച്ചക്കറി തൈകൾ തേവലക്കര കൃഷിഭവന് നൽകിയതിൽ ആയതിന്റെ വിലയായ 87500/- രൂപ കൊല്ലം ഹരിതലക്ഷ്മിയ്ക്ക് നൽകിയിട്ടില്ല.

**ജി.** തരിശുഭൂമിയിൽ ഊർജ്ജിത ഭക്ഷ്യോത്പാദനവും വിപണന ശൃംഖലയുടെ ശാക്തീകരണവും എന്ന പദ്ധതിയിൽ 2020-21 ൽ വിവിധ ഘടകങ്ങൾക്കായി അനുവദിച്ച 68.55 ലക്ഷം രൂപ ഘടകങ്ങളിൽ മാറ്റം വരുത്തി നടപ്പിലാക്കിയതോടൊപ്പം 44.85 ലക്ഷം രൂപ പദ്ധതി നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി കൃഷി ചെയ്ത കർഷകർക്ക് സാമ്പത്തിക ആനുകൂല്യം നൽകാതെ ടി തുക പൂർണ്ണമായും വിവിധ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന തരത്തിൽ നടപ്പാക്കി. 2021-22 ലും ഇതേ തരത്തിൽ 8,22,200/- രൂപ കൃഷി ചെയ്ത കർഷകർക്ക് സാമ്പത്തിക ആനുകൂല്യം നൽകാതെ ടി തുക പൂർണ്ണമായും വിവിധ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന തരത്തിൽ നടപ്പാക്കി.

• • • • •

**2. അഞ്ജനാ ജി കൃഷിഓഫീസർ പന്മന** (07.12.2020 മുതൽ 01.03.2021 വരെ)

1. 2020-21 വർഷത്തെ തരിശുഭൂമിയിൽ ഊർജ്ജിത ഭക്ഷ്യോത്പാദനവും വിപണന ശൃംഖലയുടെ ശാക്തീകരണവും എന്നീ പദ്ധതികൾ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നടപ്പാക്കി. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 27.07.2020 ലെ എ.ഡി.എഫ്.ഡബ്ല്യൂ 524/2020 ടി.പി3 നമ്പർ സർക്കുലർ വിരുദ്ധമായും നടപടിക്രമങ്ങൾ പാലിക്കാതെയും നടീൽ വസ്തുക്കൾ നേരിട്ട് സംഭരിക്കുയും ആയതുവഴി തരിശുഭൂമിയിൽ ആദ്യ കൃഷിയ്ക്ക്

രണ്ടുഘട്ടങ്ങളിലായി കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകേണ്ട ആനുകൂല്യം വിതരണ ഏജൻസികൾക്ക് ലഭ്യമാക്കിയിരിക്കുന്നു. രേഖകൾ പ്രകാരം അനുവദിച്ചിരിക്കുന്ന ഘടകങ്ങളിൽ മാറ്റം വരുത്തി പദ്ധതി നടപ്പാക്കി.

**3. ന്യൂബിയാ ബഷീർ കൃഷിഓഫീസർ ചവറ** (20.08.2018 മുതൽ 29.10.2021 വരെ)

എ. 2020-21 വർഷത്തെ തരിശുഭൂമിയിൽ ഊർജ്ജിത ഭക്ഷ്യോത്പാദനവും വിപണന ശൃംഖലയുടെ ശാക്തീകരണവും എന്നീ പദ്ധതികൾ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നടപ്പാക്കി. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 27.07.2020 ലെ എ.ഡി.എഫ്.ഡബ്ല്യൂ 524/2020 ടി.പി3 നമ്പർ സർക്കുലർ വിരുദ്ധമായും നടപടിക്രമങ്ങൾ പാലിക്കാതെയും നടീൽ വസ്തുക്കൾ നേരിട്ട് സംഭരിക്കുയും ആയതുവഴി തരിശുഭൂമിയിൽ ആദ്യ കൃഷിയ്ക്ക് രണ്ടുഘട്ടങ്ങളിലായി കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകേണ്ട ആനുകൂല്യം വിതരണ ഏജൻസികൾക്ക് ലഭ്യമാക്കിയിരിക്കുന്നു. രേഖകൾ പ്രകാരം അനുവദിച്ചിരിക്കുന്ന ഘടകങ്ങളിൽ മാറ്റം വരുത്തി പദ്ധതി നടപ്പാക്കി.

ബി. കൂടാതെ 2021-22 വർഷത്തെ പച്ചക്കറി വികസന പദ്ധതി പ്രകാരം പച്ചക്കറിതൈകൾ സംഭരിച്ച് വിതരണം ചെയ്തതിൽ നടപടിക്രമങ്ങൾ പാലിക്കാതെയും ഗുണമേന്മ ഉറപ്പുവരുത്താതെയും മുൻവർഷങ്ങളിലേതുപോലെ സ്വന്തം പരിധിയിലെ കാർഷിക കർമ്മസേനയെ ഉപയോഗപ്പെടുത്താതെ മറ്റൊരു ബ്ലോക്കിലെ സ്ഥാപനത്തിൽ നിന്നുള്ള പച്ചക്കറി തൈകൾ വിതരണം നടത്തിയിരിക്കുന്നു.

**4. ശ്രീമതി രശ്മി ജയരാജ് കൃഷിഓഫീസർ തേവലക്കര & പന്മന (അധിക ചുമതല)**

എ. 2020-21 വർഷത്തെ തരിശുഭൂമിയിൽ ഊർജ്ജിത ഭക്ഷ്യോത്പാദനവും വിപണന ശൃംഖലയുടെ ശാക്തീകരണവും എന്നീ പദ്ധതികൾ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നടപ്പാക്കി. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 27.07.2020 ലെ എ.ഡി.എഫ്.ഡബ്ല്യൂ 524/2020 ടി.പി3 നമ്പർ സർക്കുലർ വിരുദ്ധമായും നടപടിക്രമങ്ങൾ പാലിക്കാതെയും നടീൽ വസ്തുക്കൾ നേരിട്ട് സംഭരിക്കുയും ആയതുവഴി തരിശുഭൂമിയിൽ ആദ്യ കൃഷിയ്ക്ക് രണ്ടുഘട്ടങ്ങളിലായി കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകേണ്ട ആനുകൂല്യം വിതരണ ഏജൻസികൾക്ക് ലഭ്യമാക്കിയിരിക്കുന്നു. രേഖകൾ പ്രകാരം അനുവദിച്ചിരിക്കുന്ന ഘടകങ്ങളിൽ മാറ്റം വരുത്തി പദ്ധതി നടപ്പാക്കി. പദ്ധതി നിർവഹണം പൂർത്തീകരിക്കുന്നതിന് മുമ്പ് തന്നെ ടി പദ്ധതിയിലെ പച്ചക്കറി കൃഷി ഘടകത്തിൽ ഉൾപ്പെടുത്തി നാലു ലക്ഷം രൂപ തേവലക്കര ഇക്കോഷോപ്പിന് മാറി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ഈ തുക പിന്നീട് ചട്ടവിരുദ്ധമായി പിൻവലിച്ച് കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകി. ടി പദ്ധതിയുമായി ബന്ധപ്പെട്ട് ഇക്കോഷോപ്പ് നടത്തിയ സംഭരണ വിതരണ പ്രക്രിയകളിൽ സംഭവിച്ച പാളിച്ചകൾ ഒഴിവാക്കുന്നതിനായി യാതൊരു നടപടിയും സ്വീകരിച്ചില്ല.

ബി. കൂടാതെ 2021-22 വർഷത്തെ പച്ചക്കറി വികസന പദ്ധതി പ്രകാരം പച്ചക്കറിതൈകൾ സംഭരിച്ച് വിതരണം ചെയ്തതിൽ നടപടിക്രമങ്ങൾ പാലിക്കാതെയും ഗുണമേന്മ ഉറപ്പുവരുത്താതെയും മുൻവർഷങ്ങളിലേതുപോലെ സ്വന്തം പരിധിയിലെ കാർഷിക കർമ്മസേനയെ ഉപയോഗപ്പെടുത്താതെ അംഗീകാരമില്ലാത്ത സ്വകാര്യ സ്ഥാപനത്തിൽ നിന്നുള്ള പച്ചക്കറി തൈകൾ വിതരണം നടത്തിയിരിക്കുന്നു.

**സി.** ആർ.കെ.വി.വൈ പദ്ധതി 2021-22 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായും നടപടിക്രമങ്ങൾ പാലിക്കാതെയും പച്ചക്കറി തൈകൾ സ്വകാര്യ സ്ഥാപനത്തിൽ നിന്നും വിതരണം നടത്തിയിരിക്കുന്നു.

**5. നാസിയ ഷരീഫ് കൃഷിഓഫീസർ നീണ്ടകര**

**എ.** നീണ്ടകര കൃഷിഭവൻ മുഖേന 2020-21 സാമ്പത്തിക വർഷം പച്ചക്കറി വികസന പദ്ധയിയിൽ ഉൾപ്പെടുത്തി മഴമറ (Rain Shelter) അനുവദിച്ചിരിക്കുന്നത് ജയമോൻ ജെറോം, ഷെറിൻ നെസ്റ്റ്, നീണ്ടകര എന്ന വ്യക്തിക്ക് അനുവദിച്ചിരിക്കുന്നതിൽ നടപടിക്രമങ്ങൾ പാലിക്കപ്പെട്ടില്ല. ആനുകൂല്യത്തിനായി കൃഷിഭവനിൽ സമർപ്പിച്ചിരിക്കുന്ന അപേക്ഷയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ബില്ല് പ്രകാരമുള്ള നിർമ്മാണ സാമഗ്രികൾ 29.12.2020 ന് ഗുണഭോക്താവിന് ലഭിച്ചുവെന്നിരിക്കെ അന്നേ ദിവസം തന്നെ കൃഷിഓഫീസർ ആയതുമായി ബന്ധപ്പെട്ട ക്ലയിം സ്റ്റേറ്റ്മെന്റ് അംഗീകരിച്ച് തീയതിയോടുകൂടിയ കൈയ്യൊപ്പ് രേഖപ്പെടുത്തി അപേക്ഷാ ഫോറം ശുപാർശ കോളത്തിൽ ശുപാർശയും അനുമതിയും തീയതി രേഖപ്പെടുത്താതെ പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് മുൻപ് തന്നെ

ആനുകൂല്യം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

**ബി.** 2020-21 വർഷത്തെ തരിശുഭൂമിയിൽ ഊർജ്ജിത ഭക്ഷ്യോത്പാദനവും വിപണന ശൃംഖലയുടെ ശാക്തീകരണവും എന്നീ പദ്ധതികൾ പദ്ധതി നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നടപ്പാക്കി. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 27.07.2020 ലെ എ.ഡി.എഫ്.ഡബ്ല്യൂ 524/2020 ടി.പി3 നമ്പർ സർക്കുലർ വിരുദ്ധമായും നടപടിക്രമങ്ങൾ പാലിക്കാതെയും നടീൽ വസ്തുക്കൾ നേരിട്ട് സംഭരിക്കുയും ആയതുവഴി തരിശുഭൂമിയിൽ ആദ്യ കൃഷിയ്ക്ക് രണ്ടുഘട്ടങ്ങളിലായി കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകേണ്ട ആനുകൂല്യം വിതരണ ഏജൻസികൾക്ക് ലഭ്യമാക്കിയിരിക്കുന്നു. രേഖകൾ പ്രകാരം അനുവദിച്ചിരിക്കുന്ന ഘടകങ്ങളിൽ മാറ്റം വരുത്തി പദ്ധതി നടപ്പാക്കി. പദ്ധതി നിർവഹണം പൂർത്തീകരിക്കുന്നതിന് മുമ്പ് തന്നെ ടി പദ്ധതിയിലെ പച്ചക്കറി കൃഷി ഘടകത്തിൽ ഉൾപ്പെടുത്തി നാലു ലക്ഷം രൂപ തേവലക്കര ഇക്കോഷോപ്പിന് മാറി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ഈ തുക പിന്നീട് ചട്ടവിരുദ്ധമായി പിൻവലിച്ച് കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകി. ടി പദ്ധതിയുമായി ബന്ധപ്പെട്ട് ഇക്കോഷോപ്പ് നടത്തിയ സംഭരണ വിതരണ പ്രക്രിയകളിൽ സംഭവിച്ച പാളിച്ചകൾ ഒഴിവാക്കുന്നതിനായി യാതൊരു നടപടിയും സ്വീകരിച്ചില്ല.

**സി.** 2021-22 വർഷത്തെ പച്ചക്കറി വികസന പദ്ധതി പ്രകാരം പച്ചക്കറിതൈകൾ സംഭരിച്ച് വിതരണം ചെയ്തതിൽ നടപടിക്രമങ്ങൾ പാലിക്കാതെയും ഗുണമേന്മ ഉറപ്പുവരുത്താതെയും അംഗീകാരമില്ലാത്ത സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള പച്ചക്കറി തൈകൾ വിതരണം നടത്തിയിരിക്കുന്നു.

**ഡി.** നീണ്ടകര കൃഷിഭവൻ മുഖേന 2021-22 സാമ്പത്തിക വർഷം പച്ചക്കറി വികസന പദ്ധയിയിൽ ഉൾപ്പെടുത്തി മഴമറ (Rain Shelter) അനുവദിച്ചിരിക്കുന്നത് ഗോർഡൻ മുള്ളർ, ഷെറിൻ നെസ്റ്റ്, നീണ്ടകര എന്ന വ്യക്തിക്കാണ്. ഇതേ ആനുകൂല്യം 2020-21 സാമ്പത്തിക വർഷം ഇതേ മേൽവിലാസത്തിൽ ശ്രീ ജയമോൻ ജെറോമിന്റെ പേരിലും നൽകിയിരിക്കുന്നു. ഒരേ പദ്ധതിയിലെ ഒരേ ഘടകത്തിനുള്ള 50000/- രൂപയുടെ ആനുകൂല്യം തുടർച്ചയായ രണ്ടു വർഷവും കുടുംബാംഗങ്ങളുടെ പേരിൽ ലഭ്യമാക്കിയിരിക്കുന്നു.

**ഇ.** ആർ.കെ.വി.വൈ പദ്ധതി 2021-22 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായും നടപടിക്രമങ്ങൾ പാലിക്കാതെയും പച്ചക്കറി തൈകൾ സ്വകാര്യ സ്ഥാപനത്തിൽ നിന്നും വിതരണം നടത്തിയിരിക്കുന്നു.

**എഫ്.** 2020-21 വർഷം മുതൽ വിവിധ പദ്ധതികളിൽ പച്ചക്കറി തൈകൾ വിതരണം ചെയ്യുകയും പച്ചക്കറി വികസന പദ്ധതി പ്രകാരമുള്ള മഴമറ ആനുകൂല്യം തുടർച്ചയായ രണ്ടു വർഷങ്ങളിൽ നേടിയെടുക്കുകയും ചെയ്ത വ്യക്തികൾ നടത്തുന്നതുമായ സ്ഥാപനത്തിന്റെ ഭൗതിക സംവിധാനങ്ങളും സാഹചര്യങ്ങളും പ്രയോജനപ്പെടുത്തി 2021-22 ൽ സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി Decentralised Nursery ക്കുള്ള ആനുകൂല്യം ലഭിക്കുന്നതിനായി ശ്രീ ജയമോൻ ജെറോം, സെക്രട്ടറി , ജയ്ഗാർഡൻ, ഷെറിൻ നെസ്റ്റ്, നീണ്ടകര എന്ന പേരിൽ നീണ്ടകര കൃഷിഭവനിൽ ലഭിച്ച അപേക്ഷയുടെയും അനുബന്ധമായി സമർപ്പിച്ചിട്ടുള്ള രേഖകളുടെയും ആധികാരികത നേരിട്ട് പരിശോധിച്ച് ഉറപ്പുവരുത്താതെ അപേക്ഷ അംഗീകരിച്ച് തുടർനടപടികൾക്കായി സമർപ്പിച്ചു.

**ജി.** നീണ്ടകര കൃഷിഭവൻ പരിധിയിൽ ഒരു കുടുംബത്തിലെ തന്നെ വ്യക്തികൾ ഒരേ ഭൗതിക സാഹചര്യങ്ങൾ ഉപയോഗപ്പെടുത്തി പല പേരുകളിലായി സർക്കാർ ആനുകൂലങ്ങൾ കൈപ്പറ്റുകയും ചട്ടവിരുദ്ധമായി സ്വകാര്യ നഴ്സറി സ്ഥാപിച്ച് സർക്കാർ പദ്ധതികളിലടക്കം നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്ന വസ്തുത രേഖാമൂലം നേരിട്ട് ബോധ്യപ്പെട്ടിട്ടും ആയതിനെതിരെ നിയമപ്രകാരമുള്ള യാതൊരു നടപടികളും സ്വീകരിച്ചില്ല.

**6. ശ്രീമതി പ്രീജ കൃഷിഓഫീസർ ചവറ**

എ. 2021-22 വർഷത്തെ പച്ചക്കറി വികസന പദ്ധതി പ്രകാരം പച്ചക്കറിതൈകൾ സംഭരിച്ച് വിതരണം ചെയ്തതിൽ നടപടിക്രമങ്ങൾ പാലിക്കാതെയും ഗുണമേന്മ ഉറപ്പുവരുത്താതെയും മുൻ വർഷങ്ങളിലേതുപോലെ സ്വന്തം പരിധിയിലെ കാർഷിക കർമ്മസേനയെ ഉപയോഗപ്പെടുത്താതെ അംഗീകാരമില്ലാത്ത സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള പച്ചക്കറി തൈകൾ വിതരണം നടത്തിയിരിക്കുന്നു.

**ബി.** ആർ.കെ.വി.വൈ പദ്ധതി 2021-22 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായും നടപടിക്രമങ്ങൾ പാലിക്കാതെയും പച്ചക്കറി തൈകൾ സ്വകാര്യ സ്ഥാപനത്തിൽ നിന്നും വിതരണം നടത്തിയിരിക്കുന്നു.

**7. ശ്രീമതി ഷിജിന എൻ കൃഷിഓഫീസർ തെക്കുംഭാഗം**

എ. 2020-21 വർഷത്തെ തരിശുഭൂമിയിൽ ഊർജ്ജിത ഭക്ഷ്യോത്പാദനവും വിപണന ശൃംഖലയുടെ ശാക്തീകരണവും എന്നീ പദ്ധതികൾ പദ്ധതി നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നടപ്പാക്കി. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 27.07.2020 ലെ എ.ഡി.എഫ്.ഡബ്ല്യൂ 524/2020 ടി.പി3 നമ്പർ സർക്കുലർ വിരുദ്ധമായും നടപടിക്രമങ്ങൾ പാലിക്കാതെയും നടീൽ വസ്തുക്കൾ നേരിട്ട് സംഭരിക്കുകയും ആയതുവഴി തരിശുഭൂമിയിൽ ആദ്യ കൃഷിയ്ക്ക് രണ്ടുഘട്ടങ്ങളിലായി കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകേണ്ട ആനുകൂല്യം വിതരണ ഏജൻസികൾക്ക് ലഭ്യമാക്കിയിരിക്കുന്നു. രേഖകൾ പ്രകാരം അനുവദിച്ചിരിക്കുന്ന ഘടകങ്ങളിൽ മാറ്റം വരുത്തി പദ്ധതി നടപ്പാക്കി.

ബി. കൂടാതെ 2021-22 വർഷത്തെ പച്ചക്കറി വികസന പദ്ധതി പ്രകാരം പച്ചക്കറിതൈകൾ സംഭരിച്ച് വിതരണം ചെയ്തതിൽ നടപടിക്രമങ്ങൾ പാലിക്കാതെയും ഗുണമേന്മ ഉറപ്പവരുത്താതെയും അംഗീകാരമില്ലാത്ത സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള പച്ചക്കറി തൈകൾ വിതരണം നടത്തിയിരിക്കുന്നു.

**സി.** ആർ.കെ.വി.വൈ പദ്ധതി 2021-22 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായും നടപടിക്രമങ്ങൾ പാലിക്കാതെയും പച്ചക്കറി തൈകൾ സ്വകാര്യ സ്ഥാപനത്തിൽ നിന്നും വിതരണം നടത്തിയിരിക്കുന്നു.

**8. ശ്രീമതി ജസ്സി കെ എ കൃഷി അസിസ്റ്റന്റ് ചവറ**
**9. ശ്രീ സൈജു എസ് കൃഷി അസിസ്റ്റന്റ് തേവലക്കര**
**10. ഇന്ദുലേഖ കൃഷി അസിസ്റ്റന്റ് നീണ്ടകര**
**11. ഷെല്ലി എസ് കൃഷി അസിസ്റ്റന്റ് തെക്കുംഭാഗം**
**12. എൽ. നിസ എച്ച് കൃഷി അസിസ്റ്റന്റ് പന്മന**

ഓരോ ഘട്ടത്തിലും കൃഷിഭവനുകളിൽ എത്തുന്ന പച്ചക്കറി തൈകളുടെ വിവരങ്ങൾ അതാത് സമയം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താതെ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ബില്ലുകൾ നൽകുന്നതിനെ മാത്രം അടിസ്ഥാനമാക്കിയാണ് മുകളിൽ സൂചിപ്പിച്ച കൃഷി അസിസ്റ്റന്റുമാർ സ്റ്റോക്ക് രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുള്ളത്.

**13. ശ്രീമതി ഷീല എ.ഡി. പ്രിൻസിപ്പൽ കൃഷി ഓഫീസർ**

എ. പദ്ധതി നിർവഹണ അവലോകനത്തിൽ ഓരോ പദ്ധതികളുടെയും നടത്തിപ്പിൽ മാർഗ്ഗ നിർദ്ദേശങ്ങളിൽ നിന്ന് വ്യതിചലിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടില്ല.

ബി. ജില്ലയിലെ ഫാമുകളെയും മറ്റ് ബ്ലോക്ക് ലവൽ നഴ്സറികൾ , ഫെഡറേറ്റഡ് ഓർഗനൈസേഷൻസ്, കാർഷിക കർമ്മസേനകൾ എന്നിവയെ പരമാവധി പ്രയോജനപ്പെടുത്തി പച്ചക്കറി തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

**14. ശ്രീ മോഹൻ ശങ്കർ കെ.എസ് കൃഷി ഡപ്യൂട്ടി ഡയറക്ടർ (NWDPRA)**

എ. തന്റെ നിയന്ത്രണത്തിലുള്ള പച്ചക്കറി വികസന പദ്ധതി നടത്തിപ്പിൽ മാർഗ്ഗ നിർദ്ദേശങ്ങളിൽ നിന്ന് വ്യതിചലിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടില്ല.

ബി. ജില്ലയിലെ ഫാമുകളെയും മറ്റ് ബ്ലോക്ക് ലവൽ നഴ്സറികൾ , ഫെഡറേറ്റഡ് ഓർഗനൈസേഷൻസ്, കാർഷിക കർമ്മസേനകൾ എന്നിവയെ പരമാവധി പ്രയോജനപ്പെടുത്തി പച്ചക്കറി തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

**15. ശ്രീമതി കല്പന റ്റി.എ. കൃഷി ഡപ്യൂട്ടി ഡയറക്ടർ (നോഡൽ)**

നോഡൽ ഡപ്യൂട്ടി ഡയറക്ടറുടെ ചുമതല വഹിച്ചിരുന്ന ടി യാരിയും തന്റെ ചുമതലയിലുള്ള ചവറ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്, മറ്റ് കൃഷിഭവനുകൾ എന്നിവ സന്ദർശിച്ച് പദ്ധതി നിർവഹണത്തിലെ നടപടിക്രമങ്ങൾ വിലയിരുത്തിയിട്ടില്ല.

16. ശ്രീ അജിത് കുമാർ സി.എസ് കൃഷി ഡെപ്യൂട്ടി ഡയറക്ടർ (വൈ.പി)

ഫാമുകളുടെ ചുമതലയുള്ള ടിയാൻ ഫാമുകൾ വഴി പച്ചക്കറി തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുന്നതിന് യാതൊരു വിധ നടപടികളും സ്വീകരിച്ചിട്ടില്ല.

3. കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെയും കൃഷിഭവൻ ഉദ്യോഗസ്ഥരുടെയും വിവരങ്ങൾ

| ഉദ്യോഗസ്ഥന്റെ പേര് | പദവി | പെൻ | പെൻഷൻ തീയതി |
|---|---|---|---|
| ശ്രീമതി ഷെറിൻ മുള്ളർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 616185 | 31.05.2027 |
| ശ്രീമതി പ്രീജ | കൃഷിഓഫീസർ, ചവറ | 815462 | 30.11.2046 |
| ശ്രീമതി രശ്മി ജയരാജ് | കൃഷിഓഫീസർ, തേവലക്കര | 374685 | 31.03.2035 |
| നാസിയ ഷറീഫ് | കൃഷിഓഫീസർ, നീണ്ടകര | 696662 | 30.04.2037 |
| ഷിജിന എൻ | കൃഷിഓഫീസർ, തെക്കുംഭാഗം | 826827 | 30.04.2046 |
| അഞ്ജനാ ജി | കൃഷിഓഫീസർ, പന്മന | 899925 | 31.10.2050 |
| നുബിയാ ബഷീർ | കൃഷിഓഫീസർ, ചവറ | 816222 | 31.03.2051 |
| ജസ്സി കെ എ | കൃഷി അസിസ്റ്റന്റ്, ചവറ | 357168 | 31.12.2035 |
| സൈജു എസ് | കൃഷി അസിസ്റ്റന്റ്, തേവലക്കര | 383790 | 31.05.2034 |
| ഇന്ദുലേഖ | കൃഷി അസിസ്റ്റന്റ്, നീണ്ടകര | 560012 | 31.01.2031 |
| ഷെല്ലി എസ് | കൃഷി അസിസ്റ്റന്റ്, തെക്കുംഭാഗം | 336644 | 31.05.2035 |
| നിസ എച്ച് | കൃഷി അസിസ്റ്റന്റ്, പന്മന | 384426 | 31.12.2041 |

കൊല്ലം പ്രിൻസിപ്പൽ കൃഷി ഓഫീസിലെ ഉദ്യോഗസ്ഥർ

| ഉദ്യോഗസ്ഥന്റെ പേര് | പദവി | പെൻ | പെൻഷൻ തീയതി |
|---|---|---|---|
| ശ്രീമതി ഷീല എ.ഡി | പ്രിൻസിപ്പൽ കൃഷി ഓഫീസർ | 668725 | |
| ശ്രീ മോഹൻ ശങ്കർ കെ എസ് | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (NWDPRA) | 512505 | 31.05.2022 |
| ശ്രീ അജിത് കുമാർ സി.എസ് | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (YP) | 675554 | 31.05.2023 |
| ശ്രീമതി കല്പന റ്റി.എ | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (നോഡൽ) | 502020 | 31.01.2022 |
| ശ്രീ സുനിൽ എ ജെ | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (എച്ച്) | 677447 | 31.05.2025 |

കായംകുളം കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിലെ ഉദ്യോഗസ്ഥർ

| ഉദ്യോഗസ്ഥന്റെ പേര് | പദവി | പെൻ | പെൻഷൻ തീയതി |
|---|---|---|---|
| അനിൽകുമാർ പി കെ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ (റിട്ട) | 685524 | 31.05.2021 |
| റജീനാ ജേക്കബ് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 615116 | 30.04.2023 |
| ജെ ഉഷ | കൃഷി ഫീൽഡ് ഓഫീസർ | 182671 | 31.12.2030 |

**ശുപാർശകൾ**

1. പ്രവർത്തന നിർദ്ദേശങ്ങൾക്ക് (Working Instructions) വിരുദ്ധമായി പഞ്ചായത്ത് തല കൃഷിഓഫീസർമാർ പദ്ധതി നടപ്പിലാക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ട ബ്ലോക്ക് തല കൃഷി അസിസ്റ്റന്റ് ഡയറക്ടർ കൃഷിഓഫീസർമാരെ സമ്മർദ്ദത്തിലാക്കി കുടുംബാംഗങ്ങൾ നടത്തുന്ന അംഗീകാരമില്ലാത്ത സ്ഥാപനത്തിൽ നിന്നുള്ള പച്ചക്കറി തൈകൾ സർക്കാർ പദ്ധതികളിൽ വിതരണം നടത്തുക, ആയതിന് സ്വന്തം കൈപ്പടയിലുള്ള ബില്ലുകൾ തയ്യാറാക്കി സർക്കാർ സംവിധാനങ്ങളെ ദുരുപയോഗം ചെയ്യുക. (സ്വജന പക്ഷപാതം, അധികാര ദുർവിനിയോഗം), മറ്റ് സ്ഥാപനങ്ങളിൽ നിന്ന് സ്വന്തം നിലയ്ക്ക് പച്ചക്കറി തൈകൾ ഇറക്കി നൽകുകയും തേവലക്കര ഇക്കോഷോപ്പിന് നൽകിയ പച്ചക്കറി തൈകളുടെ വിലയായി 3,08,500/- രൂപ ക്യാഷായി കൈപ്പറ്റുകയും ആയതിൽ 1,96,000/- രൂപയ്ക്ക് കായംകുളം ഓണാട്ടുകര അഗ്രോഫാമിന്റെ പേരിൽ വ്യാജ രസീത് നൽകിയും (വ്യാജരേഖ ചമച്ച് പണാപഹരണം നടത്തുക), കൊല്ലം ഹരിത ലക്ഷ്മി ഗ്രൂപ്പിൽ നിന്നും വാങ്ങിയ പച്ചക്കറി തൈകളുടെ വിലയായ 87500/- രൂപ അപഹരിച്ചു (പണാപഹരണം), പ്രവർത്തന നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിൽ ലഭിക്കേണ്ട സാമ്പത്തിക സഹായം മറ്റ് സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന രീതിയിൽ പദ്ധതി നടപ്പാക്കുക (സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനം ), ആവശ്യമായ ഫീൽഡ് തല പരിശോധനകൾ പോലും നടത്തുവാൻകൃഷിഓഫീസർക്ക് സമയം നൽകാതെ കുടുംബാംഗങ്ങളുടെ പേരിൽ അപേക്ഷ സമർപ്പിച്ച് ആനുകൂല്യം അനുവദിപ്പിക്കുക , കീഴ് ജീവനക്കാരെ സാക്ഷികളാക്കി എഗ്രിമെന്റ് തയ്യാറാക്കുക (അധികാര ദുർവിനിയോഗം), തുടങ്ങിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ ടിയാരി ഇതേ തസ്തികയിൽ ഇതേ ഓഫീസിൽ തുടരുന്നത് ഈ അന്വേഷണത്തെ ബാധിക്കുകയും നിലവിൽ ഈ കാര്യാലയം വഴി നടത്തിവരുന്ന പദ്ധതി നിർവഹണത്തിൽ സമാന രീതിയിലുള്ള ക്രമക്കേടുകൾ ആവർത്തിക്കുമെന്നതിനാൽ ചവറ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ആയിട്ടുള്ള ശ്രീമതി ഷെറിൻ മുള്ളറെ സേവനത്തിൽ നിന്ന് അടിയന്തിരമായി വേലവിലക്കുന്നതിന് ശുപാർശ ചെയ്യുന്നു.

2. മുകളിൽ സൂചിപ്പിച്ച ക്രമക്കേടുകൾ കൂടാതെ തരിശുഭൂമിയിൽ ഊർജ്ജിത ഭക്ഷ്യോത്പാദനവും വിപണന ശൃംഖലയുടെ ശാക്തീകരണവും എന്ന പദ്ധതിയിൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നടീൽ വസ്തുക്കൾ വാങ്ങി നൽകിയ ഇനത്തിൽ ആകെ 53,06,800/- രൂപയുടെ (അൻപത്തി മൂന്ന് ലക്ഷത്തി ആറായിരത്തി എണ്ണൂറ്) ധനവിനിയോഗം നടത്തിയിരിക്കുന്നു. ആയതിനാൽ ചവറ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി ഷെറിൻ മുള്ളർ ടിയാരിയുടെ കാലയളവിൽ ചവറ ബ്ലോക്ക് പരിധിയിൽ നടപ്പാക്കിയ എല്ലാ പദ്ധതികളിലും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മുഖേന തുടരന്വേഷണം നടത്തുന്നതിന് ശുപാർശ ചെയ്യുന്നു.

3. ചട്ടങ്ങളുടെയും, പദ്ധതി പ്രവർത്തന നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ പദ്ധതി നിർവഹണം നടത്തുവാൻ ചുമതലപ്പെട്ട കൃഷിഓഫീസർമാർ 2021-22 വർഷങ്ങളിലെ പച്ചക്കറി വികസന പദ്ധതി, ആർ.കെ.വി.വൈ, 2020-21 വർഷത്തെ തരിശുഭൂമിയിൽ ഊർജ്ജിത ഭക്ഷ്യോത്പാദനവും വിപണന ശൃംഖലയുടെ ശാക്തീകരണവും എന്നീ പദ്ധതികൾ പദ്ധതി നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നടപ്പാക്കിയതിന് കൃഷിഓഫീസർമാരായ ശ്രീമതി അഞ്ജനാ ജി, ശ്രീമതി നുബിയാ ബഷീർ, ശ്രീമതി രശ്മി ജയരാജ്, ശ്രീമതി നാസിയ ഷരീഫ്, ശ്രീമതി പ്രീജ, ശ്രീമതി ഷിജിന എൻ എന്നിവരിൽ നിന്ന് വിശദീകരണം വാങ്ങി ഉചിതമായ വകുപ്പുതല നടപടി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

4. ഓരോ ഘട്ടത്തിലും വ്യക്തമായ രേഖകളില്ലാതെ കൃഷിഭവനുകളിൽ എത്തുന്ന പച്ചക്കറി തൈകളുടെ വിവരങ്ങൾ അതാത് സമയം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താതെ വിതരണം നടത്തുവാൻ നടപടി സ്വീകരിക്കുകയും, കൃഷി അസിസ്റ്റന്റ് ഡയറക്ടർ ബില്ലുകൾ നൽകുന്നതിനെ മാത്രം അടിസ്ഥാനമാക്കി സ്റ്റോക്ക് രേഖപ്പെടുത്തലുകൾ വരുത്തി ധനവിനിയോഗത്തിനുള്ള സാക്ഷ്യപ്പെടുത്തലുകൾ വരുത്തുന്നതിനുള്ള സാഹചര്യം സംജാതമാക്കിയ കൃഷി അസിസ്റ്റന്റുമാരായ ശ്രീമതി ജസ്സി കെ എ, ശ്രീ സൈജു എസ്, ഇന്ദുലേഖ, ഷെല്ലി എസ്, നിസ എച്ച് എന്നിവരിൽ നിന്ന് വിശദീകരണം വാങ്ങി ഉചിതമായ വകുപ്പുതല നടപടി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

5. മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി പദ്ധതി നിർവഹണം നടപ്പാക്കുന്നുണ്ടോ എന്ന് ഉറപ്പാക്കാത്തതിനും ജില്ലയിലെ ഫാമുകളെയും മറ്റ് ബ്ലോക്ക് ലവൽ നഴ്സറികൾ , ഫെഡറേറ്റഡ് ഓർഗനൈസേഷൻസ്, കാർഷിക കർമ്മസേനകൾ എന്നിവയെ പരമാവധി പ്രയോജനപ്പെടുത്തി പച്ചക്കറി തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതിന് പ്രിൻസിപ്പൽ കൃഷി ഓഫീസർ ചുമതല വഹിച്ചിരുന്ന ശ്രീമതി ഷീല എ.ഡി. യിൽ നിന്ന് വിശദീകരണം വാങ്ങി ഉചിതമായ വകുപ്പുതല നടപടി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

6. മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി പദ്ധതി നിർവഹണം നടപ്പാക്കുന്നുണ്ടോ എന്ന് ഉറപ്പാക്കാത്തതിനും ജില്ലയിലെ ഫാമുകളെയും മറ്റ് ബ്ലോക്ക് ലവൽ നഴ്സറികൾ , ഫെഡറേറ്റഡ് ഓർഗനൈസേഷൻസ്, കാർഷിക കർമ്മസേനകൾ എന്നിവയെ പരമാവധി പ്രയോജനപ്പെടുത്തി പച്ചക്കറി തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതിനും കൃഷി ഡപ്യൂട്ടി ഡയറക്ടർ (NWDPRA) ചുമതല വഹിച്ചിരുന്ന ശ്രീ മോഹൻ ശങ്കർ കെ .എസ് ൽ (പെൻഷനർ) നിന്ന് വിശദീകരണം വാങ്ങി ഉചിതമായ നടപടി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

7. ചുമതലയിലുള്ള ചവറ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്, മറ്റ് കൃഷിഭവനുകൾ എന്നിവ സന്ദർശിച്ച് പദ്ധതി നിർവഹണത്തെ വിലയിരുത്തിയിട്ടില്ലാത്തതിന് കൃഷി ഡപ്യൂട്ടി ഡയറക്ടർ (നോഡൽ) ചുമതല വഹിച്ചിരുന്ന ശ്രീമതി കല്പന റ്റി .എ (പെൻഷനർ) യിൽ നിന്ന് വിശദീകരണം വാങ്ങി ഉചിതമായ നടപടി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

8. ജില്ലയിലെ പദ്ധതികളെ മനസ്സിലാക്കി ആവശ്യമായ നടീൽ വസ്തുക്കൾ ഫാമുകൾ വഴി ഉൽ പ്പാദിപ്പിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കാതിരുന്ന കൃഷി ഡപ്യൂട്ടി ഡയറക്ടർ ശ്രീ അജിത് കുമാർ സി .എസ് യിൽ നിന്ന് വിശദീകരണം വാങ്ങി ഉചിതമായ വകുപ്പുതല നടപടി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

9. എസ്.എച്ച്.എം പദ്ധതി പ്രകാരം ആവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ രേഖാമൂലം നിർ വഹണ ഉദ്യോഗസ്ഥർക്ക് നൽകാതിരിക്കുക, പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലാ ഓഫീസിൽ ലഭിക്കുന്ന അപേക്ഷകളും ക്ലയിം സ്റ്റേറ്റ്മെന്റുകളും ഫയലിംഗ് സംവിധാനം കൂടാതെ രജിസ്റ്ററിൽ മാത്രം രേഖപ്പെടുത്തൽ വരുത്തി ക്ലയിമുകളിലെ അപാകതകൾ സംബന്ധിച്ച് രേഖാമൂലം മറുപടി നൽകാതിരിക്കുകയും, നീണ്ടകര കൃഷിഭവൻ പരിധിയിൽ നടപ്പിലാക്കി വരുന്ന De centralised Nursery എന്ന ഘടകത്തിലെ നേരിടുന്ന പ്രായോഗിക / സാങ്കേതിക ബുദ്ധിമുട്ടുകൾ നീണ്ടകര കൃഷിഓഫീസർ നേരിട്ട് അറിയിച്ചിട്ടും ആയതിൽ ഉചിതമായ നടപടികൾ സ്വീകരിക്കാതിരുന്ന കൃഷി ഡപ്യൂട്ടി ഡയറക്ടർ (എച്ച്) ശ്രീ സുനിൽ എ ജെ യിൽ നിന്ന് വിശദീകരണം വാങ്ങി ഉചിതമായ വകുപ്പുതല നടപടി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

10. ശ്രീമതി ഷഹനാ ബഷീർ കുടുംബാംഗങ്ങളുമായി ചേർന്ന് നടത്തിവന്നിരുന്ന ചീരാമത്ത് അഗ്രോഫാം എന്ന സ്വകാര്യ നഴ്സറിയെ തിരഞ്ഞെടുത്ത് പച്ചക്കറി വികസന പദ്ധതി Establishment of Small Nurseries in Corporation/Muncipalty/Panchayat പ്രകാരം 1 ലക്ഷം രൂപ ധനസഹായവും 40000/- രൂപ റിവോൾവിംഗ് ഫണ്ട് അനുവദിച്ചത് പുനപരിശോധിക്കുന്നതിനും ടി പദ്ധതി ആനുകൂല്യങ്ങൾ അനുവദിച്ച് നൽകിയ അന്നത്തെ കായംകുളം കൃഷി അസിസ്റ്റന്റ് ഡയറക്ടറായിരുന്ന ശ്രീ പി കെ അനിൽകുമാറിൽ (പെൻഷനർ) നിന്ന് വിശദീകരണം വാങ്ങി ഉചിതമായ വകുപ്പുതല നടപടി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

11. നടീൽ വസ്തുക്കളുടെ വിതരണത്തിന് അംഗീകാരം ലഭിച്ചിട്ടില്ലാത്ത ചീരാമത്ത് അഗ്രോഫാം , ഓണാട്ടുകര അഗ്രോഫാം, ചീരാമത്ത് അഗ്രോ ഇൻഡസ്ട്രീസ് എന്നിവിടങ്ങളിൽ നിന്ന് 2018-19 മുതൽ സർക്കാർ പദ്ധതികളിൽ ചട്ടവിരുദ്ധമായി നടീൽ വസ്തുക്കൾ, മറ്റ് ഉൽപ്പാദനോപാധികൾ വാങ്ങിയിട്ടുള്ള ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും വിശദീകരണം വാങ്ങി വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

12. വി. ഡി. പി നഴ്സറി എന്ന വ്യാജേന പ്രവർത്തിച്ചുവരുന്ന ഓണാട്ടുകര അഗ്രോഫാം എന്ന സ്ഥാപനത്തിൽ വിവിധ ഘട്ടങ്ങളിലായി പരിശോധന നടത്തിയതായി അവകാശപ്പെടുന്ന

കായംകുളം കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി റജീനാ ജേക്കബ്, കായംകുളം കൃഷി ഫീൽഡ് ഓഫീസർ ശ്രീമതി ജെ ഉഷ എന്നിവർ ഈ പരിശോധനകളിൽ ചട്ടവിരുദ്ധമായാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടും ആയത് രേഖാമൂലം ഈ സ്ഥാപനത്തെ അറിയിക്കുകയോ അനന്തര നടപടികൾ സ്വീകരിക്കുകയോ ചെയ്യാത്തതിനാൽ ടി ഉദ്യോഗസ്ഥരിൽ നിന്ന് വിശദീകരണം വാങ്ങി വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

13 ചീരാമത്ത് അഗ്രോഫാം, ഓണാട്ടുകര അഗ്രോഫാം എന്നിവയുടെ ഉടമയായ ശ്രീമതി ഷഹാ ബഷീറിന്റെ ഭർത്താവായ - ക്ലാപ്പന കൃഷിഭവൻ അസിസ്റ്റന്റ് കൃഷി ഓഫീസർ ശ്രീ ഐ ഷൂജാഖാൻ ടി സ്ഥാപനങ്ങളുടെ അക്കൗണ്ടുകളിലേക്ക് നേരിട്ട് പണമിടപാടുകൾ നടത്തിയിട്ടുള്ളതിനാൽ ഒരു വകുപ്പ് ഉദ്യോഗസ്ഥൻ എന്ന നിലയിൽ ടിയാൻ ഈ ബിസിനസ്സിൽ പങ്കാളിയാണോ എന്നും വകുപ്പ് ഉദ്യോഗസ്ഥരെ സ്വാധീനിച്ച് ബിസിനസ്സ് നടത്തുന്നുണ്ടോ എന്ന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മുഖേന അന്വേഷണം നടത്തുന്നതിന് ശുപാർശ ചെയ്യുന്നു.

29.07.2022

വിജിലൻസ് ഓഫീസർ (ധനകാര്യം)

VIGILANCE OFFICER (Fin) & Secretary
Special Vigilance Cell
Directorate of Agriculture Development
Farmer's Welfare Department
Thiruvananthapuram - 33

'33909/2022

'33909/2022

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വികാസ് ഭവൻ, തിരുവനന്തപുരം-695033

ഇമെയിൽ: cru.agridir@kerala.gov.in, ഫോൺ: 0471-2304481

നം: -SVC(3)9044/2021 തീയതി:20-06-2022

**നമ്പർ എസ്.വി.സി(3) 9044/21**

**സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ 2020-21 വർഷത്തിൽ ഹൈബ്രിഡ് പച്ചക്കറി കൃഷി (ശീതകാല പച്ചക്കറി) പദ്ധതിയിൽ ഇടുക്കി ജില്ലയ്ക്കായി അനുവദിച്ച് കാന്തല്ലൂർ, വട്ടവട ഗ്രാമ പഞ്ചായത്തുകളിൽ ചിലവഴിച്ച 2 കോടി രൂപയുടെ പദ്ധതി നടത്തിപ്പിൽ ക്രമക്കേടുകൾ ഉണ്ടെന്ന് ആരോപിച്ച് സർക്കാരിലുൾപ്പെടെ സമർപ്പിക്കപ്പെട്ട വിവിധ പരാതികളിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് സ്പെഷ്യൽ വിജിലൻസ് സെൽ നടത്തിയ പരിശോധനാ റിപ്പോർട്ട്.**

**1. ആമുഖം**

**സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ** - എം.ഐ.ഡി.എച്ച് സ്പെഷ്യൽ പാക്കേജ് പദ്ധതി പ്രകാരം 2021 മാർച്ച് 19ന് ഇടുക്കി ജില്ലയ്ക്ക് 1000 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്നതിനായി അനുവദിച്ച 2കോടി രൂപ കാന്തല്ലൂർ വട്ടവട കൃഷിഭവനുകൾ 2021 മാർച്ച് 31ന് മുൻപായി നടപ്പാക്കുന്നതിന് കൃഷി ഡെപ്യൂട്ടി ഡയറക്ടറായ ശ്രീമതി വി കെ സജിമോൾ അതാത് കൃഷിഓഫീസർമാർക്ക് നിർദ്ദേശം നൽകിയെന്നും ചെയ്യാത്ത കൃഷിയുടെ പേരിൽ ക്ലെയിം ഉണ്ടാക്കി 2 കോടി രൂപ ചിലവഴിച്ചതായി നിരവധി പരാതികൾ ചുവടെ വിവരിക്കും പ്രകാരം സർക്കാരിൽ ഉൾപ്പെടെ സമർപ്പിക്കപ്പെട്ടിട്ടുണ്ട്.

| | പരാതിയിൽ അഭിസംബോധന ചെയ്തിട്ടുള്ളത് | പരാതി സമർപ്പിച്ചവർ | തപാൽ നമ്പർ |
|---|---|---|---|
| 1 | ബഹു. കൃഷി വകുപ്പ് മന്ത്രി | കൃഷ്ണവേണി, മനോജ് കുമാർ, മാലതി തുടങ്ങി 23 പേർ | 5638145/2021/MIN (Agri) |
| 2 | ബഹു. പ്രതിപക്ഷ നേതാവ് | സെന്തിൽ, കുമാർ, മുരുകൻ, മോഹൻദാസ് തുടങ്ങി 9 പേർ | 1098/PS/LOP/2021 Dtd 21.10.2021 |
| 3 | കാർഷികോൽപ്പാദന കമ്മീഷണർ | ജോയിക്കുട്ടി കാഞ്ഞിരവിള പുത്തൻവീട്, തൊടുപുഴ | 5143214/ഇഎ1/21/കൃഷി തീയതി 17.06.2021 |
| 4 | ബഹു. കൃഷി വകുപ്പ് മന്ത്രി കാർഷികോൽപ്പാദന കമ്മീഷണർ, സെക്രട്ടറി, ഡയറക്ടർ എന്നിവർക്ക് | പേര് വെളിപ്പെടുത്തിയിട്ടില്ല | |
| 5 | | സെന്തിൽ, കുമാർ, മുരുകൻ തുടങ്ങി 8 പേർ | DCIDK/4724/2021-A13 Dtd 25.10.2021 |
| 6 | | ബി.ജെ.പി ദേവികുളം നിയോജക മണ്ഡലം കമ്മറ്റിക്ക് വേണ്ടി കുപ്പസ്വാമി, മുരുകേശൻ, ചന്ദ്രസ്വാമി | |
| 7 | ജില്ലാ കളക്ടർ ഇടുക്കി | ബി.ജെ.പി വട്ടവട പഞ്ചായത്ത് കമ്മറ്റിക്ക് വേണ്ടി | |



Generated from eOffice by GAURISANKAR M, SVC(3) AGRIDIR, SVC(3) AGRIDIR, ADFW on 09/08/2023 03:23 PM

'33909/2022

2. പരാതികളിലെ ആരോപണങ്ങൾ

**എ.** എം.ഐ.ഡി.എച്ച് സ്പെഷ്യൽ പാക്കേജ് പദ്ധതി പ്രകാരം 2021 മാർച്ച് 19 ന് ഇടുക്കി ജില്ലയ്ക്ക് 1000 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്നതിനായി അനുവദിച്ചകോടി രൂപ കാന്തല്ലൂർ വട്ടവട കൃഷിഭവനുകൾ 2021 മാർച്ച് 31 ന് മുൻപായി നടപ്പാക്കുന്നതിന് കൃഷി ഡപ്യൂട്ടി ഡയറക്ടറായ ശ്രീമതി വി കെ സജിമോൾ അതാത് കൃഷിഓഫീസർമാർക്ക് നിർദ്ദേശം നൽകിയെന്നും ഈ സമയം പച്ചക്കറി കൃഷി കുറവാണെന്നും കർഷകർ വെളുത്തുള്ളി മാത്രമാണ് കൃഷി ചെയ്തു വരുന്നതെന്നും കർഷകർ അറിയാതെ കർഷകർക്ക് ആവശ്യം ഇല്ലാത്ത വിത്ത് സ്വകാര്യ വിത്ത് കമ്പനിയിൽ നിന്നും കാന്തല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് വഴി വാങ്ങുകയും ചെയ്യാത്ത കൃഷിയുടെ പേരിൽ ക്ലെയിം ഉണ്ടാക്കി 60 ലക്ഷം രൂപ കാന്തല്ലൂർ സർവ്വീസ് സഹകരണ ബാങ്കിൽ സൂക്ഷിച്ചിരിക്കുന്നു.

**ബി.** വിതരണം ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ള പച്ചക്കറി വിത്ത് ഗുണനിലവാരം കുറഞ്ഞതും വിലക്കൂടുതലാണെന്നും കർഷകർക്ക് സാമ്പത്തിക നഷ്ടം ഉണ്ടാക്കുമെന്നും കർഷകരുടെ ബാങ്ക് അക്കൗണ്ടിലെത്തിയ പണം പിൻവലിക്കാൻ കഴിയുന്നില്ലെന്നും കർഷകർക്ക് ഇഷ്ടമുള്ള വിത്ത് വാങ്ങി കൃഷി ചെയ്യുവാൻ കഴിയുന്നില്ല.

**സി.** കാന്തല്ലൂർ-മറയൂർ പ്രദേശത്ത് ശർക്കര ഉൽപ്പാദന യൂണിറ്റുകൾ തുടങ്ങുന്നതിനായി 26.88 ലക്ഷം രൂപ അനുവദിച്ചതിൽ നിർമ്മാണം പൂർത്തിയാക്കാത്തതും പഴയ മെഷീൻ സ്ഥാപിച്ചിട്ടുള്ളതുമായ യൂണിറ്റുകൾ പൂർണ്ണമായും ഉൽപ്പാദനത്തിന് സജ്ജമായി എന്ന കൃത്രിമ രേഖയുണ്ടാക്കി ജില്ലാ കളക്ടറെ തെറ്റിദ്ധരിപ്പിച്ച് 8 യൂണിറ്റുകളുടെ തുക മാറി

**ഡി.** ഇടുക്കി ജില്ലാ കൃഷി ഡപ്യൂട്ടി ഡയറകട്റായിരുന്ന ശ്രീമതി സജിമോൾ വി.കെ വട്ടവട കാന്തല്ലൂർ മേഖലകളിൽ സങ്കരയിനം പച്ചക്കറി കൃഷി പദ്ധതിയിൽ ലക്ഷകണക്കിന് രൂപ കമ്മീഷൻ കൈപ്പറ്റിയതായും കാന്തല്ലൂർ പ്രദേശത്ത് സ്ഥലം വാങ്ങിയതായും മറയൂർ സാമൂഹ്യ ജലസേചന പദ്ധതിയുടെ ഭാഗമായി കുളങ്ങൾ നിർമ്മിക്കുന്നതിലും അഴിമതി നടത്തിയിട്ടുണ്ടെന്ന് ഉൾപ്പെടെയുള്ള നിരവധി ആരോപണങ്ങൾ ഉന്നയിച്ചിട്ടുണ്ട്.

3. അന്വേഷണവും കണ്ടെത്തലുകളും

പരാതികളുടെ അടിസ്ഥാനത്തിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് സ്പെഷ്യൽ വിജിലൻസ് സെൽ സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ -കേരള, പ്രിൻസിപ്പൽ കൃഷി ഓഫീസ് ഇടുക്കി, കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് ദേവികുളം, കാന്തല്ലൂർ വട്ടവട മറയൂർ കൃഷിഭവനുകൾ കൃഷിസ്ഥലങ്ങൾ എന്നിവ സന്ദർശിച്ചും പരാതിക്കാരെ നേരിൽകണ്ടും തയ്യാറാക്കിയ അന്വേഷണ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>എ. പരാതികൾക്ക് ആസ്പദമായ ഹൈബ്രിഡ് (ശീതകാല) പച്ചക്കറി കൃഷി ഫണ്ട് ലഭ്യതാ വിവരണങ്ങൾ</u>

2018 ൽ സംസ്ഥാനത്തുണ്ടായ അപ്രതീക്ഷിതമായ വെള്ളപ്പൊക്കവും ഉരുൾപ്പൊട്ടലും മൂലം ഉണ്ടായ മഴക്കെടുതി - കൃഷി നാശത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേന്ദ്ര സർക്കാരിന് സമർപ്പിച്ച പദ്ധതിയ്ക്ക് മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്പ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (എം.ഐ.ഡി.എച്ച്) 2018-19 പദ്ധതിയിൽ ഉൾപ്പെടുത്തി 9339.50 ലക്ഷം രൂപ സ്പെഷ്യൽ പാക്കേജായി കേരളത്തിലെ കാർഷിക വിളകളുടെ വിള വിസ്തൃതി വ്യാപനത്തിനായി 2018-19 ൽ അനുവദിച്ചിരുന്നു ( 5603.70 ലക്ഷം രൂപ കേന്ദ്ര വിഹിതം + 3735.80 ലക്ഷം രൂപ സംസ്ഥാന വിഹിതം) . ഈ തുക സുഗന്ധവ്യഞ്ജന വിളകൾ,സുഗന്ധ തൈല വിളകൾ, തോട്ടവിളകൾ, തേനീച്ചകൃഷി, ഹൈബ്രിഡ്



Generated from eOffice by GAURISANKAR M, SVC(3) AGRIDIR, SVC(3) AGRIDIR, ADFW on 09/08/2023 03:23 PM

പച്ചക്കറി കൃഷി, സ്ട്രോബെറി, വാഴ, മാവ്, പ്ലാവ് തുടങ്ങിയവയുടെ വിളവിസ്തൃതി വ്യാപനത്തിനായി വിനിയോഗിക്കാവുന്നതാണ്. അനുവദിച്ച തുക 2018-19 ൽ പൂർണ്ണമായും കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ചിരുന്നില്ല. 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലായാണ് തുക പൂർണ്ണമായും അനുവദിച്ചിരുന്നത്. (അനുബന്ധം 1).

ഇടുക്കി ജില്ലയ്ക്ക് ആകെ 967.040 ലക്ഷം രൂപയുടെ ടാർജറ്റാണ് നൽകിയിരുന്നത്. 2018-19 ൽ 151.890 ലക്ഷം രൂപയും 2019-20 ൽ 534.272 ലക്ഷം രൂപയും ചിലവഴിയ്ക്കപ്പെട്ടിട്ടുണ്ട്. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ ഡയറക്ടർ 06.02.2021 ന് നടത്തിയ റിവ്യൂ മീറ്റിംഗിന്റെ അടിസ്ഥാനത്തിലാണ് ഇടുക്കി കൃഷി ഡപ്യൂട്ടി ഡയറക്ടർ (എച്ച്) 2020-21 ലേക്ക് അനുവദിക്കേണ്ട തുകളുടെ വിവരം 19.02.2021 ന് മിഷൻ ഡയറക്ടറോട് അഭ്യർത്ഥിച്ചിട്ടുള്ളത്. ആയത് ചുവടെ വിവരിക്കും പ്രകാരമാണ്. (അനുബന്ധം 2)

| | ഘടകം | ഭൗതിക ലക്ഷ്യം (ഹെ) | സാമ്പത്തിക ലക്ഷ്യം (ലക്ഷം) |
|---|---|---|---|
| 1 | വാഴകൃഷി വിസ്തൃതി വ്യാപനം | 1.6 | 0.42 |
| 2 | ഇഞ്ചികൃഷി വിസ്തൃതി വ്യാപനം | 2 | 0.24 |
| 3 | ജാതികൃഷി വിസ്തൃതി വ്യാപനം | 2.6 | 0.52 |
| 4 | ഹൈബ്രിഡ് പച്ചക്കറി കൃഷി<br>( ശീതകാല പച്ചക്കറി കൃഷി) | 1000 | 200 |
| | **ആകെ** | | **201.18** |

സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ ഡയറക്ടറുടെ 20.02.2021 ലെ എസ്.എച്ച്.എം (3)3961/2020-21 നമ്പർ ഉത്തരവ് പ്രകാരം ടി തുക ഇടുക്കി ജില്ലയ്ക്ക് അനുവദിച്ച് ഉത്തരവാകുകയും ഇടുക്കി ജില്ലാ ഹോർട്ടികൾച്ചർ മിഷന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ടി തുക 22.02.2021 ന് എത്തിച്ചേർന്നിട്ടുള്ളതുമാണ് (അനുബന്ധം 3).

മുകൾ പട്ടികയിൽ കാണിച്ചിരിക്കുന്ന ഹൈബ്രിഡ് പച്ചക്കറി കൃഷി ദേവികുളം ബ്ലോക്കിലെ വട്ടവട, കാന്തല്ലൂർ, ദേവികുളം, മൂന്നാർ കൃഷിഭവനുകൾ വഴി 15.03.2021 ന് മുമ്പായി നടപ്പാക്കണമെന്ന് കൃഷി ഡപ്യൂട്ടി ഡയറക്ടറായ ശ്രീമതി സജിമോൾ വി കെ ദേവികുളം കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു(അനുബന്ധം 4). എന്നാൽ ദേവികുളം കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ചുമതല വഹിച്ചിരുന്ന ശ്രീ മുരുഗൻ കെ, ടി പദ്ധതി വട്ടവട (700 ഹെക്ടർ) , കാന്തല്ലൂർ (300 ഹെക്ടർ) എന്ന തരത്തിൽ പുനർ നിശ്ചയിച്ച് നൽകിയിരുന്നു (അനുബന്ധം 5).

<u>**ബി. ഹൈബ്രിഡ് പച്ചക്കറി കൃഷി- കൃഷിഭവൻ വട്ടവട**</u>

വട്ടവട പഞ്ചായത്ത് പ്രദേശത്തെ 7 0 0 ഹെക്ടർ സ്ഥലത്ത് ഹൈബ്രിഡ് പച്ചക്കറികൃഷി ചെയ്യുന്നതിലേക്ക് 1.4 കോടി രൂപ 22.02.2021 ന് അനുവദിച്ചിരുന്നതായി കൃഷിഓഫീസർ ശ്രീമതി ബീന ആർ സൂചിപ്പിക്കുന്നു. ശ്രീമതി ആർ ബീനയിൽ നിന്നും ലഭ്യമായ സ്റ്റേറ്റ്മെന്റുകൾ (അനുബന്ധം 6,7,8) പ്രകാരം വട്ടവടയിലെ കർഷകർ മൂന്ന് സീസണുകളിലായി പച്ചക്കറി കൃഷി ചെയ്തുവരുന്നു. പ്രധാന സീസൺ ഏപ്രിൽ - മേയ് മാസത്തിൽ ആരംഭിച്ച് ജൂലൈ -ഓഗസ്റ്റ് മാസം ഓണത്തിന്റെ വിളവെടുപ്പോടെ അവസാനിക്കുന്നു. രണ്ടാമത്തെ സീസൺ സെപ്റ്റംബർ - ഒക്ടോബർ മാസത്തിൽ ആരംഭിച്ച് നവംബർ - ഡിസംബർ മാസം അവസാനിക്കുന്നു. മൂന്നാമത്തെ സീസൺ ഒക്ടോബർ- നവംബറിൽ ആരംഭിച്ച് ജനുവരിയിൽ അവസാനിക്കുന്നു. ഫെബ്രുവരി പകുതി മുതൽ ഏപ്രിൽ വരെ



Generated from eOffice by GAURISANKAR M, SVC(3) AGRIDIR, SVC(3) AGRIDIR, ADFW on 09/08/2023 03:23 PM

'33909/2022

കൃഷി ചെയ്യാതെ നിലം ഒരുക്കുന്ന സമയമാണ്. ഈ സമയത്താണ് 700 ഹെക്ടർ സ്ഥലത്ത് ഹൈബ്രിഡ് പച്ചക്കറി കൃഷി നടത്തി 15.03.2021 ന് മുൻപായി ക്ലയിം നൽകണമെന്ന് ജില്ലാ ഡപ്യൂട്ടി ഡയറക്ടർ ആവശ്യപ്പെട്ടുന്നത്. **നിലവിൽ കൃഷി ഇല്ലാതിരുന്ന** സാഹചര്യത്തിൽ **സ്ഥല പരിശോധന നടത്തി പദ്ധതി നടപ്പാക്കുന്നതിന്** സാധ്യമല്ലാത്തതിനാലും **15.03.2021 ന് മുൻപായി പദ്ധതി പണം ചെലവഴിച്ചിരിക്കണമെന്ന മിഷൻ** ഡയറക്ടർ, **കൃഷി ഡപ്യൂട്ടി ഡയറക്ടർ** എന്നിവരുടെ നിർദ്ദേശ പ്രകാരം, **പഞ്ചായത്തിലെ മുതിർന്ന കർഷകരും** കാർഷിക **വികസന സമിതി** അംഗങ്ങളുമായി **സംസാരിച്ചതിൽ മുഴുവൻ കർഷകർക്കും പണം തുല്യമായി ലഭിക്കുന്ന രീതിയിൽ കൃഷി** സ്ഥലത്തിന്റെ **വിസ്തീർണ്ണം പരിമിതപ്പെടുത്തി** അനുവദിച്ച **തുക തുല്യമായി കർഷകർക്ക്** ലഭ്യമാക്കണമെന്ന് **കാർഷിക** വികസന സമിതി അംഗങ്ങൾ അഭിപ്രായപ്പെട്ടതായും **ഈ വിവരം കൃഷി ഡപ്യൂട്ടി** ഡയറക്ടറായ **ശ്രീമതി വി കെ സജിമോളെ അറിയിച്ചതിൽ പച്ചക്കറി വിത്ത് നൽകി മാത്രമേ പദ്ധതി** നടപ്പാക്കാവൂ **എന്ന് ടെലഫോൺ വഴി നിർദ്ദേശം നൽകിയതായും കൃഷിഓഫീസർ ശ്രീമതി ആർ ബീന നൽകിയ സ്റ്റേറ്റ്മെന്റുകളിൽ വിശദീകരിക്കുന്നു. എന്നാൽ കൃഷി ഡപ്യൂട്ടി ഡയറക്ടർ നൽകിയെന്ന് സൂചിപ്പിക്കുന്ന നിർദ്ദേശം ലിഖിതമായി** കൃഷിഓഫീസർ **വാങ്ങിയിട്ടില്ല.** കൃഷിഭവനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ജെ.എൽ.ജി ഗ്രൂപ്പുകൾ വഴി പദ്ധതി നടപ്പിലാക്കുന്നതിനും മാഹികോ എന്ന കമ്പനിയുടെ കേരളത്തിലെ വിതരണ ഏജൻസിയായ എസ്.കെ അഗ്രി ഏജൻസീസ്, മലപ്പുറം എന്ന സ്ഥാപനം വഴി ഹൈബ്രിഡ് വിത്ത് വാങ്ങി കർഷകർക്ക് വിതരണം നടത്തുന്നതിനും, മാർച്ച് മാസം 10 ാം തീയതി വരെ ലഭിക്കുന്ന അപേക്ഷകളുടെ എണ്ണം കണക്കാക്കി എല്ലാവർക്കും തുല്യരീതിയൽ വിത്ത് നൽകുന്നതിനും **കർഷകരുടെ ബാങ്ക് അക്കൗണ്ടിൽ** ലഭിക്കുന്ന **തുകയെ കർഷകരിൽ നിന്നും** സത്യവാങ്മൂലം **എഴുതി വാങ്ങി വിത്ത് വിതരണം നടത്തുന്ന** കമ്പനിയുടെ **ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റി നൽകുന്നതിനും** 26.02.2021 ന് ചേർന്ന കാർഷിക വികസന സമിതിയോഗം തീരുമാനിച്ചിക്കുന്നു. (അനുബന്ധം 9).

എന്നാൽ എല്ലാ കർഷകരും മാഹികോ കമ്പനിയുടെ (എസ് കെ ഏജൻസീസ് മലപ്പുറം) വിത്ത് വാങ്ങുന്നതിന് തയ്യാറല്ലായിരുന്നു. ഏകദേശം 400 പേർ മാത്രമാണ് മാഹികോ കമ്പനിയുടെ വിത്ത് വാങ്ങിയിട്ടുള്ളത്. മാഹികോ എന്ന കമ്പനിയിൽ നിന്നാണ് വിത്ത് ഇറക്കിയതെങ്കിലും വിത്തിന്റെ വില കർഷകർ നേരിട്ട് കമ്പനിക്ക് നൽകേണ്ടിയിരുന്നതിനാൽ വിത്ത് കൃഷിഭവൻ സ്റ്റോക്കിൽ രജിസ്റ്റർ ചെയ്യേണ്ടതില്ല. സാധാരണ രീതിയിൽ കർഷകർ നേരിട്ട് വിത്ത് വാങ്ങുകയും മറ്റ് കൃഷി ചെലവുകൾ ഉൾ പ്പെടെയുള്ള (നിലമൊരുക്കൽ, മറ്റ് കാർഷികോപാധി ചെലവുകൾ) ബില്ലുകൾ/വൗച്ചറുകൾ സഹിതമുള്ള അപേക്ഷ കൃഷിഭവനിൽ സമർപ്പിക്കുകയും അതിന്മേൽ ഫീൽഡ് പരിശോധന നടത്തിയാണ് സാമ്പത്തിക ആനുകൂല്യം അനുവദിക്കുന്നത്. എന്നാൽ ഇതിന് വിപരീതമായി കർഷകരുടെ ബാങ്ക് അക്കൗണ്ടിൽ ലഭിച്ച തുക വിത്ത് വിതരണ ഏജൻസിയ്ക്ക് മാറ്റി നൽകുന്നതിന് നടത്തിയ നടപടികളാണ് പരാതികൾക്ക് ഇടനൽകിയിട്ടുള്ളത്.

കൃഷിഓഫീസർ ശ്രീമതി ആർ ബീനയിൽ നിന്നുള്ള സ്റ്റേറ്റ്മെന്റുകൾ പ്രകാരവും രേഖകൾ പരിശോധിച്ചതിലും കർഷകർ വിത്ത് വാങ്ങി കൃഷി ചെയ്യുന്നതിന് മുന്നേ മാർച്ച് മാസത്തിൽ 2121 പേർ ക്ക് 6600/- രൂപ നിരക്കിൽ (2120X6600+1x8000=1,400,00,000) സാമ്പത്തിക സഹായം അനുവദിച്ച് ക്ലയിമുകൾ തയ്യാറാക്കി ദേവികുളം കൃഷി അസിസ്റ്റന്റ് ഡയറക്ടർ വഴി പ്രിൻസിപ്പൽ കൃഷി ഓഫീസിൽ സമർപ്പിച്ചു.

ജില്ലാ കളക്ടർ - ചെയർമാൻ, പ്രിൻസിപ്പൽ കൃഷി ഓഫീസർ - വൈസ് ചെയർമാൻ, കൃഷി ഡപ്യൂട്ടി ഡയറക്ടർ (എച്ച്) - മെമ്പർ സെക്രട്ടറി, വി.എഫ്.പി.സി.കെ/പീരുമേട് ഡവലപ്പ്മെന്റ് സൊസൈറ്റി/കർഷക പ്രതിനിധികൾ തുടങ്ങിയവർ അംഗങ്ങൾ ആകുന്ന ജില്ലാതല കമ്മറ്റിയുടെ ചർച്ചകളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിലാണ് സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ പദ്ധതികൾ നടപ്പാക്കുന്നത്. കൂടാതെ 10 ലക്ഷം രൂപയ്ക്ക് മുകളിലുള്ള ക്ലയിമുകൾക്ക് അംഗീകാരം

'33909/2022

നൽകുന്നത് ചെയർമാനായ ജില്ലാ കളക്ടറാണ്. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക അനുവദിച്ചിരുന്നിട്ടും ജില്ലാതല കമ്മറ്റിയുടെ ശ്രദ്ധയിൽ വരാതിരിക്കുന്നതിനാണ് 1.4 കോടി രൂപ 10 ലക്ഷത്തിൽ താഴെയുള്ള 16 ക്ലെയിമുകളായി വിഭജിച്ച് തയ്യാറാക്കിയിട്ടുള്ളത്. ഫണ്ട് അലോട്ട് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത് കൃഷി ഡപ്യൂട്ടി ഡയറക്ടറാണ്.

ചുവടെ വിവരിക്കും പ്രകാരമാണ് ക്ലെയിമുകൾ തയ്യാറാക്കിയിട്ടുള്ളത്

| | ഗുണഭോക്താക്കളുടെ എണ്ണം | ക്ലെയിം തുക | തുക അനുവദിച്ച് ഡപ്യൂട്ടി ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ച തീയതി | പി.എഫ്.എം.എസ് വഴി കൃഷി അസിസ്റ്റന്റ് ഡയറക്ടർ കർഷകർക്ക് തുക നൽകുന്ന തീയതി |
|---|---|---|---|---|
| 1 | 149 | 983400 | 22.03.2021 | 09.04.2021 |
| 2 | 142 | 937200 | 22.03.2021 | 09.04.2021 |
| 3 | 138 | 917400 | 22.03.2021 | 11.06.2021 |
| 4 | 146 | 963600 | 22.03.2021 | 09.04.2021 |
| 5 | 145 | 957000 | 22.03.2021 | 09.04.2021 |
| 6 | 147 | 970200 | 22.03.2021 | 11.06.2021 |
| 7 | 145 | 957000 | 22.03.2021 | 11.06.2021 |
| 8 | 146 | 963600 | 22.03.2021 | 11.06.2021 |
| 9 | 147 | 970200 | 24.03.2021 | 11.06.2021 |
| 10 | 148 | 976800 | 24.03.2021 | 11.06.2021 |
| 11 | 150 | 990000 | 24.03.2021 | 28.04.2021 |
| 12 | 140 | 924000 | 24.03.2021 | 11.06.2021 |
| 13 | 150 | 990000 | 31.03.2021 | 11.06.2021 |
| 14 | 150 | 990000 | 31.03.2021 | 06.09.2021 |
| 15 | 43 | 283800 | 31.03.2021 | 11.06.2021 |
| 16 | 34 | 225800 | 31.03.2021 | 11.06.2021 |

സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷനും ജില്ലാ കൃഷി ഡപ്യൂട്ടി ഡയറക്ടറും 2021 മാർച്ച് 31ന് മുമ്പ് തുക ചിലവഴിച്ചിരിക്കണമെന്ന കർശന നിർദ്ദേശമാണ് പഞ്ചായത്ത് തല ഉദ്യോഗസ്ഥർക്ക് നൽകിയിരുന്നത്. ചുരുങ്ങിയ സമയത്തിനുള്ളിൽ പദ്ധതി നടപ്പാക്കുവാൻ കഴിയുകയില്ലാ എന്നുള്ളത് മേൽ സൂചിപ്പിച്ച രണ്ട് ഉദ്യോഗസ്ഥർക്കും ബോധ്യമുള്ളതാണ്. നടീൽ വസ്തുക്കൾ വാങ്ങിയ ബില്ലുകൾക്കും മറ്റ് ചിലവ് വൗച്ചറുകൾക്കും ഒപ്പം കർഷകർ ഹാജരാക്കുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ കൃഷി അസിസ്റ്റന്റ്/കൃഷിഓഫീസർ എന്നിവരുടെ ഫീൽഡ് തല പരിശോധനയുടെ അടിസ്ഥാനത്തിലാണ് അനുവദനീയമായ സബ്സിഡി തുക കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നതിന് ശുപാർശ ചെയ്യുന്നത്. എന്നാൽ വട്ടവട മേഖലയിൽ ഫെബ്രുവരി പകുതി മുതൽ ഏപ്രിൽ വരെ കൃഷി ചെയ്യാതെ നിലം ഒരുക്കുന്ന സമയമാണ്. കർഷകർ നേരിട്ട് ഉൽപ്പാദനോപാധികൾ വാങ്ങി കൃഷി ചെയ്ത് അർഹമായ സബ്സിഡി തുക അവരവരുടെ ബാങ്ക് അക്കൗണ്ടിലൂടെ വാങ്ങി വരുന്ന ഇക്കാലത്ത് ഇടുക്കി ജില്ലയിൽ വിത്ത് വിതരണത്തിന് ലൈസൻസ് ഇല്ലാത്ത സ്ഥാപനം വഴി വിത്ത് ഇറക്കി നൽകുന്നതിനുള്ള തീരുമാനം ദുരൂഹമാണ്.



Generated from eOffice by GAURISANKAR M, SVC(3) AGRIDIR, SVC(3) AGRIDIR, ADFW on 09/08/2023 03:23 PM

'33909/2022

മാർച്ച് മാസത്തോടെ പദ്ധതി പണം ചെലവഴിച്ചിരിക്കണമെന്ന മേലുദ്യോഗസ്ഥരുടെ നിർദ്ദേശങ്ങളാണ് പദ്ധതി നടപ്പാക്കാതെ വ്യാജ ക്ലയിമുകൾ തയ്യാറാക്കുവാൻ പഞ്ചായത്ത് തല ഉദ്യോഗസ്ഥർ നിർബന്ധിതരായിട്ടുള്ളത്. മുകൾ പട്ടിക പരിശോധിച്ചതിൽ 2021 സെപ്റ്റംബർ വരെയും അനുവദിച്ച തുക പൂർണ്ണമായും കർഷകരുടെ ബാങ്ക് അക്കൗണ്ടിൽ എത്തിയിട്ടില്ലാഎന്ന് വ്യക്തമാണ്. തീർച്ചയായും ഈ പദ്ധതി വട്ടവടയിലെ ഒന്നാം സീസണിൽ (ഏപ്രിൽ, മേയ് - ജൂലൈ, ഓഗസ്റ്റ്) ഓണത്തിന്റെ വിളവെട്ടപ്പോടെ വളരെ വിജയകരമായി നടപ്പാക്കാമായിരുന്നു.

വട്ടവടയിലെ കർഷകർക്ക് കാർഷിക വികസന സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എല്ലാവർ ക്കും 6600/- വീതം വിതരണം ചെയ്തതിനാൽ സ്പെഷ്യൽ വിജിലൻസ് സെൽ അന്വേഷണത്തിന് മുന്നേതന്നെ പരാതികൾ അവസാനിച്ചിരുന്നു. ഈ രീതിയിൽ പരാതിക്കാർ ഉന്നയിച്ചിരുന്ന ആരോപണങ്ങൾക്ക് പരിഹാരം ആയിട്ടുള്ളതിനാൽ പരാതിയുമായി മുന്നോട്ട് പോകുന്നില്ലായെന്ന് ബി.ജെ.പി വട്ടവട പഞ്ചായത്ത് കമ്മറ്റിക്ക് വേണ്ടി ശ്രീ കുപ്പസ്വാമി, ശ്രീ മുരുകേശൻ എന്നിവർ മൊഴി നൽകിയിട്ടുണ്ട് (അനുബന്ധം 10,11)

കഴിഞ്ഞ രണ്ടു വർഷക്കാലമായി കർഷകർക്ക് യാതൊരുവിധ ആനുകൂല്യങ്ങളും ലഭിച്ചിട്ടില്ലാത്തതിനാലും എല്ലാവരും പച്ചക്കറി/ഹൈബ്രിഡ് പച്ചക്കറി കൃഷി ചെയ്തുവരുന്നവരായതുകൊണ്ടാണ് തുക അനുവദിച്ചതെന്നും കൃഷിഓഫീസർ വാദിക്കുന്നു. എന്നാൽ 2019-20, 2020-2 1 വർ ഷങ്ങളിലായി വകുപ്പ് പദ്ധതികൾ പ്രകാരവും എസ്.എച്ച്.എം, ആത്മ പദ്ധതികൾ പ്രകാരവും ചുവടെ വിവരിക്കും പ്രകാരമുള്ള പദ്ധതി പ്രവർത്തനങ്ങൾ നടന്നിട്ടുള്ളതായി ദേവികുളം കൃഷി അസിസ്റ്റന്റ് ഡയറക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് (അനുബന്ധം 12).

| വർഷം | വകുപ്പതല പദ്ധതികൾ (രൂപ) | എസ് എച്ച് എം (രൂപ) | ആത്മ (രൂപ) | ആകെ |
|---|---|---|---|---|
| 2019-20 | 520500.00 | 0.00 | 109000.00 | **629500.00** |
| 2020-21 | 9247790.00 | 737408.00 | 76000.00 | **10061198.00** |
| ആകെ | **9768290.00** | **737408.00** | **185000.00** | **10690698.00** |

**പ്രധാന ക്രമക്കേടുകൾ**

1. ഹൈബ്രിഡ് പച്ചക്കറി കൃഷി (ശീതകാല പച്ചക്കറി കൃഷി) എന്ന പേരിൽ നടപ്പിലാക്കിയ കൃഷിയ്ക്ക് അല്ല തുക അനുവദിച്ചത്.
2. മാർച്ച് മാസം 1 0 ാം തീയതി വരെ ലഭിക്കുന്ന അപേക്ഷകളുടെ എണ്ണം കണക്കാക്കി എല്ലാവർക്കും തുല്യരീതിയിൽ വിത്ത് നൽകുന്നതിനും പണം തുല്യമായി ലഭിക്കുന്ന രീതിയിൽ കൃഷി സ്ഥലത്തിന്റെ വിസ്തീർണ്ണം പരിമിതപ്പെടുത്തി തുക അനുവദിക്കുന്നതിനും തീരുമാനിച്ചു
3. കൃഷി നടന്നതായി കൃഷി അസിസ്റ്റന്റിന്റെ അന്വേഷണ റിപ്പോർട്ടും കൃഷിഓഫീസറുടെ അനുമതിയും സ്വീകരിച്ച അപേക്ഷകളിൽ വ്യാജമായി രേഖപ്പെടുത്തുകയും എന്നാൽ വിത്ത് വിതരണത്തിനാണ് നടപടി സ്വീകരിക്കുകയും ചെയ്തത്.
4. പദ്ധതി വിത്ത് നൽകിയെ നടപ്പാക്കാവൂ എന്ന കൃഷി ഡപ്യൂട്ടി ഡയറക്ടറുടെ ടെലഫോൺ സന്ദേശത്തിന് രേഖാമൂലമുള്ള തെളിവുകൾക്കായി യാതൊരു കത്തിടപാടുകളും നടത്തിയിരുന്നില്ല.

'33909/2022

5. ഇടുക്കി ജില്ലയിൽ വിത്ത് വിതരണം നടത്തുന്നതിന് ലൈസൻസ് സമ്പാദിക്കാത്ത എസ്.കെ. അഗ്രി ഏജൻസീസ് മലപ്പുറം എന്ന സ്ഥാപനം വഴി വിത്ത് ഇറക്കുകയും വിത്തിന്റെ വില ഗുണം എന്നിവയിൽ യാതൊരു പരിശോധനകളും നടത്താതെ ടി സ്ഥാപനത്തിന്റെ വിത്ത് കൃഷിഭവൻ കെട്ടിടത്തിനുള്ളിൽ സ്റ്റോക്ക് ചെയ്യുന്നതിന് സൗകര്യമൊരുക്കി.

6. 2019-20, 2020-21 വർഷങ്ങളിൽ വിവിധ പദ്ധതികൾ പ്രകാരം 1,06,90,698/- രൂപയുടെ സാമ്പത്തികാനുകൂല്യങ്ങൾ ലഭിച്ചിരുന്നിട്ടും കഴിഞ്ഞ രണ്ടു വർഷക്കാലമായി കർഷകർക്ക് യാതൊരു സാമ്പത്തിക ആനുകൂല്യവും നൽകിയിട്ടില്ലായെന്ന് വരുത്തി നടപ്പാക്കാത്ത കൃഷിയ്ക്ക് തുക അനുവദിച്ചു.

7. ഒരുകോടി നാൽപ്പത് ലക്ഷം രൂപയുടെ ക്ലയിം ജില്ലാ കളക്ടറുടെ അനുമതിയില്ലാതെ പാസാക്കുന്നതിന് 10 ലക്ഷം രൂപയിൽ താഴെയുള്ള 16 ക്ലയിമുകളാക്കി തയ്യാറാക്കി.

8. കർഷകരുടെ ബാങ്ക് അക്കൗണ്ടിലെത്തിയ തുക പൂർണ്ണമായും വിത്ത് വിതരണ ഏജൻസിക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

9. സാമ്പത്തിക വിതരണം നടന്നിട്ടുള്ളത് 2 0 2 1 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള . കാലയളവിലാണ്. 2021 മാർ ച്ച് 3 1 ന് മുമ്പ് പദ്ധതി നടപ്പാക്കിയിരിക്കണമെന്ന് മിഷൻ ഡയറക്ടറുടെ നിർദ്ദേശം പൂർ ണ്ണമായി പാലിക്കുവാൻ കഴിഞ്ഞിട്ടില്ല. തുക S H M ജില്ലാ അക്കൌണ്ടിൽ നിന്നും ദേവികുളം കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൌണ്ടിലേയ്ക്ക് മാറി നിക്ഷേപിക്കുക മാത്രമാണ് മാർച്ച് 31-നകം ചെയ്തത്. തീർ ച്ചായും ഏപ്രിൽ - മേയ് മാസത്തിൽ ആരംഭിക്കുന്ന പ്രധാന സീസണിൽ പദ്ധതി നടപ്പാക്കാമായിരുന്നു.

(ഉത്തരവാദികൾ - ശ്രീമതി ബീന ആർ - കൃഷിഓഫീസർ, ശ്രീമതി മേരി ശോഭന ആർ - അസിസ്റ്റന്റ് കൃഷി ഓഫീസർ)

<u>**സി. ഹൈബ്രിഡ് പച്ചക്കറി കൃഷി - കൃഷിഭവൻ കാന്തല്ലൂർ**</u>

ഹെക്ടറിന് 20000/- രൂപ സബ്സിഡി നിരക്കിൽ 3 0 0 ഹെക്ടർ സ്ഥലത്തിന് ആകെ 6 0 ലക്ഷം രൂപയാണ് കാന്തല്ലൂർ കൃഷിഭവനും അനുവദിച്ചിട്ടുള്ളത്. കർഷകർക്ക് ഹൈബ്രിഡ് പച്ചക്കറി വിത്ത് (ശീതകാല പച്ചക്കറി വിത്ത്) അനുമതിയുള്ള ഏജൻസി വഴി ഇറക്കി നൽകണമെന്നും MIDH/RKVY പദ്ധതി പ്രകാരം കർഷകർക്ക് പണമായി നൽകിയാൽ പോരെ എന്ന ചോദ്യത്തിന് വിത്തിറക്കി നൽകരുതെന്ന് വർക്കിംഗ് ഇൻസ്ട്രക്ഷനിൽ പറയുന്നില്ലല്ലോ എന്ന് കൃഷി ഡപ്യൂട്ടി ഡയറക്ടറായ ശ്രീമതി സജിമോൾ വി കെ വാക്കാൽ നൽകിയിട്ടുള്ള നിർദ്ദേശം നൽകിയെന്ന് കൃഷിഓഫീസറായ ശ്രീ സതീഷ് കെ എ മൊഴി നൽകിയിട്ടുണ്ട് (അനുബന്ധം 13 ). ആയതിന് രേഖമൂലമുള്ള യാതൊരു തെളിവുകളും കൃഷി ഡപ്യൂട്ടി ഡയറക്ടറിൽ നിന്ന് വാങ്ങിയിട്ടില്ല. അന്വേഷണ സമയം ഒപ്പം ഉണ്ടായിരുന്ന കാന്തല്ലൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ പി റ്റി മോഹൻദാസ് എന്നവരിൽ നിന്ന് ശേഖരിച്ച വിവരങ്ങളനുസരിച്ച് ഈ പദ്ധതി വിത്ത് നൽകി മാത്രമേ നടപ്പാക്കാൻ കഴിയുകയുള്ളൂ എന്ന് ടിയാനെയും കൃഷി ഡപ്യൂട്ടി ഡയറക്ടർ ധരിപ്പിച്ചതായും വട്ടവടയ്ക്കും കാന്തല്ലൂരിനും ടി യാരി തന്നെ വിത്ത് ഇറക്കുന്നതിനുള്ള ഏജൻസിയെ കണ്ടെത്തിയതായും അഭിപ്രായപ്പെടുന്നു വട്ടവടയിൽ തർക്കങ്ങൾ ഉണ്ടായതിനാൽ കാന്തല്ലൂരും ടി ഏജൻസിയുടെ വിത്ത് വിതരണം ചെയ്യാൻ അനുവദിച്ചില്ലെന്നും ടിയാൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. (അനുബന്ധം 14). കാന്തല്ലൂരിൽ സർവ്വീസ് സഹകരണ ബാങ്ക്, കാന്തല്ലൂർ മുഖേനയാണ് വിത്ത് ഇറക്കിയിട്ടുള്ളത്. കാന്തല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് നമ്പർ കെ 341 ന് പച്ചക്കറി വിത്ത് വിൽപ്പന നടത്തുന്നതിനുള്ള ലൈസൻസ് ഇല്ലാത്തതാകുന്നു എസ് കെ അഗ്രി


Generated from eOffice by GAURISANKAR M, SVC(3) AGRIDIR, SVC(3) AGRIDIR, ADFW on 09/08/2023 03:23 PM

'33909/2022

ഏജൻസീസ് എന്ന സ്ഥാപനത്തിൽ നിന്ന് വിത്ത് ഇറക്കണമെന്ന കാന്തല്ലൂർ കൃഷിഓഫീസറുടെ നിർദ്ദേശാനുസരണമാണ് വിത്ത് ഇറക്കിയിട്ടുള്ളതെന്ന് ബാങ്ക് സെക്രട്ടറി അറിയിച്ചിട്ടുണ്ട് (അനുബന്ധം 15).

എന്നാൽ മാർച്ച് 3 1ന് മുൻപ് തുക ചിലവഴിച്ചിരിക്കണമെന്ന കൃഷി ഡപ്യൂട്ടി ഡയറക്ടർ ശ്രീമതി സജിമോൾ വി കെ യുടെ നിർദ്ദേശാനുസരണം 160 ജെ.എൽ.ജി ഗ്രൂപ്പുകൾ വഴി വിത്ത് വിതരണത്തിന് പെർമിറ്റ് നൽകുകയും മാർച്ച് 2 ന് ഇലക്ഷൻ പ്രഖ്യാപിച്ചതിനാൽ വിത്ത് വിതരണം നടത്തുവാൻ കഴിയാതെ വരികയും പിന്നീട് വട്ടവടയിൽ ആക്ഷേപങ്ങൾ ഉണ്ടായതിനാൽ വിത്ത് വിതരണം നടത്തിയിട്ടില്ലാത്തതുമാണ്. എന്നാൽ മാർച്ച് 3 1ന് ഫണ്ട് ചിലവഴിക്കുകയെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വിതരണം ചെയ്യപ്പെടാത്ത/ കൃഷി ചെയ്യിട്ടില്ലാത്ത ജെ.എൽ.ജി ഗ്രൂപ്പുകൾക്ക് വിത്ത് വിതരണം നടത്തിയതായുള്ള കാന്തല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് തയ്യാറാക്കിയിട്ടുള്ള ക്ലയിം സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ 6 0 ലക്ഷം രൂപ അനർഹമായി ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളത്. ഈ തുക കാന്തല്ലൂർ സർവ്വീസ് സഹകരണ ബാങ്കിന് യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യാ കാന്തല്ലൂരിന്റെ 423501010021002 എന്ന അക്കൗണ്ടിലേക്ക് ദേവികുളം കൃഷി അസിസ്റ്റന്റ് ഡയറക്ടർ 09.04.2021 ന് നിക്ഷേപിച്ചിട്ടുള്ളതാണ്. വട്ടവടയിൽ എന്നതുപോലെ 1 0 ലക്ഷം രൂപയ്ക്ക് താഴെ നിർത്തിയാണ് കാന്തല്ലൂരും ക്ലയിമുകൾ തയ്യാറാക്കിയിട്ടുള്ളത്. വിത്ത് വിതരണം നടന്നില്ലെങ്കിലും അനുവദിക്കപ്പെട്ട 60 ലക്ഷം രൂപയും കാന്തല്ലൂർ സർവ്വീസ് സഹകരണ ബാങ്കിന് നൽകി 2021 മാർച്ച് 31 ന് മുമ്പ് ചിലവഴിക്കാം എന്ന് ലക്ഷ്യം വച്ചിട്ടുള്ളതിനാൽ ഒറ്റ ക്ലയിമിലൂടെ തുക പാസാക്കാമായിരുന്നു. എന്നാൽ ഈ തുക പാസാക്കുന്നതിനും ജില്ലാ കളക്ടറുടെ അനുമതി ആവശ്യമാണ്. ഇതൊഴിവാക്കുന്നതിന് 60 ലക്ഷം രൂപയുടെ വിത്തുകൾ 160 ജെ.എൽ.ജി ഗ്രൂപ്പുകൾക്ക് നൽകിയതായി കൃത്രിമ രേഖയുണ്ടാക്കുകയും 09.04.2021 ന് തുക പൂർണ്ണമായും ബാങ്കിന് നൽകുകയും ചെയ്യിട്ടുണ്ട്

| | ജെ.എൽ.ജി കളുടെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം | ക്ലയിം തുക | തുക അനുവദിച്ച് ഡപ്യൂട്ടി ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ച തീയതി | പി.എഫ്.എം.എസ് വഴി കൃഷി അസിസ്റ്റന്റ് ഡയറക്ടർ കാന്തല്ലൂർ സർവ്വീസ് സഹകരണ ബാങ്കിന് തുക നൽകുന്ന തീയതി |
|---|---|---|---|---|---|
| 1 | 23 | 175 | 997500 | 25.03.2021 | 09.04.2021 |
| 2 | 20 | 175 | 997500 | 25.03.2021 | |
| 3 | 23 | 175 | 997500 | 25.03.2021 | |
| 4 | 22 | 175 | 997500 | 25.03.2021 | |
| 5 | 17 | 168 | 957600 | 25.03.2021 | |
| 6 | 46 | 520 | 878800 | 25.03.2021 | |
| 7 | 9 | 81 | 173600 | 25.03.2021 | |

2018-19 മുതൽ കാന്തല്ലൂരിലെ കർഷകർ ശീതകാല പച്ചക്കറി കൃഷി ചെയ്യുന്നവരാണെന്നും കഴിഞ്ഞ രണ്ടു വർഷക്കാലമായി കർഷകർക്ക് യാതൊരുവിധ ആനുകൂല്യങ്ങളും ലഭിച്ചിട്ടില്ലായെന്ന് കൃഷിഓഫീസറും (അനുബന്ധം 13) കർഷകർക്ക് അർഹമായ സബ്സിഡി തുക അനുവദിക്കണമെന്ന് ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ടും ആവശ്യപ്പെടുന്നുണ്ട്. കൂടാതെ സാമ്പത്തികമായി പിന്നോക്കം



Generated from eOffice by GAURISANKAR M, SVC(3) AGRIDIR, SVC(3) AGRIDIR, ADFW on 09/08/2023 03:23 PM

'33909/2022

നിൽക്കുന്ന ഈ മേഖലയിലെ ഹൈബ്രിഡ് പച്ചക്കറി കൃഷി ചെയ്യുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ഇപ്രകാരം കൃഷി ചെയ്ത കർഷകരുടെ അക്കൗണ്ടിലേക്ക് സബ്സിഡി തുക അനുവദിക്കണമെന്നും ഇടുക്കി പ്രിൻസിപ്പൽ കൃഷി ഓഫീസർ ആവശ്യപ്പെടുന്നുണ്ട്. (അനുബന്ധം 16) . എന്നാൽ 2019-20, 2020-2 1 വർ ഷങ്ങളിലായി വകുപ്പ് പദ്ധതികൾ പ്രകാരവും എസ്.എച്ച്.എം, ആത്മ പദ്ധതികൾ പ്രകാരവും ചുവടെ വിവരിക്കും പ്രകാരമുള്ള പദ്ധതി പ്രവർത്തനങ്ങൾ നടന്നിട്ടുള്ളതായി ദേവികുളം കൃഷി അസിസ്റ്റന്റ് ഡയറക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്(അനുബന്ധം 17).

| വർഷം | വകുപ്പുതല പദ്ധതികൾ (രൂപ) | എസ് എച്ച് എം (രൂപ) | ആത്മ (രൂപ) | ആകെ |
|---|---|---|---|---|
| 2019-20 | 5069550.00 | 0.00 | 13000.00 | **5082550.00** |
| 2020-21 | 6279012.00 | 1651417.00 | 30000.00 | **7960429.00** |
| ആകെ | **11348562.00** | **1651417.00** | **43000.00** | **13042979.00** |

**പ്രധാന ക്രമക്കേടുകൾ**

1. ഹൈബ്രിഡ് പച്ചക്കറി കൃഷി (ശീതകാല പച്ചക്കറി കൃഷി) പേരിൽ അനുവദിച്ച തുകയ്ക്കുള്ള കൃഷി നടപ്പാക്കിയില്ല.

2. ഇടുക്കി ജില്ലയിൽ വിത്ത് വിതരണം നടത്തുന്നതിന് ലൈസൻസ് സമ്പാദിക്കാത്ത എസ്.കെ. അഗ്രി ഏജൻസീസ് മലപ്പുറം എന്ന സ്ഥാപനം വഴി വിത്ത് ഇറക്കുവാൻ, വിൽപ്പന ലൈസൻസ് നേടിയിട്ടില്ലാത്ത കാന്തല്ലൂർ സർവീസ് സഹകരണ ബാങ്കിന് നിർദ്ദേശം നൽകി.

3. 1 6 0 ജെ.എൽ.ജി ഗ്രൂപ്പുകൾ വഴി അപേക്ഷകൾ സ്വീകരിച്ച് കൃഷി നടന്നതായി കൃഷി അസിസ്റ്റന്റിന്റെ അന്വേഷണ റിപ്പോർട്ടും കൃഷിഓഫീസറുടെ അനുമതിയും രേഖപ്പെടുത്തി.

4. വിത്ത് വിതരണം നടന്നിട്ടില്ലായെന്ന് ഉത്തമ ബോധ്യമുണ്ടായിരുന്നിട്ടും 60 ലക്ഷം രൂപ കാന്തല്ലൂർ സർവ്വീസ് സഹകരണ ബാങ്കിന്, യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യാ കാന്തല്ലൂരിന്റെ 423501010021002 എന്ന അക്കൗണ്ടിലേക്ക് നൽകുന്നതിനുള്ള ക്ലെയിം തയ്യാറാക്കി ദേവികുളം കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകി.

5. അറുപത് ലക്ഷം രൂപയുടെ ക്ലെയിം ജില്ലാ കളക്ടറുടെ അനുമതിയില്ലാതെ പാസാക്കുന്നതിന് 10 ലക്ഷം രൂപയിൽ താഴെയുള്ള 16 ക്ലെയിമുകളാക്കി തയ്യാറാക്കി.

6. കർഷകർക്ക് പണം നൽകാതെ വിത്ത് ഇറക്കി നൽകിയാൽ മതിയെന്ന കൃഷി ഡപ്യൂട്ടി ഡയറക്ടറുടെ വാക്കാൽ നിർദ്ദേശത്തിന്റെ തെളിവുകൾക്കായി യാതൊരു കത്തിടപാടുകളും നടത്തിയിരുന്നില്ല.

7. 2019-20, 2020-21 വർഷങ്ങളിൽ വിവിധ പദ്ധതികൾ പ്രകാരം 1,30,42,979/- രൂപയുടെ സാമ്പത്തികാനുകൂല്യങ്ങൾ ലഭിച്ചിരുന്നിട്ടും കഴിഞ്ഞ രണ്ടു വർഷക്കാലമായി കർഷകർക്ക് യാതൊരു സാമ്പത്തിക ആനുകൂല്യവും നൽകിയിട്ടില്ലായെന്ന് വരുത്തി നടപ്പാക്കാത്ത കൃഷിയ്ക്ക് തുക അനുവദിച്ചു.

'33909/2022

(ഉത്തരവാദികൾ - ശ്രീ സതീഷ് കെ ആർ - കൃഷിഓഫീസർ, ശ്രീമതി ലിജ എച്ച് - കൃഷി അസിസ്റ്റന്റ്)

**ഡി. കൃഷി അസിസ്റ്റന്റ് ഡയറക്ടർ (i/c). ശ്രീ കെ മുരുകൻ കൃഷിഓഫീസർ**

**ഇടമലക്കുടി** (വിശദീകരണം അനുബന്ധം 18)

**ക്രമക്കേടുകൾ**

1. പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ എന്ന് ഉറപ്പവരുത്തേണ്ട മേലുദ്യോഗസ്ഥൻ എന്ന നിലയിൽ കൃഷി സ്ഥലങ്ങൾ ഫീൽഡ് പരിശോധന പോലും നടത്താതെ, കൃഷിഓഫീസർമാർ സമർപ്പിച്ച ക്ലയിമുകളിൽ കൃഷി സ്ഥലങ്ങൾ സന്ദർശിച്ചതായും പദ്ധതി നടപ്പാക്കിയിട്ടുള്ളതായും വ്യാജ സാക്ഷ്യപ്പെടുത്തലുകൾ രേഖപ്പെടുത്തി ക്ലയിമുകൾ പാസാക്കുകയും വട്ടവടയിലെ 2121 പേർക്ക് 1.4 കോടി രൂപയും കാന്തല്ലൂർ സർവ്വീസ് സഹകരണ ബാങ്കിന് 60 ലക്ഷം രൂപയും ഇവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകി.
2. ഇടുക്കി ജില്ലയിൽ വിത്ത് വിൽപ്പന നടത്തുവാൻ ലൈസൻസ് ഇല്ലാത്ത എസ് കെ അഗ്രി ഏജൻസീസ് എന്ന സ്ഥാപനത്തിനെതിരെ നിയമ നടപടികൾ സ്വീകരിക്കുവാൻ മേലുദ്യോഗസ്ഥരോട് ആവശ്യപ്പെട്ടിരുന്നില്ല.

**ഇ. കൃഷി ഡപ്യൂട്ടി ഡയറക്ടർ ശ്രീമതി വി കെ സജിമോളുടെ വിശദീകരണം**

**(അനുബന്ധം 19, 20)**

ഒരു ഹെക്ടർ സ്ഥലത്തെ കൃഷിയ്ക്ക് വിത്ത്, നിലമൊരുക്കൽ, മറ്റ് കാർഷികോപാധികൾ, Intercultural Operations എന്നിങ്ങനെ ചെലവാകുന്ന തുകയുടെ 50 ശതമാനമായി ഹെക്ടറൊന്നിന് 20000/- രൂപ നൽകുക എന്നതാണ് മാർഗ്ഗനിർദ്ദേശമെന്നും ഇതനുസരിച്ച് ആ വർഷം ചെയ്ത കൃഷിയ്ക്ക് സബ്സിഡി ആയിട്ടാണ് തുക അനുവദിച്ചതെന്നും പുതുതായി ചെയ്യുന്നതിനല്ല എന്നും വിശദീകരിക്കുന്നു (അനുബന്ധം 19). എന്നാൽ 05.05.2022 ന് സമർപ്പിച്ച വിശദീകരണത്തിൽ ഹൈബ്രിഡ് പച്ചക്കറി കൃഷി നടപ്പിലാക്കിയ കർഷകരുടെ അക്കൗണ്ടിലേക്ക് നിശ്ചിത സബ്സിഡി നൽകുവാനും അടുത്ത കൃഷി ഗുണനിലവാരവും വിലകുറവുമുള്ള ഹൈബ്രിഡ് പച്ചക്കറി വിത്ത് കർഷകർക്ക് താൽപ്പര്യമുള്ള ഏജൻസികളിൽ നിന്ന് വാങ്ങുന്നതിന് പരിപൂർണ്ണ സ്വാതന്ത്ര്യം ഉണ്ടായിരിക്കുമെന്ന് സർവ്വകക്ഷി യോഗത്തിൽ തീരുമാനിച്ചതായും രേഖപ്പെടുത്തിയിരിക്കുന്നു. കൂടാതെ കർഷകരുടെ അക്കൗണ്ടിൽ നൽകിയ തുക ബാങ്കുമായി ചേർന്ന് വിത്ത് വിതരണ ഏജൻസിക്ക് കൈമാറുവാൻ സ്വീകരിച്ച നടപടി കുറ്റകരമാണെന്നും ടിയാരി സൂചിപ്പിക്കുന്നു(അനുബന്ധം 20). **ആ വർഷം ചെയ്ത കൃഷിയ്ക്ക് സബ്സിഡി ആയിട്ടാണ് തുക അനുവദിച്ചതെന്നും** പുതുതായി **ചെയ്യുന്നതിനല്ല എന്നും വിശദീകരിച്ച** കൃഷി **ഡപ്യൂട്ടി ഡയറക്ടർ 19.02.2021 ന് (അനുബന്ധം 2 ) മിഷൻ ഡയറക്ടർക്ക് അയച്ച കത്തിൽ "സാമ്പത്തിക വർഷത്തിന്റെ** അവസാനഘട്ടമെത്തിയ **സാഹചര്യത്തിൽ അനുവദിച്ച നൽകുന്ന** മുഴുവനായും **വിനിയോഗിക്കേണ്ടതിനാൽ ഹൈബ്രിഡ് പച്ചക്കറി എന്നതിനു പകരം ശീതകാല** പച്ചക്കറി **കൃഷിയ്ക്കായി തുക അനുവദിക്കണമെന്നും പദ്ധതി** നടത്തിപ്പ് **2021-22 അടുത്തസാമ്പത്തിക വർഷം)** **വർഷത്തിൽ പൂർത്തിയാക്കുന്നതിന് സമയം** അനുവദിക്കുന്ന **പക്ഷം ഹൈബ്രിഡ് പച്ചക്കറി കൃഷി** നടപ്പിലാക്കി **തുക വിനിയോഗിക്കുന്നതാണെന്നും" അറിയിച്ചിട്ടുണ്ട്.** കൂടാതെ MIDH പദ്ധതി മാർഗ്ഗരേഖ പ്രകാരം കർഷകർക്കുള്ള ധനസഹായം കൃഷി ചെയ്തതിന് ശേഷമാണ് അനുവദിക്കുന്നതെന്ന് മിഷൻ ഡയറക്ടറും അറിയിച്ചിട്ടുണ്ട് (അനുബന്ധം 1).

**ക്രമക്കേടുകൾ**



Generated from eOffice by GAURISANKAR M, SVC(3) AGRIDIR, SVC(3) AGRIDIR, ADFW on 09/08/2023 03:23 PM

'33909/2022

1. ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാ തല കമ്മറ്റിയിൽ പദ്ധതി സംബന്ധിച്ച വിവരങ്ങൾ അവതരിപ്പിച്ചിട്ടില്ല.

2. ആ വർഷം ചെയ്ത കൃഷിയ്ക്ക് സബ്സിഡി ആയിട്ടാണ് തുക അനുവദിച്ചതെന്നും പുതുതായി ചെയ്യുന്നതിനല്ല എന്ന് വിശദീകരണം നൽകുകയും എന്നാൽ പദ്ധതി പൂർത്തീകരിക്കുന്നതിന് അടുത്ത സാമ്പത്തിക വർഷത്തേക്ക് കൂടി സമയം ആവശ്യപ്പെട്ട കൃഷി ഡപ്യൂട്ടി ഡയറക്ടർക്ക് ഈ പദ്ധതി നടപ്പാക്കിയിട്ടില്ല എന്ന് ഉത്തമ ബോധ്യമുണ്ടായിരുന്നിട്ടും കൃഷിഓഫീസർമാരുടെ ക്ലയിം സ്റ്റേറ്റ്മെന്റുകൾ പാസാക്കി നൽകിയത് ക്രമവിരുദ്ധവും ചട്ടലംഘനവുമാണ്.

3. വിത്ത്, നിലമൊരുക്കൽ, മറ്റ് കാർഷികോപാധികൾ, Intercultural Operations എന്നിങ്ങനെ ചെലവാകുന്ന തുകയുടെ 50 ശതമാനമായി ഹെക്ടറൊന്നിന് 20000/- രൂപ നൽകുക എന്നതാണ് മാർഗ്ഗനിർദ്ദേശം എന്ന് വിവരിച്ചിരുന്നു. ആയതിൻ പ്രകാരം തുക കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് നൽകേണ്ടത്. എന്നാൽ കാന്തല്ലൂർ കൃഷിഭവനിൽ നിന്നും ലഭിച്ച ക്ലയിമുകളിൽ കർഷകരുടെ ബാങ്ക് അക്കൌണ്ടുകൾ ചേർത്തിരുന്നില്ല. ആയത് ശ്രദ്ധയിൽപ്പെട്ടിട്ടും കാന്തല്ലൂർ സർവ്വീസ് സഹകരണ ബാങ്കിന് തുക ലഭിക്കത്തക്ക രീതിയുലുള്ള ക്ലയിം പാസാക്കി നൽകി. എന്നാൽ ഈ ക്ലയിം തിരികെ അയച്ച് തുക കർഷകർക്ക് ലഭിക്കത്തക്ക രീതിയിൽ തിരുത്തി നൽകുവാൻ ആവശ്യപ്പെട്ടിരുന്നില്ല.

4. പദ്ധതി വിവരം ജില്ലാതല കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടാതിരിക്കുവാൻ ക്ലയിമുകൾ 10 ലക്ഷത്തിൽ താഴെ നിജപ്പെടുത്തി വാങ്ങി.

5. കർഷകർക്ക് ഇഷ്ടമുള്ള ഏജൻസിയിൽ നിന്ന് വിത്ത് വാങ്ങി കൃഷി ചെയ്യുന്നതിന് അനുവാദം നൽകാതെ അനുവദിച്ച തുക പൂർണ്ണമായും വിത്ത് കമ്പനികൾക്ക് ലഭിക്കത്തക്ക വിധം വിത്തിറക്കി നൽകുവാൻ കൃഷിഓഫീസർമാർക്ക് നിർദ്ദേശം നൽകി. (കാന്തല്ലൂർ പഞ്ചായത്ത് പ്രസിഡന്റ്, കാന്തല്ലൂർ-വട്ടവട കൃഷിഓഫീസർമാരുടെ ആരോപണങ്ങൾ).

6. വിത്ത് സംഭരിക്കുന്നതിനും വിൽപ്പന നടത്തുന്നതിനും ലൈസൻസ് നൽകുന്ന ഉദ്യോഗസ്ഥ എന്ന നിലയിൽ ഇടുക്കി ജില്ലയിൽ വിൽപ്പന നടത്തുവാൻ ലൈസൻസ് ഇല്ലാത്ത എസ് കെ അഗ്രി ഏജൻസീസ് എന്ന സ്ഥാപനത്തിനെതിരെ നിയമ നടപടികൾ സ്വീകരിച്ചില്ല.

**എഫ്. പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി സുലോചന വി റ്റി**

**ക്രമക്കേടുകൾ**

1. ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാ തല കമ്മറ്റിയിൽ പദ്ധതി സംബന്ധിച്ച വിവരങ്ങൾ അവതരിപ്പിച്ചിട്ടില്ല.

2. വിത്ത്, നിലമൊരുക്കൽ, മറ്റ് കാർഷികോപാധികൾ ഉടങ്ങിയ ചിലവുകളുടെ ഭാഗമായി അപേക്ഷയും അനുബന്ധരേഖകളും സമർപ്പിക്കുന്ന കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് തുക അനുവദിക്കേണ്ടത് എന്നതിന് പകരം വിത്ത് വിതരണം 25.04.2021 ന് മുൻപായി പൂർത്തീകരിക്കുന്നതിനും കർഷകരിൽ നിന്ന് വിത്തിന്റെ വില തിരികെ ഈടാക്കുന്നതിനും വട്ടവട കൃഷിഓഫീസർക്ക് നിർദ്ദേശം നൽകി (അനുബന്ധം 21).

3. കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് സാമ്പത്തികാനുകൂല്യം നൽകേണ്ടത് എന്നിരുന്നിട്ടും കാന്തല്ലൂർ കൃഷിഭവനിൽ നിന്നും ലഭിച്ച ക്ലയിമുകളിൽ കർഷകരുടെ ബാങ്ക് അക്കൌണ്ടുകൾ ചേർത്തിരുന്നില്ല. ആയത് ശ്രദ്ധയിൽപ്പെട്ടിട്ടും കാന്തല്ലൂർ സർവ്വീസ്


Generated from eOffice by GAURISANKAR M, SVC(3) AGRIDIR, SVC(3) AGRIDIR, ADFW on 09/08/2023 03:23 PM

സഹകരണ ബാങ്കിന് തുക ലഭിക്കത്തക്ക രീതിയുലുള്ള ക്ലയിം പാസാക്കി നൽകിയ കൃഷി ഡെപ്യൂട്ടി ഡയറക്ടർക്കെതിരെ നടപടി സ്വീകരിക്കാതെ പദ്ധതി പ്രകാരമുള്ള ഫണ്ട് ദേവികുളം കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകി. എന്നാൽ ഈ ക്ലയിം തിരികെ അയച്ച് തുക കർഷകർക്ക് ലഭിക്കത്തക്ക രീതിയിൽ തിരുത്തി നൽകുവാൻ ആവശ്യപ്പെട്ടിരുന്നില്ല.

4. പദ്ധതി വിവരം ജില്ലാതല കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടാതിരിക്കുവാൻ ക്ലയിമുകൾ 10 ലക്ഷത്തിൽ താഴെ നിജപ്പെടുത്തി വാങ്ങി.

**ശർക്കര ഉൽപ്പാദന യൂണിറ്റുകൾ - കൃഷിഭവൻ കാന്തല്ലൂർ**

2020-21 ആർ.കെ.വി.വൈ. പദ്ധതി പ്രകാരം കരിമ്പ് ചതച്ച് ശർക്കര ഉൽപ്പാദിപ്പിക്കുന്നതിനുള്ള യന്ത്രസാമഗ്രികളും ഉപകരണങ്ങളും ഷെഡും പുതുതായി നിർമ്മിക്കുന്നതിന് ഒരു യൂണിറ്റിന് 2.24 ലക്ഷം രൂപ സബ്സിഡി നിരക്കിൽ 1 2 യൂണിറ്റുകൾ തുടങ്ങുന്നതിന് ആകെ 26.88 ലക്ഷം രൂപ സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ അനുവദിച്ചിരുന്നു. ഇതിൽ 7 യൂണിറ്റുകൾ മറയൂർ കൃഷിഭവൻ വഴിയും 5 യൂണിറ്റുകൾ കാന്തല്ലൂർ കൃഷിഭവൻ വഴിയും നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. മറയൂർ കൃഷിഭവൻ 7 യൂണിറ്റുകളും പുതുതായി പൂർത്തീകരിച്ച് ലക്ഷ്യം കൈവരിച്ചിരുന്നു. എന്നാൽ കാന്തല്ലൂർ കൃഷിഭവനിൽ ഒരു യൂണിറ്റ് മാത്രമാണ് പുതുതായി നിർമ്മിച്ചിട്ടുള്ളതെന്നും ശേഷിച്ച 4 എണ്ണം പഴകിയ സാമഗ്രികളാലാണ് നിർമ്മാണം നടത്തിയിട്ടുള്ളതെന്ന പരാതികളും ഉണ്ടായിരുന്നു. എന്നാൽ ഇവ പുതിയ സാമഗ്രികളാലാണ് നിർമ്മിച്ചിട്ടുള്ളതെന്ന് സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ കണ്ടെത്തിയതിനാൽ 2 0 2 2 മാർച്ചിന് മുന്നേ ശേഷിച്ച യൂണിറ്റുകളുടെ സബ്സിഡി വിതരണം പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

ജില്ലാതല കമ്മറ്റി ചെയർമാനായിട്ടുള്ള ജില്ലാ കളക്ടറുടെ ശ്രദ്ധയിൽ പ്പെടുത്തിയാണ് ടി 12 യൂണിറ്റുകൾക്കും 29.03.2021 ന് 26.88 ലക്ഷം രൂപ ദേവികുളം കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ടി ഉത്തരവ് കളക്ടർ പുറപ്പെടുവിക്കുന്നതിന് മുന്നോടിയായി നോട്ട് ഫയൽ ഉൾപ്പെടെ തയ്യാറാക്കി ഡെപ്യൂട്ടി ഡയറക്ടറും പ്രിൻസിപ്പൽ കൃഷി ഓഫീസറും കൈയ്യൊപ്പ് രേഖപ്പെടുത്തിയിട്ടുള്ളതുമാണ്.

**നിഗമനങ്ങൾ**

1. 2018 ൽ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേന്ദ്ര സർക്കാരിന് സമർപ്പിച്ച പദ്ധതിയുടെ ഭാഗമായാണ് മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്പ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (എം.ഐ.ഡി.എച്ച്) 2018-19 പദ്ധതിയിൽ ഉൾപ്പെടുത്തി 9339.50 ലക്ഷം രൂപ സ്പെഷ്യൽ പാക്കേജായി കേരളത്തിലെ കാർഷിക വിളകളുടെ വിള വിസ്തൃതി വ്യാപനത്തിനായി 2018-19 ൽ അനുവദിച്ചിരുന്നത്. ഇതിൽ ഇടുക്കി ജില്ലയ്ക്ക് ആകെ 967.040 ലക്ഷം രൂപയുടെ ടാർജറ്റാണ് നൽകിയിരുന്നത്. 2018-19 ൽ 151.890 ലക്ഷം രൂപയും 2019-20 ൽ 534.272 ലക്ഷം രൂപയും ചിലവഴിച്ചു. ശേഷിച്ച തുക 2020-21 വർഷത്തേക്ക് ആവശ്യമില്ല എന്ന് സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷനെ അറിയിച്ചിട്ടില്ലാത്തിനാൽ തൻവർഷം അനുവദിക്കുന്ന തുക ഏതെല്ലാം ബ്ലോക്കിൽ വിനിയോഗിക്കപ്പെടണമെന്ന് ജില്ലാതല കമ്മറ്റിയിൽ ചർച്ച ചെയ്യാമായിരുന്നു. 19.02.2021 ന് തുക അനുവദിക്കുന്നതിന് അഭ്യർത്ഥന നൽകുകയും ദേവികുളം ബ്ലോക്കിലെ നാല് കൃഷിഭവനുകൾ വഴി പദ്ധതി നടപ്പാക്കുന്നതിനും തീരുമാനിക്കുന്നു. എന്നാൽ പിന്നീട് രണ്ട് കൃഷിഭവനുകളെ ഒഴിവാക്കുന്നു. 2021 മാർച്ച് 31 ന് മുൻപായി പദ്ധതി പൂർത്തീകരിച്ചിരിക്കണമെന്ന് സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷനും 15.03.2021 ന് മുൻപ് പൂർത്തീകരിക്കണമെന്ന് കൃഷി ഡെപ്യൂട്ടി ഡയറക്ടറും ആവശ്യപ്പെടുന്നു. നിർവഹണ ഉദ്യോഗസ്ഥർക്ക് ആകെ ലഭിക്കുന്നത് ഒരു മാസം



Generated from eOffice by GAURISANKAR M, SVC(3) AGRIDIR, SVC(3) AGRIDIR, ADFW on 09/08/2023 03:23 PM

'33909/2022

മാത്രമാണ്. ഇതിൽ 700 ഹെക്ടർ ലക്ഷ്യം കൈവരിക്കേണ്ട വട്ടവടയിൽ ഫെബ്രുവരി പകുതി മുതൽ മാർച്ച് വരെ കൃഷി ഇല്ലാത്തതും കർഷകർ നിലം ഒരുക്കുന്ന സമയവുമാണ്. വട്ടവടയിലെ കർഷകർ കൃഷിയിറക്കാത്ത സമയത്ത് തന്നെ പദ്ധതി നൽകിയിരിക്കുന്നതും കർഷകർ നേരിട്ട് ഉൽപ്പാദനോപാധികൾ വാങ്ങി കൃഷി ചെയ്യുന്നവരാണെങ്കിലും കർഷകരുടെ ഇടയിൽ വിശ്വാസമില്ലാത്ത സ്ഥാപനം വഴി വിത്ത് ഇറക്കി നൽകുവാൻ തീരുമാനിച്ചിട്ടുള്ളതും പദ്ധതിയുടെ പ്രയോജനം കർഷകർക്ക് ലഭിച്ചിരിക്കണം എന്ന സദുദ്ദേശത്തോടെയല്ല എന്ന് വിലയിരുത്തുന്നു.

2. പദ്ധതി നിർവഹണം നടത്താതെ വട്ടവട, കാന്തല്ലൂർ കൃഷിഓഫീസർമാരായ ശ്രീമതി ബീന ആർ, ശ്രീ സതീഷ് കെ എ എന്നിവർ വ്യാജ ക്ലെയിമുകൾ തയ്യാറാക്കി മേലുദ്യോഗസ്ഥർക്ക് സമർപ്പിച്ചു.

3. കൃഷിഓഫീസറുടെ നിർദ്ദേശാനുസരണമാണ് കാന്തല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് വിത്ത് ഇറക്കിയിരുന്നത്. ടി സ്ഥാപനത്തിന് വിത്ത് വിതരണ ലൈസൻസ് ഇല്ലാത്തതും വിത്ത് ശേഖരിച്ച് വിൽപന നടത്തുന്നതിന് ക്വട്ടേഷൻ/ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതുമാണ്.

4. കഴിഞ്ഞ രണ്ടു വർഷങ്ങളിലായി വട്ടവട, കാന്തല്ലൂർ മേഖലകളിലെ കർഷകർക്ക് യാതൊരു ആനുകൂല്യങ്ങളും നൽകിയിരുന്നില്ലായെന്ന് കൃഷിഓഫീസർമാർ സൂചിപ്പിച്ചിരുന്നു. പദ്ധതി നടപ്പാക്കാതെ തയ്യാറാക്കിയ ക്ലെയിമുകൾ കൃത്രിമമല്ലായെന്ന് വരുത്തി തീർക്കുന്നതിനും അനുവദിച്ച സാമ്പത്തിക ആനുകൂല്യം മുൻപ് കൃഷി ചെയ്തതിൽ പരിഗണിക്കണമെന്നുമാണ് ഇവർ ഉദ്ദേശിക്കുന്നത്. എന്നാൽ ദേവികുളം കൃഷി അസിസ്റ്റന്റ് ഡയറക്ടറിൽ നിന്ന് ലഭിച്ച വിവരങ്ങളനുസരിച്ച് വട്ടവടയിൽ ആകെ 1,06,90,698/- രൂപയുടെയും കാന്തല്ലൂരിൽ ആകെ 1,30,42,979/- രൂപയുടെയും സാമ്പത്തിക ആനുകൂല്യങ്ങൾ കഴിഞ്ഞ രണ്ടു വർഷങ്ങളിലായി കർഷകർക്ക് ലഭിച്ചിട്ടുണ്ട്.

**ഇക്കാലയളവിലെ ഉദ്യോഗസ്ഥരുടെ പേരു വിവരങ്ങൾ**

| | ഉദ്യോഗസ്ഥന്റെ പേര് | പദവി | പെൻ | പെൻഷൻ തീയതി |
|---|---|---|---|---|
| 1 | ശ്രീമതി സുലോചന വി റ്റി | പ്രിൻസിപ്പൽ കൃഷി ഓഫീസർ | 494939 | 30.04.2021 |
| 2 | ശ്രീമതി സജിമോൾ വി കെ | കൃഷി ഡപ്യൂട്ടി ഡയറക്ടർ | 661822 | 31.05.2022 |
| 3 | ശ്രീ മുരുകൻ കെ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ (i/c) കൃഷി ഓഫീസർ ഇടമലക്കുടി | 610373 | 31.05.2035 |
| 4 | ശ്രീമതി ബീന ആർ | കൃഷിഓഫീസർ വട്ടവട | 609096 | 31.01.2032 |
| 5 | ശ്രീ സതീഷ് കെ ആർ | കൃഷിഓഫീസർ കാന്തല്ലൂർ | 182661 | 28.02.2028 |
| 6 | ശ്രീമതി മേരി ശോഭന ആർ | അസിസ്റ്റന്റ് കൃഷി ഓഫീസർ വട്ടവട | 182509 | 31.05.2029 |
| 7 | ശ്രീമതി ലിജ എച്ച് | കൃഷി അസിസ്റ്റന്റ് കാന്തല്ലൂർ | 705126 | 31.12.2038 |

**ശുപാർശകൾ**

1. ചുരുങ്ങിയ സമയത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കുന്നതിനും, 2 കോടി രൂപയുടെ ക്ലെയിമുകൾ



Generated from eOffice by GAURISANKAR M, SVC(3) AGRIDIR, SVC(3) AGRIDIR, ADFW on 09/08/2023 03:23 PM

'33909/2022

ചെയർമാനായ ജില്ലാ കളക്ടറുടെ ശ്രദ്ധയിൽ വരാത്തവിധം 1 0 ലക്ഷം രൂപയിൽ താഴെ നിജപ്പെടുത്തി ക്ലയിമുകൾ തയ്യാറാക്കുവാൻ നിർദ്ദേശം നൽകിയതിനും, പദ്ധതി നടപ്പാക്കാതെയും, കർഷകരുടെ ബാങ്ക് അക്കൗണ്ടിൽ ലഭിക്കേണ്ട സാമ്പത്തിക ആനുകൂല്യങ്ങൾ വിത്ത് വിൽപ്പന നടത്തുന്നതിന് ലൈസൻസ് ഇല്ലാത്ത കാന്തല്ലൂർ സർവ്വീസ് സഹകരണ ബാങ്കിന് ലഭിക്കത്തക്ക രീതിയിൽ തുക അനുവദിച്ചതിനും, വട്ടവടയിൽ വിത്ത് വിതരണം നടത്തുന്നതിനും, കർഷകരിൽ നിന്ന് തുക തിരികെ ഈടാക്കുവാൻ നിർദ്ദേശം നൽകിയതിനും പ്രിൻസിപ്പൽ കൃഷി ഓഫീസർ ആയിരുന്ന ശ്രീമതി സുലോചന വി റ്റിയിൽ നിന്ന് വിശദീകരണം വാങ്ങി ഉചിതമായ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

2. ചുരുങ്ങിയ സമയത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കുന്നതിനും, 2 കോടി രൂപയുടെ ക്ലയിമുകൾ ചെയർമാനായ ജില്ലാ കളക്ടറുടെ ശ്രദ്ധയിൽ വരാത്തവിധം 1 0 ലക്ഷം രൂപയിൽ താഴെ നിജപ്പെടുത്തി ക്ലയിമുകൾ തയ്യാറാക്കുവാൻ നിർദ്ദേശം നൽകിയതിനും, പദ്ധതി നടപ്പാക്കാതെയും, കർഷകരുടെ ബാങ്ക് അക്കൗണ്ടിൽ ലഭിക്കേണ്ട സാമ്പത്തിക ആനുകൂല്യങ്ങൾ വിത്ത് വിൽപ്പന നടത്തുന്നതിന് ലൈസൻസ് ഇല്ലാത്ത കാന്തല്ലൂർ സർവ്വീസ് സഹകരണ ബാങ്കിന് ലഭിക്കത്തക്ക രീതിയിൽ തുക അനുവദിച്ചതിനും ഇടുക്കി ജില്ലയിൽ വിത്ത് വിൽപ്പന നടത്തുന്നതിന് ലൈസൻസ് ഇല്ലാത്ത എസ് കെ ഏജൻസീസ് മലപ്പുറം എന്ന സ്ഥാപനത്തിനെതിരെ നടപടി സ്വീകരിക്കാതിരുന്നതിനും കൃഷി ഡപ്യൂട്ടി ഡയറക്ടർ ആയിരുന്ന ശ്രീമതി സജിമോൾ വി കെ യിൽ നിന്ന് വിശദീകരണം വാങ്ങി ഉചിതമായ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

3. പദ്ധതി നടപ്പിലാക്കിയിട്ടില്ല എന്ന് ബോധ്യമുണ്ടായിരുന്നിട്ടും കൃഷിഓഫീസർമാർ സമർപ്പിച്ച ക്ലയിമുകൾ പാസാക്കുകയും കൃഷി സ്ഥലങ്ങൾ സന്ദർശിച്ച് പദ്ധതി നടപ്പാക്കിയിട്ടുള്ളതായി വ്യാജ സാക്ഷ്യപ്പെടുത്തലുകൾ ക്ലയിമുകളിൽ വരുത്തുകയും വട്ടവടയിലെ 2121 പേർക്ക് 1.4 കോടി രൂപയും കാന്തല്ലൂർ സർവ്വീസ് സഹകരണ ബാങ്കിന് 6 0 ലക്ഷം രൂപയും ഇവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകിയ ദേവികുളം കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ചുമതല വഹിച്ചിരുന്ന ഇടമലക്കുടി കൃഷിഓഫീസർ ശ്രീ കെ മുരുകനിൽ നിന്ന് വിശദീകരണം വാങ്ങി ഉചിതമായ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

4. പദ്ധതി നടപ്പാക്കാതെ വ്യാജ ക്ലയിമുകൾ തയ്യാറാക്കിയതിനും ഇടുക്കി ജില്ലയിൽ വിത്ത് വിതരണത്തിന് ലൈസൻസ് ഇല്ലാത്ത മലപ്പുറം എസ് കെ അഗ്രി ഏജൻസീസ് എന്ന സ്ഥാപനത്തിൽ വിത്ത് ഇറക്കിയതിനും വട്ടവട കൃഷിഓഫീസറായിരുന്ന ശ്രീ ബീന ആർ, കാന്തല്ലൂർ കൃഷിഓഫീസർ ആയിട്ടുള്ള ശ്രീ സതീഷ് കെ എ എന്നിവരിൽ നിന്ന് വിശദീകരണം വാങ്ങി ഉചിതമായ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

5. പദ്ധതി നടപ്പാക്കാതെ അപേക്ഷകൾ സ്വീകരിച്ച് ശുപാർശ രേഖപ്പെടുത്തിയതിനും വ്യാജ ക്ലയിമുകൾ തയ്യാറാക്കിയതിനും വട്ടവട കൃഷിഭവനിലെ അസിസ്റ്റന്റ് കൃഷി ഓഫീസർ ശ്രീമതി മേരി ശോഭന ആർ, കാന്തല്ലൂർ കൃഷിഭവനിലെ കൃഷി അസിസ്റ്റന്റ് ശ്രീമതി ലിജ എച്ച് എന്നിവരിൽ നിന്നും വിശദീകരണം വാങ്ങി ഉചിതമായ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

6. വട്ടവടയിലെ കർഷകർക്ക് കാർഷിക വികസന സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ


Generated from eOffice by GAURISANKAR M, SVC(3) AGRIDIR, SVC(3) AGRIDIR, ADFW on 09/08/2023 03:23 PM

'33909/2022

'33909/2022

എല്ലാവർ ക്കും 6600/- വീതം വിതരണം ചെയ്യുതിലും (ആകെ 1,40,00,000 രൂപ) കാന്തല്ലൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യാ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള 60 ലക്ഷം രൂപയുടെ തുടർ വിനിയോഗം സംബന്ധിച്ചും സർക്കാർ തലത്തിൽ ഉചിത തീരുമാനം കൈക്കൊള്ളുന്നതിന് ശുപാർശ ചെയ്യുന്നു.

sd/-

SUBHASH T.V. IAS
DIRECTOR



Generated from eOffice by GAURISANKAR M. SVC(3) AGRIDIR, SVC(3) AGRIDIR, ADFW on 09/08/2023 03:23 PM